2020 ഓഗസ്റ്റ്
13
വ്യാഴം
1195 കർക്കിടകം 29

മെട്രൊ വാർത്ത

Scan me
www.metrovaartha.com

കൊച്ചി | തിരുവനന്തപുരം | കോഴിക്കോട് | തൃശൂർ | ആലപ്പുഴ | ഭോപ്പാൽ | ഇൻഡോർ | www.metrovaartha.com 14 പേജ് ₹ 7.00 KOZHIKODE

സർക്കാരിന്റെ അനുമതിയെ തുടർന്ന് ഇന്നലെ അർധരാത്രിയോടെ മത്സ്യബന്ധന ബോട്ടുകൾ കടലിലേക്ക് പോകാനൊരുങ്ങിയപ്പോൾ. ട്രോളിങ് നിരോധനം 31ന് അവസാനിച്ചെങ്കിലും, പ്രതികൂല കാലാവസ്ഥയായതിനാലും കൊവിഡ് നിയന്ത്രണങ്ങളുള്ളതിനാലും ബോട്ടുകൾക്ക് കടലിലേക്ക് പോകാനുള്ള അനുമതി ഇതേവരെ ലഭിച്ചിരുന്നില്ല. എറണാകുളം ജില്ലയിലെ മുനമ്പം ഹാർബറിൽ നിന്നുള്ള ദൃശ്യം.
മനു ഷെല്ലി

ക്വാറികൾക്ക് 200 മീറ്റർ ദൂരപരിധി:
ഹരിത ട്രിബ്യൂണൽ ഉത്തരവ് ഹൈക്കോടതി സ്റ്റേ ചെയ്തു

- നടപടി സർക്കാരിന്റെ സത്യവാങ്മൂലം കണക്കിലെടുത്ത്
- ജനവാസകേന്ദ്രത്തിലെ ക്വാറികളുടെ ദൂരപരിധി 50 മീറ്റർ മതി

കൊച്ചി: ജനവാസ കേന്ദ്രത്തിൽ നിന്നുള്ള കാറികളുടെ ദൂരപരിധി 200 മീറ്റർ ദൂരപരിധി വേണമെന്ന ദേശീയ ഹരിത ട്രിബ്യൂണലിന്റെ ഉത്തരവ് ഹൈക്കോടതി താത്കാലികമായി സ്റ്റേ ചെയ്തു. ട്രിബ്യൂണൽ ഉത്തരവ് ചോദ്യം ചെയ്ത് കാറി ഉടമകൾ നൽകിയ ഹർജിയിൽ സംസ്ഥാന സർക്കാർ നൽകിയ സത്യവാങ്മൂലം കണക്കിലെടുത്താണ് ഹൈക്കോടതിയുടെ ഇടക്കാല സ്റ്റേ.

പാലക്കാട് ജില്ലയിലെ ഒരു പരാതി പരിഗണിച്ചായിരുന്നു കാറികൾക്ക് 200 മീറ്റർ ദൂരപരിധി നിശ്ചയിച്ചു ഹരിത ട്രിബ്യൂണൽ ഉത്തരവിട്ടത്. പരിസ്ഥിതി വകുപ്പിനെ മാത്രം കേട്ടുകൊണ്ടാണ് ട്രിബ്യൂണൽ തീരുമാനമെടുത്തത് എന്നായിരുന്നു പാറമട ഉടമകളുടെ ആരോപണം. ഇക്കാര്യം പ്രഥമദൃഷ്ട്യാ ബോധ്യപ്പെട്ടതിനെ തുടർന്നാണു ഹൈക്കോടതി സിംഗിൾ ബഞ്ച് സ്റ്റേ അനുവദിച്ചത്. 50 മീറ്ററാണ് പാറമടകൾക്ക് സർക്കാർ നിശ്ചയിച്ചിരുന്ന ദൂരപരിധി.

ട്രിബ്യൂണലിന്റെ ഉത്തരവ് സർക്കാരിന്റെ അഭിപ്രായം ചോദിച്ച ശേഷമല്ല, സർക്കാരിന്റെ സമിതികൾ പഠിച്ച ശേഷമാണു 50 മീറ്റർ ദൂരപരിധി ഉത്തരവ് നിശ്ചയിച്ചത് തുടങ്ങിയ കാര്യങ്ങളാണ് സർക്കാരിന് വേണ്ടി അഡീഷണൽ അഡ്വക്കേറ്റ് ജനറൽ ഹൈക്കോടതിയെ അറിയിച്ചത്. ഹരിത ട്രിബ്യൂണലിന്റെ ഉത്തരവിനെതിരേ സർക്കാർ കോടതിയെ സമീപിക്കുമെന്നും അദ്ദേഹം ഹൈക്കോടതിയെ അറിയിച്ചു.

സംസ്ഥാനത്തെ ലൈസൻസുള്ള കാറികളിൽ ഭൂരിഭാഗവും 200 മീറ്റർ ദൂരപരിധിയിലല്ല എന്നതിനാൽ സർക്കാർ നിലപാട് കാറി ഉടമകൾക്ക് സഹായകരമാണ്. പരാതിക്കാരല്ല, സർക്കാർ തന്നെയാണ് കോടതിയെ സമീപിക്കുന്നത് എന്നതും ശ്രദ്ധേയം.

സ്ഫോടനം നടത്തി പാറ പൊട്ടിക്കുന്ന കാറികൾക്ക് 200 മീറ്ററും. സ്ഫോടനമില്ലാതെയുള്ള ഖനനത്തിന് 100 മീറ്ററും അകലം ജനവാസ മേഖലയിൽ ഉറപ്പാക്കണമെന്നായിരുന്നു ട്രിബ്യൂണൽ ഉത്തരവ്. നിലവിൽ 50 മീറ്റർ ദൂരപരിധിയിലുള്ള കാറികൾ 200 മീറ്ററിലേക്കു മാറണമെന്നു വന്നാൽ സംസ്ഥാനത്തെ 95 ശതമാനം പാറമടകളും പൂട്ടിപ്പോകും.

1,212 പേർക്ക് കൊവിഡ്

തിരുവനന്തപുരം: സംസ്ഥാനത്ത് 1,068 പേർക്ക് സമ്പർക്കത്തിലൂടെ ഉൾപ്പെടെ 1,212 പേർക്ക് ഇന്നലെ കൊവിഡ് 19 സ്ഥിരീകരിച്ചു. 880 പേർ രോഗമുക്തരായി. ഇതിൽ 45 പേരുടെ ഉറവിടം വ്യക്തമല്ല. രോഗം സ്ഥിരീകരിച്ചവരിൽ 51 പേർ വിദേശ രാജ്യങ്ങളിൽ നിന്നും 64 പേർ ഇതര സംസ്ഥാനങ്ങളിൽ നിന്നും വന്നവരാണ്. 22 ആരോഗ്യ പ്രവർത്തകർക്കാണ് ഇന്നലെ രോഗം ബാധിച്ചത്.

കാസർഗോഡ് ഹരിപുരം സ്വദേശി ഷംസുദീൻ (53), തിരുവനന്തപുരം മരിയപുരം സ്വദേശി കനകരാജ് (50), എറണാകുളം അയ്യംപുഴ സ്വദേശിനി മറിയംകുട്ടി (77), ഇടുക്കി സ്വദേശി അജിതൻ (55), കോട്ടയം കാരാപ്പുഴ സ്വദേശി ടി.കെ. വാസപ്പൻ (89), കാസർഗോഡ് സ്വദേശി ആദംകുഞ്ഞി (65) എന്നിവരുടെ പരിശോധനാഫലം കൊവിഡ് മൂലമാണെന്ന് എൻഐവി ആലപ്പുഴ സ്ഥിരീകരിച്ചു. ഇതോടെ സംസ്ഥാനത്ത് കൊവിഡ് മരണം 126 ആയി.

നിയമസഭ 24ന്

തിരുവനന്തപുരം: പതിനാലാം കേരള നിയമസഭയുടെ ഇരുപതാം സമ്മേളനം ഈ മാസം 24ന് വിളിച്ചുചേർക്കാൻ ഗവർണറോട് ശുപാർശ ചെയ്യാൻ മന്ത്രിസഭാ യോഗം തീരുമാനിച്ചു. ധനബിൽ പാസാക്കുകയാണ് മുഖ്യ അജൻഡ. ജൂലൈ 27നു ചേരാനിരുന്ന സമ്മേളനം കൊവിഡ് വ്യാപനത്തെ തുടർന്ന് മാറ്റിവയ്ക്കുകയായിരുന്നു. തുടർന്ന് ധന ബില്ലിന്റെ കാലാവധി നീട്ടി ഓർഡിനൻസ് പുറപ്പെടുവിച്ചു.

ബംഗളൂരുവിൽ സംഘർഷം, വെടിവയ്പ്പ്

- മൂന്നു പേർ മരിച്ചു, അക്രമികൾ വീടുകൾക്കും വാഹനങ്ങൾക്കും തീവച്ചു
- നഷ്ടം അക്രമികളിൽ നിന്ന് തിരിച്ചുപിടിക്കുമെന്നു കർണാടക സർക്കാർ

ബംഗളൂരു: കർണാടക തലസ്ഥാനത്തെ യുദ്ധഭൂമിയാക്കി ഒരു വിഭാഗം നടത്തിയ അക്രമങ്ങൾ തടയാൻ പൊലീസ് നടത്തിയ വെടിവയ്പ്പിൽ മൂന്നു പേർ മരിച്ചു. വീടുകൾക്കും വാഹനങ്ങൾക്കും തീവയ്ക്കുകയും കൊള്ളയടിക്കുകയും ചെയ്ത അക്രമികളെ തടയാനുള്ള ശ്രമത്തിൽ 50 പൊലീസുകാർക്കു പരുക്കേറ്റു.

ചൊവ്വാഴ്ച രാത്രിയും ഇന്നലെ പുലർച്ചെയുമായി പുലികേശിനഗർ മേഖലയിലെ ഡിജെ ഹള്ളി മുതൽ കെജി ഹള്ളി വരെയുള്ള പ്രദേശത്തായിരുന്നു അക്രമം. പുലികേശി നഗറിലെ കോൺഗ്രസ് എംഎൽഎ അഖണ്ഡ ശ്രീനിവാസ മൂർത്തിയുടെ ബന്ധു ഫെയ്സ്ബുക്കിലൂടെ മതനിന്ദ നടത്തിയെന്ന ആരോപണമായിരുന്നു സംഘർഷത്തിനു തുടക്കമിട്ടതെന്നു ബംഗളൂരു സിറ്റി പൊലീസ് കമ്മിഷണർ കമൽ പന്ത്. ചൊവ്വാഴ്ച രാത്രി എട്ടുമണിയോടെ ഒരു സംഘം മൂർത്തിയുടെ വസതിക്കു മുന്നിൽ തടിച്ചുകൂടി. പിന്നാലെ അറസ്റ്റ് ആവശ്യപ്പെട്ട് ഡിജെ ഹള്ളിയിലെ പൊലീസ് സ്റ്റേഷനു മുന്നിലേക്കു മറ്റൊരു സംഘമെത്തി. മൂർത്തി ഈ സമയം വീട്ടിലുണ്ടായിരുന്നില്ല. സംഘർഷം തുടരുന്നതിനിടെ അക്രമികൾ മൂർത്തിയുടെ വീടിനു തീവച്ചു. ഇതിനകം കൂടുതലാളുകളെത്തുകയും പൊലീസിനെയും മാധ്യമപ്രവർത്തരെയും സാധാരണക്കാരെയുമടക്കം കണ്ണിൽക്കണ്ടവരെയെല്ലാം ആക്രമിക്കുകയായിരുന്നു. ഡിസിപിയുടേതുൾപ്പെടെ പൊലീസിന്റെയും സ്വകാര്യ വ്യക്തികളുടെയും വാഹനങ്ങൾ കത്തിച്ചു. മൂർത്തിയുടെയും സഹോദരിയുടെയും വീട് ആക്രമിച്ചു കൊള്ളയടിച്ചു. ഒരു എടിഎം തകർത്തു. രാത്രി മുഴുവനും ഡിജെ ഹള്ളി യുദ്ധക്കളമായി മാറിയെന്നും കമൽ പന്ത്.

3000ലേറെ പേരാണ് പെട്രോൾ ബോംബുകളുമായി തന്റെ വീട് വളഞ്ഞതെന്ന് മൂർത്തി. വിവാദ ഫെയ്സ് ബുക്ക് പോസ്റ്റുമായി തനിക്കു ബന്ധമില്ലെന്നും തന്റെ അക്കൗണ്ട് ആരോ ഹാക്ക് ചെയ്തതാണെന്നും മൂർത്തിയുടെ ബന്ധു. ഇക്കാര്യത്തിൽ അന്വേഷണത്തോടു സഹകരിക്കുമെന്നും അദ്ദേഹം.

ബംഗളൂരു നഗരത്തിൽ ചൊവ്വാഴ്ച രാത്രി അക്രമികൾ തീയിട്ട വാഹനങ്ങൾ.

ബംഗളൂരു: മുൻകൂട്ടി തയാറാക്കിയ പദ്ധതിയനുസരിച്ചാണ് അക്രമികളെത്തിയതെന്നു വ്യക്തമാണെന്ന് അഖണ്ഡ ശ്രീനിവാസ മൂർത്തിയുമായി കൂടിക്കാഴ്ച നടത്തിയ റവന്യൂ മന്ത്രി ആർ. അശോക്. അവരുടെ ലക്ഷ്യം ശ്രീനിവാസ മൂർത്തിയായിരുന്നു. സംഭവവുമായി ബന്ധപ്പെട്ട് പ്രവർത്തിച്ച മുഴുവൻ സമൂഹവിരുദ്ധ ശക്തികളുടെയും പങ്ക് അന്വേഷണത്തിലൂടെ പുറത്തുകൊണ്ടുവരുമെന്നും മന്ത്രി. സംസ്ഥാനത്തിനു പുറത്തു നിന്നുള്ളവരുടെ പങ്കും അന്വേഷിക്കും. അക്രമം അംഗീകരിക്കാനാവില്ലെന്നും കുറ്റക്കാർക്കെതിരേ നടപടിയെടുക്കണമെന്നും കോൺഗ്രസ്, ജെഡിഎസ് നേതാക്കൾ ആവശ്യപ്പെട്ടു.

200 പേർ അറസ്റ്റിൽ
ജില്ലാ മജിസ്ട്രേറ്റ് അന്വേഷിക്കും

ബംഗളൂരു: അക്രമങ്ങളുമായി ബന്ധപ്പെട്ട് എസ്ഡിപിഐ നേതാവ് മുസാമിൽ പാഷ ഉൾപ്പെടെ 200 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. അക്രമം ആസൂത്രിതമെന്നും കുറ്റക്കാരിൽ നിന്നു നഷ്ടപരിഹാരം ഈടാക്കുമെന്നും കർണാടക സർക്കാർ. സംഭവത്തിൽ ജില്ലാ മജിസ്ട്രേറ്റ് തലത്തിൽ അന്വേഷണം പ്രഖ്യാപിച്ചു. സംഘർഷാവസ്ഥ കണക്കിലെടുത്ത് കേന്ദ്ര സേനയുടെ ആറു കമ്പനികളെയും ദ്രുത കർമ സേനയെയും ഗരുഡ കമാൻഡോകളെയും ഇവിടെ വിന്യസിച്ചതായി ആഭ്യന്തര മന്ത്രി ബസവരാജ് ബൊമ്മെ.

സ്വർണം

ഗ്രാം	- 4,900
പവൻ	- 39,200

മെട്രൊ മാഡം

കൊവിഡ് പരിശോധനയിൽ ഇളവു നൽകിയെന്ന പ്രതിപക്ഷ നേതാവിന്റെ ആരോപണം കാര്യങ്ങൾ അറിയാത്തതിനാൽ: പിണറായി.

അറിവേനറിവേൻ ആലില പുളിയില പോലെ എന്നാവുമോ...!

www.facebook.com/metrovaarthaofficial

പെട്ടിമുടി: മൂന്ന് മൃതദേഹങ്ങൾ കൂടി കണ്ടെടുത്തു

മൂന്നാർ: രാജമലയ്ക്കു സമീപം പെട്ടിമുടിയിൽ ഉരുൾപൊട്ടലിൽ കാണാതായ സുമതി (55), നദിയ (10), ലക്ഷണശ്രീ (10) എന്നിവരുടെ മൃതദേഹങ്ങൾ ഇന്നലെ കണ്ടെടുത്തു. ഇതോടെ, ദുരന്തത്തിൽ മരിച്ചവരുടെ എണ്ണം 55 ആയി. പോസ്റ്റ്മോർട്ടത്തിനുശേഷം ഇവരുടെ സംസ്കാരം നടത്തി. ഇനി 15 പേരെ കൂടി കണ്ടെത്താനുണ്ട്. ഗവർണർ ആരിഫ് മുഹമ്മദ് ഖാനും മുഖ്യമന്ത്രി പിണറായി വിജയനും ഇന്ന് പെട്ടിമുടി സന്ദർശിക്കും

സുമതിയുടെ മൃതദേഹമാണ് ഇന്നലെ ആദ്യം കണ്ടെത്തിയത്. എന്നാൽ, തിരിച്ചറിയാൻ വൈകി. ബന്ധുക്കളുടെയും പരിചയക്കാരുടെയും സഹായത്തോടെയാണ് തിരിച്ചറിഞ്ഞതെന്ന് ദേവികുളം എംഎൽഎ എസ്. രാജേന്ദ്രൻ.

വേരുകൾ മറക്കാത്ത കമല

ദക്ഷിണേന്ത്യൻ ഭക്ഷണങ്ങളുടെ ആരാധിക

പ്രത്യേക ലേഖകൻ

ചെന്നൈ: ആനന്ദകരമായ വാർത്ത കേട്ടതിന്റെ ആവേശത്തിലാണ് കമല ഹാരിസിന്റെ ചെന്നൈയിലെ അമ്മവീട്ടുകാർ. അവരുടെ കുടുംബത്തിൽ നിന്ന് ഒരാൾ ഇതാ യുഎസ് വൈസ് പ്രസിഡന്റ് സ്ഥാനാർഥിയായിരിക്കുന്നു. ഡെമൊക്രാറ്റിക് പാർട്ടിയുടെ വൈസ് പ്രസിഡന്റ് നോമിനിയായി കമലയെ പ്രസിഡന്റ് സ്ഥാനാർഥി ജോ ബൈഡൻ പ്രഖ്യാപിച്ച നിമിഷം മുതൽ അവർ ആകാംക്ഷയിലാണ്. അത് നവംബറിലെ തെരഞ്ഞെടുപ്പിൽ ഫലം വരുന്നതു വരെ തുടരുകയും ചെയ്യും.

"അവൾ ധീരയാണ്, മുന്നോട്ടു തന്നെ പോകുന്നവളാണ്, പുരോഗമന ചിന്താഗതിക്കാരിയാണ്"- കമലയുടെ അമ്മ ഡോ. ശ്യാമള ഗോപാലന്റെ അനുജത്തി ഡോ. സരള ഗോപാലൻ ആവേശത്തോടെ പറഞ്ഞു. പ്രകൃതിയെ ഇഷ്ടപ്പെടുന്നവൾ, ദക്ഷിണേന്ത്യൻ ഭക്ഷണങ്ങളോട് ഏറെ പ്രിയമുള്ളവൾ. കുട്ടിക്കാലത്തേ കമല അങ്ങനെയായിരുന്നുവെന്ന് അവർ.

ഇന്ത്യൻ നയതന്ത്ര പ്രതിനിധിയായിരുന്ന പി.വി. ഗോപാലന്റെ മക്കളാണ് ശ്യാമളയും സരളയും. ഇവരുടെ സഹോദരൻ ജി. ബാലചന്ദ്രൻ ന്യൂഡൽഹി ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഡിഫൻസ് സ്റ്റഡീസ് ആൻഡ് അനാലിസിസിൽ കൺസൽട്ടന്റ്. മറ്റൊരു സഹോദരി കാനഡയിൽ. കുട്ടിക്കാലത്ത് തന്റെ ജീവിതവഴി തെളിച്ചത് മുത്തച്ഛനായിരുന്നുവെന്ന് കമല തന്നെ മുൻപു പറഞ്ഞിട്ടുണ്ട്.

ചെറുപ്പകാലത്തു തന്നെ മെഡിസിൻ പഠനത്തിന് യുഎസിലേക്കു കുടിയേറിയ ശ്യാമള ഗോപാലൻ ബ്രെസ്റ്റ് ക്യാൻസർ സ്പെഷ്യലിസ്റ്റായി ഉയർന്നു. മക്കൾക്ക് എല്ലാവിധ പ്രോത്സാഹനവും പ്രചോദനവുമായി മാറി അമ്മ എന്നും കമല മുൻപു പറഞ്ഞിട്ടുണ്ട്. വേരുകൾ മറക്കാതിരിക്കാനും കുടുംബമൂല്യങ്ങളിൽ വിശ്വസിക്കാനും മക്കളെ പഠിപ്പിച്ചു, അമ്മ. അതൊന്നും ഒരിക്കലും കമല മറന്നിട്ടില്ലെന്ന് ഓർമിക്കുന്നു ചെന്നൈയിൽ ഗൈനക്കോളജിസ്റ്റായ ഡോ. സരള. ഇന്നും അവളെന്നെ വിളിച്ചിരുന്നു. അവൾ ആഗ്രഹിക്കുന്നതൊക്കെ നേടണം. അതാണു ഞങ്ങളുടെ ആഗ്രഹം- അവർ പറഞ്ഞു.

യുഎസിൽ നിന്ന് കമലയെയും മായയെയും ഇടക്കിടെ ചെന്നൈയിൽ കൊണ്ടുവരാറുണ്ട് ഡോ. ശ്യാമള. കുടുംബാംഗങ്ങളെ കാണാനും അടുത്തറിയാനും ഇതുവഴി കുട്ടികൾക്ക് അവസരമുണ്ടാക്കി. ശ്യാമള ഇന്നില്ല. പക്ഷേ, കമലയ്ക്കും മായയ്ക്കും എന്താവശ്യമുണ്ടായാലും എപ്പോഴും ഞങ്ങളുണ്ടാവും- ഡോ. സരള പറയുന്നു. തെരഞ്ഞെടുപ്പു സമയത്ത് അവൾ ആവശ്യപ്പെട്ടാൽ താൻ തീർച്ചയായും യുഎസിലേക്കു പോകുമെന്നും അവർ. 2017ൽ കമല സെനറ്ററായി സത്യപ്രതിജ്ഞ ചെയ്തപ്പോൾ ഡോ. സരള യുഎസിലെത്തിയിരുന്നു, അതിനു നേർസാക്ഷിയാവാൻ. എന്നാൽ, അവരുടെ വ്യക്തിപരമായ ജീവിതത്തിൽ തങ്ങൾ ഇടപെടാറില്ലെന്നും സരള കൂട്ടിച്ചേർത്തു.

ദക്ഷിണേന്ത്യൻ ഭക്ഷണങ്ങളാണ് കമലയ്ക്ക് ഏറെയിഷ്ടം. കാനഡയിലുള്ള തന്റെ സഹോദരി കമലയുടെ തമിഴ് രുചിയുള്ള ഭക്ഷണങ്ങൾ കഴിക്കാൻ അവളുടെ വീട്ടിൽ പോകാറുണ്ടെന്നും സരള പറയുന്നു. അമ്മ ജീവിച്ചിരിക്കുമ്പോഴും മരണശേഷവും കമല ചെന്നൈയിൽ വരാറുണ്ട്. തമിഴ് ബ്രാഹ്മണ കുടുംബത്തിൽ നിന്നുള്ള പി.വി. ഗോപാലൻ വിരമിച്ച ശേഷം ചെന്നൈ ബസന്ത് നഗറിലാണു താമസമാക്കിയത്. കുട്ടിക്കാലത്ത് മുത്തച്ഛനൊപ്പം ബീച്ചിൽ നടക്കാറുള്ളതും അദ്ദേഹത്തിന്റെ ഉപദേശങ്ങളും കൂട്ടുകാരുമൊത്തുള്ള രാഷ്ട്രീയ ചർച്ചകളും സ്വാതന്ത്ര്യ സമര ചരിത്ര വർണനകളും എല്ലാം കമല ഓർക്കാറുണ്ട്.

സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കാത്ത മുത്തശ്ശി പക്ഷേ, സാമൂഹിക പ്രവർത്തനങ്ങളിൽ കർമനിരതയായിരുന്നു. ചോറും ഉരുളക്കിഴങ്ങു കറിയും പരിപ്പും ഇഡ്ഡലിയും തനിക്ക് ഇഷ്ടമാണെന്നും അവ പാചകം ചെയ്യാറുണ്ടെന്നും നേരത്തേ കമല ഹാരിസ് വെളിപ്പെടുത്തിയിട്ടുണ്ട്. യഹൂദനായ ഡഗ്ലസ് എംഹോഫിനെ 2014ൽ ഭർത്താവായി വരിച്ചത് ഇന്ത്യൻ സ്റ്റൈലിൽ മാലയിട്ടായിരുന്നു.

ബിസിനസ് രംഗത്തെ പ്രമുഖനാണ് അമ്പത്തഞ്ചുകാരനായ എംഹോഫ്. ഡിഎൽഎ പൈപ്പറിന്റെ പാർട്നർ. ആഭ്യന്തര, അന്താരാഷ്ട്ര കോർപ്പറേറ്റുകളുമായി അടുത്ത ബന്ധം. ഇവർക്കു കുട്ടികളില്ല. എന്നാൽ, എംഹോഫിന് ആദ്യ വിവാഹത്തിൽ രണ്ടു മക്കളുണ്ട്- കോളും എല്ലയും.

കേസ് നടത്തിപ്പിൽ വിദഗ്ധനായ സ്ട്രാറ്റജിക് അഡ്വൈസറാണ് എംഹോഫ് എന്നാണു വിശേഷണങ്ങൾ. രാഷ്ട്രീയത്തിൽ താത്പര്യമില്ല.

സുരക്ഷാ പരേഡ്..... കൊവിഡ് പ്രോട്ടോകോൾ പാലിച്ച് സ്വാതന്ത്ര്യദിനത്തിന്റെ മുന്നോടിയായി കോഴിക്കോട് വെസ്റ്റ്ഹിൽ വിക്രം മൈതാനിയിൽ നടന്ന റിഹേഴ്സൽ പരേഡ് - വിമിത്ത് ഷാൽ

കോഴിക്കോട് 93 പേർക്ക് കൊവിഡ്

കോഴിക്കോട് ജില്ലയിൽ ഇന്നലെ 93 പേർക്ക് കൂടി കൊവിഡ് സ്ഥിരീകരിച്ചതായി ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചു. വിദേശത്ത് നിന്ന് എത്തിയ രണ്ട് പേർക്കും ഇതര സംസ്ഥാനങ്ങളിൽനിന്ന് എത്തിയ 19 പേർക്കും കേസ് റിപ്പോർട്ട് ചെയ്തു.സമ്പർക്കം വഴി 64 പേർക്കാണ് രോഗം ബാധിച്ചത്. എട്ട് പേരുടെ ഉറവിടം വ്യക്തമല്ല. കോർപ്പറേഷൻ പരിധിയിൽ 17 അതിഥി തൊഴിലാളികൾക്ക് കൂടി പോസിറ്റീവായി. കോർപ്പറേഷൻ പരിധിയിൽ സമ്പർക്കം വഴി 17 പേർക്കും ഉറവിടം വ്യക്തമല്ലാത്ത ആറുപേർക്കും കൊവിഡ് സ്ഥിരീകരിച്ചു. ഇതോടെ ചികിത്സയിലുള്ള കോഴിക്കോട് സ്വദേശികളുടെ എണ്ണം 1142 ആയി. 122 പേർ രോഗമുക്തരായി. ജില്ലയിൽ പരിശോധിച്ച സ്രവ സാംപിളുകളുടെ എണ്ണം ഒരു ലക്ഷം കടന്നു. ഇന്നലെ മാത്രം 3884 സ്രവ സാംപിൾ പരിശോധനയ്ക്ക് അയച്ചു. ആകെ 101184 സാംപിളുകൾ പരിശോധനയ്ക്ക് അയച്ചതിൽ 95266 എണ്ണത്തിന്റെ ഫലം ലഭിച്ചു. ഇതിൽ 92701 എണ്ണം നെഗറ്റീവ് ആണ്. പരിശോധനയ്ക്കയച്ച സാംപിളുകളിൽ 5918 പേരുടെ ഫലം കൂടി ലഭിക്കാനുണ്ട്. പുതുതായി വന്ന 235 പേർ ഉൾപ്പെടെ ആകെ 3230 പ്രവാസികളാണ് നിരീക്ഷണത്തിൽ ഉള്ളത്. ഇതിൽ 613 പേർ കൊവിഡ് കെയർ സെന്ററുകളിലും, 2577 പേർ വീടുകളിലും, 40പേർ ആശുപത്രിയിലും നിരീക്ഷണത്തിലാണ്. വീടുകളിൽ നിരീക്ഷണത്തിലുള്ളവരിൽ 26 പേർ ഗർഭിണികളാണ്. ഇതുവരെ 28575 പ്രവാസികൾ നിരീക്ഷണം പൂർത്തിയാക്കി.പുതുതായി വന്ന 433 പേർ ഉൾപ്പെടെ ജില്ലയിൽ 14578 പേർ നിരീക്ഷണത്തിൽ. ഇതുവരെ 81500 പേർ നിരീക്ഷണം പൂർത്തിയാക്കി. പുതുതായി വന്ന 104 പേർ ഉൾപ്പെടെ 1067 പേരാണ് ആശുപത്രികളിൽ നിരീക്ഷണത്തിലുള്ളത്. ഇതിൽ 287 പേർ മെഡിക്കൽ കോളെജിലും, 161 പേർ കൊവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററായ കോഴിക്കോട്ടെ ലക്ഷദ്വീപ് ഗസ്റ്റ് ഹൗസിലും, 132 പേർ എൻ.ഐ.ടി കൊവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററിലും, 118 പേർ ഫറോക്ക് കൊവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററിലും, 140 പേർ എൻ.ഐ.ടി മെഗാ കൊവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററിലും, 95 പേർ മണിയൂർ നവോദയ എഫ് എൽ ടി സിയിലും, 116 പേർ എഡബ്ലിയുഎച്ച് എഫ് എൽ ടി സിയിലും, 18 പേർ എൻ.ഐ.ടി - നൈലിറ്റ് എഫ്.എൽ.ടി.സി ആണ് നിരീക്ഷണത്തിലുള്ളത്. 90 പേർ ഡിസ്ചാർജ്ജ് ആയി.

രക്ഷാപ്രവർത്തകരെ ആദരിച്ചു

മഞ്ചേരി : പ്രളയ മുന്നൊരുക്കത്തിനായി ജില്ലാ ഭരണകൂടം എത്തിച്ച ബോട്ടിലെ രക്ഷാപ്രവർത്തകരെ ഏറനാട് തഹസിൽദാർ കെ. ദേവകി ഉപഹാരം നൽകി ആദരിച്ചു. അരീക്കോട്, മൂർക്കനാട് , എടവണ്ണ, കിഴുപറമ്പ്, ഊർങ്ങാട്ടിരി എന്നീ സ്ഥലങ്ങളിലേക്ക് അഞ്ച് ബോട്ടും 25 മൽസ്യ തൊഴിലാളികളെയുമാണ് ജില്ലാ ഭരണകൂടം എത്തിച്ചത്. എന്നാൽ ചാലിയാറിലെ ജലനിരപ്പ് കുറഞ്ഞതോടെ ഇവരുടെ സേവനം ആവശ്യമായി വന്നില്ല. ഡെപ്യൂട്ടി തഹസിൽദാർമാരായ എം മുകുന്ദൻ, പി രാജഗോപാലൻ, അരീക്കോട് വില്ലേജ് ഓഫീസർ സതീഷ് കുമാർ, കെ. അലി അക്ബർ പങ്കെടുത്തു.

കൈത്താങ്ങ് ഫണ്ട് കൈമാറി

മഞ്ചേരി : എൻഫ്രീ ദേശീയ ചെയർമാൻ അലവി കക്കാടൻ ചികിത്സാ സഹായ ഫണ്ടിലേക്ക് കേരള വാട്ടർ അതോറിറ്റി സ്റ്റാഫ് അസോസിയേഷൻ ജില്ലാ കമ്മറ്റി കൈത്താങ്ങ് പദ്ധതിയിലൂടെ സ്വരൂപിച്ച തുക കൈമാറി. ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ സുരേഷ് ബാബുവാണ് കുടുംബ സഹായ കമ്മറ്റി സെക്രട്ടറി ബംഗാളത്ത് കുഞ്ഞി മുഹമ്മദിന് കൈമാറിയത്. വി അബ്ദുൽ ബഷീർ, കെ. എം പ്രദീപ്കുമാർ, പി സി ഹംസ, എം ജയപ്രകാശ്, പി. അബ്ദുൾ ഖാദർ, കെ.ദീപു, വി. അബ്ദുൾ ബഷീർ പങ്കെടുത്തു.

കിടക്കകളും തലയണകളും നൽകി

തലശേരി : നഗര സഭയുടെ കൊവിഡ് ചികിത്സാ കേന്ദ്രത്തിലേക്ക് ഔഷധ വ്യാപാരികളുടെ സംഘടനയായ എ.കെ.സി.ഡി.എ തലശേരി ഘടകം കിടക്കകളും തലയണകളും സാനിറ്റൈസറും നൽകി. നഗരസഭാ ചെയർമാൻ സി.കെ രമേശൻ ഏറ്റുവാങ്ങി. 75 കിടക്കകളും, 75 തലയണകളും, 120 ബി.ഒ.ടി സാനിറ്റൈസറുകളുമാണ് ഏൽപിച്ചത്. സംഘടനയുടെ ജില്ലാ കമ്മിറ്റി അംഗങ്ങളായ ബഷീർ പള്ളിയത്ത്, പി.പി കനകരാജ്, നാസർ നരിപ്പറ്റ, മുഹമ്മദ് ഫസൽ എന്നിവർ ചേർന്നാണ് നഗരസഭാ ചെയർമാനെ ഏൽപിച്ചത്.

കൊവിഡ്: സമ്പർക്ക പട്ടിക തയ്യാറാക്കി

ബാലുശേരി : ബാലുശേരി പഞ്ചായത്തിൽ മൂന്നു വാർഡുകളിലായി ആറു പേർക്ക് കൊവിഡ് പോസിറ്റീവ് സ്ഥിരീകരിച്ചതായി ആരോഗ്യ വകുപ്പ് അറിയിച്ചു. രോഗം സ്ഥിരീകരിച്ചവരുമായിയുള്ളവരുടെ പ്രാഥമിക സമ്പർക്ക പട്ടിക തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ ആറാം വാർഡിൽ സൈനിക ഉദ്യോഗസ്ഥൻ നിരീക്ഷണത്തിലായിരുന്നതിനാൽ ആരുമായും സമ്പർക്കം പുലർത്തിയിട്ടില്ല. പനായിയിലും തത്തമ്പത്തും സമ്പർക്ക പട്ടിക കൂടുതലായതിനാൽ ഈ പ്രദേശങ്ങൾ വരുംദിവസങ്ങളിൽ കണ്ടെയ്ൻമെന്റ് സോണുകളായി പ്രഖ്യാപിച്ചേക്കും.

കഞ്ചാവുമായി മൂന്ന് യുവാക്കൾ അറസ്റ്റിൽ

പേരാമ്പ്ര : ബൈക്കിൽ കടത്തുകയായിരുന്ന ഒൻപത് കിലോഗ്രാം കഞ്ചാവുമായി മൂന്ന് യുവാക്കളെ പേരാമ്പ്ര എക്സൈസ് സർക്കിൾ പാർട്ടിയും കോഴിക്കോട് എക്സൈസ് ഇന്റലിജൻസ് ബ്യൂറോയും സംയുക്ത പരിശോധനയിൽ കസ്റ്റഡിയിൽ എടുത്തു. ആന്ധ്രപ്രദേശിൽ നിന്നും കേരളത്തിലേക്ക് കാർമാർഗം കടത്തി രഹസ്യ കേന്ദ്രത്തിലേക്ക് മാറ്റുന്നതിനിടയിലാണ് പേരാമ്പ്ര എക്സൈസ് സർക്കിൾ ഇൻസ്പക്റ്റർ സി. ശരത്ത് ബാബുവിന്റെ നേതൃത്വത്തിലുള്ള സംഘം ഇവരെ പിടികൂടുന്നത്.കോഴിക്കോട് എക്സൈസ് കമ്മീഷണറുടെ സ്ക്വാഡ് അംഗമായ ഷിജുമോന് ലഭിച്ച രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിലാണ് ഇവരെ പിടികൂടാനായത്. കൊയിലാണ്ടി മൂടാടി ചിങ്ങപുരം സ്വദേശികളായ ഉണ്ണിയത്ത് കണ്ടി അൻസാലിയയിൽ ഷാമിൽ മുഹമ്മദ്(28), ചെറുവോട്ട് സി. മുഹമ്മദ്(41), അമ്പച്ചകാട്ടിൽ ഷബീർ(24) എന്നിവരാണ് അറസ്റ്റിലായത്. ഇവരിൽ നിന്ന് രണ്ട് വലിയ ബാഗുകളിലും ഒരു പ്ലാസ്റ്റിക് ചാക്കിലും നിറച്ച നിലയിലാണ് ഇന്നലെ രാത്രി കഞ്ചാവ് പിടികൂടിയത്. ഇവർ തൊണ്ടി കടത്താൻ ഉപയോഗിച്ച കെഎൽ 56 ക്യു 9263 നമ്പർ ബുള്ളറ്റും കസ്റ്റഡിയിൽ എടുത്തിട്ടുണ്ട്. കോഴിക്കോട് നഗരത്തിലും മറ്റ് സമീപ നഗരങ്ങളിലും കഞ്ചാവ് വിതരണം ചെയ്യുന്ന സംഘത്തിലെ കണ്ണികളാണ് അറസ്റ്റിലായവരെന്ന് സർക്കിൾ ഇൻസ്പക്റ്റർ പറഞ്ഞു. പ്രതികളിൽ ഒരാൾ ആന്ധ്ര വിജയവാഡയിൽ കച്ചവടം നടത്തുന്നയാളാണ്. വിജയവാഡയിൽ നിന്ന് ഒരു ലക്ഷം രൂപക്ക് വാങ്ങിയതാണെന്ന് പറയുന്ന കഞ്ചാവിന് കേരള വിപണിയിൽ ലക്ഷങ്ങൾ വിലവരും. കോഴിക്കോട് ഇന്റലിജൻസ് ഇൻസ്പക്റ്റർ പ്രജിത്ത്, എക്സൈസ് കമ്മീഷണറുടെ സ്ക്വാഡ് അംഗം ടി. ഷിജുമോൻ, പേരാമ്പ്ര എക്സൈസ് പ്രിവന്റീവ് ഓഫീസർ കെ.കെ. ബാബുരാജ്, പ്രിവന്റീവ് ഓഫീസർ എൻ. അജയകുമാർ, ഇന്റലിജൻസ് പ്രിവന്റീവ് ഓഫീസർമാരായ വി. പ്രജിത്ത്, ചന്ദ്രൻ കുഴിച്ചാലിൽ, സിവിൽ എക്സൈസ് ഓഫീസർ സി. കെ. ശ്രീജിത്ത് എന്നിവർ റെയ്ഡിൽ പങ്കെടുത്തു. അറസ്റ്റ് ചെയ്ത പ്രതികളെ കൊയിലാണ്ടി കോടതിയിൽ ഹാജരാക്കി.

കഞ്ചാവ് അറസ്റ്റിലായ പ്രതികൾ അന്വേഷണ സംഘത്തിനൊപ്പം

അടച്ചിട്ട പേരാമ്പ്ര ടൗൺ അണുവിമുക്തമാക്കി

പേരാമ്പ്ര : കണ്ടെയിൻമെന്റ് സോണായി അടച്ചിട്ടിരുന്ന പേരാമ്പ്ര ടൗൺ അണു വിമുക്തമാക്കി. പട്ടണത്തോട് ചേർന്ന് കിടക്കുന്ന വാർഡുകളിൽ കൊവിഡ് പോസിറ്റീവ് റിപ്പോർട്ട് ചെയ്യുകയും ഉറവിടമറിയാതെ കൊവിഡ് പോസിറ്റീവ് സ്ഥിരീകരിച്ചവരുമായി ജനങ്ങൾക്ക് സമ്പർക്കമുണ്ടാവുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തും ആരോഗ്യവകുപ്പും പൊലീസും ചേർന്ന് പട്ടണവും രോഗം സ്ഥിരീകരിച്ച വാർഡുകളും അടച്ചിടാൻ ജില്ല കലക്റ്ററോട് ആവശ്യപ്പെടുകയായിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ പേരാമ്പ്ര ടൗൺ പൂർണമായും വാർഡ് ഒന്നിലെ ചേനായി, വാർഡ് ആറിലെ ബൈപ്പാസ് ഭാഗം, വാർഡ് 12 എന്നിവ കണ്ടെയിൻമെന്റ് സോണായി ജില്ല കലക്റ്റർ ഉത്തരവ് പുറപ്പെടുവിച്ചു. തുടർന്ന് മറ്റ് വാർഡുകളിലും സഹകരണ ആശുപത്രി ജീവനക്കാർക്കും രോഗം സ്ഥിരീകരിച്ചതോടെ കൂടുതൽ പ്രദേശങ്ങൾ കണ്ടെയിൻമെന്റ് സോണായി മാറുകയായിരുന്നു. എന്നാൽ രോഗികളുമായി പ്രാഥമിക സമ്പർത്തിലുള്ള 86 പേർക്കായ് നടത്തിയ ആന്റിജൻ പരിശോധനയിൽ എല്ലാവരുടെയും ഫലം നെഗറ്റീവ് ആവുകയായിരുന്നു. ഇതിനെ തുടർന്ന് പട്ടണത്തിന്റെ പ്രവർത്തനം പഴയ പടിയിലേക്ക് തിരിച്ചു കൊണ്ടു വരുന്നതിന്റെ ആദ്യ ഘട്ടമായാണ് ഗ്രാമപഞ്ചായത്ത് വ്യാപാര സ്ഥാപനങ്ങൾ അണുവിമുക്തമാക്കാനുള്ള നടപടി സ്വീകരിച്ചത്. ഇന്ന് എല്ലാ വ്യാപാര സ്ഥാപനങ്ങളും ശുചീകരിക്കാൻ വ്യാപാരികൾക്ക് നിർദ്ദേശം നൽകി. അതിന്റെ അടിസ്ഥാനത്തിലാണ് പട്ടണത്തിലെ വ്യാപാര സ്ഥാപനങ്ങൾ വ്യാപാരികൾ ശുചീകരിച്ചത്. പട്ടണത്തെ കണ്ടെയിൻമെന്റ് സോണിൽ നിന്ന് ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ടുള്ള ഗ്രാമപഞ്ചായത്തിന്റെ അപേക്ഷ സെക്രട്ടറി ജില്ല കലക്റ്റർക്ക് സമർപ്പിച്ചിട്ടുണ്ട്. വ്യാപാര സ്ഥാപനങ്ങൾ തുറന്നു പ്രവർത്തിക്കുന്ന കാര്യത്തിൽ അന്തിമ തീരുമാനമെടുക്കേണ്ടത് ജില്ല കലക്റ്ററാണ്.

പേരാമ്പ്ര ടൗൺ അണുവിമുക്തമാക്കുന്നു

എളങ്കൂർ 220 കെവി സബ്സ്റ്റേഷൻ യാഥാർത്ഥ്യമാകുന്നു

മഞ്ചേരി : മലപ്പുറത്തിന്റെ മലയോരമേഖലകൾക്ക് പ്രകാശം പരത്താൻ എളങ്കൂർ 220 കെ വി സബ് സ്റ്റേഷൻ യാഥാർഥ്യമാകുന്നു. ജില്ലയിലെ മൂന്നാമത്തെ 220 കെ വി സബ്സ്റ്റേഷനാണ് ഈ മാസം 17ന് വിഡിയോ കോഫറൻസിലൂടെ മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യുന്നത്. വീഡിയോ കോൺഫറൻസിലൂടെയുള്ള ഉദ്ഘാടന ചടങ്ങിൽ മന്ത്രി എം എം മണി അധ്യക്ഷത വഹിക്കും. പി കെ കുഞ്ഞാലികുട്ടി എം പി, എം ഉമ്മർ എം എൽ എ, ത്രിതല പഞ്ചായത്ത് ജന പ്രതിനിധികൾ പങ്കെടുക്കും. 36 കോടി രൂപ ചെലവിൽ ട്രാൻസ്ഗ്രിഡ് 2.0 പദ്ധതിയുടെ ഭാഗമായാണ് സബ്സ്റ്റേഷൻ നിർമ്മാണം പൂർത്തിയാക്കിയത്.
ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തി പൂർത്തിയാക്കിയ ഈ സബ്സ്റ്റേഷൻ വിദൂര നിയന്ത്രണം സാധ്യമാകും വിധം പൂർണ്ണമായും ഓട്ടോമേറ്റഡ് ആണ്. തൃക്കലങ്ങോട് പഞ്ചായത്തിലെ എളങ്കൂർ ചെറാങ്കുത്ത് എന്ന സ്ഥലത്ത് സ്ഥാപിച്ചിട്ടുള്ള സബ്സ്റ്റേഷനിലേക്ക് വൈദ്യുതി എത്തുന്നത് മാടക്കത്തറ - അരീക്കോട് 220 കെ വി ലൈനിലാണ്. 100 എം വി എ ശേഷിയുള്ള രണ്ട് 220/110 കെ വി ട്രാൻസ്ഫോർമറുകളും 12.5 എംവിഎ ശേഷിയുള്ള രണ്ട് 110/11 കെ വി ട്രാൻസ്ഫോർമറുകളുമാണ് ഇവിടെയുള്ളത്. മലപ്പുറം, മഞ്ചേരി, നിലമ്പൂർ, എടക്കര എന്നീ സബ്സ്റ്റേഷനുകളിലേക്കാണ് ഇവിടെനിന്നുള്ള 110 കെ വി ലൈനുകൾ എത്തിച്ചേരുന്നത്.

കെഎസ്ആർടിസിയും കാറും കൂട്ടിയിടിച്ച് നാലുപേർക്ക് പരുക്ക്

തിരൂരങ്ങാടി: ദേശീയപാത കക്കാട് കരിമ്പിൽ ഷിഫ്റ്റ് കാറും കെഎസ്ആർടിസിയും കൂട്ടിയിടിച്ച് കാർ യാത്രക്കാരായ കുടുംബത്തിലെ നാല് പേർക്ക് പരുക്ക്. വയനാട് കല്ലക്കാട് സ്വദേശി പറിക്കൽ കണ്ടി നാസർ 48, ഭാര്യ നർഷ 38, മകൾ റസാന 18, നാസറിന്റെ സഹോദരി പുത്രൻ അമീർ അംജദ് 22, എന്നിവർക്കാണ് പരിക്കേറ്റത്. പരിക്കേറ്റവരെ തിരൂരങ്ങാടി സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.
നാസറും കുടുംബവും മക്കളെ എൻട്രൻസ് കോച്ചിങ്ങിന് ചേർക്കുന്നതിന് വേണ്ടി വയനാട് നിന്ന് കോട്ടക്കലിലേക്ക് പോകുമ്പോഴാണ് കോഴിക്കോട് ഭാഗത്തേക്ക് പോകുന്ന കെഎസ്ആർടിസി ഇടിച്ചത് . ഇന്നലെ വൈകുന്നേരം നാല് മണിയോടെയായിരുന്നു സംഭവം.

യുനാനി പ്രതിരോധ മരുന്ന് വിതരണം

മഞ്ചേരി : കേരള യുനാനി മെഡിക്കൽ അസോസിയേഷന്റെ ആഭിമുഖ്യത്തിൽ കേരള യുറാനസ് യുനാനി ഹോസ്പിറ്റലും മഞ്ചേരി കെയർവെൽ യുനാനി ഹോസ്പിറ്റൽ & വെൽനസ് സെന്ററും സംയുക്തമായി മഞ്ചേരി നഗരസഭയുമായി സഹകരിച്ചു സൗജന്യ യുനാനി പ്രതിരോധ മരുന്ന് വിതരണം ആരംഭിച്ചു. മഞ്ചേരി നഗരസഭ കാര്യാലയത്തിൽ നടന്ന ചടങ്ങിൽ മുൻസിപ്പൽ ചെയർപേഴ്സൻ വി എം സുബൈദ വൈസ് ചെയർമാൻ വി പി ഫിറോസിന് മരുന്ന് നൽകി ഉദ്ഘാടനം നിർവഹിച്ചു. മുൻസിപ്പൽ സെക്രട്ടറി സതീഷ് കുമാർ, ആരോഗ്യ സ്റ്റാന്റിംഗ്കമ്മറ്റി ചെയർപേഴ്സൻ അഡ്വ.ബീന ജോസഫ്, കൗൺസിലർമാരായ മരുന്നൻ മുഹമ്മദ്, സാബിറ കുരിക്കൾ, മഞ്ചേരി ഗവ. യുനാനി മെഡിക്കൽ ഓഫീസർ ഡോ. സയ്യിദ് മുജീബ് റഹ്മാൻ ഡോ.ഷനീബ് സി എച്ച്, ഡോ. യൂനുസ് സ്വാലിഹ് കുരിക്കൾ, ഡോ. സിയാദ്, ഷബീർ പയ്യനാട്, മർക്കസ് യൂനാനി മെഡിക്കൽ കോളജിലെ വിദ്യാർത്ഥികളായ മുനവ്വിർ സി പി പ്രസംഗിച്ചു.

ചുരം റോഡ് സർക്കാർ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന്

കുറ്റ്യാടി: താമരശേരി ചുരം റോഡ് ഇടക്കിടെ തടസപ്പെടുന്നത് കാരണം പക്രംതളം ചുരം റോഡ് വഴിയാണ് ഏറിയ വാഹനങ്ങളും കടന്നു പോകുന്നത്. വയനാടുമായും, കർണാടകയിലെ മൈസൂർ ബാംഗ്ളൂർ മുതലായ പ്രധാന പട്ടണങ്ങളുമായും, തമിഴ്നാട്ടിലെ ഗൂഡല്ലൂർ, ഊട്ടി മേഖലയുമായും, ബന്ധപ്പെടാനുള്ള സഞ്ചാര യോഗ്യമായ പ്രധാന ചുരം റോഡുകളാണ് പക്രം തളം ചുരം റോഡും, താമരശേരി ചുരം റോഡും. ഇതിൽ ഏതെങ്കിലുമൊന്ന് തടസപ്പെടുമ്പോൾ അന്തർസംസ്ഥാന യാത്രകൾക്ക് ഗുരുതരമായ സ്തംഭനങ്ങളാണ് ഉണ്ടാവുന്നത്. ഇതിൽ ഏറെ കഷ്ടം പക്രം തളം റോഡിന്റെ കാര്യമാണ്. തന്ത്ര പ്രധാനമായ ഈ റോഡിന് ന്യായമായും ലഭിക്കേണ്ട മിതമായ പരിരക്ഷയോ, വികാസമോ ഇതുവരെ ലഭിച്ചിട്ടില്ല എന്നത് ഞെട്ടിപ്പിക്കുന്ന ഒരു സത്യമാണ്. പൊതുമരാമത്ത് വകുപ്പിൽ നിന്ന് റോഡ് നിർമാണത്തിനും, ചുരം റോഡ് വികസനത്തിനും ലഭിക്കുന്ന സ്വാഭാവിക ഫണ്ട് കൊണ്ട് മാത്രം പക്രം തളം ചുരം റോഡിന് കാലോചിതമായി വികസിക്കാൻ കഴിയില്ല. അതിനാൽ പക്രം തളം റോഡ് വികസനത്തിന് വിശദമായ ഡി പി ആർ തയ്യാറാക്കി പ്രത്യേക പദ്ധതി ആവിഷ്കരിച്ച് ആവശ്യമായ ഫണ്ട് അനുവദിച്ചു അടിയന്തിരമായ നടപടികൾ സ്വീകരിക്കാൻ സർക്കാർ നേരിട്ട് തയ്യാറാകണമെന്ന് കോഴിക്കോട് ജില്ല പഞ്ചായത്ത് യു.ഡി.എഫ് പാർട്ടി ലീഡർ അഹമ്മദ് പുന്നക്കൽ ആവശ്യപെട്ടു.

തരംഗമായി മോട്ടോർ വാഹന വകുപ്പിന്റെ വീഡിയോ

തിരൂരങ്ങാടി: മോട്ടോർ വാഹന വകുപ്പിന്റെ സോഷ്യൽ മീഡിയ പ്രവർത്തനം തരംഗമാകുന്നു.ഒറ്റ ദിവസം കൊണ്ട് 10 ലക്ഷത്തിലേറെ പേരാണ് മോട്ടോർ വാഹന വകുപ്പിന്റെ മഴക്കാല റോഡ് സുരക്ഷയെ കുറിച്ചുള്ള ഹൈഡ്രോ പ്ലേനിംഗ് മുന്നറിയിപ്പ് വീഡിയോ കണ്ടത്. വെള്ളം കെട്ടി നിൽക്കുന്ന റോഡിലൂടെ വാഹനം ഓടിക്കുമ്പോൾ വാഹനത്തിന്റെ കൺട്രോൾ പൂർണ്ണമായും നഷ്ടമാകുന്ന അപകടകരമായ പ്രതിഭാസം ലളിതമായ ഭാഷയിൽ സാധാരണ ഡ്രൈവർമാർക്ക് മനസിലാകുന്ന രീതിയിൽ വീഡിയോയുടെ സഹായത്തോടെ അവതരിപ്പിച്ചത് എറെ താൽപര്യത്തോടെയാണ് ആളുകൾ ഷെയർ ചെയ്തത്. മോട്ടോർ വെഹിക്കിൾ ഇൻസ്പെക്റ്റർമാരായ.ദിലീപ് കുമാർ, അരുൺ കുമാർ, നജീബ് എന്നിവരും, സി-ഡിറ്റിലെ സുധീറും ചേർന്നാണ് അക്വാ പ്ലേനിംഗ് വീഡിയോ തയ്യാറാക്കിയത്.മോട്ടോർ വാഹന വകുപ്പിന്റെ അറിയിപ്പുകളും റോഡ് സുരക്ഷാ സന്ദേശങ്ങളും റോഡ് നിയമങ്ങളും പൊതുജനങ്ങളിലേക്കെത്തിക്കാൻ ലക്ഷ്യമിട്ട് ലോക് ഡൗൺ കാലത്താണ് വകുപ്പ് മീഡിയ സെൽ രൂപീകരിച്ച് പ്രവർത്തനം ഊർജിതപ്പെടുത്തിയത്. വാഹന ഉപയോഗത്തിലെ തെറ്റായ പ്രവണതകളെ നിശിതമായി വിമർശിക്കുന്ന ട്രോളുകളും, ലളിതമായി സാധാരണക്കാരന് മനസിലാകുന്ന ഭാഷയിലുള്ള ആധികാരികമായ ബ്ളോഗുകളും, വീഡിയോകളും ചുരുങ്ങിയ കാലം കൊണ്ട് ഏറെ ശ്രദ്ധ പിടിച്ചു പറ്റിയിട്ടുള്ളതുകൊണ്ട് തന്നെ പല സമൂഹമാധ്യമങ്ങളും, മാധ്യമങ്ങളും വകുപ്പിന്റെ പോസ്റ്റുകളെ ഏറെ താൽപര്യത്തോടെയാണ് ഷെയർ ചെയ്യുന്നത്.വകുപ്പിന്റെ അറിയിപ്പുകൾക്കും, റോഡ് സുരക്ഷാ അറിയിപ്പുകൾക്കും പുറമേ കൊവിഡ് ബോധവൽക്കരണ വീഡിയോകളും വളരെ ശ്രദ്ധ നേടിയവയിൽ പെടുന്നു. മലപ്പുറം ഭാഷയിൽ കൊവിഡ് ബോധവൽക്കരണ വീഡിയോ ആയ 'ഗോ കൊറോണ ഗോ' ഏറ്റവും കൂടുതൽ ആളുകൾ കണ്ട ബോധവൽക്കരണ വീഡിയോ ആണ്.കൊവിഡ് കാലത്ത് റോഡ് സുരക്ഷാ പരിശീലന പരിപാടികൾ സാധ്യമല്ലാതെ വന്നപ്പോഴാണ് ഡിപ്പാർട്ട്മെന്റ് സാമൂഹിക മാധ്യമങ്ങളുടെ സാധ്യത തേടിയതെന്ന് മോട്ടോർ വാഹന വകുപ്പിലെ മീഡിയാ പ്രവർത്തനങ്ങൾക്ക് ജില്ലയിൽ നേതൃത്വം നൽകുന്ന എൻഫോഴ്സ്മെന്റ് ജില്ലാ ആർ ടി ഒ ടി ജി ഗോകുലും മലപ്പുറം മോട്ടോർ വെഹിക്കിൾ ഇൻസ്പെക്റ്റർ ദിലീപ്കുമാറും പറഞ്ഞു.

ഇഐഎ 2020 പിൻവലിക്കണമെന്ന്

മഞ്ചേരി : വിവാദമായ ഇ ഐ എ 2020 കരട് വിജ്ഞാപനം പിൻവലിക്കണമെന്ന് കലാ സാഹിത്യ സാംസ്കാരിക പ്രതിമാസ സംവാദ വേദിയായ വിഷൻ മഞ്ചേരി വാർഷിക സമ്മേളനം ആവശ്യപ്പെട്ടു. രാത്രിയാത്രാ ദുരിതം രൂക്ഷമായ മഞ്ചേരിയിൽ കെ എസ് ആർ ടി സി സ്റ്റേഷൻ മാസ്റ്റർ ഓഫീസ് ഉടൻ പ്രവർത്തനം ആരംഭിക്കണമെന്നും യോഗം ആവശ്യപ്പെട്ടു. കൊവിഡ് വ്യാപന സാഹചര്യത്തിൽ സാമൂഹിക മാധ്യമത്തിലൂടെ നടന്ന സമ്മേളനത്തിൽ ബാബുസുരേന്ദ്രൻ റിപ്പോർട്ട് അവതരിപ്പിച്ചു. എൻ മുഹമ്മദ് പ്രസംഗിച്ചു. ഭാരവാഹികളായി വി വേണുഗോപാൽ (പ്രസിഡന്റ്), ഇ എം നാരായണൻ, ബാബു മാണിക്കോത്ത് (വൈസ് പ്രസിഡന്റുമാർ), ഉണ്ണികൃഷ്ണൻ മംഗലശേരി (സെക്രട്ടറി), ബാബു സുരേന്ദ്രൻ, രവീന്ദ്രൻ ഇ, രാധാകൃഷ്ണൻ കെ (ജോ സെക്രട്ടറിമാർ), എ ശങ്കരൻ (ട്രഷറർ) എന്നിവരെ തെരഞ്ഞെടുത്തു.

തിരുവമ്പാടി പൊലീസ് സ്റ്റേഷനിലെ എസ് ഐക്ക് കൊവിഡ്

കോഴിക്കോട്: തിരുവമ്പാടി പൊലീസ് സ്റ്റേഷനിലെ എസ് ഐക്ക് കൊവിഡ് സ്ഥിരീകരിച്ചു. എസ്.ഐ ക്ക് കൊവിഡ് സ്ഥിരീകരിച്ചതോടെ ഇദ്ദേഹവുമായി ബന്ധപ്പെട്ട മുപ്പതോളം പൊലീസുകാർ നിരീക്ഷണത്തിൽ പോവേണ്ടി വരും. എസ്.ഐയുടെ രോഗ ഉറവിടം വ്യക്തമല്ല. നാൽപതോളം പേർക്ക് പരിശോധന നടത്തിയതിലാണ് എസ്.ഐക്ക് കൊവിഡ് സ്ഥിരീകരിച്ചത്.മറ്റു സ്ഥലങ്ങളിൽനിന്ന് പൊലീസുകാരെ ഇവിടേക്ക് അധിക ഡ്യൂട്ടിക്ക് നിയോഗിക്കും. ഇതിനിടെ ഡ്രൈവർക്ക് കൊവിഡ് സ്ഥിരീകരിച്ചതിനെ തുടർന്ന് കോഴിക്കോട് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ ഓഫീസും അടച്ചു. വിജിലൻസ് ഡ്രൈവർക്ക് കൊവിഡ് സ്ഥിരീകരിച്ചതോടെ ഇദ്ദേഹവുമായി ബന്ധപ്പെട്ട വിജിലൻസ് ഡി. വൈ.എസ്.പി അടക്കം അഞ്ച് ഉദ്യോഗസ്ഥരോട് നിരീക്ഷണത്തിൽ പോവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ഇയാൾക്ക് എവിടെ നിന്നാണ് രോഗം വന്നതെന്ന് വ്യക്തമല്ല. അണുനശീകരണത്തിനായാണ് ഓഫീസ് താൽക്കാലികമായി അടച്ചിട്ടത്.

മെഡിക്കൽ കോളെജ് ഐസിയുവിലേക്ക് എസി നൽകി

കോഴിക്കോട് : മെഡിക്കൽ കോളെജിലെ ഇഎൻടി വിഭാഗത്തിലെ ഐസിയു നവീകരണത്തിന്റെ ഭാഗമായി എയർ കണ്ടീഷൻ കോഴിക്കോട് ആസ്റ്റർ മിംസ് ഹോസ്പിറ്റൽ വാങ്ങി നൽകി. ആസ്റ്റർ മിംസ് ബിസിനസ് ഡെവലപ്പ്മെന്റ് മാനെജർ നസീറിൽ നിന്നും മെഡിക്കൽ കോളെജ് പ്രിൻസിപ്പാൾ ഡോ. വി. ആർ. രാജേന്ദ്രൻ ഏറ്റുവാങ്ങി. ചടങ്ങിൽ ഡോ. അശോകൻ കുറ്റിയിൽ, ഡോ. കെ. പി. സുനിൽ കുമാർ, രാംജിത്ത് എന്നിവർ പങ്കെടുത്തു.

മെഡിക്കൽ കോളെജിലെ ഇഎൻടി വിഭാഗത്തിലെ ഐസിയുവിലേക്ക് ആസ്റ്റർ മിംസ് ഹോസ്പിറ്റൽ എസി നൽകുന്നു

പിൻവാതിൽ നിയമനം തടയണമെന്ന്

തിരൂരങ്ങാടി: നഗരസഭയിൽ ഒഴിവുവരുന്ന പതിമൂന്ന് ശുചീകരണ തൊഴിലാളികളെ കരാറടിസ്ഥാനത്തിൽ നിയമിക്കുന്നതിൽ നഗരസഭയുടെ പിൻവാതിൽ നിയമന നീക്കം തടയണമെന്ന് ഐ എൻ.എൽ തിരൂരങ്ങാടി നഗരസഭ കമ്മിറ്റി ആവശ്യപ്പെട്ടു. എംപ്ലോയ്മെന്റ് എക്സ്ചേൻജിൽ നിന്നും നൽകിയ പട്ടികയിൽ ഉൾപ്പെടാത്ത നഗരസഭയിലെ കരാർ കാലവധി കഴിഞ്ഞ മൂന്നാളുകളെയാണ് കോടതി ഉത്തരവിന്റെ മറവിൽ ഇന്റർവ്യൂ ലിസ്റ്റിൽ നഗര സഭ ഉൾപ്പെടുത്തി നിയമന നീക്കം നടത്തുന്നത്. ഇതിനെതിരായി നഗര സഭ യോഗത്തിൽ പ്രതിപക്ഷ അംഗങ്ങൾ രേഖാമൂലം വിയോജിപ്പ് അറിയിച്ചെങ്കിലും നഗരസഭ ഭരണ സമിതി അവഗണിക്കുകയായിരുന്നെന്നും ഐ.എൻ.എൽ പഞ്ചായത്ത് കമ്മിറ്റി കുറ്റപ്പെടുത്തി.ആപ്പ വെന്നിയൂർ അധ്യക്ഷത വഹിച്ചു.

സ്മരണാഞ്ജലി
ഏഴാം ചരമവാർഷികം
12-08-2020

പാർവ്വതി ഗോപാലൻ
കുറുപ്പനേഴത്ത് വീട്
തെക്കൻ പറവൂർ
ദുഃഖ സ്മരണകളോടെ കുടുംബാംഗങ്ങൾ
PUTHANPURAYIL FAMILY TRUST
SOUTH PARAVOOR, ERNAKULAM

Edited, Printed and Published by K.S. Sasikumar, Director, on behalf of M/s.Vaartha News Network Pvt.Ltd. Editorial Team: R. Gopikrishnan (Chief Editor), E. Rudran Warrier (Executive Editor), Vol 13, Issue No. 220 RNI No. KERMAL/ 2009/ 31365 Printed at ORUMA PRINTERS & PUBLISHERS Ltd, Door No. X/536, Sreesankara Industrial Estate, Chiyyaram, Thrissur-680026 and published from Vaartha News Network Pvt.Ltd, Room No .17/825- B21,22, Muallim Complex, Arayidathupalam, Kozhikode - 673004, Ph: 0495 2729088. Email: info@metrovaartha.com

കൊവിഡ് വ്യാപനം:
സ്വകാര്യ ആശുപത്രികളിലും നിയന്ത്രണം

കോഴിക്കോട്: ജില്ലയിലെ മുഴുവൻ സ്വകാര്യ ആശുപത്രികളിലും കടുത്ത നിയന്ത്രണങ്ങൾ ഏർപ്പെടുത്താൻ തദ്ദേശ സ്വയംഭരണവകുപ്പ് മന്ത്രി എ.സി. മൊയ്തീന്റെ അധ്യക്ഷതയിൽ കലക്റ്ററേറ്റിൽ ചേർന്ന യോഗം തീരുമാനിച്ചു. തൃശൂർ അമല മെഡിക്കൽ കോളെജ് ആശുപത്രിയിൽ സമ്പർക്ക കേസുകൾ റിപ്പോർട്ട് ചെയ്തതിനെ തുടർന്നാണിത്.കൊവിഡുമായോ രോഗലക്ഷണങ്ങളോടെ വരുന്നവർക്കായി ഒ.പി, ഐപി വിഭാഗങ്ങളിൽ പ്രത്യേക സജ്ജീകരണങ്ങൾ ഏർപ്പെടുത്തണം. കൊവിഡ് വാർഡുകളിൽ ഡോക്റ്റർമാർ, നഴ്സുമാർ, ശുചീകരണ ജീവനക്കാർ എന്നിവരടങ്ങുന്ന പ്രത്യേക സംഘത്തെ നിയോഗിക്കണം. വ്യക്തിഗത സംരക്ഷണ ഉപകരണങ്ങൾ ഉപയോഗിച്ച് മാത്രമേ കൊവിഡ് രോഗികളുടെ അടുത്ത് പോകാവൂ. ഈ പ്രത്യേക സംഘം ആശുപത്രിയുടെ മറ്റ് പ്രദേശങ്ങളിലേക്ക് പ്രവേശിക്കുവാനോ മറ്റ് രോഗികളുമായി ഇടപഴകാനോ പാടില്ല.ആശുപത്രികളിൽ സന്ദർശകർക്ക് കർശനനിയന്ത്രണം ഏർപ്പെടുത്തണം. ആശുപത്രിയിലേക്ക് വരുന്ന വാഹനങ്ങളും ഡ്രൈവർമാരെയും കർശനമായി പരിശോധിക്കണം. ആശുപത്രികൾക്ക് പുറമെ ആരോഗ്യ മേഖലയിലെ മറ്റ് സ്ഥാപനങ്ങൾക്കും ഈ നിബന്ധന ബാധകമാണ്.നിയന്ത്രണങ്ങൾ സംബന്ധിച്ച് ആശുപത്രി മാനേജ്മെന്റുകളുമായി സംസാരിക്കുന്നതിനും ജീവനക്കാരെ ബോധവത്കരിക്കുന്നതിനും ഡിഎംഒയുടെ നേതൃത്വത്തിൽ ഓൺലൈനായി ചർച്ച നടത്തും. ആരോഗ്യ സ്ഥാപനങ്ങളിൽ ആരോഗ്യവകുപ്പിന്റെ പരിശോധനയുമുണ്ടാകും. പിഴവ് കണ്ടെത്തിയാൽ തിരുത്തുംവരെ സ്ഥാപനം അടച്ചിടേണ്ടി വരും.അമല ആശുപത്രിയിൽ ജനറൽ ഒപി ഒരാഴ്ചത്തേക്ക് നിർത്തിവെക്കാൻ നിർദേശം നൽകി. ക്യാൻസർ വിഭാഗം മാത്രം കൊവിഡ് പ്രോട്ടോക്കോൾ പാലിച്ച് തുറന്നുപ്രവർത്തിക്കാം. ഇവിടെയും വളരെ അത്യാവശ്യമായി വരുന്ന രോഗികൾക്ക് മാത്രമാണ് കൺസൾട്ടേഷൻ നൽകേണ്ടത്. ഡിഎംഒയുടെ നേതൃത്വത്തിൽ വിദഗ്ധ സംഘം ആശുപത്രിയിലെത്തി പരിശോധന നടത്തി. പരിശോധനയിൽ കണ്ട ചില ന്യൂനതകൾ പരിഹരിക്കാനും നിർദേശം നൽകിയിട്ടുണ്ട്.ആശുപത്രിയിലെ ക്ലീനിങ്ങ് ജോലിക്കാരിൽ നിന്ന് രോഗം പകർന്നിരിക്കാമെന്നാണ് പ്രാഥമികനിഗമനം. അവരുടെ കാന്റീന്റെ സൗകര്യങ്ങളും സംഘം വിലയിരുത്തി. ഈ കാലയളവിൽ ആശുപത്രിയിൽ വന്നുപോയവരുടെ വിവരങ്ങൾ ആരോഗ്യവകുപ്പ് ശേഖരിച്ചുവരികയാണ്. അവരെക്കൂടി ഉൾപ്പെടുത്തി ആന്റിജൻ ടെസ്റ്റ് നടത്തി രോഗവ്യാപനം നടന്നിട്ടുണ്ടോയെന്ന കാര്യം തിട്ടപ്പെടുത്തുവാൻ ഡിഎംഒയ്ക്ക് നിർദേശം നൽകിയതായി കലക്റ്റർ എസ് ഷാനവാസ് അറിയിച്ചു.യോഗത്തിൽ ഡി.എം.ഒ (ഹെൽത്ത്) ഡോ. കെ ജെ റീന, ഡോ. സതീഷ് കെ എൻ, ഡോ. രാജു പി കെ, ഡോ. അനൂപ് ടി കെ, അമല ആശുപത്രി പ്രതിനിധികളായ ഫാ ഡെൽജോ, ഫാ ജോൺസ് അറയ്ക്കൽ, ഡോ. രാജേഷ്, അശ്വിനി ആശുപത്രി പ്രതിനിധി ഡോ. ഉദയ്, ജൂബിലി മിഷൻ ആശുപത്രി പ്രതിനിധി പ്രവീൺ ജോർജ് എന്നിവർ പങ്കെടുത്തു.

പരിശോധന ഫലം നെഗറ്റീവ്

കയ്പമംഗലം: പെരിഞ്ഞനത്ത് ആന്റിജൻ പരിശോധന നടത്തിയ 59 പേരുടേയും ഫലം നെഗറ്റീവ്. മത്സ്യ ബന്ധന തൊഴിലാളികൾ, പൊലീസ്, ഓട്ടോ തൊഴിലാളികൾ, പഞ്ചായത്ത് അംഗങ്ങൾ, പഞ്ചായത്ത് ജീവനക്കാർ, സന്നദ്ധ സംഘടനാ പ്രവർത്തകർ, ഗർഭിണികൾ തുടങ്ങി വിവിധ ക്ലസ്റ്ററുകളിൽ ഉള്ളവരെയാണ് പരിശോധനക്ക് വിധേയമാക്കിയത്. ആശ പ്രവർത്തകർ, കടയുടമകൾ, ഓട്ടോ തൊഴിലാളികൾ, ആരോഗ്യ വകുപ്പ് ജീവനക്കാർ തുടങ്ങിയവർ പരിശോധിച്ചവരിൽ ഉൾപ്പെടുന്നു. പെരിഞ്ഞനം സാമൂഹ്യ ആരോഗ്യ കേന്ദ്രത്തിലാണ് കൊവിഡ് ടെസ്റ്റ് നടത്തുന്നത്. മാധ്യമ പ്രവർത്തകർ ഉൾപ്പെടെയുള്ള വിവിധ വിഭാഗങ്ങൾക്കുള്ള ആന്റിജൻ ടെസ്റ്റ് ഉടൻ നടക്കും. പെരിഞ്ഞനം സാമൂഹ്യ ആരോഗ്യ കേന്ദ്രം സൂപ്രണ്ട് ഡോ. സാനു എം.പരമേശ്വരൻ, ഹെൽത്ത് സൂപ്പർവൈസർ ഗോപി, ഡോ. സജീവൻ, ഹെൽത്ത് ഇൻസ്പെക്ടർ പി.ബി. രജീഷ്, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ അഖില തുടങ്ങിയവരുടെ നേതൃത്വത്തിലാണ് പരിശോധന നടത്തുന്നത്.

ചാലക്കുടി മാർക്കറ്റിൽ നിയന്ത്രണം

ചാലക്കുടി: ചാലക്കുടി മാർക്കറ്റ് വീണ്ടും അതി നിയന്ത്രണ മേഖല. കൊരട്ടി പഞ്ചായത്ത് ഒന്നും, പതൊൻപതും വാർഡുകളും അതി നിയന്ത്രണ മേഖലയാക്കി. കൊമ്പടി റേഷൻ മൊത്ത വ്യാപാര കേന്ദ്രത്തിലെ ചുമട്ടു തൊഴിലാളിയുടെ സമ്പർക്ക പട്ടികയെ തുടർന്നാണ് നാഗരസഭയിലെ 19, കൊരട്ടി പഞ്ചായത്ത് ഒന്നും, പതൊൻപത് വാർഡുകളും അതി നിയന്ത്രണ മേഖലയാക്കിയിരിക്കുന്നത്.

പാലക്കാട് 81 പേർക്ക് കൊവിഡ്

പാലക്കാട് : ജില്ലയിൽ ഇന്നലെ മലപ്പുറം, തൃശൂർ സ്വദേശികൾ ഉൾപ്പെടെ 81 പേർക്ക് കൊവിഡ് 19 സ്ഥിരീകരിച്ചു. ഇതിൽ സമ്പർക്കത്തിലൂടെ രോഗബാധ ഉണ്ടായ 58പേർ, ഇതര സംസ്ഥാനങ്ങളിൽ നിന്ന് വന്ന 3 പേർ, വിവിധ രാജ്യങ്ങളിൽ നിന്ന് വന്ന 6 പേർ, ഉറവിടം അറിയാത്ത രോഗബാധ ഉണ്ടായ 10 പേർ, 2 ആരോഗ്യ പ്രവർത്തകർ, 2 പൊലീസുകാർ എന്നിവർ ഉൾപ്പെടും. 86 പേർക്ക് രോഗമുക്തിയുമുണ്ട്. ഇതോടെ ജില്ലയിൽ ചികിത്സയിലുള്ളവരുടെ എണ്ണം 725 ആയി.കൂടാതെ രണ്ട് ആരോഗ്യ പ്രവർത്തകർക്കും രണ്ട് പൊലീസുകാർക്കും രോഗം സ്ഥിരീകരിച്ചിട്ടുണ്ട്. പാലക്കാട് ഗവ.മെഡിക്കൽ കോളേജിലെ ജീവനക്കാരനായ കടമ്പഴിപ്പുറം സ്വദേശി (35), ആംബുലൻസ് ഡ്രൈവറായ കഞ്ചിക്കോട് സ്വദേശി (31), എആർ ക്യാമ്പിലെ വിത്തനശേരി സ്വദേശി (26), തേങ്കുറിശി സ്വദേശി (26) എന്നിവരാണ് രോഗബാധിതർ. ജില്ലയിൽ ചികിത്സയിൽ ഉള്ളവർക്ക് പുറമേ പാലക്കാട് ജില്ലക്കാരായ രണ്ടുപേർ കണ്ണൂർ ജില്ലയിലും ഏട്ടു പേർ കോഴിക്കോട് ജില്ലയിലും അഞ്ചു പേർ മലപ്പുറം ജില്ലയിലും മൂന്നുപേർ എറണാകുളം ജില്ലയിലും ഒരാൾ കോട്ടയം, മൂന്ന് പേർ തൃശൂർ ജില്ലകളിലും ചികിത്സയിൽ ഉണ്ട്.

വീട് തകർന്നു

വടക്കാഞ്ചേരി: കാറ്റിലും മഴയിലും നിർധന കുടുംബത്തിന്റെ വീട് ഭാഗികമായി തകർന്നു. കാഞ്ഞിരക്കോട് കൊരട്ടിയാംകുന്ന് കോളനി മനക്കോട്ട വളപ്പിൽ കാർത്തിയാനിയുടെ വീടിന്റെമേൽക്കൂരയുടെ താഴ് വാരമാണ് തകർന്നു വീണത്. വീടിനുള്ളിൽ കാർത്യായനിയുടെ മകളും മരുമകനും ആറും മൂന്നും വയസും 75 ദിവസവും മാത്രം പ്രായമായ മൂന്നു മക്കളുമാണ് ഉണ്ടായിരുന്നു . ആർക്കും പരിക്കില്ല.

ജോയ് ആലുക്കാസിന്റെ തൃശൂർ റൗണ്ട് ഈസ്റ്റ് ഷോറും സിഎംഡി ജോയ് ആലുക്കാസ് ഉദ്ഘാടനം ചെയ്യുന്നു. എംകെ സിൽക്സ് എംഡി സി.എസ്. ഹനീഫ, ജോയ് ആലുക്കാസ് ഡയറക്റ്റർമാരായ ജോളി ജോയ് ആലുക്കാസ്, എൽസ ജോയ് എന്നിവർ സമീപം.

പ്രളയഭീതി ഒഴിഞ്ഞ ആശ്വാസത്തിൽ തീരദേശം

കൊടുങ്ങല്ലൂർ: പ്രളയഭീതി ഒഴിഞ്ഞ ആശ്വാസത്തിൽ തീരദേശം. ഭീതിയുടെ മുൾമുനയിൽ നിർത്തിയ കാലവർഷം രണ്ട് ദിവസമായി തെളിഞ്ഞ ആകാശം കണ്ട ആശ്വാസത്തിലാണ് തീരദേശവാസികൾ. കാലവർഷത്തിന് മുന്നേ കയ്പമംഗലം മണ്ഡലത്തിൻറെ അതിർത്തി പങ്കിടുന്ന കനോലി കനാൽ നവീകരിച്ചതും അടിഞ്ഞ് കൂടിയ ചളി വാരാൻ പരമ്പരാഗത തൊഴിലാളികൾക്ക് സർക്കാർ പ്രത്യേക അനുമതി നൽകിയതും ആശ്വാസമായിരുന്നു.മണ്ഡലത്തിലെ പ്രധാന തോടുകളായ പെരുംതോട് വലിയ തോടും, വേടിത്തോടും, അറപ്പത്തോടുകളും, കൈവഴികളായ തോടുകളും ഗ്രാമപഞ്ചായത്തുകളുടേയും, ഇറിഗേഷൻ ഡിപ്പാർട്ട് മെൻറിൻ്റേയും യുവാക്കളുടെയും തൊഴിലുറപ്പ് തൊഴിലാളികളുടേയും സഹകരണത്തോടെ ജനകീയ കൂട്ടായ്മയിൽ മാലിന്യങ്ങളും മറ്റു തടസ്സങ്ങളും നീക്കി നീരൊഴുക്ക് സുഖകരമാക്കിയത് വെള്ളക്കെട്ട് ഒഴിവാകാൻ സഹായിച്ചു. എം എൽ എ യുടേയും, ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ട്മാരുടേയും, വാർഡ് മെമ്പർമാരുടേയും നേതൃത്വത്തിലായിരുന്നു നവീകരണ പ്രവർത്തനങ്ങൾ നടന്നിരുന്നത്. വരൾച്ചയെ നേരിടേണ്ടി വരും എന്ന സാധ്യത മുന്നിൽ കണ്ട് പെരും തോടുകളിലെ സ്ലൂയിസുകൾ പ്രവർത്തനസജ്ജമാക്കുവാനും വേണ്ട നടപടികളുമായി മുന്നോട്ട് പോകുമെന്ന് ഇ.ടി. ടൈസൺ എം.എൽ.എ. അറിയിച്ചു.

തൃശൂർ 19 പേർക്ക് കൂടി കൊവിഡ്

തൃശൂർ: ജില്ലയിൽ ബുധനാഴ്ച19 പേർക്ക് കൂടി കൊവിഡ് സ്ഥിരീകരിച്ചു. 55 പേർ രോഗമുക്തരായി. ജില്ലയിൽ രോഗബാധിതരായി ചികിത്സയിൽ കഴിയുന്നവരുടെ എണ്ണം 445 ആണ്. തൃശൂർ സ്വദേശികളായ 10 പേർ മറ്റു ജില്ലകളിൽ ചികിത്സയിൽ കഴിയുന്നു. ഇതുവരെ രോഗം സ്ഥിരീകരിച്ചവരുടെ എണ്ണം 2120 ആയി. ഇതുവരെ രോഗമുക്തരായവരുടെ എണ്ണം 1661 ആണ്.സമ്പർക്കരോഗബാധിതർ 16 ആണ്. അബുദാബിയിൽ നിന്ന് തിരിച്ചെത്തിയ ഒരാളും ഇതരസംസ്ഥാനങ്ങളിൽ നിന്ന് തിരിച്ചെത്തിയ 2 പേരും കൊവിഡ് ബാധിതരായി. അമല ആശുപത്രിയിലെ 2 പേർ ഉൾപ്പെടെ 3 ആരോഗ്യപ്രവർത്തകർ രോഗബാധിതരായി. ചാലക്കുടി, കെഎസ്ഇ ക്ലസ്റ്ററുകളിൽ നിന്ന് ഓരോരുത്തർ രോഗബാധിതരായി. രോഗഉറവിടമറിയാത്ത 4 പേരുണ്ട്. മറ്റ് സമ്പർക്കം വഴി പോസിറ്റീവ് ആയവർ 7 പേരാണ്.നിരീക്ഷണത്തിൽ കഴിയുന്ന 9704 പേരിൽ 9228 പേർ വീടുകളിലും 476 പേർ ആശുപത്രികളിലുമാണ്. കൊവിഡ് സംശയിച്ച് 57 പേരേയാണ് ബുധനാഴ്ച ആശുപത്രിയിൽ പുതിയതായി പ്രവേശിപ്പിച്ചിട്ടുള്ളത്. 531 പേരെ ബുധനാഴ്ച നിരീക്ഷണത്തിൽ പുതിയതായി ചേർത്തു. 535 പേരെ നിരീക്ഷണ കാലഘട്ടം അവസാനിച്ചതിനെ തുടർന്ന് നിരീക്ഷണ പട്ടികയിൽ നിന്നും ഒഴിവാക്കി. പുതിയ കണ്ടെയ്ൻമെന്റ് സോണുകൾ: കൊരട്ടി ഗ്രാമപഞ്ചായത്ത് 1, 19 വാർഡുകൾ, പാണഞ്ചേരി 7, 8 വാർഡുകൾ മുഴുവനായും 6-ാം വാർഡ് ഭാഗികമായും (കുതിരാൻ മുതൽ കിഴക്കോട്ട്), കൈപ്പറമ്പ് ഗ്രാമപഞ്ചായത്ത് വാർഡ് 4, ചാലക്കുടി നഗരസഭ ഡിവിഷൻ 19, തൃശൂർ കോർപ്പറേഷൻ ഡിവിഷൻ 50.കണ്ടെയ്ൻമെന്റ് സോണിൽ നിന്ന് ഒഴിവാക്കിയ പ്രദേശങ്ങൾ: കുഴൂർ ഗ്രാമപഞ്ചായത്ത് വാർഡ് 6, കൊടകര വാർഡ് 15, താന്ന്യം വാർഡ് 18, മുളങ്കുന്നത്തുകാവ് വാർഡ് 11, കാട്ടാകാമ്പാൽ വാർഡ് 11, ഇരിങ്ങാലക്കുട നഗരസഭ 9, 10, 12, 34, 36 ഡിവിഷനുകൾ, വടക്കാഞ്ചേരി നഗരസഭ ഡിവിഷൻ 16.

ഇരിങ്ങാലക്കുട എൽഎഫ് സ്കൂളിന് ക്രൈസ്റ്റ് കോളെജ് വൈസ് പ്രിൻസിപ്പൽ ഫാ. ജോയ് പീണിക്കപ്പറമ്പിൽ മോബൈൽ ഫോൺ കൈമാറുന്നു.

ഓൺലൈൻ പഠനത്തിന് ഫോൺ നൽകി

ഇരിങ്ങാലക്കുട: ക്രൈസ്റ്റ് കോളെജിലെ സാമൂഹിക സേവന സംഘടനയായ തവനിഷും പൂർവവിദ്യാർത്ഥികളായ 2008-11 ബികോം എയ്ഡഡ് ബാച്ചും സംയുക്തമായി എൽ. എഫ് കോൺവെന്റ്ഹൈസ്കൂളിന് മൊബൈൽ ഫോൺ നൽകി. സ്കൂളിലെ കുട്ടികളിൽ ഇപ്പോഴും ഓൺലൈൻ പഠനത്തിന് ബുദ്ധിമുട്ട് അനുഭവിക്കുന്നത് ശ്രദ്ധയിൽ പെട്ടതിനെ തുടർന്ന് തവനിഷ് ഈ വിഷയത്തിൽ ഇടപെട്ടു. ക്രൈസ്റ്റ് കോളെജ് വൈസ് പ്രിൻസിപ്പൽ ഫാ. ജോയ് പീണിക്കപറമ്പിൽ മൊബൈൽ ഫോൺ എൽ. എഫ്. കോൺവെന്റ് ഹൈസ്കൂൾ ഹെഡ്മിസ്ട്രസ് സി. റോസ് ലെറ്റിന് കൈമാറി. തവനിഷ് സംഘടനയെ പ്രതിനിധീകരിച്ചു സ്റ്റാഫ് കോർഡിനേറ്റർ പ്രൊഫ. മുവിഷ് മുരളിയും സ്കൂളിനെ പ്രതിനിധീകരിച്ചു. സി. സൂസിയും സന്നിഹിതരായിരുന്നു.

ട്രഷറി മാളയിൽ നിന്നും അന്നമനടയിലേക്ക് മാറ്റാൻ ഹൈക്കോടതി അനുമതി

മാള: മാള സബ് ട്രഷറി മാളയിൽ നിന്നും അന്നമനടയിലേക്ക് മാറ്റാൻ ഹൈക്കോടതി അനുമതി നല്കി ഉത്തരവായി. ട്രഷറി മാളയിൽ നിലനിർത്തണമെന്ന സ്വകാര്യ വ്യക്തിയുടെ ഹർജിയിലാണ് ഹൈക്കോടതി ഉത്തരവ്.2018ലെ പ്രളയത്തിൽ മാള സബ് ട്രഷറി കെട്ടിടം പൂർണമായും മുങ്ങി പോയതായും സർക്കാരിന് വൻ സാമ്പത്തിക നഷ്ടം ഉണ്ടായതായും കെട്ടിടം ഇപ്പോൾ അപകടാവസ്ഥയിൽ ആണെന്നും സർക്കാർ ഹൈക്കോടതിയെ അറിയിച്ചതിനെ തുടർന്നാണ് ട്രഷറി മാറ്റാൻ ഉത്തരവായിരിക്കുന്നത്. ട്രഷറി പ്രവർത്തിപ്പിക്കാനുള്ള അടിസ്ഥാന സൗകര്യം ഒരുക്കിയിട്ടുണ്ടെന്ന് അന്നമനട പഞ്ചായത്തും ഹൈക്കോടതിയെ അറിയിക്കുകയുണ്ടായി.ഇതിനെ തുടർന്നാണ് കോടതി താൽക്കാലികമായി ട്രഷറി പ്രവർത്തനം അന്നമനടയിലെ കെട്ടിടത്തിലേക്ക് മാറ്റുന്നതിന് സർക്കാരിന് അനുമതി നല്കി ഉത്തരവ് ഉറക്കിയത്.

കുട നിർമാണം ആരംഭിച്ചു

കേച്ചേരി: കുട നിർമാണ യൂണിറ്റുമായി കണ്ടാണശേരിയിലെ സഹകരണ സംഘം പ്രവർത്തകർ. പട്ടികജാതി സഹകരണ സംഘത്തിന്റെ നേതൃത്വത്തിലണ് കുടനിർമാണ യൂണിറ്റ് പ്രവർത്തനമാരംഭിച്ചത്. കണ്ടാണശേരി ഗ്രാമപഞ്ചായത്ത് വാർഷിക പദ്ധതിയിലുൾപ്പെടുത്തി അനുവദിച്ച മൂന്ന് ലക്ഷത്തി പതിനായിരം രൂപയുടെ പട്ടികജാതി വികസന ഫണ്ട് ഉപയോഗിച്ചാണ് പട്ടികജാതി വനിതകൾക്കായി കുടനിർമാണ യൂണിറ്റ് രൂപീകരിച്ചത്. ദിവ്യ ജയൻ , ഷീജ ശാന്ത മുളയംകോടത്ത്, എൻ.എസ്.ചിത്ര, കവിതരാജൻ, സതി വാസു,അനില എന്നിവരാണ് കുട നിർമാണ യൂണിറ്റിലെ അംഗങ്ങൾ. റെജീന, മാർഗ്ഗിലി, എന്നിവരാണ് നിർമാണ യൂണിറ്റിലെ അംഗങ്ങൾക്ക് പരിശീലനം നൽകിയത്.

ഇരിങ്ങാലക്കുട നീഡ്സിന്റെ ആർട് അറ്റ് ഹോം 2020

ഇരിങ്ങാലക്കുട : കൊവിഡ് 19 ന്റെ പശ്ചാത്തലത്തിൽ വീടുകളിൽ അടച്ചുപൂട്ടിയിരിക്കുന്നവർക്ക് മാനസികോല്ലാസം ലക്ഷ്യമിട്ടു വീട്ടിലിരുന്നു തന്നെ മത്സരിക്കാവുന്ന കലോത്സവം ഒരുക്കി നീഡ്സ്.ആർട് അറ്റ് ഹോം 2020 എന്ന പേരിൽ സംഘടിപ്പിക്കുന്ന കലോത്സവത്തിൽ ലളിതഗാനം, സിനിമാഗാനം, മിമിക്രി, മോണോ ആക്ട്, കാവ്യാലാപനം, നാടൻപ്പാട്ട്, പ്രസംഗം, സിനിമാറ്റിക് ഡാൻസ്, ഫോക് ഡാൻസ്, പുഞ്ചിരി എന്നീ ഇനങ്ങളിലാണ് മത്സരങ്ങൾ സംഘടിപ്പിച്ചിട്ടുള്ളത്.മത്സരിക്കാൻ ആഗ്രഹിക്കുന്നവർ തങ്ങളുടെ മത്സര ഇനം വീഡിയോയിൽ പകർത്തി 23 നു മുൻപായി വാട്സ് ആപ് ചെയ്യേണ്ടതാണ്.
കൂടുതൽ വിവരങ്ങൾക്ക് 9447550688 എന്ന നമ്പറിൽ ബന്ധപ്പെടണമെന്ന് പ്രസിഡന്റ് തോമസ് ഉണ്ണിയാടൻ, കൺവീനർ ഷെയ്ക് ദാവൂദ് എന്നിവർ അറിയിച്ചു.

പൊലീസിനെ കൈയേറ്റം ചെയ്യാൻ ശ്രമിച്ച സംഘം അറസ്റ്റിൽ

അറസ്റ്റിലായ പ്രതികൾ

പുന്നയൂർക്കുളം : കൊവിഡ് ലംഘനം ചോദ്യം ചെയ്ത പൊലീസിനെ കൈയേറ്റം ചെയ്യാൻ ശ്രമിച്ച നാലംഗ സംഘത്തെ വടക്കേക്കാട് പൊലീസ് അറസ്റ്റ് ചെയ്തു. വെട്ടിപ്പുഴ പുഴയ്ക്കൽ രജിൻദാസ്(35), സഹോദരൻ രഞ്ജിത്ത് (33), തറയിൽ ബിനോജ് (28), ചിമ്മിനി വീട്ടിൽ ബിനീഷ് (28) എന്നിവരെയാണ് വടക്കേകാട് പൊലീസ് അറസ്റ്റ് ചെയ്തത്. പ്രതികളെ കോടതി റിമാൻഡ് ചെയ്തു. പ്രദേശത് കൊവിഡ് ലംഘനം നടത്തി ആളുകൾ കൂട്ടം കൂടി നില്കുന്നു വെന്ന പരാതിയുടെഅടിസ്ഥാനത്തിൽ പരിശോധന ശക്തമാക്കിയിരുന്നു.ചൊവ്വാഴ്ച രാത്രി 7.30 ഓടെ റോഡിൽ കൂട്ടംകൂടി നിന്ന പ്രതികളോട്, ബൈക്കിൽ പെട്രോളിങ് നടത്തുകയായിരുന്ന സിപിഒ സൈനുൽ ആബിദ്, ഹോംഗാർഡ് മജീദ് എന്നിവർ വീട്ടിൽ പോകാൻ ആവശ്യപ്പെട്ടെങ്കിലും അനുസരിക്കാതെ തട്ടിക്കയറുകയായിരുന്നു. പൊലീസുകാരന്റെ കോളർ പിടിച്ചതിനെ തുടർന്ന് നെയിം ബെഡ്ജ് പൊട്ടുകയും ചെയ്തിരുന്നു. വിവരമറിഞ്ഞ് എസ്എച്ച്ഒ എം.സുരേന്ദ്രൻ, എസ്ഐ കെ.അബ്ദുൽ ഹക്കീം എന്നിവരുടെ നേതൃത്വത്തിൽ പൊലീസ് എത്തി പ്രതികളെ പിടികൂടുകയായിരുന്നു. രജിൻദാസ് പൊലീസിനെ ആക്രമിച്ച കേസിൽ നേരത്തെയും അറസ്റ്റിലായിട്ടുണ്ട്.

ഉപ്പുങ്ങൽ അടച്ചു

പുന്നയൂർക്കുളം : അയൽ ജില്ലയായ മലപ്പുറത്ത് കൊവിഡ് വ്യാപനം വർദ്ധിച്ചതിഞ്ഞാൽ പുന്നയൂർക്കുളം പഞ്ചായത്ത് അധികൃതർ ജില്ലാ അതിർത്തിയായ ഉപ്പുങ്ങൽ അടച്ചു. ദേശീയ പാതയായ തങ്ങൾ പടിയിലും പുന്നയൂർക്കുളം വന്നേരിയിലും പൊലീസ് പരിശോധന ശക്തമാക്കുവാനും പൊലീസിന് പഞ്ചായത്ത് നിർദ്ദേശം നൽകിയിട്ടുണ്ട്. ഉപ്പുങ്ങൽ ഭാഗങ്ങളിൽ ഉപ്പുങ്ങൽ പാടശേഖരങ്ങളും പരൂർ പാടശേഖരങ്ങളും ഒന്നായി വെള്ളക്കെട്ട് രൂക്ഷമായ സാഹചര്യത്തിൽ അധികൃതർക്ക് ഇവിടേക്ക് എത്തിപെടുവാൻ ബുദ്ധിമുട്ട് ഉള്ളതിന്റെ അടിസ്ഥാനത്തിലാണ് റോഡിന് കുറുകെ ബാരികേഡ് ഉപയോഗിച്ച് റോഡ് അടച്ചത്.

കിറ്റുകൾ വിതരണം ചെയ്തു

കേച്ചേരി: ചൂണ്ടൽ പഞ്ചായത്തിൽ ക്വാറന്റൈനിൽ കഴിയുന്ന കുടുംബാംഗങ്ങൾക്ക് ഇന്ദിര ഗാന്ധി സോഷ്യൽ കൾച്ചറൽ സൊസൈറ്റിയുടെ നേതൃത്വത്തിൽ പച്ചക്കറി പലവ്യഞ്ജന കിറ്റുകളും പ്രതിരോധത്തിനാവശ്യമായ സാധനങ്ങളും കൈമാറി. കഴിഞ്ഞദിവസം രോഗം സ്ഥിരീകരിച്ച സ്വകാര്യ മൈക്രോ ഫിനാൻസിന്റെ സെയിൽസ് എക്സിക്യൂട്ടീവിന്റെ സമ്പർക്ക പട്ടികയിലുള്ള ചൂണ്ടൽ പഞ്ചായത്തിലെ മണലി തെങ്ങ് മേഖലയിലുള്ള കുടുംബങ്ങൾക്കാണ് പലവ്യഞ്ജനങ്ങളും പച്ചക്കറിയുമുൾപ്പെടെയുള്ളവ സൊസൈറ്റി കൈമാറിയത്. ഇന്ദിരാഗാന്ധി സോഷ്യൽ കൾച്ചറൽ സൊസൈറ്റി പ്രസിഡന്റ് വി കെ സുനിൽകുമാർ, ജനറൽ സെക്രട്ടറി ജബീർ നാലകത്ത്, വർക്കിങ് പ്രസിഡന്റ് മുബാറക് കേച്ചേരി കിറ്റുകൾ എത്തിച്ചു നൽകിയത്.

കൊവിഡ് വ്യാപനം തടയാൻ ചാലക്കുടി മാർക്കറ്റിലും തൃശൂർ മോഡൽ

ചാലക്കുടി: കൊവിഡ് സമൂഹവ്യാപനം തടയാൻ ചാലക്കുടി മാർക്കറ്റിലും തൃശൂർ മോഡൽ നടപ്പിലാക്കാൻ തീരുമാനം.നഗരസഭ ചെയർപേഴ്സൺ ജയന്തി പ്രവീൺകുമാറിന്റെ അധ്യക്ഷതയിൽ നഗരസഭ ഓഫീസിൽ പൊലീസ്, വ്യാപാരി വ്യവസായി പ്രതിനിധികൾ, ട്രേഡ് യൂണിയൻ നേതാക്കൾ എന്നിവരുടെ സംയുക്ത യോഖത്തിലാണ് തീരുമാനം.നഗരസഭയിലെ പച്ചക്കറി, മത്സ്യ മാർക്കറ്റിലേക്ക് പുറത്ത് നിന്നും വരുന്ന ലോറികൾ സൗത്ത് ജംഗ്ഷനിൽ ഫയർ സ്റ്റേഷന് മുന്നിൽ നിർത്തി അണുവിമുക്തമാക്കിയ ശേഷം മാത്രമെ മാർക്കറ്റിൽ പ്രവേശിക്കാൻ അനുമതിയുള്ളൂ.വാഹനത്തിലെ ഡ്രൈവർമാരും, ക്ലീനർമാരും, തൊഴിലാളികളും ഫയർസ്റ്റേഷന് മുൻവശത്തുള്ള, കംഫർട്ട് സ്റ്റേഷൻ ഉപയോഗിച്ച് ഫ്രഷ് ആയതിന് ശേഷം മാത്രമെ മാർക്കറ്റിലേക്ക് പ്രവേശിക്കാൻ പാടുള്ളൂ.
കംഫർട്ട് സ്റ്റേഷൻ എല്ലാ ദിവസവും ഫയർ ഫോഴ്സ് ഉദ്യോഗസ്ഥർ അണുനശീകരണം നടത്തും. മത്സ്യ മാർക്കറ്റിൽ സൈക്കിളിലും ഇരുചക്രവാഹനങ്ങളിലും വിൽപ്പന നടത്തുന്നവരെ ടോക്കൺ സമ്പ്രദായത്തിൽ നിയന്ത്രിക്കും.സാമൂഹിക അകലം പാലിച്ച് മാത്രമെ മാർക്കറ്റ നകത്തേക്ക് ഇവരെ പ്രവേശിപ്പിക്കുകയുള്ളൂ.മാർക്കറ്റ് റോഡിൽ സ്വകാര്യ വാഹനങ്ങളുടെ പാർക്കിംഗ് തിങ്കൾ, ചൊവ്വ, ബുധൻ ദിവസങ്ങളിൽ റോഡിന്റെ ഒരുവശത്തും, വ്യാഴം, വെള്ളി, ശനി ദിവസങ്ങളിൽ മറുവശത്തും ക്രമീകരിക്കുന്നതിന് തീരുമാനിച്ചു. യോഗത്തിൽ ആരോഗ്യ സ്ഥിരം സമിതി അധ്യക്ഷ ബിജി സദാനന്ദൻ, ഡി.വൈ.എസ്.പി. സി.ആർ.സന്തോഷ്, എസ്.ഐ.കെ.കെ.ബാബു, ഫയർ ഫോഴ്സ് സ്റ്റേഷൻ ഓഫീസർ സി.ഒ. ജോയി എന്നിവരും വ്യാപാരി സംഘടന പ്രതിനിധികളും, യൂണിയൻ പ്രതിനിധികളും, ആരോഗ്യ വിഭാഗം ജീവനക്കാരും പങ്കെടുത്തു.

ഓൺലൈൻ പെൺവാണിഭം: പത്തംഗ സംഘം അറസ്റ്റിൽ

അറസ്റ്റിലായ പെൺവാണിഭ സംഘം

ചാലക്കുടി: വാടക വീട് കേന്ദ്രീകരിച്ച് ഓൺലൈൻ പെൺവാണിഭം നടത്തിയിരുന്ന പത്തംഗ സംഘത്തെ റിമാന്റ് ചെയ്തു. ദേശീയ പാതയോരത്ത് മൂരിങ്ങൂർ കോട്ടമുറി ജംഗ്ഷന് സമീപത്തായി ചെറിയൊരു വീട് വാടകക്കെടുത്തായിരുന്നു കഴിഞ്ഞ രണ്ട് മാസമായി പെൺ വാണിഭം നടത്തുകയായിരുന്ന സംഘത്തെ കൊരട്ടി എസ്. എച്ച്. ഒ ബി. കെ. അരുണിന്റെ നേതൃത്വത്തിൽ കസ്റ്റഡിയിലെടുക്കുകയായിരുന്നു. നടത്തിപ്പുകാരിയ സ്ത്രീയടക്കും എട്ട് പുരുഷൻമാരേയും ഒരു സ്ത്രീയേയുമാണ് പിടികൂടിയത്. കൊന്നക്കുഴി ആട്ടോക്കാരൻ റിന്റോ (35), ആലുവ അമ്പലത്തുപറമ്പിൽ ഷിയാസ് (32), ആളൂർ ചാരുവിള പുത്തൻ വീട്ടിൽ ശ്യാം (26), വെള്ളാംച്ചിറ പുളിയാനി വിൻസ് (26), എലിഞ്ഞിപ്ര സിത്താര നഗർ കളപ്പാട്ടിൽ വിഷ്ണു (24), വെറ്റിലപ്പാറ ആന്നൂർ പൊയ്ക സുധീഷ് (37), വെണ്ണൂർ വെളുത്താട്ട് മുകേഷ് (37), വാലുങ്ങാമുറി അരിയാമ്പിള്ളി സുജിത് (37), വെറ്റിലപ്പാറ മാതിരപ്പിള്ളി സിന്ധു (37), മൂലം കോട് പാഴാർത്തി രാജി (37)എന്നിവരാണ് സംഘത്തിലുണ്ടായിരുന്നുത്.സിന്ധുവിന്റെ നേതൃത്വത്തിലാണ് ഇടപാട് നടത്തിയിരുന്നത്. ഇതിന് മുൻപും സമാന രീതിയിലുള്ള കേസിലെ പ്രതിയാണ്.ഇവർ വന്നിരുന്ന നാല് ഇരു ചക്ര വാഹനവും, ഒരു കാറും പൊലീസ് പിടികൂടിയിട്ടുണ്ട്. പൊലീസിന് ലഭിച്ച രഹസ്യ വിവരത്തെ തുടർന്ന് കഴിഞ്ഞൊരു മാസമായി പൊലീസ് നിരീക്ഷിച്ച് വരികയായിരുന്നു.സാമൂഹ്യ മാധ്യമങ്ങളിലൂടെ പെൺകുട്ടികളുടെ ചിത്രം അയച്ചു കൊടുത്ത് അതിലൂടെയാണ് സെലക്ഷൻ നടത്തുകയും പണം ബാങ്ക് എക്കൗണ്ടിലൂടെ ട്രാൻസഫർ ചെയ്കയുമായിരുന്നു. സിന്ധുവിന്റെ അടക്കമുള്ള എല്ലാവരുടേയും മൊബൈൽ പൊലീസ് കസ്റ്റഡിയിലെടുത്തു. സൈബർ സെല്ലിന്റെ സഹായത്തോടെ മൊബൈലുകൾ പരിശോധിച്ച് കേസിൽ കുടുതൽ പേർക്ക് പങ്കുണ്ടോയെന്ന് അന്വേഷിക്കുന്നതാണ്. എസ്.ഐമാരായ സി. കെ. സുരേഷ്, ജോൺസൺ, എഎസ്ഐമാരായ എം. എസ്. പ്രദീപ്, ഷിബു പോൾ, സിപിഒമാരായ രാജേഷ് ചന്ദ്രൻ, ബിജു, ദിനേശൻ, സിജു, വനിത സിപിഒ അശ്വതി എന്നിവരുടെ നേതൃത്വത്തിലായിരുന്നു പ്രതികളെ പിടികൂടിയത്. പ്രതികളെ കോടതിയിൽ ഹാജരാക്കി.

CHANGE OF NAME

I SHYNI JOBI, (NAME AS IN MY PASSPORT NO: H9998302) W/O JOBI KADUMKEERIYIL JOSE , RESIDING AT KADUMKEERIYIL HOUSE, VARIKULAM, KATTILAPOOVAM.P.O, THRISSUR – 680028 , DO HEREBY CHANGE MY NAME AS "SHYNI MUNDAKKAL ALIAS" (NAME AS IN MY S S L C, BANK PASSBOOK,ETC) WITH IMMEDIATE EFFECT.

CHANGE OF NAME

I ANIL THOMAS Holder Of Passport No E8251332 S/O KANNANAIKKAL THOMA PAUL,Do Hereby Changed my Name As ANIL THOMAS PAUL as in my ADHAR CARD,Residing At KANNANAIKKAL HOUSE,ALOOR ROAD,MATTOM PO,THRISSUR-680602

അറിയിപ്പ്

KL 58 8028 എന്ന വാഹനത്തിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നഷ്ടപ്പെട്ടുവെന്ന് അറിയിച്ച് ടി വാഹന ഉടമ JOSE M J S/o. JACOB, MOZHIPARAMBIL (H), AVINISSERY P.O TCR ഡ്യൂപ്ലിക്കേറ്റ് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന് അപേക്ഷ സമർപ്പിച്ചിരിക്കുന്നു.ടി വാഹനത്തിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകുന്നതിൽ ആർക്കെങ്കിലും ആക്ഷേപമോ പരാതിയോ ഉണ്ടെങ്കിൽ ഈ പരസ്യ തിയ്യതി മുതൽ 7 ദിവസത്തിനകം തൃപ്രയാർ ആർ ടി ഓഫീസിൽ രേഖാമൂലം അറിയിക്കുവാൻ താത്പര്യപ്പെടുന്നു. ഒറിജിനൽ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് കൈവശ്യമുള്ളവർ ആയത് ഈ ഓഫീസിൽ ഹാജരാക്കേണ്ടതാണ്.
എന്ന്, (ഒപ്പ്) അഡീഷണൽ രജിസ്റ്ററിംഗ് അതോറിറ്റി തൃപ്രയാർ

സ്മരണാഞ്ജലി
ഏഴാം ചരമവാർഷികം
12-08-2020

പാർവ്വതി ഗോപാലൻ
കുറുപ്പനേഴത്ത് വീട്
തെക്കൻ പറവൂർ
ദുഃഖ സ്മരണകളോടെ കുടുംബാംഗങ്ങൾ
PUTHANPURAYIL FAMILY TRUST
SOUTH PARAVOOR, ERNAKULAM

Edited, Printed and Published by K.S. Sasikumar, Director, on behalf of M/s.Vaartha News Network Pvt.Ltd. Editorial Team: R. Gopikrishnan (Chief Editor), E. Rudran Warrier (Executive Editor), Vol 13, Issue No.220 RNI No. KERMAL/2009/31362, Printed at ORUMA PRINTERS & PUBLISHERS Ltd, Door No. X/536, Sreesankara Industrial Estate, Chiyyaram, Thrissur-680026 and published from Vaartha News Network Pvt.Ltd, Suncity, IInd Floor, RoomNo. 14/488/30, P.O. Koorkanchery, Thrissur- 680007, Ph: 0487 2444489. Email: tcrbureau@metrovaartha.com

മെട്രൊ വാർത്ത

ലോകാഃ സമസ്താഃ സുഖിനോ ഭവന്തു

+1195 കർക്കിടകം 29 ദുൽ ഹജ്ജ് 22

2020 ഓഗസ്റ്റ് 13 വ്യാഴം

മകൾക്ക് തുല്യാവകാശം എന്ന നീതിബോധം

ഹിന്ദു പിന്തുടർച്ചാവകാശ നിയമത്തിൽ വ്യക്തത വരുതിക്കൊണ്ടുള്ള സുപ്രീം കോടതി വിധി കുടുംബസ്വത്തിൽ മകനോടൊപ്പം തന്നെ മകൾക്കും തുല്യാവകാശമുണ്ടെന്ന് സ്ഥാപിക്കുന്നതാണ്. വീടിന്റെ അകത്തളങ്ങളിലൊതുങ്ങുന്ന കണ്ണീർച്ചാലുകൾ കണ്ടുകൊണ്ടുള്ള മൂന്നംഗ ബെഞ്ചിന്റെ തീർപ്പ് ആശ്വാസത്തിന്റെ നെടുവീർപ്പുകൾ പല ജീവിതങ്ങൾക്കും സമ്മാനിക്കുന്നു. രാജ്യത്തെ വിവിധ കോടതികളിലുള്ള അനേകായിരം കേസുകളിൽ സ്ത്രീകളുടെ അവകാശങ്ങൾ സ്ഥാപിച്ചു നൽകാൻ ഈ വിധി സഹായിക്കും. നിയമത്തിന് മുൻകാല പ്രാബല്യം നൽകിയ കോടതി വിൽപത്രം കൂടാതെ വാക്കാലുള്ള സ്വത്ത് ഭാഗംവയ്ക്കലിന് സാധുതയുണ്ടാകില്ലെന്നും വ്യക്തമാക്കുന്നു.

ഇന്ത്യയിലെ വ്യത്യസ്ത മതവിഭാഗങ്ങൾ വിഭിന്നങ്ങളായ നിയമങ്ങളാണ് സ്വത്തവകാശം സംബന്ധിച്ച് പുലർത്തിപ്പോരുന്നത്. മരുമക്കത്തായം നിലനിന്നിരുന്ന സമൂഹങ്ങളിൽ സ്ത്രീകൾക്ക് കാര്യമായ അവഗണന ഇക്കാര്യത്തിൽ നേരിടേണ്ടി വന്നിട്ടില്ലെന്നതിന് ഉദാഹരണം കേരളം തന്നെ. എന്നാൽ മക്കത്തായ സമ്പ്രദായം പിന്തുടരുന്ന വിഭാഗങ്ങൾക്ക് സ്വത്തവകാശം സംബന്ധിച്ച് തീർത്തും വ്യത്യസ്തമായ കാഴ്ചപ്പാടുകളാണുള്ളത്. ഹിന്ദു സമുദായത്തിലെ കൂട്ടുകുടുംബ സമ്പ്രദായ വ്യവസ്ഥ 1976ലെ നിയമം വഴി എടുത്തു കളഞ്ഞ സംസ്ഥാനമാണ് കേരളം. അതെത്തുടർന്ന് ജന്മം കൊണ്ടു ലഭിച്ചിരുന്ന സ്വത്തവകാശം 1956ലെ ഹിന്ദു പിന്തുടർച്ചാവകാശ നിയമപ്രകാരമായി. ഒസ്യത്ത് എഴുതാതെ പിതാവ് മരിച്ചാൽ തന്നെയും ഓഹരിയിൽ ആൺമക്കൾക്കും പെൺമക്കൾക്കും തുല്യാവകാശമുണ്ടെന്നും ഹിന്ദു സ്ത്രീക്ക് സ്വത്തിൽ പൂർണാവകാശമുണ്ടെന്നും നിയമത്തിൽ വ്യക്തമാക്കിയിരുന്നു. എന്നാൽ മറ്റു പല സംസ്ഥാനങ്ങളിലും ഹിന്ദു കൂട്ടുകുടുംബങ്ങൾ നിലനിൽക്കുന്നുണ്ട്.

കേരളത്തെ പിന്തുടർന്ന് മറ്റ് ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളും സമാനമായ നിയമങ്ങൾക്ക് രൂപം നൽകി. തുടർന്ന് ദേശീയാടിസ്ഥാനത്തിൽ ഇവയ്ക്ക് ഏകരൂപം നൽകുന്നതിനായാണ് 1956ലെ ഹിന്ദു പിന്തുടർച്ചാവകാശ നിയമം 2005ൽ യുപിഎ സർക്കാരിന്റെ കാലത്ത് പാർലമെന്റ് ഭേദഗതി ചെയ്തത്. ആ ഭേദഗതികൾക്ക് മുൻകാല പ്രാബല്യവും വ്യക്തതയും നൽകിയാണ് ജസ്റ്റിസ് അരുൺ മിശ്ര അധ്യക്ഷനായ ബെഞ്ച് സുപ്രധാന വിധി പ്രസ്താവം നടത്തിയിരിക്കുന്നത്. 2005 സെപ്റ്റംബറിന് മുൻപ് ജനിച്ച പെൺമക്കൾക്കും സ്വത്തിൽ തുല്യാവകാശം ലഭിക്കും. സ്വത്തിൽ അവകാശമുണ്ടായിരുന്ന പിതാവ് ഭേദഗതിക്ക് മുൻപ് മരിച്ചാലും മകൾക്ക് അവകാശമുണ്ടെന്ന് കോടതി വ്യക്തമാക്കിയിട്ടുണ്ട്. അവകാശം ജന്മസിദ്ധമായിരിക്കെ പിതാവ് ജീവിച്ചിരിപ്പുണ്ടോ, മരിച്ചോ എന്നതിന് പ്രസക്തിയില്ലെന്നതാണ് കോടതിയുടെ നിരീക്ഷണം.

തുല്യനീതി ഉറപ്പാക്കുന്നതായിരുന്നു 2005ലെ ഹിന്ദു പിന്തുടർച്ചവകാശ നിയമ ഭേദഗതി. സുപ്രീം കോടതിതന്നെ ചില വിധികളിൽ അത് എടുത്തുകാണിക്കുകയും ചെയ്തിട്ടുണ്ട്. എങ്കിലും ആ ഭേദഗതി സിവിൽ വ്യവഹാരങ്ങളിലുണ്ടാക്കിയ ആശയക്കുഴപ്പം ചെറുതായിരുന്നില്ല. ഇത് സംബന്ധിച്ച് കോടതികളിൽ നിന്ന് വ്യത്യസ്ത വിധികളുണ്ടായത് കാര്യങ്ങൾ കൂടുതൽ സങ്കീർണമാക്കി. എന്നാൽ പൂർവിക സ്വത്ത് നീതിപൂർവകമായി വിതരണം ചെയ്യാൻ ലിംഗഭേദം തടസമാകേണ്ടതില്ലെന്ന് അർഥശങ്കയ്ക്ക് ഇടയില്ലാത്ത വിധം കോടതി വ്യക്തമാക്കിയിരിക്കുകയാണ്. ഈ വിധി സമൂഹത്തിന്റെ നീതിബോധത്തിലെ നിർണായക നാഴികക്കല്ലാണെന്നതിൽ സംശയമില്ല.

സ്ത്രീകൾക്ക് തുല്യനീതിയെന്നത് പരിഷ്കൃത സമൂഹത്തിന്റെ ലക്ഷണമാണെങ്കിലും ലോകത്തിന്റെ പല ഭാഗങ്ങളിലും അത് ഇന്നും പ്രഹേളികയാണ്. വിദ്യാഭ്യാസം, തൊഴിലവസരം തുടങ്ങിയവയിൽ സ്ത്രീക്ക് തുല്യത നൽകുന്നവരും സ്വത്തിന്റെയും സമ്പത്തിന്റെയും കാര്യം വരുമ്പോൾ അത് അവകാശമായിട്ടില്ല, ഔദാര്യം പോലെയാണ് കാണുന്നത്. സ്ത്രീശാക്തീകരണത്തിനു സഹായിക്കുന്നതാണ് സ്വത്തിന്മേലുള്ള അവകാശം. അതിന് നിയമപരമായിത്തന്നെ സാധുത ലഭിക്കുമ്പോൾ എത്രയോ കുടുംബങ്ങളിലാണ് ആശ്വാസ കിരണങ്ങൾ വെളിച്ചം പകരുന്നത്. ഓരോ സമൂഹത്തിലും തുല്യനീതിയുടെ പ്രകാശം കടന്ന് ചെല്ലേണ്ടതുണ്ട്. ക്രിസ്ത്യൻ പിന്തുടർച്ചാവകാശത്തിനു വേണ്ടി പൊരുതിയ മേരി റോയിക്ക് വലിയ എതിർപ്പുകൾ തന്നെ നേരിടേണ്ടി വന്നു. എന്നാൽ ആ സഹനത്തിലൂടെ വലിയൊരു വിഭാഗത്തിനാണ് നീതി ലഭിച്ചത്. ഈ വിധിയും ആ അർഥത്തിൽ തുല്യനീതിക്ക് അടിവരയിടുന്നതാണ്.

വെബിനാറുകൾ സംഘടിപ്പിക്കുമ്പോൾ കുറച്ചു കാര്യങ്ങൾ

മുരളി തുമ്മാരുകുടി, നീരജ ജാനകി

കൊവിഡ് കാലം വെബിനാറുകളുടെ കാലം കൂടിയാണ്. പണ്ടൊക്കെ ഒരു സെമിനാർ സംഘടിപ്പിക്കണമെങ്കിൽ എന്തെല്ലാം കടമ്പകളായിരുന്നു? ഹാൾ ബുക്ക് ചെയ്യണം, സംസാരിക്കാൻ വരുന്നവരുടെ യാത്ര (ചിലപ്പോൾ താമസവും) അറേഞ്ച് ചെയ്യണം, കേൾക്കാൻ വരുന്നവർക്ക് ചായയോ, കാപ്പിയോ കൊടുക്കാനുള്ള സംവിധാനമുണ്ടാക്കണം. ഇതിനെല്ലാം പുറമെ ഹാളിൽ മിനിമം ആളുകൾ ഇല്ലെങ്കിലും പ്രതീക്ഷിച്ചതിൽ കൂടുതൽ ആളുകൾ വന്നാലും വിഷമമാണ്.

എന്നാൽ വെബിനാറിന് ഇത്തരം പ്രശ്നങ്ങളൊന്നുമില്ല. zoom/ google മീറ്റ് അക്കൗണ്ട് ഉണ്ടെങ്കിൽ എളുപ്പത്തിൽ വെബിനാർ സംഘടിപ്പിക്കാം. അതുകൊണ്ടുതന്നെ ഇപ്പോൾ നമുക്കു ചുറ്റും വെബിനാറുകളുടെ പ്രളയമാണ്. എനിക്ക് ദിവസേന ഒന്നിൽ കൂടുതൽ വെബിനാറുകളിലേക്ക് ക്ഷണം വരുന്നുണ്ട്. പെരുമ്പാവൂരിൽ നിന്നും ബംഗളൂരുവിൽ നിന്നും ബാങ്കോക്കിൽ നിന്നും അമെരിക്കയിൽ നിന്നും യൂറോപ്പിൽ നിന്നും ക്ഷണങ്ങളുണ്ട്. സാധിക്കുമ്പോളെല്ലാം സ്വീകരിക്കുന്നുമുണ്ട്.

വെബിനാർ സംഘടിപ്പിച്ച് ആളുകൾക്കു പരിചയമാവുന്നതേയുള്ളൂ. പുതിയ സംവിധാനത്തിന്റെ അവസരങ്ങളും പരിമിതികളും അറിയാതെ പണ്ട് സെമിനാർ സംഘടിപ്പിച്ച പരിചയത്തോടെയും ചിന്താഗതിയോടെയുമാണ് ആളുകൾ ഇപ്പോഴും വെബിനാറുകൾ സംഘടിപ്പിക്കുന്നത്. കേരളത്തിൽ അനവധി വെബിനാറുകളിൽ പങ്കെടുത്ത അനുഭവത്തിന്റെ വെളിച്ചത്തിൽ എങ്ങനെയാണ് ഒരു നല്ല വെബിനാർ സംഘടിപ്പിക്കേണ്ടത് എന്നതിൽ കുറച്ചു കാര്യങ്ങൾ പറയാം.

1. ചർച്ച ചെയ്യാനുദ്ദേശിക്കുന്ന പ്രസക്തമായ വിഷയങ്ങൾ അവതരിപ്പിക്കുന്നതിനൊപ്പം, തലക്കെട്ട് ആകർഷണീയവും പുതുമയുള്ളതുമായിരിക്കണം. നാട്ടിലിപ്പോൾ വളരെയധികം വെബിനാറുകൾ സംഘടിപ്പിക്കുന്നതിനാൽ നിങ്ങളുദ്ദേശിക്കുന്ന രീതിയിലുള്ള, അനുയോജ്യരായ ശ്രോതാക്കളിലേക്ക് എത്തിച്ചേരണമെങ്കിൽ ഇക്കാര്യം തീർച്ചയായും ശ്രദ്ധിക്കണം.

2. സമയദൈർഘ്യം 90 മിനിറ്റിൽ കൂടാതെ ശ്രദ്ധിക്കണമെന്ന് മാത്രമല്ല, മൂന്നിലൊന്നു സമയം ചോദ്യോത്തരങ്ങൾക്കായി നീക്കിവയ്ക്കുകയും വേണം.

3. ഒന്നര മണിക്കൂർ ചർച്ചയിൽ മോഡറേറ്ററെ കൂടാതെ നാലിലധികം പ്രസംഗകർ ഉണ്ടായാൽ ആർക്കും വേണ്ടത്ര സമയം ലഭിക്കാതെ ചർച്ച ഉപരിപ്ലവമായിപ്പോകും.

4. വെബിനാറുകൾക്കായി സൂം അല്ലെങ്കിൽ ഗൂഗിൾ മീറ്റ് പോലെ ഏതെങ്കിലും പോപ്പുലറായ മാധ്യമം തെരഞ്ഞെടുക്കുന്നതാവും നല്ലത്. കാരണം പ്രഭാഷകർക്കും വിഷയത്തിലെ വിദഗ്ധർക്കും സാങ്കേതിക വൈദഗ്ധ്യമുണ്ടായിക്കൊള്ളണമെന്നില്ല. അതുകൊണ്ട് പരിചിതമല്ലാത്ത പുതിയ പ്ലാറ്റ്ഫോമുകൾ സാങ്കേതിക പ്രശ്നങ്ങളുണ്ടാക്കിയേക്കാം.

5. വെബിനറിലേക്ക് മോഡറേറ്ററെ തെരഞ്ഞെടുക്കുമ്പോഴും ശ്രദ്ധിക്കണം. കാര്യങ്ങൾ വളരെ പ്രൊഫഷണലായി നടത്തേണ്ടതിനാൽ സമയബന്ധിതമായി ഓരോ സെഷനും അവസാനിപ്പിക്കാനും സമർഥമായി നിയന്ത്രിച്ചു കൊണ്ടുപോകാനും കഴിയുന്ന ആളായിരിക്കണം മോഡറേറ്റർ.

6. കുറഞ്ഞത് ഒരാഴ്ച മുൻപെങ്കിലും നടത്താനുദ്ദേശിക്കുന്ന വെബിനറിനെക്കുറിച്ചു പരസ്യപ്പെടുത്തുകയും രജിസ്ട്രേഷൻ ആരംഭിക്കുകയും ചെയ്യാം. സാധ്യമെങ്കിൽ ഈ വെബിനാർ ആർക്കുവേണ്ടിയുള്ളതാണെന്നും സൂചിപ്പിക്കാം (അധ്യാപകർ, പ്രൊഫെഷണലുകൾ, വിദ്യാർഥികൾ എന്നിങ്ങനെ). വെബിനാർ ആരംഭിക്കുന്നതിന് 24 മണിക്കൂർ മുൻപായിത്തന്നെ അത് അറ്റൻഡ് ചെയ്യേണ്ട ലിങ്ക് അയച്ചുകൊടുക്കണം. ഒരു മണിക്കൂർ മുൻപായി റിമൈൻഡറും അയയ്ക്കാം.

7. വിർചൽ ആയതിനാൽ ലോകത്തെവിടെ നിന്നുമുള്ള ആളുകൾ പങ്കെടുത്തേക്കാമെന്നതിനാൽ ഗ്രീനിച്ച് സമയം കൂടി രേഖപ്പെടുത്തണം.

8. വെബിനാർ സംഘടിപ്പിക്കുന്നവരുടെ കൂട്ടത്തിൽ വിഷയത്തിൽ അറിവുള്ളവരെ കൂടാതെ സാങ്കേതിക - ഓൺലൈൻ സാങ്കേതികവിദ്യകളിൽ അറിവുള്ള ഒരാൾ കൂടി തീർച്ചയായും വേണം. സാങ്കേതിക കാര്യങ്ങൾ അവർക്ക് വിട്ടുകൊടുക്കുകയും വേണം.

9. വെബിനാറിന് മുൻപ് പ്രഭാഷകരും മോഡറേറ്ററും സാങ്കേതിക വിഭാഗവുമുൾപ്പെടുന്ന വാട്സ്ആപ്പ് ഗ്രൂപ്പ് രൂപീകരിക്കുന്നത് നന്നായിരിക്കും. അതുവഴി അപ്ഡേറ്റുകളും അവസാന നിമിഷത്തിലുണ്ടാകാവുന്ന സാങ്കേതിക പ്രശ്നങ്ങളും പ്രഭാഷകരെ തത്സമയം അറിയിക്കാൻ സാധിക്കും.

10. മോഡറേറ്ററെയും പ്രസംഗകരേയും ഉൾപ്പെടുത്തി, ഒരു ദിവസം മുൻപെങ്കിലും അഞ്ചുമിനിറ്റ് സമയം ഒരു ടെസ്റ്റ് റൺ നടത്തി നോക്കണം. പങ്കെടുക്കുന്നവർക്ക് സാങ്കേതികവിദ്യ പരിചിതമാകാൻ അത് സഹായകരമാവും. പ്രസന്റേഷനുകളുണ്ടെങ്കിൽ 24 മണിക്കൂർ മുൻപ് തയാറാക്കി നൽകാൻ പ്രഭാഷകരോട് ആവശ്യപ്പെടാം. ട്രയൽ സമയത്ത് ഇത് ഉപയോഗിക്കുന്ന വിധം മനസിലാക്കുകയും ചെയ്യാം.

11. വെബിനാർ തുടങ്ങുന്നതിന് അര മണിക്കൂർ മുൻപെങ്കിലും ടെക്നിക്കൽ ടീം തയാറായി ഓൺലൈൻ മീറ്റിങ് തുടങ്ങണം. പത്തുമിനിറ്റ് മുൻപേ പ്രഭാഷകരും തയാറായി എത്തണം. എങ്കിലേ പിഴവുകളെന്തെങ്കിലുമുണ്ടോ എന്ന് പരിശോധിച്ച് മറ്റു മാർഗങ്ങൾ അവലംബിക്കാൻ സാധിക്കൂ.

12. നിശ്ചയിച്ച സമയത്തുതന്നെ വെബിനാർ തുടങ്ങേണ്ടതാണ്. സാങ്കേതികമായി താമസമുണ്ടെങ്കിൽ പങ്കെടുക്കുന്നവരെ അറിയിക്കാനുള്ള സംവിധാനമുണ്ടായിരിക്കണം.

13. ചില പ്രഭാഷകർ അനുവദിച്ചിട്ടുള്ളതിനേക്കാൾ കൂടുതൽ സമയം സംസാരിക്കുമ്പോൾ മറ്റു പ്രഭാഷകർ ഇടപെടാതിരിക്കുമെങ്കിലും ഇത്തരം അവസരങ്ങളിൽ മോഡറേറ്റർ കൃത്യമായി ഇടപെടേണ്ടതാണ്.

14. പ്രഭാഷകർ സംസാരിക്കുമ്പോൾ ചാറ്റ് ബോക്സിൽ വരുന്ന ചോദ്യങ്ങൾ ശേഖരിച്ച് അതാത് പ്രഭാഷകർക്ക് നൽകേണ്ടതുണ്ട്. സെഷനുകൾ അവസാനിക്കുമ്പോഴേക്കും ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ ക്രമീകരിക്കാൻ ഇത് സഹായിക്കും.

15. ചെറിയ ഗ്രൂപ്പ് ആണെങ്കിൽ (50 പേരിൽ താഴെ) ചോദ്യങ്ങൾ നേരിട്ട് ചോദിക്കാനുള്ള അവസരം ശ്രോതാക്കൾക്ക് നൽകാവുന്നതാണ്. കൂടുതൽ ആളുകളുള്ള വെബിനാറിൽ അത് പ്രശ്നങ്ങളുണ്ടാക്കുമെന്നതിനാൽ മോഡറേറ്റർ തെരഞ്ഞെടുത്ത ചോദ്യങ്ങൾ ചോദിക്കുക. ചോദ്യങ്ങൾ വായിക്കുമ്പോൾ ചോദ്യമുന്നയിച്ച വ്യക്തിയുടെ പേരുകൂടി വായിച്ചാൽ നന്നായിരിക്കും.

16. വെബിനാറിനു ശേഷം സമയബന്ധിതമായിത്തന്നെ പങ്കെടുത്തവർക്കുള്ള സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യണം. അവസാനിച്ച സെഷനുകളെക്കുറിച്ച് ശ്രോതാക്കളുടെ പ്രതികരണം ആരായുകയും വേണം.

17. വെബിനാറിൽ ആളുകൾ സൗജന്യമായി സംസാരിക്കണമെന്ന ഒരു ചിന്ത വളർന്നു വരുന്നുണ്ട്. അത് ശരിയല്ല. പ്രഭാഷകരുടെയും മോഡറേറ്ററുടെയും സമയത്തിന് വിലയുണ്ട് എന്നതിനാൽ പ്രതിഫലം നൽകുന്നതാണ് ശരി.

18. സ്വാഗത പ്രസംഗവും പ്രഭാഷകരെ വിശദമായി പരിചയപ്പെടുത്തുന്നതും ഒഴിവാക്കണം. സംസാരിക്കുന്നവരുടെ പ്രൊഫൈലുകൾ എല്ലാവർക്കും നേരത്തെ അയച്ചു കൊടുത്ത് പരമാവധി സമയം പ്രഭാഷകർക്കും പ്രഭാഷണം കേൾക്കാൻ വന്നിരിക്കുന്നവർക്കുമായി വിനിയോഗിക്കണം.

19. സാങ്കേതികമായി പത്തുപേരോട് സംസാരിക്കുന്നതും ആയിരം പേരോട് സംസാരിക്കുന്നതും പ്രഭാഷകന് ഒരുപോലെയാണ്. ഓൺലൈൻ പ്ലാറ്റ്ഫോമുകളിൽ ആയിരം മുതൽ അയ്യായിരം വരെ ആളുകൾക്ക് നേരിട്ട് പങ്കെടുക്കാനും യുട്യൂബ് വഴി എത്ര ആളുകൾക്ക് വേണമെങ്കിലും വെബിനാർ കാണാനും ഇപ്പോൾ അവസരമുണ്ട്.

20. ഓരോ കോളെജും ലൈബ്രറിയും സ്വന്തമായി നാല്പതോ അമ്പതോ പേർക്കായി വെബിനാർ നടത്തുന്നതിനേക്കാൾ പലരും ഒരുമിച്ച് കൂടി പരമാവധി ആളുകളെ പങ്കെടുപ്പിക്കുന്ന രീതിയിൽ വെബിനാർ നടത്തുന്നതാണ് ശരി.

എലിപ്പനിയ്ക്കെതിരേ ജാഗ്രത വേണം

കെ.കെ. ശൈലജ
ആരോഗ്യ മന്ത്രി

എലിപ്പനിയ്ക്കെതിരെ എല്ലാവരും ജാഗ്രത പാലിക്കണം. പൊതുജനങ്ങളും രക്ഷാപ്രവർത്തനത്തിനിറങ്ങുന്നവരും ഒരു പോലെ ശ്രദ്ധിക്കണം. പ്രളയത്തെ തുടർന്നുണ്ടാകുന്ന പകർച്ച വ്യാധികളിൽ ഏറ്റവും പ്രധാനമാണ് എലിപ്പനി. ഏതു പനിയും എലിപ്പനി ആകാമെന്നതിനാൽ പനി വന്നാൽ സ്വയം ചികിത്സ പാടില്ല. ആരംഭത്തിൽ തന്നെ എലിപ്പനിയാണെന്ന് കണ്ടെത്തി ചികിത്സ ലഭ്യമാക്കിയില്ലെങ്കിൽ മരണം വരെ സംഭവിക്കാൻ സാധ്യതയുണ്ട്.

കഴിഞ്ഞ പ്രളയത്തിലും നിരവധി പേർക്കാണ് എലിപ്പനി ബാധിച്ചത്. എന്നാൽ ആരോഗ്യ വകുപ്പിന്റെ ശക്തമായ ഡോക്സിസൈക്ലിൻ ക്യാമ്പയിനിലൂടെ രോഗനിയന്ത്രണത്തിന് സാധിച്ചു. ഇത്തവണയും എലിപ്പനി ഭീഷണിയാകാൻ സാധ്യതയുണ്ട്. ഇത് മുന്നിൽക്കണ്ട് ആരോഗ്യ വകുപ്പ് ഡോക്സി ക്യാംപെയ്നുകൾ സംഘടിപ്പിച്ചു വരുന്നു. മലിന ജലത്തിലിറങ്ങുന്ന എല്ലാവരും വേണ്ടത്ര മുൻകരുതലുകൾ സ്വീകരിക്കണം. രക്ഷാപ്രവർത്തനത്തിന് ഇറങ്ങുന്നവർ ആരോഗ്യ വകുപ്പിന്റെ നിർദേശമനുസരിച്ച് എലിപ്പനി പ്രതിരോധ മരുന്നായ ഡോക്സിസൈക്ലിൻ കഴിക്കുക. എല്ലാ സർക്കാർ ആശുപത്രികളിലും എലിപ്പനിക്കെതിരായ സൗജന്യ ചികിത്സ ലഭ്യമാണ്.

എന്താണ് എലിപ്പനി?

ലെപ്ടോസ്പൈറ ജനുസിൽപ്പെട്ട ഒരിനം സ്പൈറോകീറ്റ മനുഷ്യരിൽ ഉണ്ടാക്കുന്ന ഒരു ജന്തുജന്യരോഗമാണ് എലിപ്പനി. ജീവികളുടെ മലമൂത്ര വിസർജ്യം ജലത്തിൽ കലർന്നാണ് എലിപ്പനി പടരുന്നത്.

രോഗവ്യാപനം

കെട്ടിനിൽക്കുന്ന മഴ വെള്ളത്തിൽ ഇറങ്ങുന്നവർക്കും മറ്റ് മലിനജലവുമായി സമ്പർക്കത്തിൽ വരുന്നവർക്കുമാണ് എലിപ്പനി ഉണ്ടാകുന്നതിന് സാധ്യതയേറെയുള്ളത്. രോഗവാഹകരായ എലി, പട്ടി, കന്നുകാലികൾ, പന്നി എന്നിവയുടെ വിസർജ്യം കെട്ടിക്കിടക്കുന്ന വെള്ളത്തിൽ കലരുന്നു. ഇതുമായി സമ്പർക്കത്തിൽ വരുന്നവരുടെ ശരീരത്തിലെ ശ്ലേഷ്മ സ്തരങ്ങളിലൂടെയും മുറിവിലൂടെയും എലിപ്പനിയുടെ അണുക്കൾ ശരീരത്തിൽ പ്രവേശിച്ചാണ് എലിപ്പനിയുണ്ടാകുന്നത്.

രോഗ ലക്ഷണങ്ങൾ

പനി, പേശി വേദന (കാൽ വണ്ണയിലെ പേശികളിൽ) തലവേദന, നടുവേദന, വയറ് വേദന, ഛർദ്ദി, കണ്ണ് ചുവപ്പ് എന്നിവയാണ് എലിപ്പനിയുടെ രോഗത്തിന്റെ പ്രാരംഭ ലക്ഷണങ്ങൾ. ഈ ലക്ഷണങ്ങൾ കാണുമ്പോൾ തന്നെ ശരിയായ ചികിത്സ നൽകുകയാണെങ്കിൽ പൂർണമായും ഭേദമാക്കാവുന്നതാണ്.

ആരംഭത്തിൽ ചികിത്സ തേടാതിരുന്നാൽ?

ആരംഭത്തിൽ ചികിത്സ ലഭിക്കാത്ത അവസ്ഥയിൽ രോഗം മൂർച്ഛിച്ച് കരൾ, വൃക്ക, തലച്ചോർ, ശ്വാസകോശം തുടങ്ങിയ ആന്തരാവയവങ്ങളെ ബാധിക്കുകയും രോഗിയുടെ ജീവൻ തന്നെ അപകടത്തിലാവുകയും ചെയ്യും. അതിനാൽ തന്നെ എല്ലാവരും ആരോഗ്യ വകുപ്പിന്റെ നിർദേശങ്ങൾ പാലിക്കണം.

പ്രതിരോധ മാർഗനിർദേശങ്ങൾ

കെട്ടിനിൽക്കുന്ന മലിന ജലത്തിലും മീൻ പിടിക്കുന്നതായി പാടത്തും കുളത്തിലും പാറക്കെട്ടുകളിലുള്ള വെള്ളക്കെട്ടിലും ജലസംഭരണികളിലും ഇറങ്ങുന്നത് എലിപ്പനിക്ക് കാരണമാകാം. ഇത്തരത്തിൽ സമ്പർക്കം ഉണ്ടായാൽ സോപ്പ് ഉപയോഗിച്ച് ശരീരം വൃത്തിയായി കഴുകുകയും ഒരു ഡോക്ടറുടെ നിർദേശപ്രകാരം എലിപ്പനി പ്രതിരോധ മരുന്നായ ഡോക്സിസൈക്ലിൻ 100 മില്ലിഗ്രാമിന്റെ രണ്ട് ഗുളിക ആഴ്ചയിൽ ഒരിക്കൽ വീതം കഴിക്കേണ്ടതുമാണ്. കെട്ടിക്കിടക്കുന്ന ജലവുമായി സമ്പർക്കമുള്ള കാലമത്രയും ഇത് തുടരേണ്ടതാണ്.

എലി മൂത്രം കലർന്ന് മലിനമായ ആഹാരം കഴിച്ചാലും എലിപ്പനി രോഗം ബാധിക്കാം. അതിനാൽ ആഹാരപദാർഥങ്ങൾ അടച്ചു സൂക്ഷിക്കുകയും തിളപ്പിച്ചാറിയ ശുദ്ധജലം മാത്രം കുടിക്കാനുപയോഗിക്കുകയും വേണം.

വെള്ളക്കെട്ടുകളിൽ ഇറങ്ങരുത്

ഓടകളും കനാലുകളും വൃത്തിയാക്കുന്നവർ, പാടത്തും പറമ്പിലും പണിയെടുക്കുന്നവർ, ശുചീകരണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന തൊഴിലുറപ്പ് തൊഴിലാളികൾ തുടങ്ങിയവർ ഡോക്റ്ററുടെ നിർദേശപ്രകാരം എലിപ്പനി പ്രതിരോധ ഗുളിക കഴിക്കണം.

ഒഴുക്കില്ലാതെ കെട്ടിനിൽക്കുന്ന വെള്ളത്തിൽ കുളിക്കുകയോ, കൈകാലുകൾ കഴുകുകയോ അരുത്. വെള്ളത്തിൽ ഇറങ്ങേണ്ട സാഹചര്യമുണ്ടായാൽ കട്ടിയുള്ള കൈയുറ, കാലുറ (ഗംബൂട്ട്) എന്നിവ ധരിക്കേണ്ടതാണ്.

കെട്ടിക്കിടക്കുന്ന ജലവുമായി സമ്പർക്കത്തിൽ വന്നതിനു ശേഷം പനി, ശരീരവേദന, തലവേദന, കണ്ണിന് ചുവപ്പ്, മൂത്രത്തിന് മഞ്ഞനിറം, മൂത്രത്തിന്റെ അളവ് കുറയുക തുടങ്ങിയ ലക്ഷണങ്ങൾ കണ്ടാൽ ഉടൻ ആശുപത്രിയിലെത്തി എലിപ്പനിയ്ക്കെതിരെ ചികിത്സ ലഭ്യമാക്കേണ്ടതാണ്.

മത്സ്യബന്ധനം പുനരാരംഭിച്ചു, കടൽമത്സ്യം എത്തിത്തുടങ്ങി

തിരുവനന്തപുരം: മാസങ്ങളുടെ ഇടവേളകൾക്ക് ശേഷം മത്സ്യബന്ധന ബോട്ടുകൾ കടലിൽ പോയിത്തുടങ്ങി. കൊവിഡ് നിയന്ത്രണമില്ലാത്ത പ്രദേശങ്ങളിൽ ഇന്നലെയോടെ കടൽ മത്സ്യങ്ങൾ വിൽപനയ്ക്കെത്തി. ട്രോളിങ് നിരോധനത്തിന് ശേഷം കൊവിഡ് നിയന്ത്രണങ്ങളും പ്രതികൂല കാലാവസ്ഥയും വന്നതിനാലാണ് മത്സ്യബന്ധനം പുനരാരംഭിക്കൽ വൈകിയത്. കഴിഞ്ഞ 31ന് ട്രോളിങ് നിരോധനം അവസാനിച്ചിരുന്നു.

ഇന്നലെ മത്സ്യത്തൊഴിലാളികൾക്കുള്ള കാലാവസ്ഥാ മുന്നറിയിപ്പുകളും പിൻവലിച്ചതോടെ മത്സ്യമേഖല മെല്ലെ സജീവമായിത്തുടങ്ങി. നിയന്ത്രണങ്ങൾ മൂലം മാസങ്ങളായി മത്സ്യവിതരണം പ്രതിസന്ധിയിലായിരുന്നു. ചെറുവള്ളങ്ങളിൽ വരുന്ന മീനുകളായിരുന്നു വിൽപന നടത്തിയിരുന്നത്. കടൽമത്സ്യം എത്താതായതോടെ ഗ്രാമങ്ങളിലും നഗരങ്ങളിലുമെല്ലാം ജനങ്ങളും മീൻ കഴിക്കാനായി പല വഴിയും നോക്കി. എന്നാൽ സർക്കാർ നിയന്ത്രണങ്ങൾ കടുപ്പിച്ചതോടെ ദിവസങ്ങൾക്കകം ഉണക്കമീൻ പോലും ലഭിക്കാതായി.

ഇതിനിടെ, തീരദേശങ്ങൾ കണ്ടെയ്ൻമെന്റ് സോണുകളായി കടൽ മത്സ്യത്തിന്റെ വരവ് പൂർണമായി നിലച്ചതോടെ കായൽ മത്സ്യങ്ങൾക്കും ഡിമാന്റായി. കൊവിഡ് നിയന്ത്രണങ്ങളില്ലാത്ത പ്രദേശങ്ങളിൽ കായൽമത്സ്യ വിൽപനയും സജീവമായി. മീൻ കഴിക്കാനുള്ള ആഗ്രഹം കൊണ്ട് ഇരട്ടി വില വരെ നൽകിയാണ് വഴിയോരങ്ങളിൽ നിന്നും പുഴ-കായൽ മത്സ്യങ്ങൾ പലരും വാങ്ങിപ്പോയിരുന്നത്. ഇന്നലെയോടെ ബോട്ടുകൾക്കും കടലിൽ പോകാൻ അനുമതിയായതോടെ മത്സ്യലഭ്യതയിലെ പ്രതിസന്ധിക്ക്

അൽപമെങ്കിലും അയവുവരുമെന്നാണ് ജനങ്ങളുടെ പ്രതീക്ഷ.

അതേ സമയം മത്സ്യത്തൊഴിലാളികൾക്കായുള്ള പ്രത്യേക മാർഗനിർദേശങ്ങൾ തയാറാക്കാൻ ജില്ലാ പൊലിസ് മേധാവികൾക്ക് ഡിജിപി നിർദേശം നൽകി. തീരദേശ മേഖലയിൽ കൊവിഡ് മാനദണ്ഡം പാലിക്കുന്നുണ്ടെന്ന് ജില്ലാ പൊലിസ് മേധാവികൾ ഉറപ്പുവരുത്തണം. വിഴിഞ്ഞം മത്സ്യബന്ധന തുറമുഖത്തിനായി തിരുവനന്തപുരം സിറ്റി പൊലിസ് കമ്മിഷണർ തയാറാക്കിയ മാർഗനിർദ്ദേശം മാതൃകയായി സ്വീകരിക്കാനും ആവശ്യപ്പെട്ടിട്ടുണ്ട്.

തീരദേശ മേഖലയിലെ കൊവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് ക്രമസമാധാനവിഭാഗം എഡിജിപിക്ക് റിപ്പോർട്ട് ചെയ്യാനായി ക്രൈം ബ്രാഞ്ച് തിരുവനന്തപുരം റെയ്ഞ്ച് ഐജിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഫിഷറീസ് വകുപ്പിന്റെ മാർഗ നിർദേശങ്ങൾക്ക് പുറമേ പൊലീസ് നിയന്ത്രണങ്ങളും ഏർപ്പെടുത്തുന്നതിൽ മത്സ്യത്തൊഴിലാകൾക്കും എതിർപ്പുണ്ട്.

ഫിഷറീസ് വകുപ്പ് മാർഗനിർദേശങ്ങൾ പുറപ്പെടുവിച്ചു

കൊവിഡ് വ്യാപന സാഹചര്യത്തിൽ ഫിഷറീസ് വകുപ്പ് മാർഗനിർദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഒറ്റയക്ക നമ്പറിൽ അവസാനിക്കുന്ന വള്ളങ്ങൾക്കും ബോട്ടുകൾക്കും തിങ്കൾ, ബുധൻ, വെള്ളി ദിവസങ്ങളിലും ഇരട്ടയക്കങ്ങൾക്ക് ചൊവ്വ, വ്യാഴം, ശനി ദിവസങ്ങളിലുമാണ് മത്സ്യബന്ധനത്തിന് അനുമതി. ഞായറാഴ്ച അവധിയായിരിക്കും. വള്ളങ്ങൾ 24 മണിക്കൂറിനുള്ളിൽ പുറപ്പെട്ട സ്ഥലത്ത് തിരികെയെത്തണം.

ഹാർബറുകളിലെ മത്സ്യ ലേലത്തിന് വിലക്കുണ്ട്. കണ്ടെയ്മെന്റ് സോണുകളിൽ പിടിച്ചുകൊണ്ടുവരുന്ന മത്സ്യം ആ മേഖലയക്കുള്ളിൽ മാത്രമേ വിൽക്കാൻ പാടുള്ളൂ. ബീച്ചിൽ തുറക്കുന്ന കൗണ്ടറിൽ രജിസ്റ്റർ ചെയ്യുന്ന വാഹനങ്ങൾക്കായിരിക്കും ഹാർബറിലേക്ക് പ്രവേശിക്കാൻ അനുമതി.

അനുവാദം പേരിന് മാത്രം

മത്സ്യബന്ധനത്തിന് അനുമതി നൽകിയെന്ന് സർക്കാർ പ്രഖ്യാപിച്ചെങ്കിലും മത്സ്യമേഖലയിൽ പ്രത്യേകിച്ച് ഗുണമൊന്നുമില്ലെന്ന് കേരള സ്വതന്ത്ര മത്സ്യത്തൊഴിലാളി ഫെഡറേഷൻ സംസ്ഥാന പ്രസിഡന്റ് ജാക്സൺ പൊള്ളയിൽ. 90 ശതമാനം തീരങ്ങളും ഹാർബറുകളും കണ്ടെയ്ൻമെന്റ് സോണുകളാണ്. ഇനി പോകാമെന്ന് കരുതിയാൽ അറുപതോളം പേർ ജോലിക്കു പോകുന്ന ബോട്ടുകളിൽ എങ്ങനെ സാമൂഹിക അകലം പാലിച്ച് മത്സ്യബന്ധനം സാധിക്കും? നിയന്ത്രണങ്ങളിൽ സർക്കാർ പുനഃപരിശോധന നടത്തണം.

കൊവിഡ് വ്യാപനത്തെ തുടർന്ന് വിവിധ ജില്ലകളിൽ മത്സ്യബന്ധനവും വിപണനവും നിരോധിക്കുകയും കടുത്ത നിയന്ത്രണങ്ങൾ ഏർപ്പെടുത്തുകയും ചെയ്ത സാഹചര്യത്തിൽ തീരദേശ മേഖല കടുത്ത വറുതിയിലാണ്. അന്നന്ന് ജോലി ചെയ്ത് കുടുംബം പുലർത്തുന്നവരാണ് പലരും. മീൻപിടിത്തമല്ലാതെ മറ്റൊരു തൊഴിലും പരിശീലിക്കാത്ത തീരദേശവാസികൾ ഭൂരിഭാഗവും പട്ടിണിയിലാണ്. മീൻപിടിത്തക്കാരുടെയും വിപണന ജോലിയിൽ ഏർപ്പെട്ട സ്ത്രീകളടക്കമുള്ള അനുബന്ധ മേഖലയിലെ തൊഴിലാളികളുടെയും പട്ടിണി മാറ്റാൻ സർക്കാർ അടിയന്തര നടപടി കൈക്കൊള്ളണം.

മതഗ്രന്ഥം വിതരണം

പ്രോട്ടോക്കോൾ ഓഫിസർക്ക് കസ്റ്റംസ് നോട്ടീസ് നൽകി

തിരുവനന്തപുരം: യുഎഇ കോൺസുലേറ്റിന്റെ നയതന്ത്ര ബാഗേജുകളുമായി ബന്ധപ്പെട്ട രേഖകൾ നൽകണമെന്ന് ആവശ്യപ്പെട്ട് സംസ്ഥാന പ്രോട്ടോക്കോൾ ഓഫീസർക്ക് കസ്റ്റംസ് കത്ത് നൽകി. മതഗ്രന്ഥം നയതന്ത്ര ബാഗുവഴി ഇറക്കുമതി ചെയ്യാൻ സംസ്ഥാനത്തിന് അനുമതി നൽകാൻ കഴിയില്ല. പിന്നെങ്ങനെയാണ് വിതരണം നടന്നതെന്ന് കസ്റ്റംസ് നോട്ടീസിൽ ചോദിക്കുന്നു.

രണ്ട് വർഷത്തിനുള്ളിൽ എത്ര നയതന്ത്ര പാഴ്സലുകൾ വന്നെന്ന് അറിയിക്കണമെന്നും കസ്റ്റംസ് ആവശ്യപ്പെട്ടു. നേരിട്ടെത്തി വിശദീകരണം നൽകാനാണ് ആവശ്യപ്പെട്ടിരിക്കുന്നത്. നയതന്ത്ര ബാഗുകൾക്ക് കസ്റ്റംസ് ക്ലിയറൻസ് നൽകണമെങ്കിൽ സംസ്ഥാന പ്രോട്ടോക്കോൾ ഓഫിസറുടെ സർട്ടിഫിക്കറ്റ് ആവശ്യമാണ്. നയതന്ത്ര ബാഗിൽ എന്തെല്ലാം സാധനങ്ങളുണ്ടെന്ന് വ്യക്തമാക്കുന്ന കോൺസുലേറ്റിന്റെ റിപ്പോർട്ടിൽ പ്രോട്ടോകോൾ ഓഫിസർ ഒപ്പിട്ടാൽ മാത്രമേ കസ്റ്റംസിന് ബാഗ് വിട്ടുനൽകാൻ കഴിയുകയുള്ളൂ. എന്നാൽ നയന്ത്ര പാഴ്സൽ വഴി മതഗ്രന്ഥങ്ങൾ കൊണ്ടുവരാനോ അതിന് സംസ്ഥാനത്തിന് നികുതി ഇളവ് നൽകാനുള്ള സാക്ഷ്യപത്രം നൽകാനോ കഴിയില്ലെന്നാണ് ചട്ടങ്ങൾ പറയുന്നത്. എന്നിട്ടും എങ്ങനെ ബാഗ് പുറത്തേക്ക് പോയെന്നാണ് അന്വേഷണ ഉദ്യോഗസ്ഥരുടെ സംശയം. ഇക്കാര്യത്തിലാണ് പ്രോട്ടോകോൾ ഓഫിസറോട് വിശദീകരണം ചോദിച്ചിരിക്കുന്നത്.

മാർച്ച് നാലിന് കോൺസുലേറ്റ് ജനറലിന്റെ പേരിലുള്ള നയതന്ത്ര ബാഗിലൂടെ ആറായിരം മതഗ്രന്ഥം എത്തിച്ചെന്നും അത് ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സി ആപ്റ്റിന്റെ ഓഫിസിലെത്തിച്ചെന്നുമാണ് കണ്ടെത്തൽ. ഇതിൽ രണ്ട് തരത്തിലുള്ള ചട്ടലംഘനമാണ് പ്രാഥമികമായി ഉയർത്തിക്കാട്ടുന്നത്.

ഒന്ന്, നയതന്ത്ര ബാഗിലൂടെ മതഗ്രന്ഥം കൊണ്ടുവരാൻ അനുമതിയില്ല. രണ്ട്, മന്ത്രിമാർ നേരിട്ട് വിദേശ രാജ്യങ്ങളുടെ നയതന്ത്ര ഓഫിസുമായി ബന്ധപ്പെടരുത്. ബന്ധപ്പെടണമെങ്കിൽ സംസ്ഥാന പ്രോട്ടോക്കോൾ ഓഫിസറുടെ അനുമതി വേണം. രണ്ടാമത്തെ ചട്ടലംഘനത്തിന്റെ അന്വേഷണത്തിലേക്കാണ് കസ്റ്റംസ് കടന്നിരിക്കുന്നത്. സംസ്ഥാന പ്രോട്ടോക്കോൾ ഓഫിസറുടെ അനുമതിയോടെ മന്ത്രി കെ.ടി. ജലീലോ സി ആപ്റ്റിലെ ഉദ്യോഗസ്ഥരോ യുഎഇ കോൺസുലേറ്റുമായി ബന്ധപ്പെട്ടതെന്ന് അന്വേഷിക്കും. ഇതിനായി പ്രത്യേക ഇളവ് നൽകിയിട്ടുണ്ടോയെന്ന് വിശദീകരിക്കണമെന്നും നോട്ടീസിലുണ്ട്.

നേരത്തെ സി ആപ്റ്റിൽ റെയ്ഡ് നടത്തിയും ഉദ്യോഗസ്ഥരെ ചോദ്യം ചെയ്തും കസ്റ്റംസ് വിവരങ്ങൾ ശേഖരിച്ചിരുന്നു. കൂടാതെ സ്വർണക്കടത്ത് കേസ് പ്രതികളുടെ ഫോൺ വിശദാംശങ്ങൾ നൽകാത്തതിന് ബിഎസ്എൻഎല്ലിനും കസ്റ്റംസ് നോട്ടീസ് നൽകിയിട്ടുണ്ട്. പ്രതികളുടെ ഫോൺ വിളികളുടെ വിശദാംശങ്ങൾ നൽകാത്തതിനാണ് ബിഎസ്എൻഎല്ലിന് നോട്ടീസ് നൽകിയത്. ബിഎസ്എൻഎൽ ജനറൽ മാനെജരോടും നേരിട്ടെത്തിയാണ് വിശദീകരണം നൽകാൻ ആവശ്യപ്പെട്ടത്.

ഗവർണറും മുഖ്യമന്ത്രിയും ഇന്ന് പെട്ടിമുടി സന്ദർശിക്കും

തിരുവനന്തപുരം: ഗവർണർ ആരിഫ് മുഹമ്മദ് ഖാനും മുഖ്യമന്ത്രി പിണറായി വിജയനും ഇന്ന് പെട്ടിമുടി ദുരന്ത ബാധിത പ്രദേശം സന്ദർശിക്കും. ഹെലികോപ്റ്റർ മാർഗം ഇരുവരും മൂന്നാറിലെത്തും. തിരുവനന്തപുരത്തു നിന്ന് രാവിലെ എട്ടരയോടെ പെട്ടിമുടിയിലേക്ക് പുറപ്പെടും.

ആനച്ചാലിൽ ഹെലികോപ്ടറിൽ ഇറങ്ങുന്ന ഇവർ അവിടെ നിന്ന് അപകട സ്ഥലത്തേക്ക് പോകുമെന്നാണ് വിവരം. കാലാവസ്ഥ കൂടി പരിഗണിച്ചാകും യാത്ര. നിലവിൽ പ്രശ്നങ്ങളില്ലെന്നാണ് റിപ്പോർട്ട്. പ്രതികൂല കാലവസ്ഥയാണെങ്കിൽ യാത്ര മാറ്റിവയ്ക്കുമെന്നും സർക്കാർ വൃത്തങ്ങൾ അറിയിച്ചു.

കരിപ്പൂരിലെ വിമാനദുരന്ത സ്ഥലത്തും ഗവർണർക്കൊപ്പമാണ് മുഖ്യമന്ത്രി സന്ദർശനം നടത്തിയിരുന്നത്. കരിപ്പൂരിലെത്തിയിട്ടും മുഖ്യമന്ത്രി പെട്ടിമുടിയിൽ സന്ദർശനം നടത്താത്തതിൽ വിമർശനവുമായി പ്രതിപക്ഷവും ബിജെപിയും രംഗത്തെത്തിയിരുന്നു. എന്നാൽ, കാലാവസ്ഥാ പ്രശ്നങ്ങളും രക്ഷാപ്രവർത്തനങ്ങൾ പുരോഗമിക്കുന്നതും കാരണമാണ് അപകടം നടന്നയുടൻ പ്രദേശം സന്ദർശിക്കാത്തതെന്നായിരുന്നു മുഖ്യമന്ത്രിയുടെ വിശദീകരണം.

ഫോൺ രേഖകൾ: ന്യായീകരിച്ച് മുഖ്യമന്ത്രി

തിരുവനന്തപുരം: കൊവിഡ് രോഗികളുടെ സമ്പർക്കം കണ്ടെത്തുന്നതിനായി മൊബൈൽ ഫോൺ രേഖകൾ ശേഖരിക്കുന്നത് രോഗികളുടെ സ്വകാര്യതയിലേക്കുള്ള കടന്നുകയറ്റമാണെന്ന വാദത്തിൽ കഴമ്പില്ലെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.

പൊലീസ് നിരവധി സാങ്കേതികവിദ്യകൾ ഉപയോഗിക്കുന്നുണ്ട്. അതിന്റെ ഭാഗമായാണ് കൊവിഡ് രോഗികളുടെ കോൾ ഡീറ്റെയിൽസ് റെക്കോർഡ് (സിഡിആർ) ശേഖരിക്കാൻ പൊലീസ് മേധാവി നിർദേശം നൽകിയത്. ലോ എൻഫോഴ്സ്മെന്റ് ഏജൻസികൾക്ക് ഈ രീതിയിലുള്ള വിവരശേഖരണം നടത്താൻ അനുമതിയുണ്ട്. പൊതുജനാരോഗ്യവും സുരക്ഷയും മുൻനിർത്തിയാണ് കേരളത്തിലും സിഡിആർ ശേഖരിച്ച് രോഗികളുടെ വിവരങ്ങൾ കണ്ടെത്തുന്നത്. സമ്പർക്കം കണ്ടെത്തുന്നതിനുള്ള ഏറ്റവും ഫലപ്രദമായ മാർഗമാണിത്. ഇങ്ങനെ ശേഖരിക്കുന്ന വിവരങ്ങൾ മറ്റൊരാൾക്ക് കൈമാറുകയോ മറ്റുകാര്യങ്ങൾക്ക് ഉപയോഗിക്കുകയോ ചെയ്യില്ലെന്ന് മുഖ്യമന്ത്രി പറഞ്ഞു.

പെട്ടിമുടിയിൽ മാധ്യമ സംഘം ക്വാറന്റീനിൽ

തിരുവനന്തപുരം: പെട്ടിമുടിയിൽ ദുരിതാശ്വാസ പ്രവർത്തനങ്ങൾ റിപ്പോർട്ട് ചെയ്യാൻ എത്തിയ മാധ്യമ സംഘത്തിലെ ഡ്രൈവർക്ക് കൊവിഡ് സ്ഥിരീകരിച്ചു. ആരിൽ നിന്നു രോഗം ഉണ്ടായെന്ന് കണ്ടെത്തിയിട്ടില്ല. ഇദ്ദേഹം സിഎഫ്എൽടിസിയിൽ ചികിത്സയിലാണ്. തുടർന്ന് ഇദ്ദേഹവുമായി ഹൈ റിസ്ക് കോണ്ടാക്റ്റുള്ള മാധ്യമ പ്രവർത്തകർ ഉൾപ്പെടെയുള്ള 26 പേരുടെ ലിസ്റ്റ് തയാറാക്കി. 12 പേരുടെ പരിശോധനാഫലം നെഗറ്റീവാണ്. 14 പേരുടെ പരിശോധനാഫലം വരാനുണ്ട്.

ആർക്കും എവിടെ വച്ചും കൊവിഡ് ബാധിക്കാമെന്ന തെളിവാണിതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. ഇപ്പോൾ ആ ടീം ഉൾപ്പെടെ സമ്പർക്ക പട്ടികയിലുള്ള എല്ലാ മാധ്യമ പ്രവർത്തകരും ഒന്നാകെ ക്വാറന്റീനിൽ പോകേണ്ട അവസ്ഥയാണ്. ഇപ്പോഴും നമ്മൾ കൊവിഡിൽ നിന്നു മുക്തരല്ല. അതിനാൽ തന്നെ അത്തരം പ്രദേശങ്ങളിൽ പോകുമ്പോൾ മതിയായ ആരോഗ്യ ജാഗ്രത പാലിക്കണമെന്ന് മുഖ്യമന്ത്രി അഭ്യർഥിച്ചു.

പ്രകാശാനന്ദ സ്വാമി ചികിത്സയിൽ

വാർത്തകൾ അടിസ്ഥാന രഹിതമെന്ന് ശിവഗിരി മഠം

തിരുവനന്തപുരം: വേദപണ്ഡിതനും ശിവഗിരി മഠം മുൻ അധ്യക്ഷനുമായ സ്വാമി പ്രകാശാനന്ദയെ അന്യായമായി തടങ്കലിൽ വച്ചിരിക്കുകയാണെന്ന തരത്തിൽ പ്രചരിക്കുന്ന വാർത്തകൾ തീർത്തും അടിസ്ഥാന രഹിതമാണെന്ന് ശ്രീനാരായണ ധർമസംഘം ട്രസ്റ്റ് ജനറൽ സെക്രട്ടറി സ്വാമി സാന്ദ്രാനന്ദ.

അദ്ദേഹത്തിന്റെ ജീവനു ഭീഷണിയെന്നാരോപിച്ച് ചില നിക്ഷിപ്ത താത്പര്യക്കാർ ഹൈക്കോടതിയിൽ ഹർജി നൽകിയിരുന്നു. ഇതുമായി ബന്ധപ്പെട്ട് കേസ് നടക്കുന്നതിനിടെ ചില മാധ്യമങ്ങൾക്കു പണം നൽകി തെറ്റായ വാർത്തകൾ പ്രചരിപ്പിക്കുകയാണ് ഒരുവിഭാഗമെന്ന് സാന്ദ്രാനന്ദ മെട്രൊ വാർത്തയോട് പറഞ്ഞു. പ്രകാശാനന്ദ സ്വാമിയെ ആശുപത്രിയിൽ പ്രവേശിപ്പിച്ചിരിക്കുന്നത് ചികിത്സയുടെ ഭാഗമായാണ്. ശിവഗിരി മഠത്തിന്റെ സംരക്ഷണത്തിൽ എല്ലാ വിധ സൗകര്യങ്ങളുമുള്ള മുറിയിലാണ് അദ്ദേഹം കഴിയുന്നത്.

98 വയസ് കഴിഞ്ഞ സ്വാമിയെ ചികിത്സയുടെ ഭാഗമായി പുറത്തുനിന്ന് എത്തുന്നവർക്ക് കാണുന്നതിന് നിയന്ത്രണം ഉണ്ട്. ഇതുമൂലം സ്വാമിയെ സ്വാധീനിക്കാനും രാഷ്ട്രീയത്തിലടക്കം സ്ഥാനമാനങ്ങൾ നേടാനുമായി എത്തിയിരുന്ന ചിലർക്ക് അതിന് കഴിയാതെ വന്നതിനെ തുടർന്നുണ്ടായ പരാതിയാണിത്. കേസ് പരിഗണിച്ച ജഡ്ജി വീഡിയോ കോൺഫറൻസിലൂടെ സ്വാമിയുമായും ആശുപത്രി അധികൃതരുമായും സംസാരിക്കുകയും അദ്ദേഹത്തിന്റെ അസുഖ വിവരങ്ങൾ മനസിലാക്കുകയും ചെയ്തതാണ്. ഇതിനിടയിലാണ് വ്യാജ വാർത്തയുമായി ചിലർ ഇറങ്ങിയിരിക്കുന്നതെന്ന് സാന്ദ്രാനന്ദ വ്യക്തമാക്കി.

ഹർജിയുടെ ഉദ്ദേശ്യ ശുദ്ധിയിൽ സംശയമുണ്ട്. അതുകൊണ്ടുതന്നെ 50,000 രൂപ കെട്ടിവയ്ക്കാൻ ഹർജിക്കാരനോടു കോടതി നിർദേശിച്ചിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു. വർക്കലയിൽ ശ്രീനാരായണ ധർമ സംഘം ട്രസ്റ്റ് നടത്തുന്ന ആശുപത്രിയിലെ മോർച്ചറിയോടു ചേർന്നുള്ള പൊട്ടിപ്പൊളിഞ്ഞ മുറിയിലാണ് പ്രകാശാനന്ദ കഴിയുന്നതെന്നും അദ്ദേഹത്തിന്റെ ജീവൻ അപകടത്തിലാണെന്നും ചൂണ്ടിക്കാട്ടി തിരുവനന്തപുരം സ്വദേശി എം. വിജേന്ദ്രകുമാർ ആണ് ഹർജിയുമായി ഹൈക്കോടതിയെ സമീപിച്ചത്. എസ്എൻ ട്രസ്റ്റ് ഭാരവാഹികളുടെ അന്യായമായ തടങ്കലിലാണ് സ്വാമി പ്രകാശാനന്ദയെന്നുമായിരുന്നു ഹർജിയിൽ പറഞ്ഞിരുന്നത്.

പ്രണബിന്റെ നില ഗുരുതരമായി തുടരുന്നു

ന്യൂഡൽഹി: മസ്തിഷ്ക ശസ്ത്രക്രിയയ്ക്കു പിന്നാലെ കൊവിഡ് 19 ബാധിച്ച മുൻ രാഷ്ട്രപതി പ്രണബ് കുമാർ മുഖർജിയുടെ നില അതീവ ഗുരുതരമായി തുടരുന്നു. വെന്റിലേറ്ററിന്റെ സഹായത്തോടെയാണ് പ്രണബ് ജീവൻ നിലനിർത്തുന്നത്. കഴിഞ്ഞ പത്തിനാണ് പ്രണബിനെ ഡൽഹി കന്റോൺമെന്റിലെ സൈനിക ആശുപത്രിയിൽ പ്രവേശിപ്പിച്ചത്. തുടർന്ന് തലച്ചോറിൽ രക്തം കട്ടപിടിച്ചതു നീക്കം ചെയ്യാനുള്ള ശസ്ത്രക്രിയയ്ക്കു വിധേയനായിരുന്നു.

സിറ്റി ഗ്യാസ്14,450 പേർക്ക് നൽകാൻ തയാർ

തിരുവനന്തപുരം: എറണാകുളം നഗരത്തിൽ നടപ്പാക്കുന്ന സിറ്റി ഗ്യാസ് വിതരണ പദ്ധതിയുടെ ഭാഗമായി 14,450 കണക്ഷനുകൾ നൽകാൻ തയാറായതായി മുഖ്യമന്ത്രി പിണറായി വിജയൻ. ഇത് നാടിനാകെ ഉപകാരപ്രദമാണ്. കാരണം ഒരു വീട്ടിൽ ഗ്യാസിന്റെ ഇന്ധനചെലവിൽ 30 ശതമാനത്തോളം കുറവ് വരും. മാത്രമല്ല, സ്ഥിരമായി ഗ്യാസ് ലഭ്യമാകുകയും ചെയ്യും. ഇതുമായി ബന്ധപ്പെട്ട് ജില്ലാഭരണ സംവിധാനം ആവശ്യമായ എല്ലാ സഹായവും നൽകണമെന്ന് നിർദേശം നൽകി.

ആരോഗ്യപ്രവർത്തകരുടെ മനോവീര്യം തകർക്കുക ചിലരുടെ അജൻഡ: മുഖ്യമന്ത്രി

തിരുവനന്തപുരം: ആരോഗ്യ പ്രവർത്തകരുടെ മനോവീര്യം തകർക്കുക എന്ന ദുഷ്ട ലാക്കോടെയായിരുന്നു കൊവിഡ് മഹാമാരിയുടെ ആദ്യഘട്ടം മുതൽ ചിലരുടെ അജണ്ടയെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. കക്ഷിരാഷ്ട്രീയാതീതമായി ജനങ്ങൾക്കു വേണ്ടി നിൽക്കേണ്ട സമയമാണിതെന്ന് ഞാൻ ആദ്യമേ പറഞ്ഞു. നിർഭാഗ്യവശാൽ ബധിരകർണങ്ങളിലാണ് അതൊക്കെ പതിച്ചത്.

ആരോഗ്യപ്രവർത്തകരെ മാറ്റി പകരം പൊലീസിനെ ചുമതല ഏൽപിക്കാൻ സർക്കാർ തീരുമാനിച്ചു എന്ന ആരോപണവുമായി കുറച്ചു ദിവസം മുൻപ് വന്നു. ആരോഗ്യപ്രവർത്തകരുടെ ജോലിഭാരം കുറയ്ക്കാൻ ചില കാര്യങ്ങളിൽ അവർക്ക് പൊലീസിന്റെ സേവനം ലഭ്യമാക്കിയതിനാണങ്ങനെ പ്രചരിപ്പിച്ചത്. ആ സത്യം ജനങ്ങൾക്ക്മനസിലായി എന്നു കണ്ടപ്പോൾ പുതിയ ആരോപണവുമായി വീണ്ടും വന്നിരിക്കുന്നു. കൊവിഡ് തടയാൻ കേരളത്തിലെ പൊതു ആരോഗ്യ സംവിധാനം പരാജയപ്പെട്ടു എന്നാണ് പറയുന്നത്-മുഖ്യമന്ത്രി ചൂണ്ടിക്കാട്ടി.

രാജ്യത്തെ ഏറ്റവും കുറഞ്ഞ മരണനിരക്ക് കേരളത്തിലാണ്. രോഗം ഇരട്ടിക്കുന്നതിനുള്ള സമയം ദേശീയ ശരാശരിയേക്കാൾ നാലു ദിവസം കൂടുതലാണ്. അക്കാര്യത്തിൽ രാജ്യത്ത് രണ്ടാം സ്ഥാനത്താണ് നമ്മൾ. മറ്റു സംസ്ഥാനങ്ങളിൽ ലക്ഷണങ്ങൾ കുറഞ്ഞാൽ വീട്ടിലേക്ക് അയയ്ക്കുമ്പോൾ ടെസ്റ്റ് റിസൽട്ട് നെഗറ്റീവ് ആയതിനു ശേഷം മാത്രം ഇവിടെ ഡിസ്ചാർജ് ചെയ്യുന്നു. രോഗലക്ഷണങ്ങളിൽ കുറവു കണ്ടാൽ പറഞ്ഞു വിടുന്നിടങ്ങളിൽ, രോഗം ഭേദമായിട്ട് വീട്ടിലേയ്ക്ക് മടക്കി അയയ്ക്കുന്ന സ്ഥലത്തേക്കാൾ റിക്കവറി റേറ്റ് ഉണ്ടാകും. അതു സ്വാഭാവികമാണ്. പക്ഷേ, അങ്ങനെയൊരു റിക്കവറി ആണോ നമുക്ക് വേണ്ടതെന്ന് ആരോപണമുന്നയിക്കുന്നവർ ആലോചിക്കണമെന്ന് മുഖ്യമന്ത്രി പറഞ്ഞു.

440 മഴമറ സ്ഥാപിച്ചു: മുഖ്യമന്ത്രി

തിരുവനന്തപുരം: സംസ്ഥാനത്ത് ആകെ ഇതുവരെ 440 മഴമറ സ്ഥാപിച്ചുവെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ജനുവരിയിൽ പ്രഖ്യാപിച്ച പന്ത്രണ്ടിന പരിപാടികളിൽ ഒന്നായിരുന്നു പച്ചക്കറി കൃഷിയുടെ വളർച്ചയ്ക്ക് ഉതകുന്ന മഴമറയുടെ വ്യാപനം.

കൃഷിക്കാർ മഴമറ രീതിയ രണ്ടു കൈയും നീട്ടി സ്വീകരിച്ചു. ഇതുവഴി 42,535 ചതുരശ്ര മീറ്റർ സ്ഥലത്ത് കൃഷി നടത്തും. ഈ മാസം പദ്ധതി ലക്ഷ്യം പൂർത്തീകരിക്കും.

ലൈഫ് മിഷൻ കരാർ ഉറപ്പിക്കാൻ അറബിയുമായി സംസാരിച്ചത് സ്വപ്ന

- ഇതിനായി കമ്മീഷൻ ആവശ്യപ്പെട്ടു

കൊച്ചി: വടക്കാഞ്ചേരി ലൈഫ് മിഷൻ പദ്ധതിയുടെ കരാർ ലഭിക്കാൻ ഇടനിലക്കാരായത് സ്വപ്ന സുരേഷും സന്ദീപും ആണെന്നു പദ്ധതിയുടെ നടത്തിപ്പുകാരൻ യുണിടെക്ക് ഉടമ സന്തോഷ് ഈപ്പൻ. എമിറേറ്റ്സ് റെഡ് ക്രസന്റിന്റെ കരാർ ലഭിക്കാനാണ് സ്വപ്ന ഇടപെടൽ നടത്തിയത്. കരാർ ഉറപ്പിക്കാൻ അറബിയുമായി സംസാരിച്ചത് സ്വപ്ന സുരേഷായിരുന്നു. ഇങ്ങനെ സംസാരിക്കാൻ സ്വപ്ന കമ്മീഷൻ ആവശ്യപ്പെട്ടു.

സ്വപ്നയുമായുള്ള ബന്ധത്തെക്കുറിച്ചും കമ്മീഷൻ നൽകിയ തുകയെ കുറിച്ചും എൻഐഎയ്ക്കു മൊഴി നൽകിയതായും സന്തോഷ് ഈപ്പൻ വെളിപ്പെടുത്തി. ലൈഫ് മിഷൻ പദ്ധതി പ്രകാരം കരാർ ഉറപ്പിച്ചതു18.5 കോടി രൂപയ്ക്കായിരുന്നു. ഇതിൽ 14 കോടി രൂപ ലഭിച്ചുവെന്നും സന്തോഷ് പറഞ്ഞു. സംസ്ഥാന സർക്കാർ ഉദ്യോഗസ്ഥരുമായൊന്നും ചർച്ചകൾ നടത്തിയിട്ടില്ല .

അതേസമയം റെഡ്ക്രസന്റ് 20 കോടി നൽകിയ വിവാദ പദ്ധതിക്ക് നേരത്തെ സർക്കാർ 13 കോടിക്ക് ഭരണാനുമതി നൽകിയെന്ന രേഖ പുറത്തുവന്നിരുന്നു. വടക്കാഞ്ചേരിയിലെ ഫ്ലാറ്റ് പദ്ധതിക്ക് 2019 ജൂണിലാണ് സർക്കാർ ഭരണാനുമതി നൽകിയത്. ലൈഫ് മിഷന് കീഴിലെ പദ്ധതിയിൽ പിന്നീട് യുഎഇ സന്നദ്ധ സംഘടനയായ എമിറേറ്റ്സ് റെഡ് ക്രസന്റ് സഹകരണം പ്രഖ്യാപിച്ചു. ഇതോടെ 13 കോടിയുടെ ഫ്ലാറ്റ് പദ്ധതി 20 കോടിയായി. പിന്നാലെ യുണിടെക്ക് എന്ന സ്ഥാപനത്തിന് നിർമ്മാണ ചുമതലയും നൽകി. ഇതുവഴിയാണ് സ്വപ്നക്ക് ഒരുകോടി രൂപ കമ്മീഷൻ കിട്ടുന്നത്.

സർക്കാർ ഭൂമിയിലെ പദ്ധതിക്ക് ടെൻഡർ വിളിച്ചാണോ യുണിടെക്കിന് റെഡ്ക്രസന്റ് കരാർ നൽകിയതെന്നതും ദുരൂഹം. ഇത് സംബന്ധിച്ച ഉഭയകക്ഷി കരാറും ഇതുവരെ പുറത്തുവിട്ടിട്ടില്ല. ലൈഫ് മിഷൻ പദ്ധതിയിലെ നിർമാണ സഹായം നൽകിയത് യുഎഇയിലെ സംഘടനയാണ്.

സ്വർണക്കടത്ത്: മൂന്നു പ്രതികളുടെ ജാമ്യാപേക്ഷയിൽ വിധി ഇന്ന്

കൊച്ചി: തിരുവനന്തപുരം നയതന്ത്ര സ്വർണക്കടത്ത് കേസിൽ സ്വപ്ന സുരേഷ് ഉൾപ്പടെയുള്ള മൂന്നു പ്രതികളുടെ ജാമ്യാപേക്ഷയിൽ വിധി ഇന്നു പറയും. സ്വപ്നയ്ക്ക് പുറമേ കേസിലെ എട്ടാം പ്രതി സൈതലവി, പത്താം പ്രതി സംജു എന്നിവരാണു ജാമ്യാപേക്ഷയുമായി കോടതിയെ സമീപിച്ചത്.

സ്വർണക്കടത്തു നിയമവിരുദ്ധമായ ഒരു കമ്പനി പോലെയാണ് പ്രതികൾ നടത്തിയിരുന്നതെന്ന് കോടതിയെ അറിയിച്ച പ്രോസിക്യൂഷൻ ജാമ്യാപേക്ഷയെ എതിർത്തു. സാമ്പത്തിക കുറ്റകൃത്യങ്ങൾ പരിഗണിക്കുന്ന കോടതിയാണ് ജാമ്യാപേക്ഷയിൽ വിധി പറയുന്നത്.

അതേസമയം സ്വർണക്കടത്തു കേസുമായി ബന്ധപ്പെട്ട് ജ്വല്ലറി ഉടമയെ കസ്റ്റംസ് ചോദ്യം ചെയ്യൽ തുടരുകയാണ്. കേസിൽ നേരത്തെ അറസ്റ്റിലായ സംജുവിന്റെ ഷംസുദ്ദീനെയാണ് കസ്റ്റംസ് ചോദ്യം ചെയ്യുന്നത്. കേസിൽ നേരത്തെ അറസ്റ്റിലായ സംജു വാങ്ങിയ സ്വർണം ഷംസുദ്ദീന് നൽകിയതായുള്ള മൊഴിയുണ്ട്. ഇതിന്റെ അടിസ്ഥാനത്തിലാണ് അന്വേഷണ സംഘം ഷംസുദ്ദീനെ ചോദ്യം ചെയ്യലിനു വിളിപ്പിച്ചിരിക്കുന്നത്. ഇയാൾ മുൻകൂർ ജാമ്യാപേക്ഷ നൽകിയിരുന്നു. എന്നാൽ ഹൈക്കോടതി ജാമ്യാപേക്ഷ തള്ളുകയായിരുന്നു.

ക്ഷീരകർഷകർക്ക് സബ്സിഡി

തിരുവനന്തപുരം: ക്ഷീര സംഘങ്ങളിൽ പാലളക്കുന്ന കർഷകർക്ക് ഈ മാസം 17 മുതൽ കാലിത്തീറ്റ ചാക്കൊന്നിന് 400 രൂപ സബ്സിഡി നിരക്കിൽ നൽകുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.

ഏപ്രിൽ മാസം അളന്ന പാലിന്റെ അടിസ്ഥാനത്തിൽ പരമാവധി അഞ്ച് ചാക്ക് കാലിത്തീറ്റ ഒരു കർഷകന് എന്ന നിലയിൽ 2.95 ലക്ഷം ചാക്ക് കാലിത്തീറ്റ വിതരണം ചെയ്യും.13,869 കർഷകർക്ക് ഇതുവരെ 88.2 കോടി രൂപ കിസാൻ ക്രെഡിറ്റ് കാർഡിലൂടെ ബാങ്കുകൾ മുഖേന അനുവദിച്ചിട്ടുണ്ട്.

പാൽ സംഭരണ, വിപണന പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുള്ള ക്ഷീരസംഘം ജീവനക്കാർക്ക് കൊവിഡ് ബാധിച്ചാൽ അടിയന്തിര സഹായമായി 10,000 രൂപ ലഭ്യമാക്കും.

'സോഷ്യൽ മീഡിയയിൽ മാന്യമായി ഇടപെടാൻ സ്വന്തം എംഎൽഎമാരോട് പറയണം'

പ്രതിപക്ഷ നേതാവിനോട് മുഖ്യമന്ത്രി

തിരുവനന്തപുരം: പ്രതിപക്ഷ നേതാവ് സ്വന്തം അണികളോട് പറഞ്ഞില്ലെങ്കിലും സ്വന്തം എംഎൽഎമാരോടെങ്കിലും സോഷ്യൽ മീഡിയയിൽ മാന്യമായി ഇടപെടാൻ പറയണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. അസഭ്യവർഷത്തിൽ പൂണ്ടുവിളയാടുന്നവരാണ് കോൺഗ്രസ് നേതാക്കളെന്നും മുഖ്യമന്ത്രി കുറ്റപ്പെടുത്തി. മുമ്പ് എതിരാളികളെ കൊല്ലുക എന്ന നയം സിപിഎം സ്വീകരിച്ചുവെന്നും ഇപ്പോൾ സൈബർ ഇടങ്ങളിലൂടെ ഇല്ലായ്മ ചെയ്യുന്നുവെന്ന പ്രതിപക്ഷ നേതാവിന്റെ ആരോപണത്തിന് മറുപടി പറയുകയായിരുന്നു മുഖ്യമന്ത്രി.

ആരോഗ്യമന്ത്രി കെ.കെ. ശൈലജയെ ഡാൻസർ എന്നുവിളിച്ചത് ആരാണ്? കെപിസിസി പ്രസിഡന്റ് പദവി ചെറിയ സ്ഥാനമായിരുന്നോ? ശൈലജ ടീച്ചർക്ക് മീഡിയ മാനിയ എന്നുവിളിച്ചത് പ്രതിപക്ഷ നേതാവല്ലേ? ടീച്ചറെ അപമാനിക്കാനും മോർഫ് ചെയ്യാനും ഫെയ്സ്ബുക്കിൽ ഗ്രൂപ്പുണ്ടാക്കിയില്ലേ? കഴിഞ്ഞ മാസം മന്ത്രി മെഴ്സിക്കുട്ടിയമ്മ കോൺഗ്രസ് - ലീഗുകാരുടെ ഭീകര തെറിവിളിക്ക് ഇരയായി. അസഭ്യവർഷമല്ലേ ഉണ്ടായത്. ബെന്യാമനും കെ.ആർ. മീരയും പോലുള്ള എഴുത്തുകാരും കോൺഗ്രസുകാരുടെ സൈബർ ആക്രമണത്തിന് ഇരയായി.

നിപ്പയെ തുരത്തുന്നതിനിടയിൽ നാടിനു വേണ്ടി ജീവൻ ത്യജിച്ച നഴ്സ് ലിനിയുടെ കുടുംബത്തെ സോഷ്യൽ മീഡിയയിലും പുറത്തും വേട്ടയാടാനുള്ള ശ്രമം നടന്നു. ലിനിയുടെ ഭർത്താവ് ജോലി ചെയ്യുന്ന സ്ഥലത്തേക്ക് മാർച്ച് നടത്തുകയും ആരോഗ്യപ്രവർത്തകരെ ആക്രമിക്കുകയും ചെയ്തു.

സ്വർണക്കടത്തിൽ പ്രതി ചേർക്കപ്പെട്ട സന്ദീപ് സിപിഎം പ്രവർത്തകൻ ആണെന്ന് ആദ്യമായി വാർത്ത നൽകിയത് ഒരു പ്രമുഖ മാധ്യമമല്ലേ? അയാൾ ഏതു പാർടിയിലാണ് നിൽക്കുന്നത് എന്ന് എല്ലാവരും കണ്ടില്ലേ. കോടിയേരി ബാലകൃഷ്ണന്റെ കക്ഷത്തിലേക്ക് കാമറ സൂം ചെയ്ത് 'ഏലസ് കണ്ടുപിടിച്ചതും' മാധ്യമങ്ങളാണ്. എന്തായിരുന്നു അതിന്റെ സത്യാവസ്ഥ? ഒരു മെഡിക്കൽ എക്യുപ്മെന്റ് ശരീരത്തിലുള്ളതിനെ ചൂണ്ടിക്കാണിച്ചുകൊണ്ടാണ് ഏലസ് എന്ന് ചിത്രീകരിക്കാൻ ശ്രമം നടന്നത്. ഒരു തെരഞ്ഞെടുപ്പ് കാലത്താണ് ബ്ലോക്ക് പഞ്ചായത്ത് ഡിവിഷനിലേക്ക് മത്സരിച്ചു പരാജയപ്പെട്ട ഒരു കോൺഗ്രസ് വനിതാ നേതാവിന്റെ മുടി സിപിഎം പ്രവർത്തകർ മുറിച്ചു എന്ന വാർത്ത ഒന്നാം പേജിൽ ഇട്ടത്. അവർ സ്വയം മുടി മുറിച്ചതാണെന്നു പിന്നീട് ബോധ്യപ്പെട്ടില്ലേ? തിരുത്തിയോ? മാപ്പുപറഞ്ഞോ?- മുഖ്യമന്ത്രി ചോദിച്ചു.

പ്രതിപക്ഷ നേതാവ് സ്വന്തം അണികളോട് പറഞ്ഞില്ലെങ്കിലും സ്വന്തം പാർട്ടിയിലെ ജനപ്രതിനിധികളോട് എങ്കിലും മാന്യമായി സോഷ്യൽ മീഡിയയിൽ ഇടപെടാൻ പറയണം- പിണറായി പറഞ്ഞു.

കൊവിഡ് പരിശോധനയിൽ കേരളം ഇളവു നൽകിയെന്ന പ്രതിപക്ഷ നേതാവിന്റെ ആരോപണം കാര്യങ്ങൾ അറിയാത്തതിനാലാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ഇതെല്ലാം വാർത്താസമ്മേളനങ്ങളിൽ നേരത്തേ വ്യക്തമാക്കിയതാണ്. അതൊന്നും പ്രതിപക്ഷ നേതാവ് കേട്ടിട്ടും കേൾക്കാത്ത മട്ടിൽ അവതരിപ്പിക്കുകയാണ്. ഈ രാഷ്ട്രീയകൗശലം പണ്ടായിരുന്നെങ്കിൽ കുറച്ച് ഫലിക്കുമായിരുന്നു. എന്നാൽ ഇന്ന് സാങ്കേതിക വിദ്യയുടെ ലഭ്യത എല്ലാവർക്കുമുണ്ട്. പറയുന്ന കാര്യങ്ങൾ എപ്പോൾ വേണമെങ്കിലും പരിശോധിക്കാവുന്ന തരത്തിൽ ലഭ്യവുമാണ്.

ഇന്നു നിങ്ങൾക്ക്

ബ്രഹ്മശ്രീ കാണിപ്പയ്യൂർ നാരായണൻ നമ്പൂതിരിപ്പാട്

- അശ്വതി: പുതിയ സ്നേഹബന്ധം ഉടലെടുക്കും. സന്ധിസംഭാഷണത്തിൽ അനുകൂല സാഹചര്യങ്ങൾ ഉണ്ടാകും. ആത്മവിശ്വാസം വർധിക്കും.
- ഭരണി : സേവനസാമർത്ഥ്യത്താൽ കാര്യവിജയമുണ്ടാകും. പ്രതികൂലസാഹചര്യങ്ങളെ അതിജീവിയ്ക്കും. നിബന്ധകൾ പാലിക്കും.
- കാർത്തിക : ആരോഗ്യം തൃപ്തികരമായിരിയ്ക്കും. ആഗ്രഹിയ്ക്കുന്ന കാര്യങ്ങൾ സാധിക്കും. പ്രതികൂലസാഹചര്യങ്ങളെ അതിജീവിയ്ക്കും. മഹത്വ്യക്തികളെ പരിചയപ്പെടും.
- രോഹിണി : പൊതുജനപിന്തുണയും കക്ഷിരാഷ്ട്രീയ പ്രവർത്തനങ്ങളിൽ വിജയവും കുടുംബജീവിതത്തിൽ സംതൃപ്തിയും ധർമ്മപ്രവൃത്തികളിൽ താല്പര്യവും ഉണ്ടാകും.
- മകയിരം : ഭക്ഷണക്രമീകരണത്തിലുള്ള അപാകതകളാൽ അസ്വാസ്ഥ്യം അനുഭവപ്പെടും. വാക്തർക്കങ്ങളിൽ നിന്നും ഒഴിഞ്ഞുമാറുകയാണു വേണ്ടത്.
- തിരുവാതിര : സ്വപ്നസാക്ഷാത്കാരത്താൽ ആത്മ നിർവൃതിയുണ്ടാകും. നഷ്ടപ്പെട്ട ഉദ്യോഗം തിരിച്ചു ലഭിക്കും. ശാസ്ത്രജ്ഞർക്ക് അനുകൂല സാഹചര്യം വന്നു ചേരും.
- പുണർതം: കുടുംബാംഗങ്ങളോടൊപ്പം താമസിയ്ക്കുവാൻ തക്കവണ്ണം ഉദ്യോഗമാറ്റമു ണ്ടാകും. വിദൂരപഠനത്തിന് പ്രവേശനം ലഭിക്കും.
- പൂയ്യം : ചിന്തിച്ചു പ്രവർത്തിയ്ക്കുവാൻ യുക്തി തോന്നും. ഭൂമിക്രയവിക്രയങ്ങളിൽ പണം മുടക്കും അദൃശ്യമായ പണമിടപാടുകളിൽ നിന്നും പിന്മാറണം.
- ആയില്യം : പ്രശസ്തസേവനത്തിന് അംഗീകാരം ലഭിക്കും. മംഗളകർമ്മങ്ങൾക്ക് സാക്ഷ്യം വഹിക്കും. ആരാധനാലയദർശനത്താൽ ആശ്വാസമുണ്ടാകും.
- മകം: അസമയങ്ങളിലുള്ള യാത്ര ആവുന്നതും ഉപേക്ഷിയ്ക്കണം. ഉപകാരം ചെയ്തു കൊടുത്തവരിൽ നിന്നും അപസ്വരങ്ങൾ കേൾക്കുവാനിടവരും.
- പൂരം : പുതിയ പദ്ധതിയ്ക്ക് രൂപകല്പന തയ്യാറാകും. സന്ധിസംഭാഷണത്തിൽ വിജയിയ്ക്കും. ഉദ്യോഗത്തിൽ സ്ഥാനക്കയറ്റമുണ്ടാകും. സാമ്പത്തികസ്ഥിതി മെച്ചപ്പെടും.
- ഉത്രം : കടം കൊടുത്ത സംഖ്യ തിരിച്ചു ലഭിക്കും. പരീക്ഷയ്ക്ക് ആത്മവിശ്വാസം വർ ദ്ധിയ്ക്കും. പറയുന്ന വാക്കുകൾ ഫലപ്രദമായിത്തീരും.
- അത്തം : നിസ്സാരകാര്യങ്ങൾക്കു പോലും തടസ്സമുണ്ടാകും. വാക്കു പാലിയ്ക്കുവാൻ സാധിയ്ക്കുകയില്ല. അർഹമായ പണം ലഭിയ്ക്കുകയില്ല.
- ചിത്ര : അധികാരപരിധി വർധിക്കും. സന്താന സംരക്ഷണത്താൽ ആശ്വാസമുണ്ടാകും. ആരോപണങ്ങളിൽ നിന്നും കുറ്റവിമുക്തനാകും.
- ചോതി : ഔദ്യോഗിക അനിശ്ചിതാവസ്ഥ തരണം ചെയ്യും. നിബന്ധകൾ പാലിക്കും. മുടങ്ങിക്കിടപ്പുള്ള കർമ്മപദ്ധതികൾ പുനരാരംഭിയ്ക്കും.
- വിശാഖം : കീഴ്ജീവനക്കാരുടെ അബദ്ധങ്ങൾ തിരുത്തും. അനുചിതപ്രവൃത്തികളിൽ നിന്നും പിന്മാറും. ശത്രുക്കൾ വർധിക്കും. സ്വസ്ഥത കുറയും.
- അനിഴം : ശ്രമകരമായ പ്രവർത്തനങ്ങൾ പൂർത്തീകരിയ്ക്കുവാൻ സുഹൃത്സഹായം തേടും. ഉദ്യോഗത്തിൽ പ്രതീക്ഷിച്ച നേട്ടമില്ലാത്തതിനാൽ ഉപരിപഠനത്തിനു ചേരുവാൻ തയ്യാറാകും.
- തൃക്കേട്ട : അവസരങ്ങൾ പരമാവധി പ്രയോജനപ്പെടുത്തും. പുതിയ കർമ്മമേഖലകൾക്ക് രൂപരേഖ തയ്യാറാകും. കരാറു ജോലികൾ പൂർത്തീകരിയ്ക്കും.
- മൂലം : നഷ്ടപ്പെട്ട ഉദ്യോഗത്തിൽ പുനർനിയമനം ലഭിക്കും. പുതിയ കർമ്മപദ്ധതകൾ ക്കു രൂപകല്പന ചെയ്യും. പ്രവർത്തനമണ്ഡലങ്ങളിൽ നിന്ന് സാമ്പത്തിക പുരോഗതിയു ണ്ടാകും.
- പൂരാടം : നിരവധി കാര്യങ്ങൾ നിഷ്കർഷയോടു കൂടി ചെയ്തു തീർക്കുവാനവസരമു ണ്ടാകും. അമിതമായ അന്ധവിശ്വാസവും ആത്മവിശ്വാസവും ഉപേക്ഷിക്കണം.
- ഉത്രാടം : മേലധികാരി പറയുന്ന അബദ്ധങ്ങൾ തിരുത്തുവാനിടവരും. സംഘനേതൃത്വ സ്ഥാനം ഏറ്റെടുക്കുവാൻ നിർബന്ധിതനാകും.
- തിരുവോണം : ആത്മവിശ്വാസം കുറയും. വാഹന ഉപയോഗം ഒഴിവാക്കണം. അന്യരുടെ കാര്യങ്ങളിൽ ഇടപെടരുത്. വ്യവസ്ഥകളിൽ നിന്നും വ്യതിചലിയ്ക്കരുത്.
- അവിട്ടം : സുഹൃത്തിന്റെ സ്വകാര്യ ആവശ്യങ്ങൾക്ക് യാത്രവേണ്ടിവരും. കാര്യനിർവ്വഹണശക്തി വർധിക്കും. ആദ്ധ്യാത്മിക-ആത്മീയ പ്രഭാഷണങ്ങൾ കേൾക്കും.
- ചതയം : അസുഖങ്ങളാൽ അസ്വാസ്ഥ്യമനുഭവപ്പെടും. കടം കൊടുക്കരുത്. വസ്തുതർക്കത്തിൽ വിട്ടുവീഴ്ചയ്ക്കു തയ്യാറാകും. പ്രയത്നങ്ങൾക്ക് പകുതി ഫലമുണ്ടാകും.
- പൂരോരുട്ടാതി : സ്വപ്നസാക്ഷാൽക്കാരത്താൽ ആത്മനിർവ്വതിയുണ്ടാകും. മുടങ്ങിക്കിടപ്പുള്ള പദ്ധതികൾ പുനരാരംഭിയ്ക്കും.
- ഉത്രട്ടാതി : വ്യവസ്ഥകൾ പാലിക്കും. സുഹൃത്തുക്കളോടൊപ്പം ഉല്ലാസയാത്ര പുറപ്പെ ടും. സംഘടിതശ്രമങ്ങൾ വിജയിയ്ക്കും. മത്സരരംഗങ്ങളിൽ വിജയിയ്ക്കും.
- രേവതി : ശുഭസൂചകങ്ങളായ പ്രവൃത്തികളിൽ ആത്മാർത്ഥമായി പ്രവർത്തിയ്ക്കുവാൻ സന്നദ്ധനാകും. സംഘനേതൃത്വസ്ഥാനം ഏറ്റെടുക്കും.

ദേശീയ വിദ്യാഭ്യാസനയം: വെബിനാർ സംഘടിപ്പിച്ചു

തിരുവനന്തപുരം: കൊച്ചി ചാവറ കൾച്ചറൽ സെന്ററിന്റെ ആഭിമുഖ്യത്തിൽ 'ദേശീയ വിദ്യാഭ്യാസനയം പ്രതീക്ഷകളും വെല്ലുവിളികളും' എന്ന വിഷയത്തിൽ വെബിനാർ സംഘടിപ്പിച്ചു.

ലോക യുവജനദിനമായ ഇന്നലെ വൈകുന്നേരം 3.30ന് ആരംഭിച്ച വെബിനാർ യുഎന്നിലും ഇന്ത്യയിലും സേവനം അനുഷ്ഠിച്ച സിവിൽ സർവീസ് ഉദ്യോഗസ്ഥൻ എം.പി. ജോസഫ് ഉദ്ഘാടനം ചെയ്തു. ദേശീയ വിദ്യാഭ്യാസ നയം മികച്ച ആശയമാണ്. എന്നാൽ, നല്ല ആശയങ്ങൾ രൂപപ്പെടുത്തിയാൽ പോരാ അത് നടപ്പിലാക്കാൻ കഴിയണമെന്ന് അദ്ദേഹം പറഞ്ഞു.

കാലടി സംസ്കൃത സർവകലാശാല മുൻ വൈസ് ചാൻസിലർ ഡോ. എം.സി. ദിലീപ് കുമാർ, ഡൽഹി സർവകലാശാല സോഷ്യൽ സയൻസ് വിഭാഗം അധ്യാപകനും പ്രധാനമന്ത്രിയുടെ ഓഫീസ് മുൻ ഡയറക്ടറുമായ പ്രൊഫ. ബിനോയ് ജോബ്, കാലിക്കറ്റ് സർവകലാശാല മുൻ മലയാള വിഭാഗം മേധാവി പ്രൊഫ. ഡോ. കെ. ശിവരാജൻ, മരിയൻ കോളെജ് പ്രിൻസിപ്പാൾ ഫാ. ഡോ. റോയി എബ്രഹാം, സെന്റ് തെരേസാസ് കോളെജ് ഡയറക്റ്റർ സിസ്റ്റർ ഡോ. വിനീത, സിബിഎസ്ഇ സ്കൂൾ മാനെജ്മെന്റ് അസോസിയേഷൻ പ്രസിഡന്റ് അഡ്വ. ടി.പി.എം. ഇബ്രാഹിം ഖാൻ, കേരള സഹോദയ കോംപ്ലക്സസ് കോൺഫെഡറേഷൻസ ട്രഷറർ ഫാ. ബിജു വെട്ടുകല്ലേൽ, കെഎസ്ടിഎ പ്രസിഡന്റ് കെ.ജെ. ഹരികുമാർ, കെപിഎസ്ടിഎ പ്രസിഡന്റ് വി.കെ. അജിത്കുമാർ തുടങ്ങിയവർ സംസാരിച്ചു. നിരവധി വിദ്യാർഥികളും വിദ്യാഭ്യാസ -സാമൂഹിക രംഗത്തെ പ്രമുഖരും വെബിനാറിൽ പങ്കെടുത്തു.

ഷൗക്കത്തലിക്ക് അന്വേഷണ മികവിനുള്ള ദേശീയ പുരസ്കാരം

കേരള പൊലീസിലെ ഏഴുപേർക്കും മെഡൽ

എ.പി. ഷൗക്കത്തലി, കെ.ഇ. ബൈജു, ബി. കൃഷ്ണകുമാർ , സി.ഡി. ശ്രീനിവാസൻ , ഗിരീഷ് പി. സാരഥി, കെ.എം. ദേവസ്യ, കെ.ഇ. പ്രേമചന്ദ്രൻ , ജി. ജോൺസൺ

കൊച്ചി: കുറ്റാന്വേഷണ മികവിനുള്ള കേന്ദ്ര ആഭ്യന്തര മന്ത്രിയുടെ പുരസ്കാരം ദേശീയ അന്വേഷണ ഏജൻസിയുടെ (എൻഐഎ) കൊച്ചി യൂണിറ്റിലെ അഡീഷണൽ സൂപ്രണ്ട് എ.പി. ഷൗക്കത്തലിക്ക്. കേരള പൊലീസിലെ ഏഴ് ഉദ്യോഗസ്ഥർക്കും പുരസ്കാരം ലഭിച്ചു. ദേശീയതലത്തിൽ 21 വനിതാ പൊലീസ് ഉദ്യോഗസ്ഥർക്കും പുരസ്കാരം ലഭിച്ചിട്ടുണ്ട്.

കൃത്യമായ തെളിവുകളുടെയും വസ്തുതകളുടെയും അടിസ്ഥാനത്തിൽ യഥാർഥ പ്രതികളെ കണ്ടെത്തുന്നതാണ് ഷൗക്കത്തലിയുടെ രീതി. സ്വർണക്കടത്തു കേസിന്റെ അന്വേഷണച്ചുമതല ഏറ്റെടുത്ത് ഇരുപത്തിനാണ് മണിക്കൂറിനുള്ളിൽ പ്രധാന പ്രതികളായ സ്വപ്നയെയും സന്ദീപിനെയും ഒളിത്താവളം കണ്ടെത്തി കുടുക്കാൻ അദ്ദേഹത്തിനായി. ടി.പി. ചന്ദ്രശേഖരൻ വധക്കേസിലെ പ്രതി കൊടി സുനി അടക്കമുള്ളവരെ രാഷ്ട്രീയ എതിർപ്പുകൾ വകവയ്ക്കാതെ ഷൗക്കത്തലി പിടികൂടിയിരുന്നു.

1995ൽ ഒന്നാം റാങ്കോടെ കേരള പൊലീസിൽ എസ്ഐയായ ഷൗക്കത്തലി തലശേരി ഡിവൈഎസ്പിയായിരിക്കെ 2014ലാണ് ഡെപ്യൂട്ടേഷനിൽ എൻഐഎയിലെത്തിയത്. ഐഎസ് റിക്രൂട്ട്മെന്റ്, കനകമല കേസ്, തമിഴ്നാട്ടിലെ തീവ്രവാദക്കേസുകൾ എന്നിങ്ങനെ സുപ്രധാന കേസുകളുടെ അന്വേഷണം നടത്തി. 150ലേറെപ്പേർ കൊല്ലപ്പെട്ട പാരീസ് ഭീകരാക്രമണക്കേസിൽ ഫ്രഞ്ച് ഏജൻസികളുമായി ചേർന്നുള്ള അന്വേഷണത്തിലും ഷൗക്കത്തലിയുണ്ടായിരുന്നു.

കുറ്റാന്വേഷണ മികവിനുള്ള കേന്ദ്ര ആഭ്യന്തരമന്ത്രിയുടെ ഇക്കൊല്ലത്തെ മെഡലിന് കേരള പൊലീസിലെ ഏഴ് ഉദ്യോഗസ്ഥരാണ് അർഹരായത്. എസ്പിമാരായ കെ.ഇ. ബൈജു (വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം), ബി. കൃഷ്ണകുമാർ (ട്രാഫിക് സൗത്ത് സോൺ, തിരുവനന്തപുരം), ഡിവൈഎസ്പിമാരായ സി.ഡി. ശ്രീനിവാസൻ (നർക്കോട്ടിക് സെൽ, പാലക്കാട്), ഗിരീഷ് പി. സാരഥി (സി ബ്രാഞ്ച്, കോട്ടയം), കെ.എം. ദേവസ്യ (ഡിവൈഎസ്പി, ആലത്തൂർ), കെ.ഇ. പ്രേമചന്ദ്രൻ (സ്റ്റേറ്റ് സ്പെഷ്യൽ ബ്രാഞ്ച്, കണ്ണൂർ), ജി. ജോൺസൺ (വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ, കോഴിക്കോട്) എന്നിവരാണ് മെഡലിന് അർഹരായത്.

മുളന്തുരുത്തി പള്ളി തിങ്കളാഴ്ചയ്ക്കകം ഏറ്റെടുക്കണം: കലക്റ്ററോട് ഹൈക്കോടതി

കൊച്ചി: മലങ്കര യാക്കോബായ സഭയുടെ കൈവശമുള്ള മുളന്തുരുത്തി മാർത്തോമൻ പള്ളി ഉടൻ ഏറ്റെടുക്കാൻ എറണാകുളം ജില്ലാ കലക്റ്റർക്ക് ഹൈക്കോടതി നിർദേശം. പള്ളി ഏറ്റെടുത്തു തിങ്കളാഴ്ചയ്ക്കകം കലക്റ്റർ റിപ്പോർട്ട് നൽകണം. ജസ്റ്റിസ് എ.എം. ഷെഫീക്, പി. ഗോപിനാഥ് എന്നിവരടങ്ങിയ ഡിവിഷന് ബഞ്ചാണ് ഉത്തരവിട്ടത്.

ഓർത്തഡോക്സ് സഭാംഗങ്ങൾക്കു പള്ളിയിൽ ആരാധന നടത്താൻ പൊലീസ് സംരക്ഷണം നൽകണമെന്ന് ഹൈക്കോടതി സിംഗിൾ ബെഞ്ച് നേരത്തെ ഉത്തരവിട്ടിരുന്നു. ഇതിൽ നടപടി ഉണ്ടായില്ലെന്നു കാണിച്ചു പള്ളി ട്രസ്റ്റി കോടതിയലക്ഷ്യ ഹർജി നൽകിയിരുന്നു. കൊവിഡ് രോഗ ഭീഷണിയും പ്രളയ സാഹചര്യങ്ങളും നിലനിലക്കുന്നതിനാൽ ഏറ്റെടുക്കാൻ കഴിയുന്ന സാഹചര്യമല്ല കലക്റ്റർക്കുള്ളതായിരുന്നു സർക്കാർ നൽകിയ വിശദീകരണം.

ഇതിൽ അതൃപ്തി പ്രകടിപ്പിച്ച ജസ്റ്റിസ് മുഹമ്മദ് മുഷ്താഖ് പള്ളിയുടെ നിയന്ത്രണം ഏറ്റെടുക്കുന്നതിന് കേന്ദ്രസേനയുടെ സഹായം തേടുന്നതാണു നല്ലതെന്നു കേസ് പരിഗണിക്കുന്നതിനിടെ വ്യക്തമാക്കിയിരുന്നു. കേന്ദ്രസേനയെ വിന്യസിക്കുന്ന കാര്യത്തിൽ നിലപാട് അറിയിക്കാൻ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുകയും ചെയ്തു. ഇതിനെതിരെ സംസ്ഥാന സർക്കാർ നൽകിയ അപ്പീലിൽ ആണ് പള്ളി ഉടൻ ഏറ്റെടുക്കാൻ ഡിവിഷൻ ബെഞ്ച് ഉത്തരവിട്ടത്. വിധി നടപ്പിലാക്കാൻ കൂടുതൽ സമയം അനുവദിക്കാനാകില്ലെന്നും ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

സുപ്രീം കോടതിയെ വിധിയെത്തുടർന്ന് പള്ളിയിൽ പ്രാർഥന നടത്താൻ ഓർത്തഡോക്സ് വിഭാഗം എത്തിയിരുന്നെങ്കിലും യാക്കോബായ വിഭാഗം തടയുകയായിരുന്നുവെന്നാണ് ആരോപണം.

മുഖ്യമന്ത്രിയുടെ പ്രതികരണം സമനില തെറ്റിയ നിലയിൽ: ചെന്നിത്തല

തിരുവനന്തപുരം: മാധ്യമങ്ങളോടുള്ള മുഖ്യമന്ത്രിയുടെ പ്രതികരണം സമനില തെറ്റിയ നിലയിലെന്നു പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല. മുഖ്യമന്ത്രിയുടെ ഓഫീസുമായി വിവാദ സ്ത്രീക്ക് അതിശക്തമായ ബന്ധമുണ്ട്, എന്നാൽ മാധ്യമങ്ങൾ ഒന്നും റിപ്പോർട്ട് ചെയ്യാൻ പാടില്ലെന്ന നിലപാടിലാണ് മുഖ്യമന്ത്രി- ചെന്നിത്തല വാർത്താസമ്മേളനത്തിൽ ചൂണ്ടിക്കാട്ടി.

കൊവിഡ് പ്രതിരോധം എന്നത് ആറുമണിയിലെ തള്ളൽ മാത്രമാണെന്ന നിലയിലേക്ക് കാര്യങ്ങൾ എത്തിയിരിക്കുന്നു. മാധ്യമ പ്രവർത്തകർക്കെതിരായ സൈബർ ആക്രമണത്തിന് ലൈസൻസ് കിട്ടുന്നത് അദ്ദേഹത്തിന്റെ വാക്കുകളിൽ നിന്നാണ്. മാധ്യമങ്ങളൊടുള്ള പെരുമാറ്റത്തിൽ മോദിക്കും ട്രംപിനും പിണറായിക്കും ഒരേ ശൈലിയാണ്. സർക്കാരിന്റെ കൊള്ളയും കൊള്ളിവയ്പ്പും ആരു ചൂണ്ടിക്കാണിച്ചാലും അവർക്കെതിരെ ചന്ദ്രഹാസം ഇളക്കുന്ന നിലയിലാണ് കാര്യങ്ങൾ. സ്പ്രിംക്ലർ മുതൽ പാവങ്ങൾക്ക് വീടു വച്ചുകൊടുക്കുന്ന ലൈഫ് പദ്ധതിയിൽ വരെ അഴിമതി നടക്കുമ്പോൾ അതൊന്നും പ്രതിപക്ഷം ചൂണ്ടിക്കാണിക്കരുത്, മാധ്യമങ്ങൾ ചൂണ്ടിക്കാണിക്കരുത് എന്ന നിലപാടിലാണ് മുഖ്യമന്ത്രി.

സംസ്ഥാനത്ത് കൊവിഡ് ടെസ്റ്റുകളുടെ എണ്ണം ഇപ്പോഴും കുറവാണ്. ടെസ്റ്റുകൾ വർധിപ്പിക്കണം. മരണ നിരക്ക് കുറച്ചുകാണിക്കാനും സർക്കാർ ശ്രമിക്കുന്നു. രോഗികളുടെ എണ്ണവും മരണസംഖ്യയും കുറവാണെന്ന് കാണിച്ച് കൊവിഡ് മഹാമാരിയെ ഒരു പിആർ അവസരമായി സർക്കാർ ഉപയോഗിക്കുകയാണ്. കൊവിഡ് പ്രതിരോധ പ്രവർത്തനങ്ങളെ മുഖ്യമന്ത്രി മത്സരബുദ്ധിയോടെ കാണരുത്. താൻ നേരത്തെ ചൂണ്ടിക്കാണിച്ച മിറ്റിഗേഷൻ മെത്തേഡ്, കണ്ടെയ്ൻമെന്റ് മെത്തേഡ് എന്നിവയുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രി പരസ്യ സംവാദത്തിനു തയ്യാറാകണമെന്നും ചെന്നിത്തല പറഞ്ഞു. സൈബർ ആക്രമണത്തെ സംവാദം എന്നാണ് മുഖ്യമന്ത്രി പറയുന്നത്. മുഖ്യമന്ത്രിയുടെ മകളെയോ മറ്റാരെയോ വ്യക്തിപരമായി അധിക്ഷേപിക്കുന്ന രീതിയോട് കോൺഗ്രസിനു യോജിപ്പില്ലെന്നും ചെന്നിത്തല വ്യക്തമാക്കി.

സൈബർ ആക്രമണം: ഡിഐജി ഗുരുഡിൻ അന്വേഷിക്കും

തിരുവനന്തപുരം: മാധ്യമ പ്രവർത്തകർക്കെതിരായ സൈബർ ആക്രമണത്തെക്കുറിച്ച് തിരുവനന്തപുരം റേഞ്ച് ഡിഐജി സഞ്ജയ് കുമാർ ഗുരുഡിൻ അന്വേഷിക്കും. സൈബർ പൊലീസ്, സൈബർ സെൽ, സൈബർ ഡോം എന്നിവങ്ങളിലെ ഉദ്യോഗസ്ഥരും അന്വേഷണ സംഘത്തിലുണ്ടാവും. കൊവിഡ് വ്യാജപ്രചരണങ്ങളും നിരീക്ഷിക്കണമെന്നും, നടപടിയെടുക്കണമെന്നും ഡിജിപി നിർദേശിച്ചിട്ടുണ്ട്.

സാമൂഹിക മാധ്യമങ്ങൾ നിരീക്ഷിച്ച് സൈബർ സെൽ 24 മണിക്കൂറിനകം റിപ്പോർട്ട് നൽകണമെന്ന് ഡിജിപി ലോക്നാഥ് ബെഹ്റ ആവശ്യപ്പെട്ടു. സ്വർണക്കടത്ത് കേസുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയോട് ചോദ്യങ്ങൾ ചോദിച്ചതിനു ശേഷം ഏഷ്യനെറ്റ് ന്യൂസിലെ ആർ. അജയഘോഷ്, കെ.ജി. കമലേഷ്, മനോരമ ന്യൂസിലെ നിഷ പുരുഷോത്തമൻ, ജയ്ഹിന്ദ് ടിവിയിലെ പ്രമീള ഗോവിന്ദ് എന്നിവർക്കെതിരെ സൈബർ ആക്രമണം രൂക്ഷമാണ്.

രാജ്യസഭാ ഉപതെരഞ്ഞെടുപ്പ് 24ന്

തിരുവനന്തപുരം: രാജ്യസഭ ഉപതെരഞ്ഞെടുപ്പിന്റെ വോട്ടിങ് 24ന് രാവിലെ ഒൻപതു മുതൽ വൈകിട്ട് നാലു മണി വരെ നടക്കുമെന്ന് മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർ ടിക്കാറാം മീണ അറിയിച്ചു. അഞ്ചു മണിക്ക് വോട്ടെണ്ണൽ ആരംഭിക്കും. നാമനിർദ്ദേശപത്രിക സമർപ്പിക്കാനുള്ള അവസാന തീയതി ഇന്നാണ്. ആൽവിൻ വിഭാഗത്തിലുള്ള ബാലറ്റ് ബോക്സാണ് ഉപയോഗിക്കുന്നത്. നാമനിർദ്ദേശം സമർപ്പിക്കുന്ന ജനറൽ വിഭാഗത്തിലുള്ളവർ പതിനായിരം രൂപയും എസ്സി, എസ്ടി വിഭാഗത്തിലുള്ളവർ 5000 രൂപയും കെട്ടിവയ്ക്കണം.

കരിപ്പൂർ വിമാന ദുരന്തം: ബാഗേജുകൾ കണ്ടെത്താൻ പരിശോധന

സ്വന്തം ലേഖകൻ

കരിപ്പൂർ: വിമാന ദുരന്തത്തിൽപ്പെട്ടവരുടെ ബാഗേജുകൾ തിരിച്ചു നൽകാനുള്ള നടപടിക്രമങ്ങൾ തുടങ്ങി. യുകെയിൽ നിന്നുള്ള കെന്യോൺ എന്ന കമ്പനിയാണ് അവശിഷ്ടങ്ങളിൽ പരിശോധന നടത്തുന്നതെന്ന് എയർ ഇന്ത്യ എക്സ്പ്രസ് അധികൃതർ അറിയിച്ചു. യാത്രക്കാർ കൈവശവും കാർഗോയിലുമായി കൊണ്ടുവന്ന വസ്തുക്കളാണ് കണ്ടെത്താൻ ശ്രമം തുടങ്ങിയിട്ടുള്ളത്. ഇക്കാര്യത്തിൽ വിദഗ്ധരായ യുകെ കമ്പനി കെന്യോണിന്റെ ഇരുപതംഗ സംഘം ഇന്നലെ രാവിലെ ഏഴു മണിക്കാണ് പരിശോധന ആരംഭിച്ചത്.

വിമാനത്തിന്റെ വാലറ്റം മുതൽ നടുഭാഗവും കഴിഞ്ഞു നിൽക്കുന്നതാണ് കാർഗോ മേഖല. വിമാനം പൊളിച്ചു മാത്രമേ ഇവിടേക്ക് കടക്കാനാവൂ. യാത്രക്കാരുടെ 235 ബാഗുകളാണ് എയർ ഇന്ത്യാ എക്സ്പ്രസിൽ ഉണ്ടായിരുന്നത്. ഇതിനു പുറമേ വിവിധ കാർഗോ കമ്പനികൾ ദുബായിൽ നിന്ന് കൊണ്ടു വന്ന ബാഗേജുകളുമുണ്ട്. പലതും പെരുമഴയിൽ കുതിർന്ന നിലയിലാണ്.

യാത്രക്കാർ ക്യാബിനിൽ കൈവശം സൂക്ഷിച്ചിരുന്ന ബാഗുകളും ചിതറിക്കിടപ്പാണ്. ഇത് എപ്പോൾ തിരിച്ചേൽപ്പിക്കാമെന്ന കാര്യത്തിൽ തീരുമാനമില്ല. വേഗത്തിൽ കൊടുക്കുന്നതിനേക്കാൾ യഥാർഥ ഉടമയ്ക്ക് കൈമാറാനാണ് അധികൃതർ പ്രാധാന്യം നൽകുന്നത്. കസ്റ്റംസ്- പൊലീസ് ക്ലിയറൻസുകൾ പൂർത്തിയാക്കേണ്ടതുമുണ്ട്.

പാസ്പോർട്ട് നഷ്ടമായവർ പുതിയവ കിട്ടാൻ നടപടിക്രമങ്ങൾ ആരംഭിക്കുന്നതാവും ഉചിതം. ക്യാബിൻ ബാഗുകൾ വേഗത്തിൽ നശിക്കാൻ ഇടയുണ്ടെന്നതിനാലാണിത്. അവശിഷ്ടങ്ങൾക്കിടയിൽ അതിസൂക്ഷ്മ പരിശോധന നടത്തി പൊട്ടും പൊടിയും പോലും യഥാർഥ ഉടമസ്ഥരെ ഏൽപിക്കാനാണ് ശ്രമമെന്ന് എയർ ഇന്ത്യ എക്സപ്രസ് അധികൃതർ അറിയിച്ചു.

സാമ്പത്തിക സംവരണം: സർക്കാരിനെതിരേ എൻഎസ്എസ്

പെരുന്ന (ചങ്ങനാശേരി): കേന്ദ്രസർക്കാർ തീരുമാനത്തെ തുടർന്ന്, മുന്നാക്കവിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് നിയമനങ്ങളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രവേശനത്തിനും 10 ശതമാനം സംവരണം ഏർപ്പെടുത്തിക്കൊണ്ട് ഫെബ്രുവരി 13ന് സംസ്ഥാന സർക്കാർ ഉത്തരവായെങ്കിലും പിഎസ്സി വഴി നടക്കേണ്ട നിയമനങ്ങൾക്ക് ഇത് ഇപ്പോഴും ബാധകമാക്കിയിട്ടില്ലെന്ന് എൻഎസ്എസ് ജനറൽ സെക്രട്ടറി ജി. സുകുമാരൻ നായർ.

ബന്ധപ്പെട്ട സംവരണച്ചട്ടം ഭേദഗതി ചെയ്യാത്തതാണ് ഇതിനു കാരണം. ഉത്തരവ് ഇറങ്ങി ആറുമാസം കഴിഞ്ഞിട്ടും സംവരണച്ചട്ടം ഭേദഗതി ചെയ്യാത്തത് അലംഭാവം മാത്രമല്ല, ആ വിഭാഗത്തോടു കാണിക്കുന്ന തികഞ്ഞ അവഗണനയും ആണ്. അർഹതപ്പെട്ട നിരവധി ആളുകളുടെ അവസരങ്ങളാണ് ഇതിലൂടെ നിഷേധിക്കപ്പെടുന്നത്.

സർക്കാർ ഹയർ സെക്കൻഡറി, വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളുകളിൽ വിവിധ ബാച്ചുകളിലായി അനുവദിച്ച മാർജിനൽ സീറ്റ് ഉൾപ്പെടെയുള്ള മൊത്തം സീറ്റുകളിൽ 10 ശതമാനം സീറ്റുകൾ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന മുന്നാക്ക സമുദായങ്ങൾക്ക് സംവരണം ചെയ്ത് ഉത്തരവായിട്ടുണ്ട്. ന്യൂനപക്ഷ പദവിയില്ലാത്തതും മറ്റു പിന്നാക്ക വിഭാഗങ്ങൾക്ക് സംവരണം അനുവദിച്ചു വരുന്നതുമായ പൊതുവിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള സംസ്ഥാനത്തെ എല്ലാ ഹയർ സെക്കൻഡറി, വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളുകളിലെ പ്ലസ് വൺ പ്രവേശനത്തിനാണ് ഈ 10 ശതമാനം സാമ്പത്തിക സംവരണം അനുവദിച്ചിരിക്കുന്നത്. മുന്നാക്ക വിഭാഗത്തിൽപ്പെടുന്ന മാനെജ്മെന്റുകൾ നടത്തുന്ന എയിഡഡ് സ്കൂളുകൾക്കൊന്നും ഈ സംവരണ ആനുകൂല്യം ബാധകമല്ലെന്നാണ് ഇതിൽനിന്നും വ്യക്തമാകുന്നത്.

മുന്നാക്ക സമുദായം നടത്തുന്ന സ്കൂളുകൾക്ക് 50 ശതമാനം മെറിറ്റ്, 20 ശതമാനം പട്ടികജാതി- പട്ടികവർഗം, 10 ശതമാനം കമ്മ്യൂണിറ്റി മെറിറ്റ്, 20 ശതമാനം മാനെജ്മെന്റ് ക്വോട്ട എന്നിങ്ങനെയാണ് പ്രവേശനത്തിന് അനുമതി ലഭിച്ചിട്ടുള്ളത്. അതേസമയം, ന്യൂനപക്ഷ സമുദായ മാനെജ്മെന്റുകൾ നടത്തുന്ന സ്കൂളുകൾക്കും പിന്നാക്കവിഭാഗം നടത്തുന്ന എയ്ഡഡ് സ്കൂളുകൾക്കും 40 ശതമാനം മെറിറ്റ്, 20 ശതമാനം പട്ടികജാതി-പട്ടികവർഗം, 20 ശതമാനം കമ്മ്യൂണിറ്റി മെറിറ്റ്, 20 ശതമാനം മാനെജ്മെന്റ് ക്വോട്ട എന്നിങ്ങനെയാണ് പ്രവേശനക്രമം. എന്നുപറഞ്ഞാൽ, മുന്നാക്കവിഭാഗത്തിൽനിന്ന് വ്യത്യസ്തമായി കമ്മ്യൂണിറ്റി മെറിറ്റ് 10 എന്നതിൽനിന്നും 20 ശതമാനമായി വർദ്ധിപ്പിച്ചിരിക്കുന്നു. അങ്ങനെയെങ്കിൽ, മുന്നാക്കവിഭാഗത്തിന് കമ്മ്യൂണിറ്റി മെറിറ്റിൽ വർധനവ് നൽകാത്തത് എന്തിന്റെ അടിസ്ഥാനത്തിലാണെന്നു മനസിലാകുന്നില്ല. അതിനു പുറമെയാണ്, ഈ വിഭാഗത്തിൽപ്പെടുന്ന സ്കൂളുകളിൽ പിന്നാക്ക വിഭാഗങ്ങൾക്ക് സംവരണമില്ല എന്ന പേരിൽ 10 ശതമാനം സാമ്പത്തിക സംവരണം നിഷേധിക്കുകയും ചെയ്യുന്നത്.

കോളെജുകളുടെ കാര്യം എടുത്താൽ, ഗവണ്മെന്റ് കോളെജുകളിൽ 10 ശതമാനം സാമ്പത്തിക സംവരണം അനുവദിച്ചെങ്കിലും എയ്ഡഡ് മേഖലയിലുള്ള കോളെജുകൾക്ക് ഇത് നിഷേധിച്ചിരിക്കുകയാണ്. മുന്നാക്ക വിഭാഗങ്ങൾ നടത്തുന്ന കോളെജുകളിൽ 10 ശതമാനം കമ്മ്യൂണിറ്റി ക്വോട്ട നല്കുമ്പോൾ പിന്നാക്ക വിഭാഗങ്ങൾ നടത്തുന്ന കോളെജുകളിൽ 20 ശതമാനം മാനെജ്മെന്റ് ക്വോട്ട സീറ്റുകൾക്കു പുറമെ, മെറിറ്റ് 10 ശതമാനം കുറച്ചുകൊണ്ടു പോലും കമ്മ്യൂണിറ്റി ക്വോട്ട 20 ശതമാനം ആക്കിയിരിക്കുകയാണ്.

തൊഴിൽ, വിദ്യാഭ്യാസ മേഖലകളിൽ മുന്നാക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നില്ക്കുന്നവർക്ക് 10 ശതമാനം സാമ്പത്തിക സംവരണം നടപ്പാക്കിക്കൊണ്ട് ഉത്തരവുകൾ പലതും പുറപ്പെടുവിച്ചെങ്കിലും, ആ വിഭാഗങ്ങൾക്ക് ഗുണകരമായ ഒരു നടപടിയും ഈ സർക്കാർ ഇന്നേവരെ സ്വീകരിച്ചിട്ടില്ല എന്ന് വ്യക്തമാണ്. ഇക്കാര്യങ്ങളിൽ ബോധപൂർവമായി ഇടംകോലിട്ടുകൊണ്ടിരിക്കുന്നവരെ സർക്കാർ തിരിച്ചറിഞ്ഞ് എത്രയും വേഗം പരിഹാരം കാണുന്നില്ലെങ്കിൽ അതിന് പ്രത്യാഘാതം ഉണ്ടാകും- സുകുമാരൻ നായർ പറഞ്ഞു.

പത്മനാഭസ്വാമി ക്ഷേത്രത്തിന്റെ ഭരണച്ചുമതല കൈമാറാം

● ക്ഷേത്രം ട്രസ്റ്റി സുപ്രീം കോടതിയിൽ സത്യവാങ്മൂലം നൽകി



ന്യൂഡൽഹി: ശ്രീപത്മനാഭ സ്വാമി ക്ഷേത്രത്തിന്റെ ഭരണച്ചുമതല അഞ്ചംഗ ഭരണസമിതിക്ക് കൈമാറാമെന്ന് വ്യക്തമാക്കി ക്ഷേത്രം ട്രസ്റ്റി സുപ്രീം കോടതിയിൽ സത്യവാങ്മൂലം നൽകി. സുപ്രീം കോടതി നിർദേശ പ്രകാരമാണ് ക്ഷേത്രം ട്രസ്റ്റി മൂലം തിരുനാൾ രാമവർമ സുപ്രീം കോടതിയിൽ സത്യവാങ്മൂലം ഫയൽ ചെയ്തത്.

ട്രസ്റ്റി നൽകിയിരിക്കുന്ന സത്യവാങ്മൂലം സുപ്രീം കോടതി അംഗീകരിച്ചാൽ ഭരണസമിതിയും ഉപദേശക സമിതിയും ഏറെ വൈകാതെ രൂപീകരിക്കാൻ സാധിക്കും. ജില്ലാ ജഡ്ജിയുടെ അധ്യക്ഷതയിലുള്ള ഭരണസമിതിയുടെ കാലാവധി മൂന്ന് വർഷമായിരിക്കും. ഈ കാലയളവിൽ ഏതെങ്കിലും അംഗം ഒഴിയുകയാണെങ്കിൽ, ആ സ്ഥാനത്തേക്ക് പകരം വ്യക്തിയെ നിയമിക്കും.

ആചാരവുമായി ബന്ധപ്പെട്ടുള്ള കാര്യങ്ങളിൽ ക്ഷേത്രത്തിലെ മുഖ്യ തന്ത്രിയുടെ നിർദേശം നടപ്പിലാക്കാൻ ഭരണസമിതി ബാധ്യസ്ഥരായിരിക്കുമെന്ന് സത്യവാങ്മൂലത്തിൽ വ്യക്തമാക്കുന്നു. കൂടാതെ ട്രസ്റ്റിയുടെ മുൻകൂർ അനുവാദം വാങ്ങാതെ ഒരുമാസം 15 ലക്ഷത്തിൽ കൂടുതൽ തുക ചെലവഴിക്കാൻ ഭരണസമിതിക്ക് അധികാരം ഉണ്ടായിരിക്കില്ലെന്നും, ഭക്തരുടെ വികാരങ്ങൾ വ്രണപ്പെടുത്തുന്ന വിഷയങ്ങളിൽ തീരുമാനം എടുക്കുന്നതിന് മുൻപു ട്രസ്റ്റിയുടെ അനുവാദം വാങ്ങണമെന്നും സത്യവാങ്മൂലത്തിൽ പറയുന്നു.

ക്ഷേത്ര ഭരണത്തെ സംബന്ധിച്ച് എന്തെങ്കിലും രീതിയിലുള്ള പരാതി ഉണ്ടെങ്കിൽ അതുമായി ബന്ധപ്പെട്ടുള്ള നിർദേശം ട്രസ്റ്റിക്ക് ഭരണസമിതിക്ക് കൈമാറാൻ സാധിക്കുമെന്നും അഭിഭാഷകൻ ശ്യാം മോഹൻ മുഖേനെ ഫയൽ ചെയ്ത സത്യവാങ്മൂലത്തിൽ ട്രസ്റ്റി വ്യക്തമാക്കി.

പദവിയിൽ നിന്നൊഴിവാകാൻ രതീശൻ സുപ്രീം കോടതിയിൽ

ന്യൂഡൽഹി: ശ്രീപദ്മനാഭ സ്വാമി ക്ഷേത്രം എക്സിക്യൂട്ടീവ് ഓഫീസർ പദവിയിൽ നിന്നൊഴിയാൻ അനുമതി തേടി വി. രതീശൻ സുപ്രീം കോടതിയിൽ അപേക്ഷ നൽകി. ആ നിലയിൽ താനെടുത്ത നടപടികളുമായി ബന്ധപ്പെട്ടു വിവിധ കോടതികളിലുള്ള നടപടികൾ റദ്ദാക്കണമെന്നും അപേക്ഷയിൽ ചൂണ്ടിക്കാട്ടി.

ശ്രീപദ്മനാഭ സ്വാമി ക്ഷേത്ര ട്രസ്റ്റും ട്രസ്റ്റിന്റെ അഭിഭാഷകനും തനിക്കെതിരെ അടിസ്ഥാനരഹിതവും ബാലിശവുമായ ആരോപണങ്ങൾ ഉന്നയിക്കുയാണ്. തിരുവിതാംകൂർ രാജകുടുംബത്തിനെ അപകീർത്തിപ്പെടുത്തുന്ന വാർത്ത മാധ്യമത്തിന് നൽകിയെന്നാണ് ആരോപണം. എന്നാൽ ക്ഷേത്ര ട്രസ്റ്റിനെയോ രാജകുടുംബത്തെയോ അപകീർത്തിപ്പെടുത്താൻ ഒരിക്കലും ശ്രമിച്ചിട്ടില്ല- അപേക്ഷയിൽ വിശദീകരിച്ചിട്ടുണ്ട്.

സുപ്രീം കോടതി നിർദേശിച്ചനുസരിച്ചാണ് അന്യാധീനപ്പെട്ട ക്ഷേത്ര ആസ്തികൾ തിരിച്ചുപിടിക്കാൻ ശ്രമിച്ചത്. ഉത്സവമഠം കെട്ടിടവും തോപ്പുമായി ബന്ധപ്പെട്ട് മുൻസിഫ് കോടതിയിൽ ട്രസ്റ്റ് നൽകിയ ഹർജിയിൽ വ്യക്തിപരമായി തനിക്കെതിരെ ആരോപണങ്ങളുന്നയിച്ചു. തനിക്കെതിരെ പരാതി ഉണ്ടായിരുന്നവെങ്കിൽ കോടതിയെയായിരുന്നു ആദ്യം സമീപിക്കേണ്ടിയിരുന്നതെന്നും അഭിഭാഷകൻ വെങ്കിട്ട സുബ്രഹ്മണ്യം മുഖേന ഫയൽ ചെയ്ത അപേക്ഷയിൽ ചൂണ്ടിക്കാട്ടുന്നു. 2017 മെയ് ഒൻപതിനാണു വി. രതീശനെ ക്ഷേത്രത്തിലെ എക്സിക്യൂട്ടീവ് ഓഫീസറായി നിയമിച്ചത്.

ഹരിഹര വർമ കൊലക്കേസ്

നാലു പ്രതികളുടെ ജീവപര്യന്തം ഹൈക്കോടതി ശരിവച്ചു

കൊച്ചി: വിവാദമായ ഹരിഹര വർമ കൊലപാതകക്കേസിൽ ആദ്യ നാല് പ്രതികൾക്ക് വിചാരണക്കോടതി വിധിച്ച ജീവപര്യന്തം ശിക്ഷ ഹൈക്കോടതി ശരിവച്ചു. അഞ്ചാം പ്രതി ജോസഫിനെ വെറുതെവിട്ടു. ആറാം പ്രതി ഹരിദാസിനെ കീഴ്ക്കോടതി വെറുതെ വിട്ടത് ചോദ്യം ചെയ്തുള്ള ഹർജി ഹൈക്കോടതി തള്ളി. തലശേരി സ്വദേശികളായ ജിതേഷ്, രഖിൽ, കുറ്റ്യാടി സ്വദേശി അജീഷ്, ചാലക്കുടി സ്വദേശി രാഗേഷ് എന്നിവരുടെ ജീവപര്യന്തം ശിക്ഷയാണ് ശരിവെച്ചത്.

തിരുവനന്തപുരം വട്ടിയൂർക്കാവിന് സമീപം സ്വന്തം സുഹൃത്തിന്റെ വീട്ടിൽ 2012 ഡിസംബർ 24ന് രാവിലെയാണ് ഹരിഹര വർമ കൊല്ലപ്പെടുന്നത്. രത്നവ്യാപാരിയാണെന്നും രാജകുടുംബാംഗമാണെന്നും വിശ്വസിപ്പിച്ച് ഇയാൾ കാണിച്ച രത്നങ്ങൾ വാങ്ങാനെത്തിയവരാണ് കൊലപ്പെടുത്തിയത്. രത്നങ്ങൾ വാങ്ങാനെത്തിയവർ വിലയെച്ചൊല്ലിയുള്ള തർക്കത്തെ തുടർന്ന് ഹരിഹര വർമയെ ക്ലോറോഫോം മണപ്പിച്ച് ശേഷം കടന്നുകളഞ്ഞെന്നാണ് പൊലീസിന്റെ കണ്ടെത്തൽ. ക്ലോറോഫോം അധികമായതിനാലാണ് വർമ മരിച്ചത്. പക്ഷേ ഹരിഹര വർമയാരെന്നോ ഭൂതകാലം എന്തെന്നോ കണ്ടെത്താനാവാതെ പൊലീസ് അന്വേഷണം അവസാനിപ്പിക്കുകയും ചെയ്തു.

65 മുത്ത്, 16 പവിഴം, 73 മരതകം, 22 വൈഡൂര്യം, നാല് മാണിക്യം, അഞ്ച് ഇന്ദ്രനീലം, 29 പുഷ്യരാഗം ക്യാറ്റ്സ്റ്റോൺ, എമറാൾഡ് തുടങ്ങിയ രത്നങ്ങളാണ് വർമയുടെ പക്കൽ ഉണ്ടായിരുന്നത് . ആദ്യം രത്നങ്ങൾ വ്യാജമാണെന്നു പൊലീസ് പറഞ്ഞെങ്കിലും കോടികൾ മതിക്കുന്ന രത്നങ്ങളാണിതെന്ന് പിന്നീടു വ്യക്തമായി.

വർമ മാവേലിക്കര രാജകുടുംബാംഗമായിരുന്നുവെന്നായിരുന്നു ആദ്യം പ്രചരിപ്പിക്കപ്പെട്ടത്.. മാവേലിക്കര രാജകുടുംബം ഇത് നിഷേധിച്ചു. തുടർന്ന് പൂഞ്ഞാർ രാജകുടുംബാംഗമെന്നായി പ്രചരണം. അതും ശരിയല്ലെന്ന് കണ്ടെത്തി. പിടികിട്ടാപ്പുള്ളി സുകുമാരക്കുറുപ്പ് ആണെന്ന് വരെ സംശയമുയർന്നു. മാധ്യമങ്ങളിൽ ചൂടേറിയ ചർച്ചകൾ വരെ നടന്നെങ്കിലും ഇതുവരെ ഇദ്ദേഹം ആരാണെന്ന് മനസിലായിട്ടില്ല.ഹരിഹരവർമയുടെ രണ്ട് ഭാര്യമാർക്കും ഇയാളാരാണെന്ന് വ്യക്തമായി അറിയില്ല. ഇദ്ദേഹത്തിന്റെ എല്ലാ തിരിച്ചറിയൽ രേഖകളും വ്യാജമാണെന്നും പോലീസ് കണ്ടെത്തി. കോയമ്പത്തൂർ റേസ് കോഴ്സ് ക്ലബ്ബിനടുത്തെ വ്യാജവിലാസത്തിൽ വർമ പാസ്പോർട്ട് എടുത്തിരുന്നു. ഹരിഹരവർമയുടെ വ്യക്തമായ ചിത്രങ്ങൾ പുറത്തുവിട്ടിട്ടുപോലും ആരും അദ്ദേഹത്തിനെ കുറിച്ച് കൂടുതൽ വിവരം നൽകിയില്ല.

MBBS
യൂറോപ്പിൽ വർഷം 4000 USD ഫീസിൽ
No. Donation
GEORGIA
Kutaisi University

PARAMEDICAL
B Pharm, Pharm D BPT
RADIOLOGY,FORENSIC
DIALYSIS NUERO SCIENCE,
CARDIO VASCULAROT
&ANAESTHESIA,MLT RESPIRATORY

BSC NURSING
Full package including Food & Hostel
St. PETER'S MEDICAL COLLEGE HOSUR
(150000x4)
SAMBHRAM MEDICAL COLLEGE, KOLAR
[550000]
SRI RAGHAVENDRA HOSPITAL, TUMKUR
[4,50,000]
Also other reputed colleges in Tamil Nadu & Karnataka

AYYAPPA COLLEGE
Affiliated to MG University, Kottayam
56th Mile, Peermade, Idukki
BBA + Aviation+ AI +Digital Marketing, BCA+ Cyber Forensic/Colud Computing, B.Sc. PETROCHEMICAL, B.Sc.Geology, B.Com. LOGISTICS MANAGEMENT + AVIATION, M.Com. INTERNATIONAL BUSSINESS+Fin Tech.

St. Mary's Associates Career Guidance,
Br. Ernakulam, Kollam, Trissur, Calicut, Kannur, Trivandrum, Alapuzha,Pathanamthitta
Ph. 8593977000, 9744625332

അറസ്റ്റിലായ ചൈനീസ് പൗരന് ഹവാല ഇടപാടും

ന്യൂഡൽഹി: ചാരവൃത്തിയുടെ പേരിൽ അറസ്റ്റിലായ ചൈനീസ് പൗരനെതിരേ വ്യാജ ചൈനീസ് കമ്പനികൾ രൂപീകരിച്ച് ഹവാല ഇടപാടുകൾ നടത്തിയതിനും കേസ്. ഹവാല ഇടപാടിനും കള്ളപ്പണം വെളുപ്പിക്കലിനും ഇയാളെ ആദായ നികുതി വകുപ്പ് അറസ്റ്റ് ചെയ്തു. 2018ൽ ചാരവൃത്തിയുടെ പേരിൽ ഡൽഹി പൊലീസ് അറസ്റ്റ് ചെയ്ത ലുവോ സാങ്ങിനെതിരേയാണ് സാമ്പത്തിക കുറ്റകൃത്യകേസും. ചാർലി പെങ് എന്ന പേരിൽ വ്യാജ ഐഡി കാർഡുമായാണ് ഇയാൾ ഇന്ത്യയിൽ കഴിഞ്ഞിരുന്നത്. മണിപ്പൂരി യുവതിയെ വിവാഹം ചെയ്ത ഇയാൾ ഇന്ത്യൻ പാസ്പോർട്ട് സ്വന്തമാക്കാനുള്ള തയാറെടുപ്പിലായിരുന്നു.

ഇയാൾക്കെതിരേ കൂടുതൽ അന്വേഷണം നടക്കുകയാണെന്നു പൊലീസ്.

റഷ്യൻ വാക്സിൻ രണ്ടാഴ്ചയ്ക്കുള്ളിൽ ഡോക്റ്റർമാർക്കു നൽകും

മോസ്കോ: കൊവിഡ് 19നെതിരേ വികസിപ്പിച്ച വാക്സിൻ 'സ്പുട്നിക്ക് 5' രണ്ടാഴ്ചയ്ക്കുള്ളിൽ ഡോക്റ്റർമാർക്കു നൽകുമെന്നു റഷ്യ. വാക്സിനെതിരേ ആഗോളതലത്തിൽ ഉയരുന്ന സുരക്ഷാ ആശങ്കകളിൽ അർഥമില്ലെന്നും റഷ്യൻ ആരോഗ്യ മന്ത്രി മിഖായേൽ മുർഷ്കോ.

വാക്സിൻ വികസിപ്പിച്ച ഗമലെയ ഇൻസ്റ്റിറ്റ്യൂട്ടിനെ നയിക്കുന്നത് പരിചയ സമ്പന്നരും വിദഗ്ധരുമായ ഡോക്റ്റർമാരുടെ സംഘമാണ്. ഇക്കാര്യത്തിൽ ഒരു ആശങ്കയും വേണ്ട. രണ്ടാഴ്ചയ്ക്കുള്ളിൽ ഡോക്റ്റർമാർക്ക് വാക്സിൻ കുത്തിവയ്ക്കും- മുർഷ്കോ പറഞ്ഞു.

റഷ്യൻ വിദഗ്ധരുടെ വിലയിരുത്തലിനുശേഷം വാക്സിന്റെ ക്ലിനിക്കൽ പരീക്ഷണം സംബന്ധിച്ച വിശദാംശങ്ങൾ പുറത്തുവിടുമെന്ന് ഗമലെയ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്റ്റർ അലക്സാണ്ടർ ജിന്റ്സ് ബർഗ് പറഞ്ഞു. ഡിസംബർ- ജനുവരി മാസങ്ങളിൽ 50 ലക്ഷം ഡോസ് വാക്സിൻ പുറത്തിറക്കുമെന്നും അദ്ദേഹം.

ബൈഡന്റെ തീരുമാനം അതിശയിപ്പിച്ചു: ട്രംപ്

വാഷിങ്ടൺ: ആരോടും ബഹുമാനമില്ലാത്ത, മോശമായ ഭാഷയിൽ സംസാരിക്കുന്ന നേതാവാണ് കമല ഹാരിസെന്ന് യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ്.

ബൈഡൻ കമലയെ വൈസ് പ്രസിഡന്റ് സ്ഥാനാർഥിയായി തെരഞ്ഞെടുത്തത് തന്നെ അതിശയിപ്പിച്ചെന്നും ട്രംപ് പറഞ്ഞു. അവർ എങ്ങനെ പ്രവർത്തിക്കുമെന്ന് നമുക്കു കാണാമെന്നും അദ്ദേഹം.

ഡെമൊക്രാറ്റുകളുടെ സ്ഥാനാർഥിയെ നിശ്ചയിക്കുന്നതിനുള്ള പ്രൈമറികളിൽ വളരെ മോശം പ്രകടനമായിരുന്നു കമല ഹാരിസിന്റേത്. അവരെ ഞാൻ നിരീക്ഷിച്ചുകൊണ്ടിരിക്കുകയായിരുന്നു. ബൈഡൻ എങ്ങനെ അവരെ തെരഞ്ഞെടുത്തു എന്നു ഞാൻ അത്ഭുതപ്പെടുകയാണ്- ട്രംപ് പറഞ്ഞു.

പ്രസിഡന്റ് സ്ഥാനാർഥിയാവാനുള്ള മത്സരത്തിനിടെ ബൈഡനോട് കമല വളരെയധികം അനാദരവു കാണിച്ചിട്ടുണ്ട്. ബൈഡനും കമലയും തമ്മിലുണ്ടായ ഏറ്റുമുട്ടലുകൾ ആരും മറന്നിട്ടില്ല. അസത്യ കഥകൾ പ്രചരിപ്പിച്ച വ്യക്തിയാണ് അവർ- ട്രംപ് പറഞ്ഞു.

സിദ്ധരാമയ്യ നെഗറ്റീവായി, ഇന്ന് ആശുപത്രി വിടും

ബംഗളൂരു: മുൻ കർണാടക മുഖ്യമന്ത്രിയും പ്രതിപക്ഷ നേതാവുമായ സിദ്ധരാമയ്യ കൊവിഡ് രോഗമുക്തനായി. ഇന്ന് അദ്ദേഹം ആശുപത്രി വിടുമെന്ന് അദ്ദേഹത്തിന്റെ ഓഫിസ് അറിയിച്ചു. എഴുപത്തൊന്നുകാരനായ സിദ്ധരാമയ്യ മണിപ്പാൽ ആശുപത്രിയിലാണു ചികിത്സയിൽ കഴിയുന്നത്. ഇതേ ആശുപത്രിയിലുണ്ടായിരുന്ന മുഖ്യമന്ത്രി യെദിയൂരപ്പ കൊവിഡ് ഭേദമായി കഴിഞ്ഞ ദിവസം ആശുപത്രി വിട്ടിരുന്നു.

കശ്മീരിൽ ഹിസ്ബുൾ കമാൻഡറെ വധിച്ചു

പുൽവാമ: ഹിസ്ബുൾ മുജാഹിദീൻ കമാൻഡർ ആസാദ് ലാൽഹരിയെയും രക്ഷാ സേന ഏറ്റുമുട്ടലിൽ വധിച്ചു. പുൽവാമയിൽ ബുധനാഴ്ച രാത്രിയുണ്ടായ ഏറ്റുമുട്ടലിൽ ഒരു ജവാൻ വീരമൃത്യു വരിച്ചു. ഒരു സൈനികനു പരുക്ക്. റിയാസ് നായ്ക്കുവിന്റെ പിൻഗാമിയായി ഹിസ്ബുളിന്റെ മുഖ്യ കമാൻഡറായ ഭീകരനാണ് ലാൽഹരി. ഇയാൾക്കെതിരേ ആറു കേസുകളുണ്ടായിരുന്നു. മേയ് 22നു പുൽവാമ ടൗണിൽ ഹെഡ് കോൺസ്റ്റബിൾ അനൂപ് സിങ്ങിനെ വധിച്ചതു മുതൽ ഇയാൾക്കുവേണ്ടി തെരച്ചിലിലായിരുന്നു പൊലീസ്.

ഹിസ്ബുളിൽ താഴേത്തട്ടിൽ പ്രവർത്തിച്ചിരുന്ന ലാൽഹരിയെ നേരത്തേ പൊതുസുരക്ഷാ നിയമപ്രകാരം അറസ്റ്റ് ചെയ്തിരുന്നു. ഇതിന്റെ കാലാവധി കഴിഞ്ഞതോടെ ജയിൽ മോചിതനായ ഇയാൾ ഭീകരപ്രവർത്തനത്തിലേക്കു മടങ്ങുകയായിരുന്നു. പുൽവാമയിലെ കാംരസിപ്പോരയിൽ ഇയാളുണ്ടെന്ന് അറിഞ്ഞതിനെത്തുടർന്ന് ഇന്നലെ രക്ഷാ സേന ഇവിടം വളഞ്ഞതോടെയാണ് ഏറ്റുമുട്ടലുണ്ടായത്. ഇയാളിൽ നിന്ന് എകെ 47 തോക്കുകളും ഗ്രനേഡുകളുമുൾപ്പെടെ ആയുധങ്ങളും വെടിക്കോപ്പുകളും കണ്ടെടുത്തു.

ഈ വർഷം താഴ്‌വരയിൽ സൈന്യം വധിക്കുന്ന 122ാമത്തെ ഭീകരനാണ് ലാൽഹരി. കഴിഞ്ഞമാസം 17ന് കുൽഗാമിൽ ജയ്ഷെ മുഹമ്മദിലെ മൂന്നു ഭീകരരെ വധിച്ചിരുന്നു. ജൂണിൽ 22 ഭീകരരെയാണ് വധിച്ചത്. തുടർന്ന് ദോഡ ജില്ലയെ ഭീകരമുക്ത മേഖലയായി പ്രഖ്യാപിച്ചിരുന്നു.

എല്ലാം ദൈവം തീരുമാനിക്കട്ടെ: പ്രണബിന്റെ മകൾ

ന്യൂഡൽഹി: തലച്ചോറിൽ ശസ്ത്രക്രിയ്ക്കു വിധേയനായി ഗുരുതരാവസ്ഥയിൽ ചികിത്സയിൽ കഴിയുന്ന മുൻ രാഷ്ട്രപതി പ്രണബ് മുഖർജിക്കു വേണ്ടി പ്രാർഥനകളോടെ മകൾ ശർമിഷ്ഠ മുഖർജി. അച്ഛന് ഏതാണോ നല്ലത് അതു ദൈവം തീരുമാനിക്കട്ടെ- കോൺഗ്രസ് നേതാവായ ശർമിഷ്ഠ പറഞ്ഞു. 'ഭാരത രത്ന' പരമോന്നത ബഹുമതി നേടി കൃത്യം ഒരു വർഷം കഴിയുമ്പോഴാണ് അച്ഛൻ ഗുരുതരാവസ്ഥയിലാവുന്നതെന്ന് ശർമിഷ്ഠ ഓർക്കുന്നു.

കഴിഞ്ഞ വർഷം ഓഗസ്റ്റ് എട്ട് ഞങ്ങളുടെ ജീവിതത്തിലെ ഏറ്റവും സന്തോഷകരമായ ദിവസങ്ങളിലൊന്നായിരുന്നു. അന്നാണ് അച്ഛന് ഭാരത രത്ന ലഭിച്ചത്. ഒരുവർഷം പൂർത്തിയായി ഓഗസ്റ്റ് 10ന് അദ്ദേഹം ഗുരുതരാവസ്ഥയിലായി. എല്ലാം ദൈവനിശ്ചയം. അദ്ദേഹത്തിന് ഏതാണോ നല്ലത് അതു ദൈവം നൽകട്ടെ. ഞങ്ങളുടെ ദുഃഖത്തിൽ പങ്കുചേരുന്ന എല്ലാവരോടും ആത്മാർഥമായി നന്ദി പറയുന്നു- ട്വിറ്ററിൽ ശർമിഷ്ഠ കുറിച്ചു.

കൃഷ്ണാഷ്ടമി നാളിൽ ജയിൽ മോചനമോ?

ന്യൂഡൽഹി: ഇന്നു കൃഷ്ണൻ തടവറയിൽ ജനിച്ച ദിവസമാണ്. നിങ്ങൾക്കിന്നു വേണ്ടതു ജയിലോ ബെയിലോ (ജാമ്യം)? ജാമ്യ ഹർജിയിൽ വാദത്തിനിടെ തമാശ കലർന്ന ചോദ്യമുയർന്നത് സുപ്രീം കോടതിയിൽ നിന്ന്. മറ്റൊരു കേസിൽ പ്രതി വിഡിയൊ കോൺഫറൻസിങ്ങിൽ ഹാജരായാൽ പോരേ എന്ന അഭിഭാഷകന്റെ ചോദ്യത്തിന് വെർച്വൽ ഹിയറിങ് മഹാഭാരത കാലത്തുമുണ്ടായിരുന്നെന്നും കോടതിയുടെ പരാമർശം.

കൃഷ്ണ ജന്മാഷ്ടമിയായ ഇന്നലെ ചീഫ് ജസ്റ്റിസ് എസ്.എ. ബോബ്ഡെയാണ് ശ്രീകൃഷ്ണന്റെ ജനനം, മഹാഭാരതം തുടങ്ങിയവയുമായി ബന്ധപ്പെട്ട പരാമർശങ്ങളിലൂടെ പരമോന്നത കോടതിയുടെ പതിവു ഗൗരവഭാവത്തിന് തെല്ല് അയവു വരുത്തിയത്.

1994ലെ ബിജെപി പ്രവർത്തകനെ വധിച്ച കേസിൽ ശിക്ഷിക്കപ്പെട്ട മഹാരാഷ്ട്രയിലെ കോൺഗ്രസ് പ്രവർത്തകൻ ധർമേന്ദ്ര വാൽവിയുടെ ജാമ്യാപേക്ഷയിലാണ് കൃഷ്ണാഷ്ടമി ദിനത്തിൽ ജയിൽ മോചനം വേണോ എന്ന ചോദ്യമുയർത്തിയത്. വേണമെന്നു മറുപടി ലഭിച്ചപ്പോൾ നിങ്ങൾ മതവുമായി തീവ്ര ബന്ധമുള്ളയാളല്ലെന്നു തോന്നുന്നുവെന്നു ചീഫ് ജസ്റ്റിസിന്റെ മറുപടി. 25000 രൂപ കെട്ടിവച്ച് ജാമ്യമനുവദിക്കുകയും ചെയ്തു കോടതി. വാൽവിക്കും കൂട്ടർക്കും വിചാരണക്കോടതി ജീവപര്യന്തം തടവു വിധിക്കുകയും ബോംബെ ഹൈക്കോടതി ഇതു ശരിവയ്ക്കുകയും ചെയ്തിരുന്നു. ഈ വിധിക്കെതിരായ ഹർജി 2018 മുതൽ സുപ്രീം കോടതിയുടെ പരിഗണനയിലാണ്.

പൗരത്വ നിയമ ഭേദഗതിക്കെതിരായ സമരത്തിന്റെ പേരിൽ തന്നെ അറസ്റ്റ് ചെയ്തതിനെതിരേ ഉത്തർപ്രദേശിലെ ഡോക്റ്റർ കഫീൽ ഖാൻ നൽകിയ ഹർജി പരിഗണിക്കുമ്പോഴായിരുന്നു മഹാഭാരതത്തെക്കുറിച്ചു പരാമർശം.

നേരിട്ടു ഹാജരാകുന്നതിനു പകരം വിഡിയൊ കോൺഫറൻസിങ് അനുവദിക്കണമെന്നായിരുന്നു ഖാന്റെ ആവശ്യം. മഹാഭാരതകാലത്തു തന്നെ വെർച്വൽ ഹിയറിങ് ഉണ്ടായിരുന്നെന്ന് ചീഫ് ജസ്റ്റിസിന്റെ പരാമർശം.

മഹാഭാരതത്തിൽ എല്ലാം 'സഞ്ജയ ഉവാച' (സഞ്ജയൻ പറഞ്ഞു) എന്നാണു പറയുന്നത്. അതുകൊണ്ടുതന്നെ നേരിട്ട് ഹാജരാകണമെന്നില്ല- ചീഫ് ജസ്റ്റിസിന്റെ മറുപടി. അന്ധനായ ധൃതരാഷ്ട്രർക്ക് മഹാഭാരത യുദ്ധമുൾപ്പെടെ എല്ലാം വിശദീകരിച്ചു പറഞ്ഞുകൊടുത്തിരുന്നത് സഞ്ജയനായിരുന്നു.

ബൈഡൻ പ്രഖ്യാപിച്ചു; കമല ഹാരിസ് വൈസ് പ്രസിഡന്റ് സ്ഥാനാർഥി

വാഷിങ്ടൺ: യുഎസ് പ്രസിഡന്റ് തെരഞ്ഞെടുപ്പിലെ ഡെമൊക്രാറ്റിക് സ്ഥാനാർഥി ജോ ബൈഡന്റെ വൈസ്പ്രസിഡന്റ് നോമിനി ഇന്ത്യൻ വംശജയായ സെനറ്റർ കമല ഹാരിസ്. ഈ സ്ഥാനത്തേക്ക് സ്ഥാനാർഥിയായി നിശ്ചയിക്കപ്പെടുന്ന ആദ്യ കറുത്ത വർഗക്കാരിയാണു കമല. പ്രസിഡന്റ് തെരഞ്ഞെടുപ്പിൽ സ്ഥാനാർഥിയാവാൻ ബൈഡനോട് മത്സരിച്ചു പിൻവാങ്ങിയ അമ്പത്തഞ്ചുകാരിയായ കമല കാലിഫോർണിയ നിന്നുള്ള സെനറ്ററാണ്.

പ്രസിഡന്റ് സ്ഥാനാർഥിയെ ഔദ്യോഗികമായി പ്രഖ്യാപിക്കുന്ന ഡമൊക്രാറ്റിക് നാഷണൽ കൺവൻഷന് ഒരാഴ്ച ബാക്കിനിൽക്കെയാണ് എഴുപത്തേഴുകാരനായ ബൈഡൻ വൈസ്പ്രസിഡന്റ് നോമിനിയെ പ്രഖ്യാപിക്കുന്നത്. നവംബറിലെ തെരഞ്ഞെടുപ്പിൽ യുഎസ് പ്രസിഡന്റായി ബൈഡൻ തെരഞ്ഞെടുക്കപ്പെടുന്നുവെങ്കിൽ രണ്ടാം വട്ടം അദ്ദേഹം മത്സരിച്ചേക്കില്ല. അങ്ങനെ വരുമ്പോൾ അടുത്ത തവണ പ്രസിഡന്റ് സ്ഥാനാർഥിയാവാനും കമലയ്ക്ക് അവസരം ലഭിക്കും.

ഉചിതമായ മാർഗനിർദേശങ്ങൾ നൽകുന്ന വഴികാട്ടിയെന്ന് മുൻ പ്രസിഡന്റ് ബരാക് ഒബാമ പലകുറി വിശേഷിപ്പിച്ചിട്ടുണ്ട് കമലയെ. പിതാവ് ജമൈക്കയിൽ നിന്നുള്ള ആഫ്രിക്കനാണ്; സ്റ്റാൻഫോർഡ് യൂണിവേഴ്സിറ്റി ഇക്കണോമിക്സ് പ്രൊഫസറായിരുന്ന ഡൊണാൾഡ് ഹാരിസ്. അമ്മ ചെന്നൈയിൽ നിന്നുള്ള ശ്യാമള ഗോപാലൻ. ഇന്ത്യൻ- അമെരിക്കൻ ക്യാൻസർ ഗവേഷകയും മനുഷ്യാവകാശ പ്രവർത്തകയുമായിരുന്നു ശ്യാമള. അഭിഭാഷകയും രാഷ്ട്രീയ നിരീക്ഷകയുമായ മായാ ലക്ഷ്മി കമലയുടെ സഹോദരി. കമല കുട്ടിയായിരിക്കുമ്പോഴേ ഡൊണാൾഡും ശ്യാമളയും വിവാഹമോചനം നേടി. അമ്മയുടെ പരിപൂർണ സംരക്ഷണയിലായിരുന്നു കമല വളർന്നത്.

"ഞാൻ കമല ഹാരിസിനെ തെരഞ്ഞെടുത്തു. ഞങ്ങൾ ഒന്നിച്ച് ട്രംപിനെ തോൽപ്പിക്കാൻ പോവുകയാണ്. അമെരിക്കയെ തിരിച്ചു കൊണ്ടുവരുന്നതിന് എനിക്കു ലഭിക്കുന്ന മികച്ച ടീം അംഗമാണ് കമല ഹാരിസ്"- ബൈഡൻ പ്രഖ്യാപിച്ചു. അമെരിക്കക്കാരെ ഒന്നിപ്പിക്കാൻ ജോ ബൈഡനു കഴിയും. കാരണം ഞങ്ങൾക്കുവേണ്ടി പൊരുതിക്കൊണ്ടിരിക്കുന്ന ജീവിതമാണ് അദ്ദേഹത്തിന്റേത്. നമ്മുടെയെല്ലാം മനസിലുള്ള ആശയങ്ങൾക്കൊത്ത അമെരിക്ക കെട്ടിപ്പടുക്കാൻ അദ്ദേഹത്തിനാവും. വൈസ് പ്രസിഡന്റ് നോമിനിയായി തെരഞ്ഞെടുത്തതിലൂടെ ഞാൻ ആദരിക്കപ്പെട്ടു- കമല പ്രതികരിച്ചു. പ്രത്യേക ചാർട്ടേഡ് വിമാനം അയച്ചാണ് കാലിഫോർണിയയിൽ നിന്ന് കമലയെയും കുടുംബത്തെയും ബൈഡൻ വാഷിങ്ടണിലേക്കു കൊണ്ടുവന്നത്.

കറുത്ത വർഗക്കാരുടെ വോട്ട് ആകർഷിക്കാൻ കമലയുടെ സ്ഥാനാർഥിത്വം ബൈഡനെ സഹായിക്കും. ട്രംപ് അധികാരത്തിലെത്തിയതു മുതൽ യുഎസിലെ സാമ്പത്തിക സാഹചര്യങ്ങൾ വഷളായെന്ന് ബൈഡൻ ക്യാംപ് ചൂണ്ടിക്കാട്ടുന്നു. തൊഴിലാളി കുടുംബങ്ങൾ അവഗണിക്കപ്പെട്ടു, കോർപ്പറേറ്റുകൾ തടിച്ചുകൊഴുത്തു. സമ്പന്നർക്ക് സഹായം നൽകുകയും തൊഴിലെടുക്കുന്നവരെ സഹായിക്കാതിരിക്കുകയും ചെയ്തു ട്രംപ് എന്നാണ് ബൈഡൻ കുറ്റപ്പെടുത്തുന്നത്. രാഷ്ട്രീയ നേട്ടങ്ങൾക്കായി വിവേചനം പ്രോത്സാഹിപ്പിച്ചു. ജനങ്ങളെ ഭിന്നിപ്പിച്ചു. കമലയുടെ സഹായത്തോടെ ഈ അവസ്ഥയെല്ലാം തിരുത്താൻ ബൈഡനാവും- ഡെമൊക്രാറ്റിക് ക്യാംപ് ചൂണ്ടിക്കാട്ടി.

2019 ജനുവരിയിൽ പ്രസിഡന്റ് സ്ഥാനാർഥിയാവാനുള്ള പ്രചാരണം തുടങ്ങിയ കമല ബൈഡനുമായുള്ള മത്സരത്തിൽ വേണ്ടത്ര മുന്നോട്ടുപോയില്ല. വർഷാവസാനത്തോടെ അവർ മത്സരത്തിൽ നിന്നു പിന്മാറി. പ്രൈമറി, പ്രീപ്രൈമറി സീസണിൽ ബൈഡനുമായി നല്ല ബന്ധത്തിലായിരുന്നില്ല കമല. കഴിഞ്ഞവർഷം സിഎൻഎൻ ഡിബേറ്റിൽ ഇരുവരും തമ്മിലുള്ള ഏറ്റുമുട്ടൽ ഏറെ ചർച്ചയായി. എന്നാൽ, ഈ വർഷം ആദ്യത്തോടെ ബൈഡന്റെ സ്ഥാനാർഥിത്വം കമല അംഗീകരിച്ചു. അതോടെ ബൈഡനും കമലയുടെ വൈദഗ്ധ്യത്തെ പ്രകീർത്തിക്കാൻ തുടങ്ങി. ബൈഡന്റെ പ്രചാരണത്തിനു വേണ്ടി കോടിക്കണക്കിനു ഡോളർ ഫണ്ട് സമാഹരിച്ചു കമല.

സാൻഫ്രാൻസിസ്കോയിൽ ഡിസ്ട്രിക്റ്റ് അറ്റോർണിയായ ആദ്യ വനിതയും ആദ്യ ഇന്ത്യൻ അമെരിക്കനുമാണ് കമല. കാലിഫോർണിയയുടെ അറ്റോർണി ജനറലായ ആദ്യ വനിതാ ആഫ്രിക്കൻ- അമെരിക്കനും ഇവരാണ്. സെനറ്റിലെത്തുന്ന ആദ്യ ഇന്ത്യൻ വംശജയും രണ്ടാമത്തെ ആഫ്രിക്കൻ- അമെരിക്കൻ വനിതയുമാണ്. ജുഡീഷ്യറി കമ്മിറ്റി, ഇന്റലിജൻസ് കമ്മിറ്റി, ഹോം ലാൻഡ് സെക്യൂരിറ്റി ആൻഡ് ഗവൺമെന്റ് അഫയേഴ്സ് കമ്മിറ്റി, ബജറ്റ് കമ്മിറ്റി തുടങ്ങി നിരവധി സമിതികളിൽ അംഗമായിട്ടുണ്ട് ഇവർ. വൈസ് പ്രസിഡൻഷ്യൽ ഡിബേറ്റുകളിൽ ഇപ്പോഴത്തെ വൈസ് പ്രസിഡന്റ് മൈക്ക് പെൻസിനെക്കാൾ നന്നായി ശോഭിക്കാൻ കമലയ്ക്കു കഴിയുമെന്നാണു കരുതുന്നത്.

വീണ്ടും അറുപതിനായിരത്തിലേറെ പുതിയ കേസുകൾ

ന്യൂഡൽഹി: ഒരു ദിവസത്തെ ഇടവേളയ്ക്കു ശേഷം രാജ്യത്ത് 24 മണിക്കൂറിനിടെ കൊവിഡ് സ്ഥിരീകരിക്കുന്നവരുടെ എണ്ണം വീണ്ടും 60,000 പിന്നിട്ടു. ഇന്നലെ കേന്ദ്ര ആരോഗ്യ മന്ത്രാലയം പുതുക്കിയ കണക്കിൽ അവസാന 24 മണിക്കൂറിൽ രോഗം കണ്ടെത്തിയത് 60,963 പേർക്ക്. 834 പേർ കൂടി മരിച്ചതോടെ മൊത്തം മരണസംഖ്യ 46,091 ആയിട്ടുണ്ട്. മൊത്തം രോഗബാധിതർ 23,29,638.

16.39 ലക്ഷം പേർ ഇതുവരെ രോഗമുക്തി നേടിയിട്ടുണ്ടെന്നും ആരോഗ്യ മന്ത്രാലയം വ്യക്തമാക്കുന്നു. രാജ്യത്ത് ഇപ്പോൾ കൊവിഡ് ചികിത്സയിലുള്ളത് 6,43,948 പേരാണ്. മൊത്തം കേസുകളുടെ 27.64 ശതമാനം ആക്റ്റിവ് കേസുകളാണ് ഇപ്പോഴുള്ളത്. മരണ നിരക്ക് 1.98 ശതമാനമായി കുറഞ്ഞെന്നും ആരോഗ്യ മന്ത്രാലയം പറയുന്നു. 7.33 ലക്ഷം സാംപിളുകൾ കഴിഞ്ഞദിവസം പരിശോധിച്ചു.

11,088 പുതിയ കേസുകൾ കണ്ടെത്തിയ മഹാരാഷ്ട്രയിൽ രോഗവ്യാപനത്തിനു ശമനമാകുന്നില്ല. 5.35 ലക്ഷത്തിലേറെ രോഗബാധിതരാണ് സംസ്ഥാനത്തുള്ളത്. ഇതിൽ ആക്റ്റിവ് കേസുകൾ 1.48 ലക്ഷത്തിലേറെയാണ്. 256 മരണം കൂടി സംസ്ഥാനത്തു രേഖപ്പെടുത്തി. ഇതോടെ മഹാരാഷ്ട്രയിലെ കൊവിഡ് മരണം 18,306 ആയിട്ടുണ്ട്.

917 പുതിയ കേസുകളും 48 മരണവുമാണ് മുംബൈയിൽ ഇന്നലെയുണ്ടായത്. 1,25,224 രോഗബാധിതരായി രാജ്യത്തിന്റെ സാമ്പത്തിക തലസ്ഥാനത്ത്. 6,893 പേർ മുംബൈയിൽ ഇതുവരെ വൈറസ് ബാധിച്ചു മരിച്ചിട്ടുണ്ട്. 18,887 ആക്റ്റിവ് കേസുകളാണ് മുംബൈയിലുള്ളതെന്ന് സംസ്ഥാന ആരോഗ്യ മന്ത്രാലയം പറയുന്നു.

തമിഴ്നാട്ടിൽ 5,834 പുതിയ കേസുകളും 118 മരണവുമാണ് അവസാന 24 മണിക്കൂറിൽ. മൊത്തം കേസുകൾ 3,08,649. ഇതുവരെയുള്ള കൊവിഡ് മരണം 5,159. രണ്ടര ലക്ഷത്തിലേറെ പേർ രോഗമുക്തരായിട്ടുണ്ട്. 9,024 പുതിയ രോഗബാധിതരെ കണ്ടെത്തി ആന്ധ്രപ്രദേശ്. 87 മരണവും സംസ്ഥാനത്തുണ്ടായി. ആന്ധ്രയിലെ മൊത്തം കേസുകൾ 2.44 ലക്ഷം പിന്നിട്ടു. മരണസംഖ്യ 2,203. ആക്റ്റിവ് കേസുകൾ 87,597.

കർണാടകയിൽ പുതുതായി രോഗം സ്ഥിരീകരിച്ചത് 6,252 പേർക്കാണ്. മൊത്തം കേസുകൾ 1.88 ലക്ഷം. ലക്ഷത്തിലേറെ പേർ രോഗമുക്തരായി. 3,398 പേരാണ് സംസ്ഥാനത്ത് ഇതുവരെ കൊവിഡ് ബാധിച്ചു മരിച്ചത്. അവസാന 24 മണിക്കൂറിൽ ജീവൻ നഷ്ടമായത് 86 പേർക്കാണ്. ഡൽഹിയിൽ 1.47 ലക്ഷത്തിലേറെ മൊത്തം കേസുകളുണ്ട്. ഇതിൽ 1.32 ലക്ഷം പേരും രോഗമുക്തരായി. 4,139 പേർ മരിച്ചു.

ഉത്തർപ്രദേശിലും അയ്യായിരത്തിലേറെ പേർക്ക് 24 മണിക്കൂറിനിടെ രോഗം സ്ഥിരീകരിച്ചു. 5,041 പേർക്കാണ് രോഗബാധ കണ്ടെത്തിയതെന്ന് സംസ്ഥാന ആരോഗ്യ മന്ത്രാലയം. പ്രതിദിന വർധനയിൽ സംസ്ഥാനത്തെ റെക്കോഡാണിത്. മൊത്തം വൈറസ് ബാധിതർ 1.31 ലക്ഷത്തിലേറെയായിട്ടുണ്ട്. 2,176 പേർ ഇതുവരെ മരിച്ചു. 48,998 ആക്റ്റിവ് കേസുകളാണ് സംസ്ഥാനത്തുള്ളത്.

പശ്ചിമ ബംഗാളിൽ മൊത്തം രോഗബാധിതർ ഒരു ലക്ഷം പിന്നിട്ടു. പുതുതായി വൈറസ് സ്ഥിരീകരിച്ചത് 2,931 പേർക്കാണ്. 49 മരണം കൂടിയുണ്ടായി.

ഇതുവരെ ബംഗാളിൽ മരിച്ചത് 2,149 പേർ. ബിഹാറിൽ 86,000ലേറെ വൈറസ്ബാധിതരാണ് ഇതുവരെയുള്ളത്; ഗുജറാത്തിൽ 73,000ൽ ഏറെയും.

ആഹ്ലാദത്തിൽ ഇന്ത്യൻ അമെരിക്കക്കാർ

വാഷിങ്ടൺ: ഇന്ത്യൻ വംശജയായ സെനറ്റർ കമല ഹാരിസിനെ വൈസ്പ്രസിഡന്റ് സ്ഥാനാർഥിയായി പ്രഖ്യാപിച്ച ജോ ബൈഡന്റെ തീരുമാനത്തെ വാഴ്ത്തി ഇന്ത്യൻ- അമെരിക്കൻ ഗ്രൂപ്പുകൾ. അമെരിക്കയിലുള്ള മുഴുവൻ ഇന്ത്യൻ വംശജർക്കും ആഹ്ലാദകരമായ ദിനമാണിതെന്ന് അവർ.

ഇന്ത്യൻ അമെരിക്കക്കാർ ഇപ്പോൾ യുഎസിന്റെ പ്രധാന ഭാഗമായിരിക്കുന്നു. ചെന്നൈയിൽ നിന്നുള്ള ഒരമ്മയുടെ മകൾ യുഎസ് വൈസ് പ്രസിഡന്റ് സ്ഥാനാർഥിയായിരിക്കുന്നു- ഇന്ത്യാസ്പോറ സ്ഥാപകനും പ്രമുഖ ഇന്ത്യൻ- അമെരിക്കനുമായ എം.ആർ. രംഗസ്വാമി പറഞ്ഞു. പ്രചാരണത്തിനായി 10 ദശലക്ഷം ഡോളർ സമാഹരിച്ചു നൽകുമെന്ന് പ്രമുഖ ഇന്ത്യൻ- അമെരിക്കൻ ഗ്രൂപ്പ് 'ഇംപാക്റ്റ്' വ്യക്തമാക്കി. മാറുന്ന അമെരിക്കയുടെ കഥയാണ് കമല ഹാരിസിന്റേതെന്ന് ഇംപാക്റ്റ് എക്സിക്യൂട്ടിവ് ഡയറക്റ്റർ നീൽ മഖിജ. അമെരിക്കയുടെ ഭാവിയും പ്രതീക്ഷയുമായി കമല ഹാരിസ് മാറിയിരിക്കുന്നുവെന്ന് നീൽ.

13 ലക്ഷത്തോളം ഇന്ത്യൻ അമെരിക്കക്കാർ ഈ തെരഞ്ഞെടുപ്പിൽ വോട്ടു ചെയ്യുമെന്നാണു കരുതുന്നത്. ഇതിൽ രണ്ടു ലക്ഷത്തോളം പേർ പെൻസിൽവാനിയയിൽ തന്നെയുണ്ട്. ഒന്നേകാൽ ലക്ഷത്തോളം പേർ മിഷിഗണിലും. രണ്ടിടത്തും ഡെമൊക്രാറ്റുകളുടെ വിജയം ഉറപ്പിക്കാൻ കമലയ്ക്കു കഴിയുമെന്നാണ് ഇംപാക്റ്റ് കരുതുന്നത്. ഡെമൊക്രാറ്റിക് സ്ഥാനാർഥി ഹിലരി ക്ലിന്റൺ പരാജയപ്പെട്ട കഴിഞ്ഞ തവണത്തെ തെരഞ്ഞെടുപ്പിൽ ഇന്ത്യൻ അമെരിക്കൻ വോട്ടു പിടിക്കുന്നതിൽ കമല വിജയിച്ചിരുന്നുവെന്ന് നീൽ മഖിജ ചൂണ്ടിക്കാട്ടി. 77 ശതമാനം ഇന്ത്യൻ അമെരിക്കൻ വോട്ടർമാർ ഹിലരിക്കു വോട്ടു ചെയ്തതായാണ് ചില റിസർച്ച് സ്ഥാപനങ്ങൾ കണക്കാക്കിയത്.

ഇത്തവണ ഡെമൊക്രാറ്റ് പാർട്ടിയുടെ 50 ശതമാനം ഇന്ത്യൻ അമെരിക്കൻ വോട്ടുകൾ ട്രംപ് പക്ഷത്തേക്കു മാറിയിട്ടുണ്ടെന്നാണ് അടുത്തിടെ നടന്ന ചില സർവെകൾ ചൂണ്ടിക്കാണിച്ചത്. കമല ഹാരിസിന്റെ വൈസ് പ്രസിഡന്റ് സ്ഥാനാർഥിത്വത്തിലൂടെ ഇതു തിരിച്ചുപിടിക്കാമെന്നാണു ബൈഡൻ കരുതുന്നത്. ദക്ഷിണ ഏഷ്യൻ വംശജരുടെ മുഴുവൻ പിന്തുണ കമലയ്ക്കു കിട്ടുമെന്നു ചിലർ അഭിപ്രായപ്പെടുന്നുണ്ട്.

കൊവിഡ് വാക്സിൻ: വിദഗ്ധസമിതി യോഗം ചേർന്നു

ന്യൂഡൽഹി: കൊവിഡ് 19 വാക്സിൻ വാങ്ങൽ, വിതരണം, പ്രയോഗം തുടങ്ങി വിവിധ വശങ്ങൾ പരിശോധിക്കാൻ കേന്ദ്ര സർക്കാർ നിയോഗിച്ച വിദഗ്ധ സമിതി യോഗം ചേർന്നു. നീതി ആയോഗ് അംഗം ഡോ. വി.കെ. പോളും ആരോഗ്യ സെക്രട്ടറിയും സംയുക്തമായി അധ്യക്ഷത വഹിക്കുന്ന സമിതിയുടെ ആദ്യ യോഗമാണ് ചേർന്നത്.

ഇന്ത്യയിലും വിദേശത്തും വികസിപ്പിക്കുന്ന വാക്സിനുകൾ രാജ്യത്ത് വാങ്ങുന്നതും വിതരണം ചെയ്യുന്നതും പ്രയോഗത്തിൽ ആർക്കാണു മുൻഗണന നൽകേണ്ടത് എന്നതുമടക്കം വിഷയങ്ങൾ സമിതി പരിഗണിച്ചു. വാക്സിനുമായി ബന്ധപ്പെട്ട നടപടികൾ രാജ്യത്താകെ ഒരേ സംവിധാനത്തിനു കീഴിലായിരിക്കണമെന്നാണു സമിതിയുടെ നിർദേശം. സംസ്ഥാനങ്ങൾ വെവ്വേറെ മാർഗങ്ങളുപയോഗിച്ച് വാക്സിൻ വാങ്ങാൻ പാടില്ല.

വാക്സിൻ വാങ്ങാനുള്ള സാമ്പത്തിക സ്രോതസ്, സുതാര്യമായ വിതരണ സംവിധാനം, തുടർനടപടികൾ, അവയുടെ കൃത്യമായ നിരീക്ഷണം തുടങ്ങിയവയ്ക്കുള്ള തന്ത്രങ്ങൾ ആവിഷ്കരിക്കാനും യോഗം തീരുമാനിച്ചു.

കേന്ദ്രമന്ത്രി ശ്രീപാദ് നായിക്കിന് കൊവിഡ്

ന്യൂഡൽഹി: ആയുഷ് വകുപ്പിന്റെ ചുമതലയുള്ള കേന്ദ്ര സഹമന്ത്രി ശ്രീപാദ് നായിക്കിന് കൊവിഡ് സ്ഥിരീകരിച്ചു. വസതിയിൽ ഐസൊലേഷനിലാണ് അദ്ദേഹം. തനിക്ക് രോഗലക്ഷണങ്ങളൊന്നുമില്ലെന്നും ആരോഗ്യ പ്രശ്നങ്ങളില്ലെന്നും മന്ത്രി ട്വിറ്ററിൽ കുറിച്ചു.

നരേന്ദ്ര മോദി സർക്കാരിൽ കൊവിഡ് സ്ഥിരീകരിക്കുന്ന അഞ്ചാമത്തെ മന്ത്രിയാണ് നായിക്.

ആഭ്യന്തര മന്ത്രി അമിത് ഷാ, പെട്രോളിയം മന്ത്രി ധർമേന്ദ്ര പ്രധാൻ, ജലവിഭവ സഹമന്ത്രി അർജുൻ മേഘ്‌വാൾ, കൃഷി സഹമന്ത്രി കൈലാഷ് ചൗധരി എന്നിവർക്ക് നേരത്തേ കൊവിഡ് സ്ഥിരീകരിച്ചിരുന്നു.

ഛത്തിസ്ഗഡിൽ നാലു നക്സലുകൾ കൊല്ലപ്പെട്ടു

റായ്പുർ: ഛത്തിസ്ഗഡിലെ സുഖ്മ ജില്ലയിൽ രക്ഷാസേനയുമായി ഏറ്റുമുട്ടിയ നാലു നക്സലുകൾ കൊല്ലപ്പെട്ടു. ജാഗർഗുണ്ട പൊലീസ് സ്റ്റേഷൻ പരിധിയിലെ വനത്തിൽ ഇന്നലെ രാവിലെ ഒമ്പതരയോടെയായിരുന്നു സംഭവം. തെരച്ചിലിനിറങ്ങിയ വിവിധ സേനകളുടെ സംഘത്തെ നക്സലുകൾ ആക്രമിക്കുകയായിരുന്നുവെന്ന് പൊലീസ് ഐജി സുന്ദർരാജ് പറഞ്ഞു.

ശക്തമായി നേരിട്ട സേന പരസ്പരമുള്ള വെടിവയ്പ്പിനു ശേഷം സംഭവ സ്ഥലം പരിശോധിച്ചപ്പോഴാണ് നാലു മൃതദേഹങ്ങൾ കണ്ടെത്തിയത്. റൈഫിൾ അടക്കം നിരവധി ആയുധങ്ങൾ സംഭവസ്ഥലത്തു നിന്നു കണ്ടെത്തിയെന്നും പൊലീസ്. ഈ പ്രദേശത്തു തെരച്ചിൽ തുടരുകയാണ്.

MSTC LIMITED
(ഇന്ത്യൻ ഗവൺമെന്റ് അംഗീകൃത സ്ഥാപനം)
ഒന്നാം നില, ഫോറസ്റ്റ് സെൻട്രൽ ലൈബ്രറി ബിൽഡിങ്, കേരള ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്, വഴുതക്കാട്, തിരുവനന്തപുരം 695014, ഫോൺ: 0471-2529137, വെബ്സൈറ്റ്: www.mstcindia.co.in, www.mstcecommerce.com
ഇ-ലേല വിൽപ്പന
കൊച്ചി ഇൻഡസ് ടവേഴ്സിന്റെ പേരിൽ 13-08-2020 തിയതിയിലുള്ള ഇ എ നമ്പർ 9203.
വസ്തുക്കൾ: ഫയർ എക്സ്റ്റിംഗുഷർ, എംസിയൂ, എ ക്ലാസ്, ബി ക്ലാസ് & സി ക്ലാസ് ഡിജി. വിശദാംശങ്ങൾക്ക് ബന്ധപ്പെടുക- ശ്രീ. എസ്.കെ. ഖാൻ, എംഎസ്ടിസി തിരുവനന്തപുരം, ഫോൺ-0471-2529137/ 9742223713

അവറാൻ ഹാജി

തിരൂരങ്ങാടി: കൊടിഞ്ഞി ഫാറൂഖ് നഗർ സ്വദേശി വലിയപീടിയേക്കൽ അവറാൻ ഹാജി (66) അന്തരിച്ചു. ഭാര്യ: പട്ടേരിക്കുന്നത്ത് ഖദീജ. മക്കൾ: അബ്ദു റശീദ് (റിയാദ്), റഫീഖ്, റസിയ, റംല, റഹീന. മരുമക്കൾ: ഗഫൂർ കൊടിഞ്ഞി, അലി കുണ്ടൂർ, അബു മണലിപ്പുഴ,ഫൗസിയ കൊടിഞ്ഞി, മുഹ്സിന പാണ്ടിമുറ്റം.

ഇ.എ ലത്തീഫ്

തലശേരി: മാനന്തവാടിയിലെ ആദ്യകാല വ്യാപാരിയും തലശേരി പുതിയ ബസ് സ്റ്റാന്റിലെ ബ്ലൂസ്റ്റാർ സ്റ്റേഷനറി ഉടമയുമായ പൊന്ന്യം സ്രാമ്പിയിലെ തുഷാരയിൽ ഇ. എ ലത്തീഫ് (64) അന്തരിച്ചു. ഐഎൻഎൽ തലശേരി ടൗൺ യൂണിറ്റ് സെക്രട്ടറി, പൊന്ന്യം സ്രാമ്പി മഹല്ല് കമ്മിറ്റി വൈസ് പ്രസിഡണ്ട്, പൊന്ന്യം സ്രാമ്പി ജീവകാരുണ്യ ട്രസ്റ്റ് ചെയർമാൻ, വ്യാപാരി വ്യവസായി ഏകോപന സമിതി തലശേരി യൂണിറ്റ് എക്സിക്യൂട്ടീവ് അംഗം എന്നീ നിലകളിൽ സേവനമനുഷ്ഠിച്ചു വരികയാണ്. ജീവകാരുണ്യ പ്രവർത്തന രംഗത്ത് നിറസാന്നിധ്യമായ ലത്തീഫ് റോട്ടറി ക്ലബ്ബ് മുൻ പ്രസിഡണ്ടുമായിരുന്നു. പരേതരായ ബി. സി മുഹമ്മദിന്റെയും ഫാത്തിമയുടെയും മകനാണ്. ഭാര്യ: കെ. കെ സലീല. മക്കൾ: ജുനൈദ്, ജുഫൈസ്, ജുഫീറ, ജുഷീറ. മരുമക്കൾ: ഇ. എ നൗഷാദ് (ബ്ലൂസ്റ്റാർ ട്രേഡേഴ്സ്, തലശേരി), എം. നിയാസ്(സെയിൻ വേൾഡ്, തലശേരി), മർസീന, റീഹ. സഹോദരങ്ങൾ: ഇ.എ റസാക്ക് ഹാജി (ട്രഷറർ, പൊന്ന്യം സ്രാമ്പി മഹല്ല് കമ്മിറ്റി), ഇ. എ ഹാരിസ് (ജനറൽ സെക്രട്ടറി, തലശേരി ഫുഡ് ഗ്രയിൻസ് മെർച്ചന്റ്സ് അസോസിയേഷൻ), ഇ .എ സക്കീർ (ബ്ലൂസ്റ്റാർ ട്രേഡേഴ്സ്, തലശേരി), കുഞ്ഞാമി, ആയിഷ, റംല, ലലൈ. ഖബറടക്കം പൊന്ന്യം സ്രാമ്പി ജുമാ മസ്ജിദ് ഖബർസ്ഥാനിൽ നടത്തി.

മറിയം

കിടങ്ങൂർ: കല്ലറയ്ക്കൽ പരേതനായ തോമസിന്റെ ഭാര്യ മറിയം (88) അന്തരിച്ചു. സംസ്കാരം നടത്തി. മക്കൾ: വർഗീസ്, മേരി, എൽസി, ജോയി, ജോണി, മാർട്ടിൻ, സാജു, സജി. മരുമക്കൾ: അൽഫോൺസ, പൗലോസ്, അഗസ്റ്റിൻ, വിൻസി (പഞ്ചായത്തംഗം), ബീന, ഷീന, ജാസ്മിൻ, ജോസ്.

തങ്കപ്പൻ

വൈപ്പിൻ : ചെറായി രാമവർമ്മ യൂണിയൻ ഹൈസ്കൂളിന് സമീപം വേലിക്കകത്ത് വീട്ടിൽ തങ്കപ്പൻ (91) അന്തരിച്ചു. സംസ്കാരം നടത്തി. ഭാര്യ: സൗദാമിനി. മക്കൾ: പ്രേമൻ, അരവിന്ദൻ, രവി, ഉഷ, ജയൻ, ഷീബ. മരുമക്കൾ: ഗിരിജ, ബിന്ദു, കുശല, ശശി, സിന്ധു, സുധീർ.

ഏലിയാമ്മ

കോതമംഗലം: പാലമറ്റം അവരാപ്പാട്ട് ജോളി മാത്യുവിന്റെ ഭാര്യ റിട്ട. അധ്യാപിക ഏലിയാമ്മ (64) അന്തരിച്ചു. സംസ്കാരം ഇന്ന് രാവിലെ 11ന് വെളിയേൽ ചാൽ സെന്റ് ജോസഫ് പള്ളിയിൽ.

അബ്ദുസമദ് ഹാജി

തിരുരങ്ങാടി: ജിഎച്ച്എസ്എസ് റോഡിലെ കുറ്റിയിൽ അബ്ദുസമദ് ഹാജി (58) അന്തരിച്ചു. ഭാര്യ: പറങ്ങോടത്ത് സാജിദ. മക്കൾ: ഫാത്തിമ അസ്ലഹ, ഫാത്തിമസ്വാലിഹ. മരുമകൻ: പി.എം. ഉസ്മാൻ ചെമ്മാട്.

ഫാത്തിമ

തൃക്കാക്കര: കെന്നഡിമുക്ക് തേക്കുംക്കാട്ടു പറമ്പ് പരേതനായ ഹസനൊരുടെ ഭാര്യ ഫാത്തിമ (84) അന്തരിച്ചു. കബറടക്കം നടത്തി. മക്കൾ: ഹംസ, ബഷീർ, പരേതനായ മജീദ്, നാസ്സർ, നൗഷാദ്, ഷെരീഫ നസീമ, സകീന. മരുമകൾ: ജമീല, നസീമ, റഹീമ, റഷീദ, പരേതനായ അബൂബക്കർ, നാസ്സർ, ഷംസുദീൻ.

ടി.എൻ. പരമേശ്വരൻ നായർ

പൊൻകുന്നം: പൊൻകുന്നം കെവിഎൽപി എസ്കൂളിലെ റിട്ട.പ്രഥമാധ്യാപകൻ ചിറക്കടവ് സെന്റർ ശങ്കരൻകുന്നേൽ ടി.എൻ. പരമേശ്വരൻ നായർ (84) അന്തരിച്ചു. ഭാര്യ: പരേതയായ ചന്ദ്രമതിയമ്മ. മക്കൾ: പി.ജയകുമാർ(ഇംഗ്ലീഷ് ഇന്ത്യൻ ക്ലേയ്സ്, തിരുവനന്തപുരം), പി.അനിൽകുമാർ (കെപിഎംജി, ന്യൂയോർക്ക്, അമേരിക്ക). മരുമക്കൾ: ഡോ. എസ്. സുമ(അധ്യാപിക, എസ്എൻവനിതാ കോളേജ്, കൊല്ലം), പി. രശ്മി (അമേരിക്ക). സംസ്കാരം ഇന്ന് രാവിലെ 11 ന് വീട്ടുവളപ്പിൽ.

നസീർ

ശ്രീമൂലനഗരം: പാച്ചേരി നസീർ (66) അന്തരിച്ചു. ഖബറടക്കം നടത്തി. ഭാര്യ: നസീയ ബീവി. മക്കൾ: നൗഷീറ, ഹസീന, വാഹിദ. മരുമക്കൾ: സഗീർ, അനസ്, മാലിക്ക്.

ഷാജോ

തൃശൂർ: ഒളരിക്കര തട്ടിൽ ഇമ്പാവു ജോസിന്റെ മകൻ ഷാജോ (44) അന്തരിച്ചു. സംസ്കാരം ഇന്ന് രാവിലെ 11 ന് കോട്ടയം കൊല്ലാട് ലിറ്റിൽ ഫ്ളവർ പള്ളിയിൽ. മാതാവ്: സിസിലി. ഭാര്യ: ഷീബ. മക്കൾ: റെഡോൺ, ഷാജോൺ, ഡിയോൺ.

ആലി

വടക്കാഞ്ചേരി: കാഞ്ഞിരക്കോട് ചന്ദനകാട് പാറക്കൽ ആലി (87) അന്തരിച്ചു. കബറടക്കം നടത്തി. ഭാര്യ: പാത്തുകുട്ടി. മക്കൾ: കുഞ്ഞുമുഹമ്മദ്, അബ്ദുള്ള. മരുമക്കൾ : ജമീല, റുക്കിയ.

എം.എൽ ആന്റണി

ചെറുതോണി: സിപിഐ കരിമ്പൻ മുൻ ബ്രാഞ്ച് സെക്രട്ടറി അമ്പലക്കവല മാളിയേക്കൽ എം.എൽ ആന്റണി (72) അന്തരിച്ചു. ഭാര്യ ലൂസി, മക്കൾ സി ജി , സിബി, സിനി, സിജോ.

ജോൺ മർക്കോസ്

കൂത്താട്ടുകുളം: ടൗൺ ചാലമറ്റത്തിൽ ജോൺ മർക്കോസ് (87) അന്തരിച്ചു. സംസ്കാരം ഇന്ന് രാവിലെ 11 30 ന് ടൗൺ തിരുകുടുംബ ദേവാലയത്തിൽ. ഭാര്യ: പരേതയായ ചിന്നമ്മ ജോൺ (കുറവിലങ്ങാട് പാക്കരമ്പേൽ കുടുംബം). മക്കൾ: ടോണി (ബഹ്റൈൻ). സോണിയ (ലെക്ചർ സെന്റ് സേവേറിയോസ് കോളേജ് അലുവ) മരുമക്കൾ: സോനാ (കൊള്ളിക്കുളവിൽ, വെൺമണി, ഇടുക്കി), ജയകൃഷ്ണൻ (എറണാകുളം).

ഗോപാലകൃഷ്ണൻ

തൃക്കൊടിത്താനം: മണികണ്ഠവയൽ പുതുപറമ്പിൽ ഗോപാലകൃഷ്ണൻ (78) അന്തരിച്ചു. ഭാര്യ: സുമ ഗോപാലകൃഷ്ണൻ (സിപിഐഎം കൊടിനാട്ടുംകുന്ന് ബ്രാഞ്ച് അംഗം). മക്കൾ: സുധീഷ്, സുജിത്ത്. മരുമക്കൾ:രാജേശ്വരി, അഞ്ജു. സംസ്കാരം ഇന്ന് രാവിലെ 10 മണിക്ക് വീട്ടുവളപ്പിൽ.

ബേബി

വടക്കാഞ്ചേരി:കോടശ്ശേരി മണ്ണാശ്ശേരി പാപ്പന്റെ മകൻ ബേബി (65) അന്തരിച്ചു. സംസ്കാരം ഇന്ന് ഉച്ചകഴിഞ്ഞ് രണ്ടിന്. ഭാര്യ: തങ്കമ്മ. മക്കൾ: ഫെലിൻ, ജയിൻ. മരുമക്കൾ: സണ്ണി, രമേഷ്.

ത്യാഗരാജൻ

എരുമപ്പെട്ടി: വെള്ളറക്കാട് കൊല്ലംപടി കിഴക്കേപുരയ്ക്കൽ പരേതനായ വേലുവ വൈദ്യരുടെ മകൻ ത്യാഗരാജൻ (62) അന്തരിച്ചു. സംസ്കാരം നടത്തി. അവിവാഹിതനാണ്. മാതാവ്: പരേതയായ പാറുകുട്ടി. സഹോദരങ്ങൾ: ബാലകൃഷ്ണൻ, വാസു.

രവി

വൈപ്പിൻ: പള്ളിപ്പുറം കോവിലകത്തുംകടവ് തണ്ടാശേരി രവി (70) അന്തരിച്ചു. സംസ്കാരം നടത്തി. ഭാര്യ: ഉഷ. മക്കൾ: രജീഷ്, രാജേഷ് (കണ്ണൻ), രജുല. മരുമക്കൾ: അജയകുമാർ, വിജി.

മേരി

നെട്ടൂർ: മുല്ലപ്പറമ്പിൽ ജോസഫിന്റെ ഭാര്യ മേരി (83) അന്തരിച്ചു. സംസ്കാരം നടത്തി. മക്കൾ: ജെസ്സി, ഗിൽ ഡ, ഐഡ, ജാൻസി. മരുമക്കൾ: ചാർളി, സോമരാജൻ, ജോണി, ജോർജ്.

ഭാസ്കരൻ

എരുമേലി: കനകപ്പലം തടത്തിൽ പരേതനായ രാമൻ മകൻ ഭാസ്കരൻ (85) അന്തരിച്ചു. സംസ്കാരം ഇന്നാവിലെ 11ന് വീട്ടുവളപ്പിൽ. ഭാര്യ: മറ്റന്നൂർക്കര തലച്ചിറ കുടുംബാംഗം സാവിത്രി.

പുഷ്കരൻ

മുഹമ്മ: കഞ്ഞിക്കുഴി പഞ്ചായത്ത് 8-ാം വാർഡിൽ കൂട്ടേഴത്ത് പുഷ്കരൻ (60) അന്തരിച്ചു. ഭാര്യ: പ്രീതി. മക്കൾ: പ്രജീഷ, ബിജീഷ. മരുമകൻ: സുകേഷ്.

നന്ദിനി

കായംകുളം: ചിറക്കടവം നടയിൽ പടീറ്റതിൽ പരേതനായ ദാമോദരന്റെ ഭാര്യ നന്ദിനി (88) അന്തരിച്ചു. മക്കൾ: രമണൻ, രഘു, രവി, രമേശൻ, സതീശൻ, രമ, പരേതനായ രുദ്രൻ. മരുമക്കൾ: സുജാത, സരോജം, രാധാമണി, ഷീജ, വിനീത, പരേതനായ ശശിധരൻ.

രവീന്ദ്രൻ

കൊടുങ്ങല്ലൂർ: ആദ്യകാല സിപിഐ പ്രവർത്തകനും കിഴക്കുംപുറം മരണാനന്തര സഹായ സംഘത്തിന്റെ സ്ഥാപകരിൽ ഒരാളുമായ പുല്ലൂറ്റ്കൊല്ലം പറമ്പിൽ രവീന്ദ്രൻ (81) അന്തരിച്ചു. ഭാര്യ: ഇന്ദിര. മക്കൾ: വിനി (എൽഐസി), രേഷ്മ, പ്രമീള, ബിനോയ് (അസി: ഗാരിസൺ എഞ്ചിനീയർ, മിലിറ്ററി). മരുമക്കൾ: ശ്രീകുമാർ (കാനറാ ബാങ്ക്), അനിൽ (ബിസിനസ്), സത്യപാലൻ (ബിസിനസ്), രാഗി (സീനിയർ സെക്ഷൻ എഞ്ചിനീയർ സതേൺ റെയിൽവെ). സംസ്കാരം നടത്തി.

കരുണാകരൻ

കരുനാഗപ്പള്ളി: പന്മന മനയിൽ നരീഞ്ചൽ വടക്കതിൽ കരുണാകരൻ (85) അന്തരിച്ചു.ഭാര്യ: പരേതയായ സരസ്വതി. മക്കൾ: മലമ്മ, അംബി. മരുമക്കൾ: ഗംഗാധരൻ, വേണുഗോപാൽ.

അപ്പുക്കുട്ടൻ പിള്ള

തിരുവനന്തപുരം: കൊട്ടാരക്കര പവിത്രേശ്വരം മാറനാട്തടവിള വീട്ടിൽ അപ്പുകുട്ടൻ പിള്ള (82) അന്തരിച്ചു. റിട്ടയേർഡ് സ്കൂൾ ഹെഡ് മാസ്റ്റർ ആയിരുന്നു. മക്കൾ. പ്രശാന്ത് കുമാർ (കോൺസ്യൂമർഫെഡ്), പദ്മകുമാർ (ഏഷ്യാനെറ്റ് ന്യൂസ് സീനിയർ ലൈബ്രേറിയൻ). മരുമക്കൾ: അദിത (എസ്ബിഐ), കവിത. സംസ്കാരം ഇന്ന് വൈകിട്ട് 4 മണിക്ക്.

ലത

വടക്കാഞ്ചേരി: എങ്കക്കാട് പാറയിൽ വീട്ടിൽ രാജ്കുമാറിന്റെ ഭാര്യ: ലത (52) അന്തരിച്ചു. സംസ്ക്കാരം നടത്തി.

മറിയാമ്മ

കുന്നംകുളം: പഴഞ്ഞി ജെറുശലേം നെയ്യൻ വീട്ടിൽ പരേതനായ ജോർജിന്റെ ഭാര്യ മറിയാമ്മ (68) അന്തരിച്ചു. മക്കൾ: ബിജു, മിനി. മരുമക്കൾ: ഗീവർ, ജോഫിയ. സംസ്കാരം ഇന്ന് 11ന് പഴഞ്ഞി സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രൽ സെമിത്തേരിയിൽ.

ചന്ദ്രൻ

അരിമ്പൂർ: കൈപ്പിള്ളി പൂവ്വത്തിങ്കൽ ചന്ദ്രൻ (74) അന്തരിച്ചു. സംസ്കാരം ഇന്ന് രാവിലെ 10 ന് മണലൂർ പഞ്ചായത്ത് ശ്മശാനത്തിൽ. ഭാര്യ: കാർത്ത്യായനി. മക്കൾ: ദിലീപ്, പ്രീത, സുധീർ. മരുമക്കൾ: നിഷ, സജി, സരിത.

കുട്ടൻ

ചാഴൂർ: മത്തിക്കാട്ടിൽ കുട്ടൻ (85) അന്തരിച്ചു. സംസ്കാരം നടത്തി. ഭാര്യ: അമ്മിണി. മക്കൾ: ശോഭന, ഷീബ. മരുമക്കൾ: രവി, കുട്ടൻ.

പത്മിനി

വൈപ്പിൻ: അയ്യമ്പിള്ളി കൊളവേലി വീട്ടിൽ പത്മിനി(94) അന്തരിച്ചു. മക്കൾ: മോഹനൻ, ഷൈല, ഷാജി,സലി. മരുമക്കൾ: കാഞ്ചന, ചിൻമയൻ, ജിജി, സുമ.

സി.കെ മറിയാമ്മ ടീച്ചർ

പിറവം: തൊട്ടൂർ: കാഞ്ഞിരത്തിങ്കൽ പരേതനായ ഇട്ടൂപ്പ് സാറിന്റെ ഭാര്യ സി.കെ മറിയാമ്മ ടീച്ചർ(95) റിട്ട. ഹെഡ് മിസ്ട്രസ്സ്ഗവ. എൽ.പി. എസ് കളമ്പൂർ അന്തരിച്ചു. സംസ്കാരം ഇന്നു 3നു മാങ്ങിടപ്പള്ളി സെന്റ് തോമസ് ക്നാനായ കത്തോലിക്ക പള്ളിയിൽ. മക്കൾ: ഡെയ്സി സണ്ണി, തോമസ്.കെ. ഇട്ടൂപ്പ്, ബാബു .കെ. ഇട്ടൂപ്പ്, അബി.കെ. ഇട്ടൂപ്പ്. മരുമക്കൾ: സണ്ണി മംഗലത്ത് മോനിപ്പള്ളി, ആലിസ്, പ്രമീള, ഷെയ്സി.

ആന്റണി മൈക്കിൾ

മുഹമ്മ: മാരാരിക്കുളം വടക്ക് പഞ്ചായത്ത് 14-ാം വാർഡ് കാനാശ്ശേരിൽ ആന്റണി മൈക്കിൾ (66) അന്തരിച്ചു. ഭാര്യ: സബീന. മക്കൾ: സിന്ധു, സീമ, സീന, സിനു. മരുമക്കൾ: സിജു, പ്രദീപ്, ജോമി.

വി.കൃഷ്ണകുറുപ്പ്

കായംകുളം: രാമപുരം കോലടത്ത് കിഴക്കതിൽ ശ്രീഭവനത്തിൽ റിട്ട. പോസ്റ്റ് മാസ്റ്റർ വി.കൃഷ്ണകുറുപ്പ് (93) അന്തരിച്ചു. ഭാര്യ: കൃഷ്ണമ്മ. മക്കൾ: ജയ, ഉഷ, ശ്രീകുമാർ. മരുമക്കൾ: വി.ശശിധരൻ നായർ, കെ.കെ. ബാലൻ പിള്ള, മിനി ഗോപൻ.

വി.ആർ. ഉണ്ണിക്കൃഷ്ണൻ

തൃപ്പൂണിത്തുറ: ബിജെപിയുടെ കേരളത്തിലെ ആദ്യത്തെ മുനിസിപ്പൽ കൗൺസിലർ എരൂർ മഠത്തിൽ ഓളത്ത് വി. ആർ. ഉണ്ണിക്കൃഷ്ണൻ (70) അന്തരിച്ചു. സംസ്കാരം ഇന്ന് രാവിലെ. ഭാര്യ: ഉമാദേവി. മക്കൾ: ഊർമിള, ഉല്ലാസ്, ഉമേഷ്. മരുമക്കൾ: അരുൺ, അർച്ചന, ശ്രീലക്ഷ്മി. 1980 ൽ ബിജെപി രൂപീകരിച്ച ശേഷം 82ൽ ആയിരുന്നു ആദ്യത്തെ തദ്ദേശ തരഞ്ഞെടുപ്പ്. മുനിസിപ്പാലിറ്റിയിലേക്ക് താമര ചിഹ്നത്തിൽ മൽസരിച്ച് ആദ്യമായി വിജയിച്ച സ്ഥാനത്തിന് ഉടമയാണ് ഉണ്ണികൃഷ്ണൻ. ഇതിനുശേഷമാണ് ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽ മുനിസിപ്പൽ തെരഞ്ഞെടുപ്പ് നടന്നത്. ആർഎസ്എസിന്റെ കൊല്ലം ജില്ലയിലെ രണ്ട് താലൂക്കിലും ആലപ്പുഴ ജില്ലയിലെ രണ്ട് താലൂക്കിലെയും പ്രചാരക് ആയിരുന്നു ഉണ്ണികൃഷ്ണൻ.

സത്യൻ

തൃശൂർ: പ്രമുഖ വ്യവസായിയും ദേവകി ഡയറി ഉടമയും സാംസ്കാരിക പ്രവർത്തകനുമായ ചടിഞ്ഞാറേ ചിറ റോഡിൽ കൃഷ്ണപ്രി വീട്ടിൽ അരങ്ങത്ത് സത്യൻ(59) അന്തരിച്ചു. ഭാര്യ; വിജയ എസ്.മേനോൻ. മകൻ: ശ്യാം പി. മേനോൻ. അച്ഛൻ: പരേതനായ ദേവദാസ് മേനോൻ. അമ്മ: അരങ്ങത്ത് സുലോചന. സഹോദരിമാർ: സതി, ശാന്ത, സുധ. സംസ്കാരം ഇന്ന് രാവിലെ 9ന് പാറമേക്കാവ് ശാന്തിഘട്ടിൽ.

അച്യുതൻ

മലപ്പുറം: പുഴങ്കടവത്ത് അച്യുതൻ (76) അന്തരിച്ചു. ഭാര്യ: പരേതയായ പുഷ്പലത. മക്കൾ: പ്രീത, ബീത, ജിത, നിത. മരുമക്കൾ: അജി (കോഴിക്കോട്), പ്രശോഭ് (കോഴിക്കോട്), സന്തോഷ്(കൽപ്പറ്റ), രാധാകൃഷ്ണൻ (മങ്കട). സഹോദരങ്ങൾ: പുഴങ്കടവത്ത് രാമൻ (പ്രശാന്ത് ഹോട്ടൽ, മലപ്പുറം), സരോജിനി, പരേതരായ കൃഷ്ണൻ മാസ്റ്റർ, അപ്പുകുട്ടൻ, വാസു, ദേവകി.

ഷാജി

കാഞ്ഞിരപ്പള്ളി: പാറക്കടവ് ജുമാ മസ്ജിദ് ലെയ്നിൽ തൈപറമ്പിൽ ഷാജി (53) അന്തരിച്ചു. കബറടക്കം നടത്തി. ഭാര്യ: മുംതാസ്. മക്കൾ: ഷാലു, ഷാഹിദ്, സുറുമി. മരുമക്കൾ: ഹാരിസ്, സൂഫിയ.

ജോൺസൺ

കരുനാഗപ്പള്ളി : ചവറ പുതുമംഗലത്ത് ജെ.ജോൺസൺ (77-റിട്ടേർഡ് എംപ്ലോയിമെന്റ് ഓഫീസർ) അന്തരിച്ചു. ഭാര്യ: എലിസബത്ത്. മക്കൾ: ജയൻ ജോണി (പഞ്ചായത്ത് സെക്രട്ടറി, ഏലപ്പാറ) അഡ്വ: ജോയി ജോൺസൺ, ഹൈസിന്ത് മേരി, സൂസി മേരി. മരുമക്കൾ: മിനി ജയൻ, സിബി ജോയി, അഡ്വ: ബൻ ജോസഫ്,ബിജു ദാസൻ.

ഭാർഗവി

മുഹമ്മ: മുഹമ്മ തുരുത്തൻകവല വല്ലാരിമംഗലം നികർത്തിൽ പരേതനായ രാമകൃഷ്ണന്റെ ഭാര്യ ഭാർഗവി (93) അന്തരിച്ചു. സംസ്ക്കാരം ഇന്നു രാവിലെ 10 ന്. മക്കൾ: ഓമന, ചന്ദ്രപ്പൻ, പ്രസാദ് (ചേർത്തല ട്രാഫിക് സ്റ്റേഷൻ). മരുമക്കൾ: ഷീലമ്മ, മഹിളാമണി, പരേതനായ സദാനന്ദൻ.

തങ്കമ്മ

കൂത്താട്ടുകുളം: ഇടയാർ കുടിലിൽ പരേതനായ കുട്ടന്റെ ഭാര്യ തങ്കമ്മ (72) അന്തരിച്ചു. സംസ്കാരം ഇന്ന് രാവിലെ 11ന് വീട്ടുവളപ്പിൽ. മക്കൾ: സിജി, സുനി. മരുമക്കൾ: നിഷ, കെ.ആർ. ലാൽ.

പഞ്ചമി

കായംകുളം: കണ്ടല്ലൂർ തെക്ക് കുളങ്ങരശേരിൽ പുതുവലിൽ പരേതനായ തങ്കപ്പന്റെ ഭാര്യ പഞ്ചമി (85) അന്തരിച്ചു. സംസ്കാരം നടത്തി. മക്കൾ: ശാന്തമ്മ, രാധാകൃഷ്ണൻ, രാധാമണി. മരുമക്കൾ: എം. മഹേന്ദ്രൻ (സിപിഐ(എം) കായംകുളം ഏരിയാ കമ്മിയംഗം), ശോഭ, സുധാകരൻ.

മോഹനൻ ചെട്ടിയാർ

കുമരകം: കുഴീത്തറ വീട്ടിൽ മോഹനൻ ചെട്ടിയാർ (68) അന്തരിച്ചു. ഭാര്യ: ഇന്ദിര മാടപ്പാട്ട് അറയ്ക്കൽ കുടുംബാംഗം. മക്കൾ: ശ്രീലക്ഷ്മി (കുമരകം ഗവ.ഹയർ സെക്കണ്ടറി), ശ്രീപ്രിയ. മരുമക്കൾ: ശ്രീജിത്ത് (മാടപ്പാട്ട്) , അൻസൽ (കഴക്കൂട്ടം). സംസ്കാരം നടത്തി.

ലൂസി

ചാലക്കുടി: പോട്ട അലവി സെന്റർ മേനാച്ചേരി ജോസ് ഭാര്യ ലൂസി (62) അന്തരിച്ചു. സംസ്കാരം ഇന്ന് രാവിലെ 10.30ന് ചൗക്ക സെന്റ്മേരീസ് പള്ളി സെമിത്തേരിയിൽ. മക്കൾ: സെസ്സി, സീമ, സിജോ, ലിജോ. മരുമക്കൾ: ജോയ്, പോൾ, ബിനു, സ്മന്യ.

ഏലിയാമ്മ

കോതമംഗലം: പാലമറ്റം അവരാപ്പാട്ട് ജോളി മാത്യുവിന്റെ ഭാര്യ റിട്ട. അധ്യാപിക ഏലിയാമ്മ (ബേബി ജോളി ടീച്ചർ- 64) അന്തരിച്ചു. സംസ്കാരം ഇന്ന് രാവിലെ 11ന് വെളിയേൽച്ചാൽ സെന്റ് ജോസഫ് പള്ളിയിൽ. പരേത കോഴിക്കോട് പുല്ലൂരാംപാറ മടപ്പിള്ളിൽ കുടുംബാംഗമാണ്. മക്കൾ: ജോയ് (അയർലന്റ്), ഉദിഷ , പരേതനായ ഉദിത്. മരുമകൻ: ആന്റോ കൂവള്ളൂർ .

ശശീന്ദ്രൻ

പേരാമ്പ്ര: റിട്ട. പൊലീസ് സബ് ഇൻപെക്ടർ മുയിപ്പോത്ത് അരയമ്മാക്കൂൽ ശശീന്ദ്രൻ (62) അന്തരിച്ചു. ഭാര്യ: വസന്ത. മക്കൾ: ശരത്ത്, ശ്യാംജിത്ത്, ശ്യാംലാൽ. മരുമക്കൾ: ശ്രുതി, മന്യ.

രാജഗോപാലൻ നായർ

പറമ്പിൽക്കടവ്: കക്കാട് തട്ടാലത്ത് രാജഗോപാലൻ നായർ (82-എക്സ് സർവീസ്മാൻ) അന്തരിച്ചു. പരേതരായ നമ്പന്നൂർ അഴകിൽ അനന്തൻ നായരുടെയും തട്ടാലത്ത് സുമതിയമ്മയുടെയും മകനാണ്. ഭാര്യ: മാനികുറ്റിയാടത്ത് സരോജിനി അമ്മ. മക്കൾ: സന്തോഷ്കുമാർ, സംഗീത, രാജശ്രീ, പരേതയായ രമ്യശ്രീ. മരുമക്കൾ: പ്രസന്നൻ എ, പ്രവീൺകുമാർ കെ, സുധീർകുമാർ, രാജശ്രീ.

കെ.സി. ബാബു

മരട്: ഇടക്കൊച്ചി കിട്ടുത്തറ നികർത്തിൽ വീട്ടിൽ കെ.സി. ബാബു (ഓറിയന്റ് ഇൻഷുറൻസ്) അന്തരിച്ചു. സംസ്ക്കാരം നടത്തി. ഭാര്യ: സീന. മക്കൾ: നിഖിൽ ബാബു, അഖിൽ ബാബു, അനീഷ് ബാബു മരുമകൾ : ഭൈമിനിഖിൽ.

റെസി റോസ് ജോസഫ്

അഞ്ചിരി: ചിങ്ങം തോട്ടത്തിൽ ജിബിൻ ജോസഫിന്റെ ഭാര്യ റെസി റോസ് ജോസഫ് (32) അന്തരിച്ചു. സംസ്കാരം നാളെ രാവിലെ 10 ന് തെക്കുംഭാഗം സെന്റ് ജോർജ് കല്ലാനിക്കൽ പള്ളിയിൽ. ചെത്തിപ്പുഴ വടക്കേക്കര നമ്പി മഠം പരേതനായ ജോസഫിന്റെയും ലില്ലിയുടെയും മകളാണ്. മക്കൾ: നോഹ് ജിബിൻ, ക്രിസ്റ്റി ജിബിൻ. സഹോദരൻ: ടറൈസ്.

അബ്ദുൽ ഹക്കീം

മഞ്ചേരി: പട്ടർകുളം പരേതനായ അത്തിമണ്ണിൽ അബ്ദുള്ളയുടെ മകൻ അബ്ദുൽ ഹക്കീം (29) അന്തരിച്ചു. മാതാവ് : ആമിന. സഹോദരങ്ങൾ : മുഹ്സിൻ, അബ്ദുൽ ഷുക്കൂർ, അക്ബറലി, നൂർജഹാൻ, ഇർഫാന, ജമീല.

അബുദാബിയിൽ കെട്ടിടത്തിൽ നിന്നു വീണ് യുവാവ് മരിച്ചു

പുന്നയൂർക്കുളം: അബുദാബിയിൽ കെട്ടിടത്തിൽ നിന്നു വീണ് യുവാവ് മരിച്ചു. പുന്നയൂർക്കുളം തൃപ്പറ്റ് വലിയ തറയിൽ പരേതനായ അപ്പുവിന്റെ മകൻ 38 വയസ്സുള്ള സിദ്ധാർഥൻ ആണ് മരിച്ചത്. കഴിഞ്ഞ വെള്ളിയാഴ്ച യായിരുന്നു അപകടം നടന്നത്. പപ്പട കമ്പനി ജീവനക്കാരനായിരുന്നു പരേതൻ. സംസ്കാരം ആറ്റുപുറം നിദ്രാലയത്തിൽ നടത്തി. മീനാക്ഷിയാണ് മാതാവ്, സിനിയാണ് ഭാര്യ. ശ്രേയസ് മകനുമാണ്.

എടവണ്ണ സ്വദേശി സൗദിയിൽ കൊവിഡ് ബാധിച്ചു മരിച്ചു

മഞ്ചേരി: എടവണ്ണ സ്വദേശി സൗദി അറേബ്യയിലെ ബുറൈദയിൽ കൊവിഡ് ബാധിച്ച് മരിച്ചു. പടിഞ്ഞാറെ ചാത്തല്ലൂർ തേലേരി ബീരാൻ കുട്ടി(55) യാണ് മരിച്ചത്. കൊവിഡ് പോസിറ്റീവ് റിപ്പോർട്ട് ചെയ്യപ്പെട്ടതിനാൽ മൂന്നാഴ്ചയിലധികമായി ബുറൈദ സെൻട്രൽ ഹോസ്പിറ്റലിൽ ചികിത്സയിലായിരുന്നു. കടുത്ത ആസ്മ രോഗവും പ്രമേഹവും അനുഭവപ്പെട്ടിരുന്നു. ഇദ്ദേഹത്തോടൊപ്പം കൊവിഡ് ബാധിച്ച ഭാര്യയുടെ ചികിത്സ തുടരുകയാണ്. കഴിഞ്ഞ മുപ്പത് വർഷമായി പ്രവാസ ജീവിതം തുടരുന്ന ബീരാൻ കുട്ടി അൽവതനിയ കമ്പനിയിൽ അലൂമിനിയം കാർപ്പന്റർ സെക്ഷനിൽ സൂപ്പർവൈസറായിരുന്നു. ബുറൈദ ജാലിയാത്തിന്റെയും കെഎംസിസിയുടെയും പ്രവർത്തനങ്ങളിലെല്ലാം സജീവ സാന്നിധ്യമായിരുന്ന ഇദ്ദേഹം ഒതായി ചാത്തല്ലൂർ വെൽഫെയർ കമ്മിറ്റിയുടെ മുൻ സെക്രട്ടറി കൂടിയാണ്. ഭാര്യ: സുലൈഖ. മക്കൾ: ഷാഫി, ഷമീർ, സഫീന ജാസ്മിൻ. മരുമക്കൾ: റൗഫ് (സൗദി), സഫി പാവണ്ണ മൃതദേഹം ബുറൈദ സെൻട്രൽ ഹോസ്പിറ്റൽ മോർച്ചറിയിൽ.

ക്യാമ്പിൽ കുഴഞ്ഞുവീണ് യുവാവ് മരിച്ചു

അമ്പലപ്പുഴ: വെള്ളപ്പൊക്ക ദുരിതാശ്വാസ ക്യാമ്പിൽ ആഹാരം പാകം ചെയ്യുന്നതിനിടെ യുവാവ് കുഴഞ്ഞു വീണ് മരിച്ചു. തകഴി പഞ്ചായത്ത് എട്ടാം വാർഡിൽ ചെക്കിടിക്കാട് പടിഞ്ഞാറ് വഴപ്പറമ്പിൽ കുഞ്ഞുമോൻ ചാക്കോ (47) ആണ് മരിച്ചത്. ഇന്നലെ ഉച്ചയ്ക്ക് ചെക്കിടിക്കാട് ചെത്തിക്കളത്തിൽ പാലത്തിൽ നടക്കുന്ന ക്യാമ്പിൽ ആഹാരം പാകം ചെയ്യുമ്പോഴാണ് സംഭവം. കുഞ്ഞുമോനെ ആശുപത്രിയിൽ എത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാൻ കഴിഞ്ഞില്ല. മൃതദേഹം എടത്വാ സ്വകാര്യ മോർച്ചറിയിൽ. സംസ്കാരം പിന്നീട്. ഭാര്യ: ഷീജ (പുന്നപ്ര). മക്കൾ: എലിസബത്ത്, ഫ്രാൻസിസ്, ജോസഫ്.

എൽഎൽബി: ഒരു സീറ്റു പോലും കുറയില്ല

തിരുവനന്തപുരം: ഈ വർഷത്തെ ത്രിവൽസര, പഞ്ചവൽസര എൽഎൽബി കോഴ്സുകളിലേക്ക് ഒരു സീറ്റു പോലും കുറയില്ലെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.

60 വിദ്യാർത്ഥകളടങ്ങിയ ബാച്ചിനു മാത്രമേ അംഗീകാരം നൽകുകയുള്ളൂ എന്ന് ബാർ കൗൺസിൽ ഓഫ് ഇന്ത്യ അറയിച്ചിരിക്കുകയാണ്. ഇതു പ്രകാരം സംസ്ഥാനത്തെ നാല് സർക്കാർ ലോ കോളേജുകളിലായി 240 സീറ്റുകൾ നഷ്ടപ്പെടും. ഈ സാഹചര്യത്തിൽ നഷ്ടപ്പെടുന്ന സീറ്റുകൾ മുഴുവൻ അഡീഷണൽ ബാച്ചുകൾ തുടങ്ങി നികത്താൻ സർക്കാർ തീരുമാനിച്ചു. ഫലത്തിൽ ഒരു സീറ്റുപോലും കുറയില്ലെന്ന് മാത്രമല്ല കൂടുകയാണ് ചെയ്യുക.

അടുത്ത അക്കാദമിക വർഷം 'സീറോ അക്കാഡമിക് വർഷം' ആക്കണമെന്ന ചർച്ച ദേശീയതലത്തിൽ ഉയർന്നുവരുന്നുണ്ട്. അധ്യയനവും പരീക്ഷയും ഒഴിവാക്കുന്ന രീതിയാണ് 'സീറോ അക്കാദമിക് വർഷം' എന്ന് ഉദ്ദേശിക്കുന്നത്. യുജിസി ഇത് സംബന്ധിച്ച് അന്തിമ തീരുമാനം എടുത്തിട്ടില്ല.

സംസ്ഥാനത്തെ മിക്ക സർവകലാശാലകളിലും കോളെജുകളിലും കഴിഞ്ഞ സെമെസ്റ്ററുകളുടെ അവസാന ഭാഗങ്ങൾ ഓൺലൈൻ വഴിയാണ് പൂർത്തിയാക്കിയത്. എല്ലാ വിദ്യാർഥികളിലും ഓൺലൈൻ പഠനം എത്തിക്കാനുള്ള ശ്രമങ്ങൾ പുരോഗമിക്കുന്നുണ്ട്. സാമൂഹ്യ അകലം പാലിച്ചു സാധാരണ രീതിയിൽ ക്ലാകൾ ഉടനെ തുടങ്ങാവുന്ന സാഹചര്യം സംജാതമായിട്ടില്ല. ഷിഫ്റ്റ് അടിസ്ഥാനത്തിൽ ക്ലാസുകൾ ആരംഭിക്കാമെന്ന നിർദേശം വന്നിട്ടുണ്ട്. ഓൺലൈൻ രീതികളും തുടരേണ്ടിവരും. സുരക്ഷയ്ക്കാണ് പ്രഥമ പരിഗണന.

എല്ലാ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഓൺലൈൻ ക്ലാസുകൾ റഗുലർ ക്ലാസുകൾ പോലെ ടൈം ടേബിൾ അനുസരിച്ചാണ് നടത്തുന്നത്. അധ്യാപകർ ക്ലാസെടുക്കുന്നുണ്ടെന്ന് കോളെജ് വിദ്യാഭ്യാസ ഡയറക്റ്റർ ഉറപ്പുവരുത്തും.

ഓണച്ചന്തകൾ 21 മുതൽ, സൗജന്യ ഓണക്കിറ്റ് 13 മുതൽ

തിരുവനന്തപുരം: സംസ്ഥാനത്തെ ഓണച്ചന്തകൾ എല്ലാ ജില്ലാ കേന്ദ്രങ്ങളിലും 21 മുതൽ 10 ദിവസത്തേക്കു നടത്തുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. 88 ലക്ഷത്തോളം വരുന്ന റേഷൻ കാർഡ് ഉടമകൾക്ക് 500 രൂപ വിലവരുന്ന 11 ഇനം പലവ്യഞ്ജനങ്ങൾ ഉൾപ്പെടുന്ന ഓണക്കിറ്റ് വ്യാഴാഴ്ച വിതരണം ചെയ്തു തുടങ്ങുമെന്നും മുഖ്യമന്ത്രി അറിയിച്ചു.

ആദ്യഘട്ടത്തിൽ ഓണക്കിറ്റ് വിതരണം അന്ത്യോദയ വിഭാഗത്തിൽപെട്ട 5.95 ലക്ഷം കുടുംബങ്ങൾക്കാണ്. പിന്നീട് 31 ലക്ഷം മുൻഗണനാ കാർഡുകൾക്ക്. ആഗസ്റ്റ് 13, 14, 16 തീയതികളിൽ അന്ത്യോദയ വിഭാഗത്തിനുള്ള (മഞ്ഞ കാർഡുകൾക്ക്) വിതരണം ചെയ്യും. തുടർന്ന് 19, 20, 21, 22 തീയതികളിലായി മുൻഗണനാ വിഭാഗങ്ങൾക്കുള്ള (പിങ്ക് കാർഡുകൾക്ക്) കിറ്റുകൾ വിതരണം ചെയ്യും. ഓണത്തിന് മുമ്പായി ശേഷിച്ച 51 ലക്ഷത്തോളമുള്ള കുടുംബങ്ങൾക്കുള്ള (നീല, വെള്ള കാർഡുകൾക്ക്) കിറ്റുകളുടെ വിതരണവും നടക്കും.

റേഷൻ കാർഡുടമകൾ ജൂലൈ മാസത്തിൽ ഏത് കടയിൽ നിന്നാണോ റേഷൻ വാങ്ങിയത് ആ കടയിൽ നിന്നും ഓണക്കിറ്റുകൾ വിതരണം ചെയ്യും.

ബിരുദ കോഴ്സിന് രണ്ടിലധികം അലോട്ട്മെന്റ് ഹൈക്കോടതി തടഞ്ഞു

കൊച്ചി: ബിരുദ കോഴ്സിന് രണ്ടിലധികം അലോട്ട്മെന്റ് നടത്തുന്നത് ഹൈക്കോടതി തടഞ്ഞു. എംജി സർവകലാശാലക്ക് കീഴിലെ കോളെജുകളിലെ അലോട്ട്മെന്റുകളാണ് താത്കാലികമായി തടഞ്ഞത്. അൺഎയ്ഡഡ് കോളെജുകളിലെ 50 ശതമാനം സീറ്റുകളിൽ അലോട്ട്മെന്റിലൂടെ സർവകലാശാല പ്രവേശനം നടത്തുന്നതിനെതിരെ സമർപ്പിച്ച ഹരജിയിലാണ് നടപടി.

ഓൾ കേരള പ്രൈവറ്റ് ആർട്സ് ആൻഡ് സയൻസ് അൺ എയ്ഡഡ് കോളെജ് മാനെജ്മെന്റ് അസോസിയേഷൻ നൽകിയ ഹർജിയിലാണ് ജസ്റ്റിസ് എ. മുഹമ്മദ് മുഷ്താഖിന്റെ ഇടക്കാല ഉത്തരവ്. ഹർജി തീർപ്പാകും വരെ രണ്ടിലധികം അലോട്ട്മെന്റ് അനുവദിക്കരുതെന്ന ആവശ്യം അനുവദിച്ചു.

സഡക് 2 ട്രെയിലറിന് എതിരേ വ്യാപക വിമർശനം

ആലിയ ഭട്ടും സഞ്ജയ് ദത്തും കേന്ദ്ര കഥാപാത്രങ്ങളെ അവതരിപ്പിക്കുന്ന 'സഡക് 2 'എന്ന ചിത്രത്തിന്റെ ട്രെയിലർ കഴിഞ്ഞ ദിവസം പുറത്തിറങ്ങി. സ്വജനപക്ഷപാത വിവാദം നിലനിൽക്കുമ്പോഴാണ് ട്രെയിലർ പുറത്തിറങ്ങുന്നത്. ട്രെയിലർ വിഡിയോയ്ക്ക് എതിരെ വ്യാപകമായ ഡിസ്‌ലൈക് ക്യാംപയിൻ ആരംഭിച്ചിട്ടുണ്ട്. സഡക് 2 റിലീസ് ചെയ്യുന്ന ഡിസ്നിപ്ലസ് ഹോട്സ്റ്റാർ പ്ലാറ്റ്ഫോം അൺ ഇൻസ്റ്റാൾ ചെയ്യണമെന്ന ഹാഷ്ടാഗുകളാണ് സോഷ്യൽ മീഡിയയിൽ പ്രചരിക്കുന്നത്. മഹേഷ് ഭട്ട് സംവിധാനം ചെയ്യുന്ന ചിത്രത്തിൽ സഞ്ജയ് ദത്ത്, ആദിത്യ റോയ് കപൂർ എന്നിവരാണ് മറ്റ് പ്രധാന കഥാപത്രങ്ങളെ അവതരിപ്പിക്കുന്നത്.

സുശാന്ത് സിങ് രജ്പുത്തിന്റെ ആത്മഹത്യയോടെയാണ് സ്വജനപക്ഷപാതത്തെ കുറിച്ചുള്ള വിവാദങ്ങൾ ബോളിവുഡിൽ ഉടലെടുത്തത്. സുശാന്ത് ആരാണെന്ന് അറിയില്ല എന്നു പറയുന്ന ആലിയയുടെ വിഡിയോയും പ്രചരിച്ചതോടെ സുശാന്ത് ആരാധകർ ആലിയയ്ക്ക് നേരെ വിദ്വേഷ പ്രചാരണങ്ങളും ആരംഭിച്ചിരുന്നു

സഡക് 2വിന്റെ ഫസ്റ്റ്‌ലുക്ക് പോസ്റ്റർ എത്തിയപ്പോഴും സുശാന്തിന്റെ ത്യാഗം മറക്കരുതെന്ന കമന്റുകളുമായും പ്രചാരണങ്ങൾ ഉണ്ടായിരുന്നു. മഹേഷ് ഭട്ടും നടിയും സുശാന്തിന്റെ കാമുകിയുമായ റിയ ചക്രബർത്തിയുമായുള്ള ബന്ധവും സോഷ്യൽ മീഡിയയിൽ ചർച്ചയായിരുന്നു. അതിനാൽ ഭട്ട് കുടുംബത്തെ തന്നെ ബോയ്കോട്ട് ചെയ്യണമെന്ന ആഹ്വാനങ്ങളും പ്രചരിക്കുന്നുണ്ട്.

സ്വജനപക്ഷപാതത്തിന്റെ ഉദാഹരണമാണ് സിനിമയെന്നും ചിലർ ചൂണ്ടിക്കാണിക്കുന്നു. മഹേഷ് ഭട്ട് ഒരുക്കുന്ന ചിത്രത്തിൽ മക്കളായ ആലിയയും പൂജയുമാണ് നായികമാർ. സുശാന്തിന് നീതി ലഭിക്കണം, ഹോട്സ്റ്റാർ അൺ ഇൻസ്റ്റാൾ ചെയ്യുക, ആലിയ ഭട്ടിനെ ബോയ്കോട്ട് ചെയ്യുക എന്ന ഹാഷ്ടാഗുകൾ ട്രെൻഡിങാവുകയാണ്.

ഇരുപതു വർഷത്തിന് ശേഷം മഹേഷ് ഭട്ട് സംവിധാനം ചെയ്യുന്ന ചിത്രം കൂടിയാണിത്. സഞ്ജയ് ദത്തും പൂജാഭട്ടും പ്രധാനവേഷങ്ങളിലെത്തി വൻജയം നേടിയ ബോളിവുഡ് റൊമാന്റിക് ത്രില്ലറായിരുന്നു സഡക്. 1991-ൽ മഹേഷ്‌മഹേഷ്‌ ഭട്ടിന്റെ സംവിധാനത്തിൽ പുറത്തിറങ്ങിയ ഈ സിനിമയുടെ രണ്ടാം ഭാഗം സഡക് 2 ഒടിടിയിൽ ഓഗസ്റ്റ് 28-ന് പുറത്തിറങ്ങും.

'വെയിൽ' ട്രെയിലർ വരുന്നു

ഷെയ്ൻ നിഗം നായകനാകുന്ന 'വെയിൽ' ചിത്രത്തിന്റെ ട്രെയിലർ വരുന്നു. ചിങ്ങം ഒന്നിന് ട്രെയിലർ റിലീസ് ചെയ്യുമെന്ന് നിർമാതാവ് ജോബി ജോർജ് ആറിയിച്ചു. ഗുഡ്‌വിൽ എന്റർടെയിൻമെന്റ്സിന്റെ യൂട്യൂബ് ചാനലിലൂടെ ഏഴു മണിക്ക് ട്രെയിലർ റിലീസ് ചെയ്യും. ഷെയിൻ നിഗമിന്റെ നിസഹകരണവുമായി ബന്ധപ്പെട്ട് ഏറെ വിവാദങ്ങളിലൂടെ സഞ്ചരിച്ച ചിത്രമായിരുന്നു വെയിൽ. നിർമ്മാതാവ് ജോബി ജോർജിനെ പരസ്യമായി അപമാനിച്ചതു കാരണം താരത്തിനു പ്രൊഡ്യൂസേഴ്സ് അസോസിയേഷനിൽ നിന്നു വിലക്ക് ഏർപ്പെടുത്തിയിരുന്നു. എന്നാൽ പിന്നീട് അഭിനേതാക്കളുടെ സംഘടനായ അമ്മ ഇടപെട്ട് പ്രശ്നങ്ങൾ രമ്യമായി പരിഹരിക്കുകയായിരുന്നു.

'സ്നേഹിതരെ, നമ്മൾ വല്ലാത്തൊരു കാലഘട്ടത്തിലൂടെ ആണ് കടന്നു പോകുന്നത്.. അതുകൊണ്ട് തന്നെ, നാളെ നാളെ എന്ന് പറഞ്ഞിരിക്കുകയായിരുന്നു.. എന്നാൽ ഏത് സാഹചര്യത്തെയും നമ്മൾ ഫേസ് ചെയ്തേ പറ്റൂ.. ആയതിനാൽ നമ്മളുടെ സിനിമയുടെ ട്രെയിലർ പുറത്ത് വിടുകയാണ്.. കൂടെ വേണം.. നിങ്ങളുടെ മനസിന് കുളിർമയേകുന്ന ഒന്നായിരിക്കും.. കാത്തിരിക്കുക.. സ്നേഹത്തോടെ' എന്നാണ് ജോബി ജോർജ് ഫെയ്സ്ബുക്കിൽ കുറിച്ചിരിക്കുന്നത്.

നവാഗതനായ ശരത് മേനേൻ ആണ് ചിത്രം സംവിധാനം ചെയ്യുന്നത്. സുരാജ് വെഞ്ഞാറമ്മൂടും ചിത്രത്തിൽ കേന്ദ്ര കഥാപാത്രമായി എത്തുന്നുണ്ട്. ഷാസ് മുഹമ്മദ് ഛായാഗ്രഹണവും പ്രദീപ് കുമാർ സംഗീതവും ഒരുക്കിയിരിക്കുന്നു. പ്രവീൺ പ്രഭാകറാണ് എഡിറ്റിംഗും നിർവ്വഹിച്ചിരിക്കുന്നത്.

കിച്ച സുദീപ് നായകനാകുന്ന ഫാന്റസി ത്രില്ലർ

കിച്ച സുധീപ് നായകനായെത്തുന്ന കന്നഡ ചിത്രം ഫാന്റത്തിന്റെ ഫസ്റ്റ്ലുക്ക് പോസ്റ്റർ പുറത്തിറങ്ങി. 'വിക്രാന്ത് റോണ-ദ വേൾഡ് ഓഫ് ഫാന്റം' എന്ന ഹാഷ് ടാഗോടെയാണ് കിച്ച സുധീപ് പോസ്റ്റർ പങ്കുവച്ചത്. ഒരു ഗ്യാങ് ലീഡറുടെ ഗെറ്റപ്പിലാണ് താരം പ്രത്യക്ഷപ്പെട്ടിരിക്കുന്നത്. 'രംഗിതരംഗ' ചിത്രത്തിന് ശേഷം അനൂപ് ഭണ്ഡാരി സംവിധാനം ചെയ്യുന്ന ചിത്രമാണിത്.

നേരത്തെ സുദീപിന്റെ കഥാപാത്രവും ഒരു കൊച്ചു പെൺകുട്ടിയും കാട്ടിലെ അരുവിയിലൂടെ യാത്ര ചെയ്യുന്ന വീഡിയോയും കിച്ച സുധീപ് പുറത്തുവിട്ടിരുന്നു. താരത്തിന്റെ ആരാധകർ കാത്തിരിക്കുന്ന ചിത്രമാണിത്. ഇതൊരു ടീസറല്ല, ഷൂട്ടിങ് ആരംഭിച്ചതിന്റെ ആവേശമാണ് പങ്കുവയ്ക്കുന്നതെന്നും വീഡിയോയിൽ സൂചിപ്പിച്ചിരുന്നു.

ഫാന്റം ഒരു ഫാന്റസി ത്രില്ലർ ചിത്രമാകും എന്നാണ് ഇത് സൂചിപിക്കുന്നത്. 'ഇന്ന് മെയ്ക്കപ്പ് ഇടുന്നത് വല്ലാത്ത ഒരു അനുഭവമായിരുന്നു. എന്റെ പാഷനിൽ നിന്ന് വലിയൊരു ഇടവേളയെടുത്ത പോലെയാണ് എനിക്ക് തോന്നിയത്. സിനിമയെന്ന പാഷൻ. അതുകൊണ്ട് ഞാനിതാ ഇവിടെ വിക്രാന്ത് റോണയായി വീണ്ടും.... ഫാന്റം തുടങ്ങുന്നു' എന്ന കുറിപ്പും വീഡിയോക്കൊപ്പം സുധീപ് പങ്കുവച്ചിരുന്നു.

കഴിഞ്ഞ മാസമാണ് കോവിഡ് മാനദണ്ഡങ്ങൾ അനുസരിച്ച് ഫാന്റത്തിന്റെ ഷൂട്ടിങ് ആരംഭിച്ചത്. ഹൈദരാബാദിലെ സ്റ്റുഡിയോയിലാണ് പ്രൊഡക്ഷൻ വർക്കുകൾ തുടരുന്നത്. ഫാന്റത്തിന് പിന്നാലെ കിച്ചയെ നായകനാക്കി പുതിയ രണ്ട് ചിത്രങ്ങൾ കൂടി അനൂപ് ഭണ്ഡാരി പ്രഖ്യാപിച്ചിട്ടുണ്ട്.

തിരക്കഥയിൽ ചിരഞ്ജീവിക്ക് അതൃപ്തി;

ലൂസിഫർ തെലുങ്ക് പതിപ്പ് വൈകും

മലയാളത്തിൽ സകല കളക്ഷൻ റെക്കോഡുകളും തിരുത്തിയെഴുതിയ ചിത്രമായിരുന്നു ലൂസിഫർ. ചിത്രം മോഹൻലാലിന്റെ കരിയറിലെ ഏറ്റവും വലിയ വിജയമാണ് സമ്മാനിച്ചത്. ലൂസിഫറിന്റെ തെലുങ്ക് റീമേക്കിനുള്ള പകർപ്പാവകാശം തെന്നിന്ത്യൻ താരം ചിരഞ്ജീവി നിർമ്മാതാക്കളിൽ നിന്നും വാങ്ങിയെന്ന വാർത്ത വന്നിട്ട് നാളുകളേറെയായി. നായകനായി ചിരഞ്ജീവി എത്തുമെന്നും ചിത്രം സംവിധാനം ചെയ്യുന്നത് സുജീത് ആയിരിക്കുമെന്നും വാർത്ത വന്നിരുന്നു.

തെലുങ്കു പ്രേക്ഷകർക്ക് അനുസരിച്ച് ചിത്രത്തിന്റെ അണിയറപ്രവർത്തകർ തിരക്കഥയിൽ ചെറിയ മാറ്റങ്ങൾ വരുത്തിയിരുന്നു. എന്നാൽ പുതിയ തിരക്കഥയിൽ ചിരഞ്ജീവി തൃപ്തനല്ല എന്നാണ് അറിയാൻ കഴിയുന്നത്. ഇതു കൊണ്ടു തന്നെയാണ് ചിത്രീകരണം വൈകുന്നതും. എത്രയും പെട്ടെന്നു തർക്കങ്ങൾ പരിഹരിച്ച് ചിത്രീകരണം തുടങ്ങാനാണ് അണിയറപ്രവർത്തകരുടെ തീരുമാനം.

കോനിഡെലാ പ്രൊഡക്ഷൻ കമ്പനിയുടെ ബാനറിൽ രാം ചരണാണ് ചിത്രം നിർമിക്കുന്നത്. പ്രിയദർശിനി രാംദാസിന്റെ റോളിലെത്തുന്നത് സുഹാസിനി മണിരത്നം ആയിരിക്കുമെന്നും വില്ലൻ ബോബിയാകുന്നത് റഹ്മാനാണെന്നും സൂചനയുണ്ട്.

ഗാനാർച്ചനയുമായി യുവസംവിധായകൻ

മലയാളത്തിന്റെ അനശ്വര സംഗീത പ്രതിഭ ജോൺസൺ മാഷിന് ഗാനാർച്ചനയുമായി യുവചലച്ചിത്ര സംവിധായകനും ഗായകനുമായ അക്ഷയ് അജിത്ത്.

മലയാള ചലച്ചിത്ര ശാഖയിലെ എക്കാലത്തെയും സൂപ്പർ ഹിറ്റായ ജോൺസൺ മാഷിന്റെ 'മൗനത്തിൻ ഇടനാഴിയിൽ' എന്ന ഹിറ്റ് ഗാനമാണ് അക്ഷയ് വിഡിയോ ഗാനമായി ജോൺസൺ മാഷിന് പ്രണാമം അർപ്പിച്ച് അവതരിപ്പിച്ചിരിക്കുന്നത്. ഈ മ്യൂസിക്ക് വിഡീയോയിൽ ഗിറ്റാർ സന്തോഷ് ചന്ദ്രൻ, സംഗീതം നിതിൻ .കെ.



ദൃശ്യം 2 സെപ്റ്റംബറിൽ ചിത്രീകരണം ആരംഭിക്കും

ദൃശ്യം 2 സെപ്തംബർ ഏഴിന് ചിത്രീകരണം ആരംഭിക്കും. ജിത്തു ജോസഫിന്റെ ചിത്രം കൊവിഡ് ഭീഷണി ഇല്ലെങ്കിൽ ഡിസംബറിൽ റിലീസ് ചെയ്യും .ജിത്തു മോഹൻലാൽ കൂട്ടുകെട്ടിന്റെ ദൃശ്യം സൂപ്പർ ഹിറ്റായിരുന്നു .നിരവധി ഭാഷകളിൽ ചിത്രം റീമേക് ചെയ്തിരുന്നു. അതേ സമയം മോഹലാലിന്റെ കൊവിഡ് പരിശോധനാ ഫലം നെഗറ്റീവായി .ചെന്നൈയിൽ നിന്നെത്തി താരം .ഓണവുമായി ബന്ധപ്പെട്ട ചില ചാനൽ ഷൂട്ടുകളിലും താരം പങ്കെടുക്കും അതിനു ശേഷം വീണ്ടും ചെന്നൈയിലേക്ക് പോകുമെന്നാണ് വിവരം .

സഞ്ജയ് ദത്തിനു ശ്വാസകോശ അർബുദം

ബോളിവുഡ് താരം സഞ്ജയ് ദത്തിനു ശ്വാസകോശ അർബുദം സ്ഥിരീകരിച്ചു.അർബുദം സ്റ്റേജ് മൂന്നിൽ എത്തിയതായും ചികിത്സയ്ക്കായി അദ്ദേഹം അമേരിക്കയിലേക്ക് പോകുമെന്നുമാണ് റിപ്പോർട്ട്.അദ്യയായാൻ സുമൻ ആണ് ഇക്കാര്യം ടീറ്റ് ചെയ്തത്.സഞ്ജു സാറിന് ശ്വാസകോശ അർബുദമാണെന്ന് കണ്ടെത്തി. പെട്ടന്ന് തന്നെ സുഖം പ്രാപിക്കട്ടെ. ഈ വർഷം എന്താണ് ഇങ്ങനെ എന്നാണ് അദ്ദേഹം ടീറ്റ് ചെയ്തിരിക്കുന്നത് .സിനിമയിൽ നിന്ന് കുറച്ചുകാലം വിട്ടുനിൽക്കുകയാണെന്ന് കഴിഞ്ഞ ദിവസം താരം ടീറ്റ് ചെയ്തിരുന്നു.ചികിത്സയുടെ ഭാഗമായി ജോലിയിൽ നിന്നും ചെറിയ ഇടവേള എടുക്കുകയാണ്. കുടുംബവും സുഹൃത്തുക്കളും എന്നോടൊപ്പമുണ്ട്. അനാവശ്യ ഊഹാപോഹങ്ങൾ കാരണം എന്നെ പിന്തുണക്കുന്നവരാരും പരിഭ്രമിക്കരുത്. നിങ്ങളുടെ സ്നേഹവും അനുഗ്രഹവും ഉണ്ടാകണം. ഞാൻ ഉടൻ തന്നെ തിരിച്ചുവരും'. ഇങ്ങനെയായിരുന്നു സഞ്ജയ് ദത്തിന്റെ ടീറ്റ്.കടുത്ത ശ്വാസതടസവും നെഞ്ചു വേദനയേയും തുടർന്ന് ദത്തിനെ ഓഗസ്റ്റ് എട്ടിന് മുംബൈ ലീലാവതി ആശുപത്രിയിൽ പ്രവേശിപ്പിച്ചിരുന്നു. പിന്നാലെ നടത്തിയ കൊവിഡ് പരിശോധന നടത്തിയിരുന്നുവെങ്കിലും നെഗറ്റീവ് ആയിരുന്നു ഫലം. തിങ്കളാഴ്ച അദ്ദേഹം ആശുപത്രിയിൽ നിന്നും തിരികെ എത്തുകയും വീട്ടിൽ വിശ്രമത്തിലായിരുന്നു .സഡക് 2 ആണ് സഞ്ജയ് ദത്തിന്റെ റിലീസിനൊരുങ്ങുന്ന ഏറ്റവും പുതിയ ചിത്രം.

മഹേഷ് ബാബുവിന്റെ ചലഞ്ച് ഏറ്റെടുത്ത് വിജയ്

ജന്മദിനത്തിൽ തെലുങ്ക് സൂപ്പർതാരം മഹേഷ് ബാബു 'ഗ്രീൻ ഇന്ത്യ ചലഞ്ചിൽ പങ്കെടുക്കുവാൻ ജൂനിയർ എൻ ടി ആർ, വിജയ്, ശ്രുതി ഹാസൻ എന്നിവരെ ക്ഷണിച്ചത് വാർത്തയായിരുന്നു .ഇപ്പോഴിതാ വിജയ് മഹേഷ് ബാബുവിന്റെ ചലഞ്ച് ഏറ്റെടുത്തിരിക്കുകയാണ്.വിജയ് പങ്കുവെച്ച ടീറ്റാണ് തരംഗമായി മാറിയിരിക്കുന്നത്. തന്റെ വീട്ടിൽ വൃക്ഷത്തെ നട്ടാണ് വിജയ് ഈ ഗ്രീൻ ഇന്ത്യ ചലഞ്ചിന്റെ ഭാഗമായിരിക്കുന്നത്. പ്രകൃതിക്കൊപ്പം നിൽക്കുന്ന സന്ദേശമായി കൂടി ഒപ്പം കൂടിയിരിക്കുകയാണ് വിജയ് ആരാധകരും.നല്ല ആരോഗ്യത്തിനും ഇന്ത്യയുടെ പച്ചപ്പിനുമാണ് ഇതെന്നാണ് വിജയ് ചിത്രങ്ങൾ ടിറ്ററിൽ പങ്കുവെച്ചുകൊണ്ട് കുറിച്ചിരിക്കുന്നത്. വിജയ് ചലഞ്ച് ഏറ്റെടുത്ത് വൃക്ഷത്തെ നടുന്ന ചിത്രങ്ങൾ ടീറ്റ് ചെയ്തതിന് പിന്നാലെ നന്ദിയറിയിച്ച് മഹേഷ് ബാബു കമന്റും ചെയ്തു. സുരക്ഷിതനായിരിക്കാനും മഹേഷ് ബാബു ടിറ്ററിൽ കുറിച്ചിട്ടുണ്ട്.വിജയിയുടെ വൻ വലിയ ഹിറ്റുകളായ ഗില്ലിയും, പോക്കിരിയും മഹേഷ് ബാബു ചിത്രങ്ങളിൽ നിന്ന് റീമേക്ക് ചെയ്തവയാണ്.മുൻപ് നടിമാരായ സാമന്തയും അനുപമ പരമേശ്വരനും ഗ്രീൻ ചലഞ്ച് ഏറ്റെടുത്ത് വീടുകളിൽ വൃക്ഷത്തെ നട്ടിരുന്നു

ഓർമകൾ പങ്കുവച്ച് അനൂപ് ശങ്കർ

മലയാളികളുടെ പ്രിയപ്പെട്ട ഗായകനാണ് അനൂപ് ശങ്കർ. നിരവധി സ്റ്റേജ് ഷോകളിലൂടെയും ബാൻഡുകളിലൂടെയും അവിശ്വസനീയമാംവണ്ണം പാടി ആസ്വാദകരെ പുതിയ തലങ്ങളിലെത്തിക്കുന്ന മികച്ച ഗായകൻ. നമ്മുടെ മറ്റ് പല യുവ ഗായകർക്കും ലഭിക്കാത്ത വലിയ ഭാഗ്യം അനൂപിനു ലഭിച്ചിട്ടുണ്ട്. ക്രിക്കറ്റ് ഇതിഹാസം സച്ചിൻ ടെൻഡുൽക്കർ, ബോളിവുഡ് ബിഗ് ബി അമിതാഭ് ബച്ചൻ, മലയാളത്തിന്റെ പ്രിയ താരം മമ്മൂട്ടി, തെലുങ്ക് സൂപ്പർ താരം നാഗാർജുന തുടങ്ങി നിരവധി ഇതിഹാസ താരങ്ങളുടെ മുന്നിൽ പാടുവാനുള്ള അവസരം ലഭിച്ചതാണ് അനൂപിന്റെ വലിയ ഭാഗ്യം.സച്ചിൻ ടെൻഡുൽക്കറും അമിതാഭ് ബച്ചനും ഒന്നിച്ചിരുന്നു തന്റെ പാട്ട് കേട്ടപ്പോൾ അവരെ ബന്ധിപ്പിക്കുന്ന ഒരു കണ്ണി- പ്രശസ്ത ഗായകൻ കിഷോർ കുമാറിന്റെ - ഗാനമാണ് ഞാൻ ആലപിച്ചത്. സച്ചിന്റെ ഇഷ്ട ഗായകനാണ് കിഷോർ കുമാർ. അതുപോലെ ബച്ചനായി കൂടുതൽ ഗാനമാലപിച്ചത് കിഷോർ കുമാറും. രണ്ടു പേർക്കും ഗാനം വളരെയിഷ്ടമായി എന്നു പറഞ്ഞത് മറക്കാനാവാത്ത സംഭവമാണ്.

എലി സാബിയ കരാർ പുതുക്കി

ചെന്നൈ: ചെന്നൈയിൻ ഡിഫൻസിലെ അതിശക്തനായ പോരാളി എലി സാബിയ ക്ലബിൽ കരാർ പുതുക്കി.ഒരു വർഷത്തേക്കാണ് എലൊ സാബിയ ചെന്നൈയിനുമായുള്ള കരാർ പുതുക്കിയത്. അവസാന സീസണിലെ ചെന്നൈയിന്റെ ഫൈനൽ വരെയുള്ള യാത്രയിൽ പ്രധാന പങ്കുവഹിച്ച താരമാണ് എലി സാബിയ. കഴിഞ്ഞ സീസണിൽ 19 മത്സരങ്ങളിൽ ക്ലബിനു വേണ്ടി ഇറങ്ങിയിരുന്നു.ഇതുവരെ മൂന്ന് സീസണുകളിലായി ചെന്നൈയിനു വേണ്ടി 54 മത്സരങ്ങൾ എലി സാബിയ കളിച്ചിട്ടുണ്ട്.

അവസാന രണ്ട് സീസൺ കൂടാതെ 2016ലും എലി സാബിയ ചെന്നൈയിനൊപ്പം ഉണ്ടായിരുന്നു. ബ്രസീൽ സ്വദേശിയായ എലി സാബി ബ്രസീലിലും സൗദിയിലും ഒക്കെയായി നിരവധി ക്ലബുകൾക്കായി കളിച്ചിട്ടുണ്ട്. കഴിഞ്ഞ സീസണിൽ നിന്ന് ഒരുപടി കൂടെ മുന്നേറി ഇത്തവണ ഐ എസ് എൽ കിരീടത്തിൽ എത്തണം എന്നാണ് ആഗ്രഹം എന്ന് കരാർ ഒപ്പുവെച്ച ശേഷം എലി സാബിയ പറഞ്ഞു-

സെവിയ്യ, ഷക്തർ സെമിയിൽ

സെമി ലൈനപ്പ്
മാൻ. യുണൈറ്റഡ്- സെവിയ്യ
ഷക്തർ- ഇന്റർ

വുൾവ്സിനെ പരാജയപ്പെടുത്തിയ സെവിയ്യ താരങ്ങളുടെ ആഹ്ലാദം.

മാഡ്രിഡ്: അഞ്ചു തവണ ചാംപ്യൻമാരായ സ്പാനിഷ് ടീം സെവിയ്യയും യുക്രെയ്നിൽ നിന്നുള്ള ഷക്തർ ഡൊണെസ്കും യൂറോപ്പ ലീഗ് ഫുട്ബോൾ ടൂർണമെന്റിന്റെ സെമി ഫൈനലിലേക്കു മുന്നേറി. ക്വാർട്ടറിൽ ഇംഗ്ലണ്ടിൽ നിന്നുള്ള വോൾഫ്സിനെയാണ് സെവിയ്യ 1-0നു തോൽപ്പിച്ചത്. മറ്റൊരു ക്വാർട്ടറിൽ സ്വിറ്റ്സർലാൻഡ് ടീം എഫ്സി ബാസെലിനെ ഷക്തർ 4-1ന് കെട്ടുകെട്ടിക്കുകയായിരുന്നു. യൂറോപ്പിലെ ഏറ്റവും വലിയ രണ്ടാമത്തെ ക്ലബ്ബ് ചാംപ്യൻഷിപ്പായ യൂറോപ്പ ലീഗിൽ വോൾഫ്സിന്റെ സ്വപ്നതുല്യമായ കുതിപ്പാണ് സെവിയ്യയ്ക്കു മുന്നിൽ അവസാനിച്ചത്. നിശ്ചിത സമയം അവസാനിക്കാൻ രണ്ടു മിനിറ്റ് ബാക്കിയുള്ളപ്പോൾ അർജന്റൈൻ താരം ലൂക്കാസ് ഒക്കാംപോസ് ഹെഡ്ഡറിലൂടെ നേടിയ ഗോൾ സെവിയ്യയ്ക്കു സെമി ബെർത്ത് സമ്മാനിക്കുകയായിരുന്നു.

ഒരു നിർണായക പെനാൽറ്റി നഷ്ടപ്പെടുത്തിയത് വോൾവ്സിന് വലിയ തിരിച്ചടിയായി.മത്സരം മികച്ച രീതിയിൽ തുടങ്ങിയത് വോൾവ്സ് ആയിരുന്നു. 12-ാം മിനിറ്റിൽ അഡാമെ ട്രയോരെ വോൾവ്സിന് ഒരു പെനാൾട്ടിയും നേടിക്കൊടുത്തു. എന്നാൽ പെനാൽറ്റി എടുത്ത റൗൾ ഗിമിനസിന് പിഴച്ചു. ദുർബലമായ പെനാൾട്ടി കിക്ക് അനായാസം സെവിയ്യ ഗോൾ കീപ്പർ ബോണോ തടുത്തു. പിന്നെ പതിയെ താളം കണ്ടെത്തിയ സെവിയ്യ വോൾവ്സിനെ നിരന്തരം പരീക്ഷിച്ചു. അവസാനം 88-ാം മിനിറ്റിൽ വിജയ ഗോൾ കണ്ടെത്താൻ സെവിയ്യയ്ക്ക് ആയി. ഒകാമ്പോസ് ആണ് ഒരു ഹെഡറിലൂടെ വിജയ ഗോൾ നേടി. എവർ ബനേഗ ആയിരുന്നു ആ ഗോൾ ഒരുക്കിയത്.കളിയിൽ ഭൂരിഭാഗം സമയത്തും ആധിപത്യം പുലർത്തിയത് സെവിയ്യയായിരുന്നു.

വോൾഫ്സാവട്ടെ പലപ്പോഴും വളരെ ക്ഷീണിതരായി കാണപ്പെടുകയും ചെയ്തു. തന്റെ താരങ്ങളുടെ പ്രകടനത്തിൽ ഏറെ അഭിമാനമുണ്ടെന്നു മൽസരശേഷം സെവിയ്യ കോച്ച് യുലെൻ ലൊപെട്യൂഗി പ്രതികരിച്ചു. വളരെ മികച്ചൊരു ടീമിനെതിരേ ഒരുപാട് ക്ഷമ കാണിക്കേണ്ടതായിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു. വിവിധ ടൂർണമെന്റുകളിലായി തുടർച്ചയായി 19 മൽസരങ്ങളാണ് സെവിയ്യ അപരാജിതരായി പൂർത്തിയാക്കിയത്.

അതേസമയം, ബാസെലിനെതിരേ ഏകപക്ഷീയമായിരുന്നു ഷക്തറിന്റെ വിജയം. ഇരുപകുതികളിലുമായി അവർ നേടിയ രണ്ടു വീതം ഗോളുകൾക്കു ഇഞ്ചുറിടൈമിലായിരുന്നു ബാസെലിന്റെ മറുപടി. ജൂനിയർ മൊറെയ്സ് (രണ്ടാം മിനിറ്റ്), ടെയ്സൺ (22), അലൻ പാട്രിക്ക് (75), ഡോഡോ (88) എന്നിവരാണ് ഷക്തറിന്റെ സ്കോറർമാർ. ഫൈനൽ വിസിലിനു മുമ്പ് റിക്കി വാൻ വോൾഫ്സിങ്കൽ ബാസെലിന്റെ ആശ്വാസ ഗോൾ മടക്കി.

ഇംഗ്ലണ്ടിലെ അതികായന്മാരായ മാഞ്ചസ്റ്റർ യുനൈറ്റഡാണ് സെമിയിൽ സെവിയ്യയെ കാത്തിരിക്കുന്നത്. ഞായറാഴ്ച ജർമനിയിലെ കൊളോണിലാണ് ആദ്യ സെമി. തിങ്കളാഴ്ച രണ്ടാം സെമിയിൽ ഇറ്റാലിയൻ ശക്തികളായ ഇന്റർമിലാനും ഷക്തർ ഡൊണെസ്കും ഏറ്റുമുട്ടു

ലോകകപ്പ് യോഗ്യതാ മത്സരങ്ങൾ അടുത്ത വർഷം മാത്രം

ലണ്ടൻ: കൊറോണ വൈറസ് പ്രശ്നം ലോകത്തെ ആകെ വലയ്ക്കുന്ന സാഹചര്യത്തിൽ ഈ വർഷം ലോകകപ്പ് യോഗ്യത മത്സരങ്ങൾ നടത്തില്ല. ഇനി 2021ൽ മാത്രമേ ലോകകപ്പ് യോഗ്യത മത്സരങ്ങൾ നടത്തുകയുള്ളൂ എന്ന് ഫിഫ അറിയിച്ചു. നേരത്തെ മാറ്റിവെച്ച ഏഷ്യയിലെ ലോകകപ്പ് യോഗ്യതാ മത്സരങ്ങൾ ഒക്ടോബറിൽ നടത്താൻ എ എഫ് സി തീരുമാനിച്ചിരുന്നു. എന്നാൽ ഇനി ആ മത്സരങ്ങളും 2021ൽ മാത്രമേ നടക്കുകയുള്ളൂ.കഴിഞ്ഞ ആഴ്ച ദേശീയ ഫുട്ബോൾ ക്യാമ്പ് തുടങ്ങിയ ബംഗ്ലാദേശ് ടീമിലെ ഒമ്പത് താരങ്ങൾക്ക് കൊറോണ സ്ഥിരീകരിച്ചിരുന്നു. ലോകത്ത് എവിടെയും കാര്യങ്ങൾ മെച്ചപ്പെട്ടിട്ടില്ല എന്ന് ബോധ്യം കൊണ്ടാണ് ഫിഫ ഈ പുതിയ തീരുമാനം എടുത്തത്. ഇന്ത്യയുടെ ഉൾപ്പെടെ ഇനി നടക്കാൻ ബാക്കിയുള്ള ലോകകപ്പ് യോഗ്യതാ മത്സരങ്ങൾ ഇനി എന്നെന്ന് അറിയാൻ കാത്തിരിക്കണം. മാർച്ചിൽ ആയിരുന്നു ഇന്ത്യയുടെ മത്സരങ്ങൾ നടക്കേണ്ടിയിരുന്നത്. മാർച്ച് 26ന് നടക്കേണ്ടിയിരുന്ന ഖത്തറിനെതിരായ മത്സരവും, മാർച്ച് 31ന് നടക്കേണ്ട താജികിസ്താന് എതിരായ മത്സരവും, ജൂണിൽ നടക്കേണ്ടിയിരുന്ന അഫ്ഗാൻ, ബംഗ്ലാദേശ് മത്സരങ്ങളും ഇപ്പോൾ നിശ്ചിതത്വത്തിൽ ആയിരിക്കുകയാണ്.

ബ്ലാസ്റ്റേഴ്സിൽ തുടരും: സഹൽ

കൊച്ചി: രാജ്യത്തെ ഏറ്റവും മികച്ച മിഡ് ഫീൽഡർമാരിൽ മുൻ നിരക്കാരനായ സഹൽ അബ്ദുൾ സമദ് കേരള ബ്ലാസ്റ്റേഴ്സിൽ തുടരും. 2025വരെയാണ് ആക്രമണകാരിയായ ഈ മിഡ്ഫീൽഡർ കരാർ ദീർഘിപ്പിച്ചത്. കണ്ണൂർ സ്വദേശിയായ 23 കാരൻ സഹൽ യുഎഇയിലെ അൽ-ഐനിലാണ് ജനിച്ചത്. എട്ടാം വയസ്സിൽ അബുദാബിയിലെ അൽ-ഇത്തിഹാദ് സ്പോർട്സ് അക്കാദമിയിൽ ഫുട്ബോൾ കളിക്കാൻ ആരംഭിച്ചു. ഇന്ത്യയിലെത്തിയതിന് ശേഷം കണ്ണൂരിലെ യൂണിവേഴ്സിറ്റി തലത്തിൽ ഫുട്ബോൾ കളിക്കുന്നത് തുടർന്നു. അദ്ദേഹത്തിന്റെ മികച്ച പ്രകടനങ്ങളെ തുടർന്ന് അണ്ടർ 21 കേരള ടീമിലും, സന്തോഷ് ട്രോഫി ടീമിലും ഇടം ലഭിച്ചു. സഹലിന്റെ മൈതാനത്തെ സർഗ്ഗാത്മകതയും കഴിവും കണ്ടെത്തിയ കെബിഎഫ്സി അദ്ദേഹത്തെ ക്ലബ്ബിന്റെ ഭാഗമാക്കി.്ര>തന്റെ ആദ്യത്തെ പ്രൊഫഷണൽ കരാർ ഒപ്പിട്ട ശേഷം 2017-18 ഐ-ലീഗ് രണ്ടാം ഡിവിഷനിൽ റിസർവ് ടീമിനായി കളിച്ച അദ്ദേഹം സീനിയർ ടീമിനായി ബെഞ്ചിൽ നിന്ന് കുറച്ച് മത്സരങ്ങൾ കളിച്ചു. 2018-19 ഐഎസ്എൽ സീസൺ ഈ യുവ പ്രതിഭക്ക് ഒരു വഴിത്തിരിവായിരുന്നു. എതിരാളികളായ ചെന്നൈയിൻ എഫ്സിക്കെതിരെ ക്ലബിനായി തന്റെ ആദ്യ ഗോൾ നേടിയ സഹൽ, ഇതുകൂടാതെ 37ഐ എസ് എൽ മത്സരങ്ങളിൽ നിന്നായി രണ്ട് അസിസ്റ്റും സ്വന്തമാക്കിയിട്ടുണ്ട്. ഐഎസ്എൽ എമർജിംഗ് പ്ലെയർ ഓഫ് ദി സീസൺ, എ ഐ എഫ് എഫ് എമർജിംഗ് പ്ലെയർ ഓഫ് ദ ഇയർ എന്നിവ നേടി സഹൽ ആരാധകരുടെ പ്രിയങ്കരനായി മാറി.സഹലിന്റെ മികച്ച പ്രകടനങ്ങൾ അദ്ദേഹത്തെ ദേശീയ ടീമിലെത്തിച്ചു.

2019 മാർച്ചിൽ ദേശീയ അണ്ടർ 23 ടീമിനൊപ്പം ചേർന്ന സഹൽ, അതേ വർഷം ജൂണിൽ കുറകാവോയ്ക്കെതിരായ കിംഗ്സ് കപ്പ് മത്സരത്തിൽ സീനിയർ ദേശീയ ടീമിൽ അരങ്ങേറ്റം കുറിച്ചു. ആരാധകർ ആവേശത്തോടെ "ഇന്ത്യൻ ഓസിൽ എന്ന് വിളിക്കുന്ന സഹൽ രാജ്യാന്തര തലത്തിൽ കേരളത്തിൽ നിന്ന് ഉയർന്നുവരുന്ന താരങ്ങളിൽ ഒരാളാണ്.'കുട്ടിക്കാലം മുതലുള്ള ഏറ്റവും വലിയ അഭിനിവേശവും പ്രതിബദ്ധതയുമാണ് ഫുട്ബോൾ. എന്റെ പ്രൊഫഷണൽ കരിയറിന്റെ തുടക്കം മുതൽ, കെബിഎഫ്സിയുടെ ജേഴ്സിയണിഞ്ഞ് ആവേശഭരിതരായ ആരാധകർക്ക് മുന്നിൽ കളിക്കുന്നത് ഞാൻ ശരിക്കും ആസ്വദിച്ചു. വരും വർഷങ്ങളിൽ ക്ലബിനും എനിക്കും വേണ്ടി കൂടുതൽ നേട്ടങ്ങൾ കൈവരിക്കാൻ സാധിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.
ഇതാണ് എന്റെ നാട്, എന്റെ ആളുകൾ, എന്റെ വീട്. ഞാൻ ഇവിടെതന്നെ തുടരും.", സഹൽ പറഞ്ഞു.'ക്ലബ്ബിനൊപ്പം സഹൽ തുടരുന്നത് കേരളത്തിനോടുള്ള അദ്ദേഹത്തിന്റെ പ്രതിബദ്ധതയെ വീണ്ടും ഉറപ്പിക്കുന്നതാണ്. ഒപ്പം വലിയ ഉത്തരവാദിത്തവും. അടുത്ത അഞ്ചുവർഷത്തേക്ക് അദ്ദേഹത്തെ ക്ലബിന്റെ ഭാഗമാക്കുന്നതിലൂടെ ആരാധകർക്ക് വരാനിരിക്കുന്ന സീസണുകളിൽ പ്രിയപ്പെട്ട കളിക്കാരന്റെ കളി ആസ്വദിക്കാനുള്ള അവസരം ലഭിക്കും. ആരാധകരുടെ ഈ സന്തോഷത്തിൽ ഞങ്ങൾ അതീവ സന്തുഷ്ടരാണ്. ഈ സംസ്ഥാനം നിരവധി ഫുട്ബോൾ ഇതിഹാസങ്ങളെ സൃഷ്ടിച്ചിട്ടിണ്ട്. യുവ പ്രാദേശിക പ്രതിഭകളെ വികസിപ്പിക്കുന്നതിലും, പരിപോഷിപ്പിക്കുന്നതിലും, വഴികാട്ടുന്നതിലും അതുവഴി കായികരംഗത്ത് കേരളത്തിന്റെ പാരമ്പര്യത്തെ ശക്തിപ്പെടുത്തുന്നതിലും ഞങ്ങൾ പ്രതിജ്ഞാബദ്ധരാണ്." സഹലിന്റെ കരാർ വിപുലീകരണത്തെക്കുറിച്ച് കേരള ബ്ലാസ്റ്റേഴ്സ് എഫ്സി സ്പോർട്ടിംഗ് ഡയറക്ടർ കരോലിസ് സ്കിൻകിസ് പറഞ്ഞു

യാസിർ ഷായ്ക്കെതിരേ അമിതാഹ്ലാദം: ബ്രോഡിനു പിഴ

മാഞ്ചസ്റ്റർ: പാക്കിസ്ഥാൻ താരം യാസിർ ഷായുടെ വിക്കറ്റ് വീഴ്ത്തിയ ശേഷം പ്രകോപിപ്പിക്കുന്ന രീതിയിൽ ആഹ്ലാദ പ്രകടനം നടത്തിയ ഇംഗ്ലണ്ട് പേസ് ബൗളർ സ്റ്റുവർട്ട് ബ്രോഡിന് പിഴ ശിക്ഷ. നാം ക്രിക്കറ്റ് ടെസ്റ്റിനിടെയുണ്ടായ സംഭവത്തിനാണ് മാച്ച് ഫീയുടെ 15 ശതമാനം ബ്രോഡിന് പിഴ ശിക്ഷ വിധിച്ചത്. മാച്ച് റഫറി ഫാദർ ക്രിസിന്റെ റിപ്പോർട്ട് പ്രകാരം സ്റ്റുവർട്ട് ബ്രോഡ് കുറ്റം ചെയ്തതായി കണ്ടെത്തിയതോടെയാണ് പിഴ ശിക്ഷ വിധിച്ചത്.

ഐസിസി കോഡ്ഓഫ് കണ്ടക്റ്റിലെ ആർട്ടിക്കിൾ 2.5 നിയമം ബ്രോഡ് ലംഘിച്ചിരിക്കുന്നു. ഈ നിയമപ്രകാരം ഒരു ബാറ്റ്സ്മാൻ പുറത്താകുമ്പോൾ മോശം ഭാഷയിലോ, ആംഗ്യത്തിലോ പരിഹസിക്കുകയോ പ്രകോപനപരമായ പ്രതികരണം നടത്തുകയോ ചെയ്യാൻ പാടില്ല'-ഐസിസി പുറത്തുവിട്ട് കുറിപ്പിലൂടെ വ്യക്തമാക്കി. പിഴയോടൊപ്പം ഒരു ഡീമെറിറ്റ് പോയിന്റും ബ്രോഡിന് നൽകും. കഴിഞ്ഞ 24മാസത്തിനിടെ ബ്രോഡിന് ലഭിക്കുന്ന മൂന്നാമത്തെ ഡീമെറിറ്റ് പോയിന്റാണിത്..നേരത്തെ ഈ വർഷം ജനുവരി 27ന് ദക്ഷിണാഫ്രിക്കയ്ക്കെതിരായ ടെസ്റ്റിലും 2018 ആഗസ്റ്റ് 19ന് നടന്ന ഇന്ത്യക്കെതിരായ മൂന്നാം ടെസ്റ്റിലുമാണ് ബ്രോഡ് മോശം പെരുമാറ്റത്തെത്തുടർന്ന് ഡീമെറിറ്റ് പോയിന്റ് വഴങ്ങേണ്ടി വന്നത്.

സാധാരണ ഇത്തരം സന്ദർഭങ്ങളിൽ താരത്തെ വിളിച്ച് വിശദീകരണം ആവിശ്യപ്പെടാറുണ്ട്. എന്നാൽ കോവിഡിന്റെ പശ്ചാത്തലത്തിൽ ഇത് നടന്നില്ല. ബ്രോഡ് തെറ്റുസമ്മതിച്ചതോടെയാണ് ശിക്ഷയും വിധിച്ചത്. പാകിസ്താന്റെ രണ്ടാം ഇന്നിങ്സിലെ 46ാമത്തെ ഓവറിലാണ് സംഭവം. പാകിസ്താൻ കൂട്ടത്തകർച്ച നേരിടുമ്പോൾ ഒരുവശത്ത് പിടിച്ചുനിൽക്കുകയായിരുന്നു യാസിർ ഷാ. അതിവേഗം റൺസുയർത്താൻ ശ്രമിച്ച യാസിർ 24 പന്തിൽ അഞ്ച് ഫോറും ഒരു സിക്സുമടക്കം 33 റൺസ് നേടി നിൽക്കവെയാണ് ബ്രോഡിന്റെ പന്തിൽ വിക്കറ്റ് കീപ്പർ ജോസ് ബട്ലറിന് ക്യാച്ച് നൽകി യാസിർ ഷാ പുറത്താകുന്നത്. പാകിസ്താന്റെ രണ്ടാം ഇന്നിങ്സിലെ ടോപ് സ്കോററും യാസിർ ഷായിരുന്നു. അതിനാലാണ് യാസിർ ഷായുടെ വിക്കറ്റ് നേട്ടം ആഘോഷിച്ചപ്പോൾ ബ്രോഡ് പരിധി ലംഘിച്ചത്. അടുത്തുതന്നെ ഒരു മോശം പെരുമാറ്റം കൂടി ബ്രോഡിന്റെ ഭാഗത്തുനിന്ന് ഉണ്ടായാൽ ബ്രോഡിന് സസ്പെൻഷൻ നേരിടേണ്ടി വരും.

പാക്കിസ്ഥാനെതിരേ രണ്ട് ഇന്നിങ്സുകളിൽ നിന്നായി 6 വിക്കറ്റും 36 റൺസുമാണ് ബ്രോഡ് നേടിയത്. വെസ്റ്റ് ഇൻഡീസിനെതിരേ ഇക്കഴിഞ്ഞ ടെസ്റ്റ് പരമ്പരയിൽ ശ്രദ്ധേയ പ്രകടനം പുറത്തെടുത്ത ബ്രോഡ് 500 ടെസ്റ്റ് വിക്കറ്റ് ക്ലബ്ബിലും ഇടം പിടിച്ചിരുന്നു.

ഈ നേട്ടത്തിലെത്തുന്ന ഏഴാമത്തെ താരമാണ് ബ്രോഡ്. പാക്കിസ്ഥാനെതിരായ ഒന്നാം ടെസ്റ്റിൽ തോൽവിമുഖത്ത് നിന്ന് തിരിച്ചുവന്ന ഇംഗ്ലണ്ട് മൂന്ന് വിക്കറ്റിനാണ് വിജയിച്ചത്. ഐസിസി ടെസ്റ്റ് ചാമ്പ്യൻഷിപ്പിൽ നിലവിൽ നാലാം സ്ഥാനത്താണ് ഇംഗ്ലണ്ട്.പാക്കിസ്ഥാൻ ഏഴാം സ്ഥാനത്തും.

ധോണി 40 വയസ് വരെ കളിക്കും: വാട്സൺ

സിഡ്നി: മുൻ ഇന്ത്യൻ ക്യാപ്റ്റൻ മഹേന്ദ്ര സിംഗ് ധോണിക്ക് 40 വയസ്സ് വരെ സജീവ ക്രിക്കറ്റിൽ കളിക്കാൻ കഴിയുമെന്ന് മുൻ ഓസ്ട്രേലിയൻ താരം ഷെയിൻ വാട്സൺ. ധോണി തന്റെ ആരോഗ്യം നല്ല രീതിയിൽ പരിപാലിച്ചിട്ടുണ്ടെന്നും വാട്സൺ പറഞ്ഞു. ചെന്നൈ സൂപ്പർ കിങ്സിൽ ധോണിയുടെ സഹ താരം കൂടിയാണ് ഷെയിൻ വാട്സൺ. കഴിഞ്ഞ വർഷം ജൂലൈ മാസത്തിലാണ് ധോണി അവസാനമായി പ്രൊഫഷണൽ ക്രിക്കറ്റ് കളിച്ചത്.

അന്ന് ലോകകപ്പിൽ ന്യൂസിലാൻഡിനോട് തോറ്റ് ഇന്ത്യ പുറത്തായതിന് ശേഷം ധോണി ക്രിക്കറ്റ് കളിച്ചിട്ടില്ല. എന്നാൽ 40 വയസ്സ് വരെ ധോണിക്ക് ഐ.പി.എല്ലിൽ മാത്രമല്ല ഇന്റർനാഷണൽ ക്രിക്കറ്റിലും കളിക്കാൻ കഴിയുമെന്നും വാട്സൺ പറഞ്ഞു. ധോണി ഇപ്പോഴും കളിക്കുന്നത് ഒരുപാട് ഇഷ്ടപെടുന്നുണ്ടെന്നും റൺസ് എടുക്കാനുള്ള ഓട്ടത്തിലും സ്റ്റമ്പിന് പിറകിലും ധോണി ഇപ്പോഴും മികച്ച പ്രകടനമാണ് പുറത്തെടുക്കുന്നതെന്നും വാട്സൺ പറഞ്ഞു.-

ഐസിസി അധ്യക്ഷനാകാൻ മൂന്നു പേർ രംഗത്ത്

സാരവിന് പിന്തുണയേറെ

ദുബായ്: ക്രിക്കറ്റിന്റെ പരമാധികാര ബോർഡായ ഐസിസിയുടെ പുതിയ ചെയർമാനെ തിരഞ്ഞെടുക്കാനുള്ള സമയം അടുത്തുകൊണ്ടിരിക്കുകയാണ്. ശശാങ്ക് മനോഹർ ഒഴിച്ചിട്ട പദവിയിലേക്ക് പകരമാരെന്നത് ഇതിനോടകം ചർച്ചയായിക്കഴിഞ്ഞു. മുൻ ഇന്ത്യൻ ക്രിക്കറ്റ് നായകനും നിലവിലെ ബിസിസിഐ പ്രസിഡന്റുമായ സൗരവ് ഗാംഗുലിക്കാണ് കൂടുതൽ സാധ്യതയെന്ന തരത്തിൽ റിപ്പോർട്ടുകൾ പുറത്തുവരുന്നുണ്ട്. എന്നാൽ ഇതെല്ലാം സംബന്ധിച്ച് ഔദ്യോഗിക പ്രഖ്യാപനം എത്തേണ്ടതുണ്ട്. ലോക ക്രിക്കറ്റിനെ നയിക്കാൻ പുതിയതായി ആര് എത്തുമെന്നുള്ളതിൽ അനിശ്ചിതത്വം തുടരുന്നു. സാധ്യതാ പട്ടികയിൽ മൂന്ന് പേർ പ്രധാനമായും മൂന്ന് പേരുടെ പേരാണ് പുതിയ ചെയർമാൻ സ്ഥാനത്തേക്ക് പരിഗണിക്കപ്പെടുന്നത്. അതിൽ പ്രധാനി മുൻ ഇംഗ്ലണ്ട് ആന്റ് വെയ്ല്സ് ക്രിക്കറ്റ് ബോർഡ് തലവൻ കോളിൻ ഗ്രേവ്സാണ്.

ഈ വർഷത്തിന്റെ തുടക്കത്തിൽ അദ്ദേഹത്തിന്റെ ഇസിബിയിലെ ചുമതലകൾ അവസാനിച്ചു. ഭരണനിർവഹണ കാര്യങ്ങളിൽ പരിചയസമ്പന്നായ കോളിൻ ഗ്രേവ്സിന് മറ്റ് ക്രിക്കറ്റ് ബോർഡുകളുമായും താരങ്ങളുമായും മികച്ച ബന്ധമാണുള്ളത്. ചെയർമാൻ സ്ഥാനത്തേക്ക് പരിഗണിക്കപ്പെടുന്ന മറ്റൊരാൾ ക്രിക്കറ്റ് വെസ്റ്റ് ഇൻഡീസിന്റെ മുൻ തലവനായിരുന്ന ഡേവ് കാമറൂണാണ്.

ഡേവും ചെയർമാൻ സ്ഥാനത്തേക്ക് ഏറ്റവും സാധ്യത കൽപ്പിക്കപ്പെടുന്ന ഒരാളാണെന്നാണ് പിടി ഐ റിപ്പോർട്ടുകൾ വ്യക്തമാക്കുന്നത്. വെസ്റ്റ് ഇൻഡീസ് ക്രിക്കറ്റ് ബോർഡിന്റെ ഭാഗമായിരുന്ന ഡേവിനെ ഏതൊക്കെ ക്രിക്കറ്റ്ബോർഡുകൾ പിന്തുണയ്ക്കുമെന്ന് കാത്തിരുന്ന് കാണാം. മൂന്നാമത്തെയാൾ സൗരവ് ഗാംഗുലിയാണ്. ഇന്ത്യൻ ക്രിക്കറ്റിനെ നായകനെന്ന നിലയിൽ വളർച്ചയിലേക്ക് കൈപിടിച്ചു നടത്തുന്നതിൽ നിർണ്ണായക പങ്കുവഹിച്ച ഗാംഗുലി ബിസിസിഐ പ്രസിഡന്റെന്ന നിലയിലും മികച്ച പ്രകടനമാണ് കാഴ്ചവെക്കുന്നത്. ഇന്ത്യൻ ക്രിക്കറ്റിന്റെ 'ദാദ' ഐസിസി തലപ്പത്തെത്തുന്നതിനെ കഴിഞ്ഞിടെ ക്രിക്കറ്റ് ദക്ഷിണാഫ്രിക്ക തലവനും മുൻ നായകനുമായ ഗ്രെയിം സ്മിത്തും മുൻ ശ്രീലങ്കൻ നായകനും എംസിസി പ്രസിഡന്റുമായിരുന്ന കുമാർ സംഗക്കാരയും പിന്തുണച്ചിരുന്നു.

നിലവിൽ ചെയർമാൻ സ്ഥാനത്തേക്ക് കൂടുതൽ പിന്തുണ ഗാംഗുലിക്കാണെന്നാണ് വിവരം. എന്നാൽ ഇക്കാര്യത്തിൽ അന്തിമ തീരുമാനം വരേണ്ടതുണ്ട്. 2019 ഒക്ടോബർ 23ന് ബിസിസിഐ പ്രസിഡന്റ് സ്ഥാനത്തെത്തിയ ഗാംഗുലിക്ക് സ്ഥാനമൊഴിയണമെങ്കിൽ നിയമപ്രകാരമുള്ള 'കൂളിങ് ഓഫ്' സമയമുണ്ട്. ഇത് സംബന്ധിച്ചുള്ള കേസിൽ സുപ്രീം കോടതിയുടെ വിധിയനുസരിച്ചിരിക്കും ഗാംഗുലിയുടെ ഐസിസി തലപ്പത്തേക്കുള്ള ഭാവി. ഐസിസിയുടെ ബോർഡ് മെമ്പർമാരുടെ യോഗത്തിൽ രഹസ്യ ബാലറ്റിലൂടെയാവും പുതിയ ചെയർമാനെ കണ്ടെത്തുക.

17 അംഗങ്ങളാണ് ബോർഡിലുള്ളത്. ടെസ്റ്റ് ക്രിക്കറ്റ് പദവിയുള്ള മലേഷ്യ,സിംഗപ്പൂർ,സ്കോട്ലൻഡ് എന്നീ രാജ്യങ്ങളിൽ നിന്നുള്ളവരും ബോർഡിന്റെ ഭാഗമാണ്. ഐസിസി ചീഫ് എക്സിക്യൂട്ടീവ് ഓഫീസറും ബോർഡിന്റെ ഭാഗമാണെങ്കിലും അദ്ദേഹത്തിന് വോട്ട് ചെയ്യാൻ അവകാശമില്ല.

ശശാങ്ക് മനോഹറിന് രണ്ട് തവണ ഐസിസി ചെയർമാൻ സ്ഥാനം അലങ്കരിക്കാൻ അവസരം ലഭിച്ചിരുന്നു.ചെയർമാൻ സ്ഥാനാർത്ഥിക്ക് ഏതെങ്കിലും രണ്ട് ക്രിക്കറ്റ് ബോർഡുമായി ബന്ധമുണ്ടാകാൻ പാടില്ല.-

ഇനി എല്ലാം ഔദ്യോഗികം: ഐപിഎൽ ഒരുങ്ങുന്നു

അബുദാബി: ഐപിഎല്ലിന്റെ 13ാം സീസണിനു വേദിയാവാൻ ബിസിസിഐയിൽ നിന്നും തങ്ങൾക്കു ഔദ്യോഗികമായി ക്ലിയറൻസ് ലഭിച്ചതായി എമിറേറ്റ്സ് ക്രിക്കറ്റ് ബോർഡ് അറിയിച്ചു. സപ്തംബർ 19 മുതൽ നവംബർ 10 വരെയാണ് ടൂർണമെന്റ് യുഎഇയിൽ നടക്കുന്നത്. ഷാർജ, അബുദാബി, ദുബായ് എന്നീവിടങ്ങളിലായിരിക്കും മൽസരങ്ങൾ. ഐപിഎല്ലിന്റെ മൽസരക്രമം അധികം വൈകാതെ പ്രഖ്യാപിക്കും.

ടൂർണമെന്റ് യുഎഇയിലേക്കു മാറ്റാൻ ഇന്ത്യൻ സർക്കാരിൽ നിന്നും ഔദ്യോഗികമായി അനുമതി ലഭിച്ചതായി ഐപിഎൽ ചെയർമാൻ ബ്രിജേഷ് പട്ടേൽ തിങ്കളാഴ്ച വ്യക്തമാക്കിയിരുന്നു. ഇതനു പിന്നാലെയാണ് ടൂർണമെന്റിന് വേദിയാവാൻ ബിസിസിഐയും എമിറേറ്റ്സ് ക്രിക്കറ്റ് ബോർഡിന് ക്ലിയറൻസ് നൽകിയിരിക്കുന്നത്. തങ്ങളുടെ പ്രിയപ്പെട്ട കായിക ഇനമായ ക്രിക്കറ്റിലെ ഏറ്റവും വലിയ ടൂർണമെന്റുകളിലൊന്നെന്ന് പരിഗണിക്കപ്പെടുന്ന ഐപിഎല്ലിനു ആതിഥേയത്വം വഹിക്കാൻ അവസരം ലഭിച്ചത് ഭാഗ്യമായാണ് കാണുന്നതെന്ന് യുഎഇയിലെ മന്ത്രിയും എമിറേറ്റ്സ് ക്രിക്കറ്റ് ബോർഡ് ചെയർമാനുമായ ഷെയ്ഖ് നഹായൻ മുബാറക്ക് അൽ നഹായൻ പ്രതികരിച്ചു.

നമ്മുടെ ദൈനംദിന ജീവിതത്തെ വളരെയധികം ബാധിച്ച നിലവിലെ സംഭവങ്ങളുടെ പശ്ചാത്തലത്തിൽ ഐപിഎല്ലിനെ ക്രിക്കറ്റ് പ്രേമികളുടെ വിശാലമായ ആഗോള സമൂഹത്തിലേക്കു എത്തിക്കാനുള്ള സ്ഥാനത്ത് എത്തി നിൽക്കുന്നതിന്റെ വ്യാപ്തി ഞങ്ങളെ സംബന്ധിച്ച് വളരെയധികം പ്രാധാന്യം അർഹിക്കുന്നതാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ടൂർണമെന്റിനുള്ള തയ്യാറെടുപ്പുകൾ ആരംഭിക്കാൻ ബിസിസിഐയിൽ നിന്നും ഔദ്യോഗികമായി ക്ലിയറൻസ് ലഭിക്കാൻ തങ്ങൾ കാത്തിരിക്കുകയാണെന്ന് നേരത്തേ ഇസിബി അറിയിച്ചിരുന്നു. ഇപ്പോൾ അതു കൂടി ലഭിച്ചതോടെ ഐപിഎല്ലിനുള്ള മുന്നൊരുക്കങ്ങൾ ഇസിബി തുടങ്ങിയിട്ടുണ്ട്.

ഇതു രണ്ടാം തവണയാണ് യുഎഇ ഐപിഎല്ലിനു വേദിയാവുന്നത്. നേരത്തേ 2014ൽ ടൂർണമെന്റിന്റെ ആദ്യപാദ മൽസരങ്ങൾക്കു യുഎഇ ആതിഥേയത്വം വഹിച്ചിരുന്നു. രാജ്യത്തു പൊതു തിരഞ്ഞെടുപ്പ് നടക്കുന്ന സമയമായതു കൊണ്ടായിരുന്നു ടൂർണമെന്റ് യുഎഇയിലേക്കു മാറ്റിയത്. ഇത്തവണ കൊവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ഇത്തവണ ഇന്ത്യയിൽ ടൂർണമെന്റ് സംഘടിപ്പിക്കുകയെന്നത് അസാധ്യമായി മാറിയതോടെ മുഴുവൻ മൽസരങ്ങളും യുഎഇയിലേക്കു മാറ്റിയത്.

ടൂർണമെന്റിൽ പങ്കെടുക്കുന്നതിനായി എട്ടു ടീമുകളും ഓഗസ്റ്റ് 20ന് യുഎഇയിലേക്കു യാത്ര തിരിക്കും. അവിടെയെത്തിയ ശേഷം താരങ്ങളും മറ്റു സപ്പോർട്ട് സ്റ്റാഫുമാർക്കും ചുരുങ്ങിയത് ആറു ദിവസമെങ്കിലും ഐസൊലേഷനിൽ കഴിയേണ്ടിവരും.

രാജസ്ഥാൻ ഫീൽഡിങ് കോച്ചിനു കൊവിഡ്

ഐപിഎല്ലിന്റെ 13ാം സീസൺ യുഎഇയിൽ അടുത്ത മാസം നടക്കാനിരിക്കെ ആദ്യത്തെ ഷോക്ക്. രാജസ്ഥാൻ റോയൽസിന്റെ ഫീൽഡിങ് കോച്ചിന് കൊവിഡ് സ്ഥിരീകരിച്ചു.

നിഷാന്ത് യാഗ്നിക്കിനാണ് കൊവിഡ് സ്ഥിരീകരിച്ചിരിക്കുന്നത്. രാജസ്ഥാൻ റോയൽസ് വാർത്താക്കുറിപ്പിലൂടെയാണ് ഇക്കാര്യമറിയിച്ചിരിക്കുന്നത്. യുഎഇയിലേക്കു തിരിക്കാൻ അടുത്തയാഴ്ച ടീം മുംബൈയിൽ ഒത്തുചേരാനിരിക്കെയാണ് ടെസ്റ്റ് നടത്തിയത്. ബിസിസിഐ നിർദേശിച്ച രണ്ടു കൊവിഡ് ടെസ്റ്റുകൾ കൂടാതെ താരങ്ങൾ, സപ്പോർട്ട് സ്റ്റാഫുമാർ, മാനേജ്മെന്റിന്റെ ഭാഗമായ മറ്റുള്ളവർ എന്നിവർക്കു ഒരു ടെസ്റ്റ് കൂടുതൽ നടത്താൻ ഫ്രാഞ്ചൈസി തീരുമാനിച്ചിട്ടുണ്ട്. ദിഷാന്ത് നിലവിൽ സ്വന്തം നാടായാ ഉദയ്പൂരിലാണുള്ളത്.

SENSEX: 38,369.63 (−37.38)

NIFTY: 11,308.40 (−14.10)

വിനിമയ നിരക്ക്

ഡോളർ	74.85
യൂറോ	88.13
പൗണ്ട്	97.44
സ്വിസ്ഫ്രാങ്ക്	81.89
സിംഗപ്പൂർ ഡോളർ	54.49
ഓസ്ട്രേലിയൻ	53.38
കനേഡിയൻ	56.35
ബഹറിൻ ദിനാർ	198.64
കുവൈറ്റ് ദിനാർ	243.71
ഒമാനി റിയാൽ	193.60
സൗദി റിയാൽ	19.95
യു എ ഇ ദിർഹം	20.35
ഖത്തർ	20.34

ഇടത്തരം സംരഭങ്ങളിൽ അന്താരാഷ്ട്ര നിക്ഷേപം വർധിപ്പിക്കണം: ഗഡ്കരി

2030 ഓടെ റോഡ് അപകടങ്ങൾ പൂജ്യത്തിലെത്തിക്കുകയാണ് ലക്ഷ്യമെന്ന് ഗഡ്കരി

ന്യൂഡൽഹി: അടിസ്ഥാനസൗകര്യ, സൂക്ഷ്മ-ചെറുകിട ഇടത്തരം സംരംഭകത്വ മേഖലകളിൽ അന്താരാഷ്ട്ര സംരംഭകരും സ്ഥാപനങ്ങളും നിക്ഷേപം വർധിപ്പിക്കണമെന്ന് കേന്ദ്ര മന്ത്രി നിതിൻ ഗഡ്കരി ആവശ്യപ്പെട്ടു. ഇന്തോ-ഓസ്ട്രേലിയൻ ചേംബർ ഓഫ് കൊമേഴ്സ് ആൻഡ് വിമൻ ഇന്നോനോവേറ്റർ സംഘടിപ്പിച്ച പരിപാടിയിൽ പങ്കെടുക്കുകയായിരുന്നു മന്ത്രി.

ഇന്ത്യൻ സമ്പദ്വ്യവസ്ഥയുടെ വളർച്ചയുടെ രണ്ട് എഞ്ചിനുകളാണ് ഓട്ടോമൊബൈൽ, സൂക്ഷ്മ-ചെറുകിട ഇടത്തരം സംരംഭത്വ മേഖലകൾ. റോഡ് സുരക്ഷാ മേഖലയിൽ ഇന്ത്യയും ഓസ്ട്രേലിയയും ഇതിനോടകം സഹകരിച്ച് പ്രവർത്തിക്കുന്നുണ്ട്. ഈ സഹകരണം റോഡുകൾക്ക് മികച്ച രൂപകൽപ്പനയും പൊതുജനങ്ങൾക്ക് അവബോധ അവസരങ്ങളും നൽകിയിട്ടുണ്ട്. ഇന്ത്യൻ റോഡ് സേഫ്റ്റി അസസ്മെന്റ് പ്രോഗ്രാം പ്രകാരം 21,000 കിലോമീറ്റർ റോഡുകൾ വിലയിരുത്തി. 3000 കിലോമീറ്റർ റോഡ് സാങ്കേതിക നവീകരണത്തിന്റെ ഘട്ടത്തിലാണ്. ഈ നവീകരണ പദ്ധതികൾ റോഡപകടങ്ങളിൽ 50 ശതമാനം കുറവു വരുത്തുമെന്ന് കണക്കാക്കപ്പെടുന്നു. 2030 ഓടെ റോഡ് അപകടങ്ങൾ പൂജ്യത്തിലെത്തിക്കുകയാണ് ലക്ഷ്യമെന്ന് ഗഡ്കരി അറിയിച്ചു.

റോഡപകടങ്ങൾ കുറയ്ക്കുന്നതിന് മന്ത്രാലയം മുൻകൈയെടുക്കുന്നുണ്ടെന്ന് ഗഡ്കരി അറിയിച്ചു. ലോക ബാങ്കും ഏഷ്യൻ വികസന ബാങ്കും 7000 കോടി രൂപ വീതം പദ്ധതിക്കായി നൽകി. സൂക്ഷ്മ-ചെറുകിട ഇടത്തരം സംരംഭകത്വ മേഖലയാണ് വരും വർഷങ്ങളിൽ ഇന്ത്യൻ സമ്പദ്വ്യവസ്ഥയെ നയിക്കുക. സൂക്ഷ്മ-ചെറുകിട ഇടത്തരംസംരംഭങ്ങൾക്ക് ഉടൻ മൂലധന വിപണിയിൽ സ്ഥാനമുണ്ടാകുമെന്നും അദ്ദേഹം പറഞ്ഞു. ഓസ്ട്രേലിയൻ ഉപപ്രധാനമന്ത്രി മൈക്കൽ മക്കോർമാക്കും ചടങ്ങിൽ സംസാരിച്ചു. റോഡ് വികസനത്തിലും വളർച്ചയിലും പങ്കാളിയാകാൻ ഓസ്ട്രേലിയയുടെ താല്പര്യം അദ്ദേഹം പങ്കുവച്ചു.

സൗന്ദര്യവിപണി ഓൺലൈനിൽ ശക്തമാവുന്നു

കൊച്ചി: കൊവിഡ് തുടക്കത്തിലുണ്ടായ വൻ ഇടിവു പരിഹരിക്കാൻ സൗന്ദര്യ വർധക ഉത്പന്നങ്ങൾക്ക് ഇ-കോമേഴ്സ് തുണയാകുന്നു. കേരളത്തിൽ ഈ രീതിയിൽ സൗന്ദര്യ വസ്തുക്കളുടെ വിൽപ്പന കൂടുകയാണ്. ഉപഭോക്താക്കളുടെ മുൻ വാങ്ങലുകളുടേയും സേർച്ചുകളുടേയും അടിസ്ഥാനത്തിൽ ഉത്പന്നങ്ങൾ ശുപാർശ ചെയ്യുന്നതും പ്രാദേശിക ഭാഷകളിൽ വിവരങ്ങൾ നൽകുന്നതും അടക്കമുള്ള രീതികളാണ് ഇതിനായി പ്രയോജനപ്പെടുത്തുന്നത്. ഇത്തരത്തിലുള്ള സവിശേഷതകൾ തങ്ങളുടെ വിൽപ്പന.

കൊച്ചിയും തിരുവനന്തപുരം, കോട്ടയം പോലുള്ള നഗരങ്ങളിൽ വിൽപ്പനയും ഉയരുകയാണ്. വിൽപ്പനയിൽ 70 ശതമാനത്തോളം മെട്രൊ ഇതര നഗരങ്ങളിൽ നിന്നാണ് ലോക്ഡൗണിന്റെ തുടക്കത്തിലെ ഇടിവിനു ശേഷം സൗന്ദര്യ വർധക വസ്തുക്കളുടെ വിൽപ്പന ഉയർന്നിട്ടുണ്ട്. ഇതിനിടെ ഡിജിറ്റൽ ഷോപിങിനു കൂടുതൽ സൗകര്യം ഏർപ്പെടുത്തിയതാണ് ഗുണമായതെന്ന് എല്ലാ കമ്പനികളും സമ്മതിക്കുന്നു.

ആയുർവേദ, ഹെർബൽ ഉത്പന്നങ്ങൾ കൂടുതലായി ഉപയോഗിക്കാൻ തുടങ്ങിയതും ഈ രംഗത്തെ വിപണി വികസിക്കാൻ സഹായകമായിട്ടുണ്ട്. ഉപയോഗിക്കാൻ മടിച്ചു നിന്നവരും വിപണിയിലേക്കെത്താൻ ഇതു വഴി തുറന്നു. കറ്റാർവാഴ, വേപ്, പപ്പായ, ഗ്രീൻ ടീ തുടങ്ങിയവ അധിഷ്ഠിതമായ ഉത്പന്നങ്ങളുടെ വിൽപ്പന വർധിച്ചു വരുന്നുണ്ട്. ഇത്തരത്തിലുള്ള ചർമ സംരക്ഷണ, പരിചരണ ഉത്പന്നങ്ങളുടെ വിപണിയുടെ 65 ശതമാനവും കേരളം ഉൾപ്പെടെയുള്ള മെട്രൊ ഇതര നഗരങ്ങളാണെന്നാണ്.

കൊച്ചിയും തിരുവനന്തപുരം, കോട്ടയം പോലുള്ള നഗരങ്ങളിൽ വിൽപ്പനയും ഉയരുകയാണ്.

ഓൺലൈൻ വിൽപ്പന ഇനിയും ശക്തമാകുന്നതോടെ സൗന്ദര്യ വർധക ഉത്പന്നങ്ങളുടെ വിൽപ്പനയും ഉയരുമെന്നാണ് പ്രതീക്ഷ. ലോക്ഡൗണിന്റെ തുടക്കത്തിലുണ്ടായിരുന്ന ചില ഗതാഗത പ്രശ്നങ്ങൾ അടക്കമുള്ള തടസങ്ങൾ മറികടന്നു മുന്നേറാൻ നിലവിൽ സാധ്യമായിട്ടുണ്ട്. മേക്കപ്, സൗന്ദര്യ വർധക ഉത്പന്നങ്ങളുടെ വിൽപ്പന ഏപ്രിൽ, മെയ് മാസങ്ങൾക്കു ശേഷം കോവിഡിനു മുൻപുള്ള സ്ഥിതിയിലേക്ക് എത്താനും സാധിച്ചിട്ടുണ്ട്.

ഓഹരി വിപണിയിൽ നഷ്ടം

മുംബൈ: ലോഹം, ഫാർമ, എഫ്എംസിജി ഓഹരികളിലുണ്ടായ വിൽപ്പന സമ്മർദം ഓഹരി സൂചികകളെ നഷ്ടത്തിലാക്കി.

സെൻസെക്സ് 37.38 പോയിന്റ് താഴ്ന്ന് 38,369.63ലും നിഫ്റ്റി 14.10 പോയിന്റ് നഷ്ടത്തിൽ 11308.40ലുമാണ് വ്യാപാരം അവസാനിപ്പിച്ചത്. ബിഎസ്ഇയിലെ 1487 കമ്പനികളുടെ ഓഹരികൾ നേട്ടത്തിലും 1207 ഓഹരികൾ നഷ്ടത്തിലുമായിരുന്നു.

കുതിപ്പ് നിലച്ച് സ്വർണം; വില താഴേക്ക് ഇറങ്ങി

കൊച്ചി: എല്ലാവരെയും അമ്പരപ്പിച്ച് കുതിച്ച് ഉയർന്ന സ്വർണ വില അതുപോലെ തന്നെ താഴേക്ക് ഇറങ്ങുന്നു. സംസ്ഥാനത്ത് സ്വർണവിലയിൽ ചരിത്രത്തിലെ ഏറ്റവും വലിയ ഏകദിന ഇടിവാണ് ഇന്നലെ രേഖപ്പെടുത്തിയത്. രാജ്യാന്തര വിപണിയിൽ വില ഇടിഞ്ഞതോടെ കേരളത്തിൽ ഗ്രാമിന് ഇന്നലെമാത്രം 200 രൂപ ഇടിഞ്ഞു. പവന് 1,600 രൂപയാണു കുറഞ്ഞത്. ഇതോടെ പവന് 42,000 രൂപവരെ എത്തിയ സ്വർണവില 39,200 രൂപയായി.

കഴിഞ്ഞ മൂന്നു ദിവസങ്ങളിലായി 2,800 രൂപയാണു കുറഞ്ഞത്. രാജ്യാന്തര വിപണിയിൽ ട്രോയ് ഔൺസിന് (31.1 ഗ്രാം തങ്കം) വില 1,980 ഡോളർ നിലവാരത്തിനു താഴെയെത്തിയെങ്കിലും പിന്നീട് 1990 ഡോളറിനു മുകളിലെത്തി. സ്വർണവിലയിൽ ഇടിവുണ്ടാകാനുള്ള പ്രധാന കാരണം രാജ്യാന്തര വിപണിയിൽ ഡോളർ കരുത്താർജിക്കുന്നതാണ്. രണ്ടു വർഷത്തെ താഴ്ന്ന നിലവാരത്തിലായിരുന്ന ഡോളർ തിരിച്ചു കയറിയിട്ടുണ്ട്. ഡോളർ കൂടുതൽ കരുത്താർജിച്ചാൽ വരും ദിവസങ്ങളിലും സ്വർണവില കുറയും. ഡോളർ കരുത്താർജിക്കുമ്പോൾ നിക്ഷേപകർ സ്വർണം വിട്ട് ഡോളറിലേക്കു നിക്ഷേപങ്ങൾ മാറ്റാൻ സാധ്യതയുള്ളതിനാലാണിത്.

സ്വർണം 39,200

വെളിച്ചെണ്ണ : മില്ലിങ്	16,400
വെളിച്ചെണ്ണ	15,000
കൊപ്ര	10,070-10,500
പിണ്ണാക്ക് എക്സ്പെല്ലർ	2400
പിണ്ണാക്ക് റോട്ടറി	3100
കുരുമുളക് അൺഗാർബിൾഡ്	31,500
പുതിയ കുരുമുളക്	30,500
കുരുമുളക് ഗാർബിൾഡ്	33,500
ചുക്ക് മീഡിയം	25,500
ചുക്ക് ബെസ്റ്റ്	27,500
മഞ്ഞൾ നാടൻ	ഇല്ല
സേലം - ഈറോഡ്	7200-7700
കാഞ്ഞിരക്കുരു	1850
അടയ്ക്ക ന്യൂ	ഇല്ല
അടയ്ക്ക ഓൾഡ്	28,000- 29,000
പഞ്ചസാര	3720
മുളക്	13,000-24,000
ഉഴുന്ന്	9,000-10,000
ചെറുപയർ	9,000-10,000
കടല	5400-6500

മുതിര	3700
എള്ള്	13,000- 14,000
മല്ലി	7400-19,000
പച്ചരി നമ്പർ 2	2600-3400
പുഴുക്കലരി (ജയ)	3400- 3500
ജാതിക്ക തൊണ്ടൻ (കിലോ)	180-200
ജാതിക്ക തൊണ്ടില്ലാത്തത് (കിലോ)	360-390
ജാതിപത്രി മഞ്ഞ-ചുവപ്പ് (കിലോ)	900-1000
ഗ്രാമ്പൂ (കിലോ)	550
റബർആർ എസ് എസ് 5 ഗ്രേഡ്	12,300 -13,000
റബർആർ എസ് എസ് 4 ഗ്രേഡ്	13,300
ഒട്ടുപാൽ	8000
ലാറ്റക്സ്	8200
സ്വർണം	39,200
പാം ഓയിൽ	8350

വെബിനാറുമായി വിനോദസഞ്ചാര മന്ത്രാലയം

ന്യൂഡൽഹി: സ്വാതന്ത്ര്യദിനാചരണത്തിന്റെ ഭാഗമായി കേന്ദ്ര വിനോദസഞ്ചാര മന്ത്രാലയം പ്രത്യേക വെബിനാർ സംഘടിപ്പിച്ചു. ദേഖോ അപ്നാ ദേശ് വെബിനാർ പരമ്പരയുടെ ഭാഗമായാണ് 'സെല്ലുലാർ ജയിൽ: കത്തുകൾ, ഓർമക്കുറിപ്പുകൾ, സ്മരണകൾ' എന്ന വെബിനാർ സംഘടിപ്പിച്ചത്. സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ചുള്ള രണ്ടാം വെബിനാറായിരുന്നു ഇത്. സെല്ലുലാർ ജയിലിലെ ഓരോ കോണുകളിലൂടെയും ജയിലറകളിലൂടെയുമുള്ള ഇന്ത്യയുടെ സ്വാതന്ത്ര്യത്തിലേയ്ക്കുള്ള യാത്രകൾ വെബിനാറിലൂടെ അവതരിപ്പിച്ചു.

ഇന്ത്യ സിറ്റി വാക്സ് & ഇന്ത്യ വിത്ത് ലോക്കൽസ് സിഇഒ നിധി ബൻസാൽ, ഇന്ത്യ സിറ്റി വാക്കസ് ആൻഡ് ഇന്ത്യ വിത്ത് ലോക്കൽസ് ഓപ്പറേഷൻസ് ഹെഡ് ഡോ. സൗമി റോയ്, ഇന്ത്യ സിറ്റി വാക്സ് സിറ്റി എക്സ്പ്ലോറർ സൗമിത്ര സെൻഗുപ്ത എന്നിവർ നേതൃത്വം നൽകി. വിനോദസഞ്ചാര മന്ത്രാലയം ഡയറക്റ്റർ രാജേഷ് കുമാർ സാഹു എന്നിവർ പ്രസംഗിച്ചു.

വെബിനാർ പരമ്പര വിനോദസഞ്ചാര മന്ത്രാലയത്തിന്റെ യൂട്യൂബ് ചാനലിലും മറ്റ് സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിലും ലഭ്യമാണ്. ജാലിയൻ വാലാബാഗിനെക്കുറിച്ചാണ് വെബിനാർ പരമ്പരയുടെ അടുത്ത പതിപ്പ്. ജാലിയൻവാലാബാഗ്: സ്വാതന്ത്ര്യസമരത്തിലെ വഴിത്തിരിവ് എന്ന ശീർഷത്തിലാണ് വെബിനാർ. ഓഗസ്റ്റ് 14ന് രാവിലെ 11 നാണ് വെബിനാർ.

ബേപ്പൂർ പുതിയ വികസന മുഖമാവുന്നു

കൊച്ചി: വടക്കൻ കേരളത്തിൽ വികസനത്തിന്റെ പുതുവെളിച്ചമായി ബേപ്പൂർ തുറമുഖം. ക്രൂ ചെയ്ഞ്ചിങ് സംവിധാനത്തിന് ബേപ്പൂർ തയാറായി വരുന്നു. പുറം കടലിൽ നടത്തുന്ന ക്രൂ ചെയ്ഞ്ചിങ് സംവിധാനത്തിനാണ് ബേപ്പൂരും തയാറാവുന്നത്. ഇത് യാഥാർഥ്യമായാൽ പഴയകാല പ്രതാപത്തിലേക്ക് ബേപ്പൂരിനും ക്രൂ ചെയ്ഞ്ചിങ് അനുമതി ലഭിച്ചേക്കും.

വലിയ ചരക്കു കപ്പലുകളിലെ ജീവനക്കാർ തങ്ങളുടെ ഷിഫ്റ്റ് കഴിഞ്ഞ് ഇറങ്ങുകയും പുതിയ ടീം കയറുകയും ചെയ്യുന്നതാണ് ക്രൂ ചെയ്ഞ്ച്. നിലവിൽ അന്താരാഷ്ട്ര കപ്പൽ ചാലിലൂടെ പോകുന്ന കപ്പലുകൾ വാർഫിൽ അടുപ്പിച്ച് ജീവനക്കാരെ കൈമാറുന്ന രീതിയാണ് ഉള്ളത്. ഇത് കപ്പൽ കമ്പനികളെ സംബന്ധിച്ചിടത്തോളം ഏറെ സമയ, സാമ്പത്തിക നഷ്ടമുണ്ടാക്കുന്നു.

വിഴിഞ്ഞത്ത് ഈ രീതിയിൽ നടത്തിയ ക്രൂ ചെയ്ഞ്ചിങ് സംവിധാനം ഏറെ വിജയകരമായിരുന്നു. കൂറ്റൻ ഓയിൽ ടാങ്കറുകളിലാണ് ഇവിടെ ഇത് വിജയകരമായി നടപ്പാക്കിയത്. ക്രൂ ചെയ്ഞ്ചിങ്ങിലൂടെ തുറമുഖത്തിന് സാമ്പത്തിക മെച്ചത്തിനു പുറമേ അന്താരാഷ്ട്ര തലത്തിൽ തന്നെ പ്രസിദ്ധിയും ഉണ്ടാകും.

ഇക്കാര്യം 12 ഷിപ്പിങ് കമ്പനികളുമായി സംസാരിച്ചെന്നും അവരുടെ മറുപടിക്കായി കാത്തിരിക്കുകയാണെന്നും കേരള മാരിടൈം ബോർഡ് വ്യക്തമാക്കുന്നു. ഡയറക്റ്റർ ജനറലിൽ നിന്നുള്ള അനുവാദം ലഭിച്ചാൽ ക്രൂ ചെയ്ഞ്ചിങ് സംവിധാനം ബേപ്പൂരിലെത്തുകയും അതുവഴി കൂടുതൽ വികസന സാധ്യതകൾ ഉണ്ടാവുകയും ചെയ്യുമെന്നാണ് വ്യാപാരികളും ജനങ്ങളും കരുതുന്നത്.

വസ്ത്ര കയറ്റുമതി ഇരട്ടിയായി വർധിപ്പിക്കണം



കൊച്ചി: വസ്ത്രകയറ്റുമതി ഇരട്ടിയായി വർധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് കേന്ദ്ര സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭ (എംഎസ്എംഇ) നിതിൻ ഗഡ്കരി അപ്പാരൽ എക്സ്പോർട്ട് പ്രമോഷൻ കൗൺസിലിനോട് (എഇപിസി) ആവശ്യപ്പെട്ടു. ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും ആഗോള വിപണിയിൽ മത്സരാധിഷ്ഠിതമായി തുടരുന്നതിനുമുള്ള സാങ്കേതിക നവീകരണത്തിനും ഗവേഷണത്തിനും അദ്ദേഹം ആഹ്വാനം ചെയ്തു.

വെർചൽ ശിൽപശാല ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. എംഎസ്എംഇ മേഖലയുടെ പണലഭ്യത , സമ്മർദ്ദം നിയന്ത്രിക്കൽ എന്നിവയ്ക്കായി അടുത്തിടെ പ്രഖ്യാപിച്ച പാക്കെജിലൂടെ കേന്ദ്രസർക്കാർ പിന്തുണ നൽകുന്നുണ്ട്. ഉത്പന്നങ്ങളുടെ ലാബ് ടെസ്റ്റിങ് ക്യാംപിന്റെ ആവശ്യകതയെക്കുറിച്ച് സൂചിപ്പിച്ച ഗഡ്കരി രൂപകൽപ്പനക്കായി ഒരു കേന്ദ്രം വേണമെന്ന് ആവശ്യപ്പെടുകയും ചെയ്തു.

തുണി വ്യവസായത്തിൽ മുള പോലുള്ള വസ്തുക്കളുടെ ഉപയോഗം സംബന്ധിച്ച് ഗവേഷണം നടത്തേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് അദ്ദേഹം ഊന്നിപ്പറഞ്ഞു. ഗ്രാമീണ, ഗോത്ര, പിന്നോക്ക മേഖലകളിൽ സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളുടെ വലിയ തൊഴിൽ സാധ്യത, പ്രധാന പങ്കാളിത്തം എന്നിവ പരാമർശിച്ച ഗഡ്കരി വസ്ത്ര- തുണി വ്യവസായങ്ങളോട് ഈ മേഖലകളിൽ ക്ലസ്റ്ററുകൾ സ്ഥാപിക്കാനും അവരുടെ ക്ഷേമത്തിനും തൊഴിലവസരങ്ങൾക്കും വലിയ സംഭാവന നൽകാനും ആവശ്യപ്പെട്ടു. ശിൽപ്പശാലയിൽ സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭ വസ്ത്ര വ്യവസായ പ്രതിനിധികൾ ഓൺലൈനായി പങ്കെടുത്തു.

വണ്ടർലാ ഫുഡ് ബിസിനസിലേക്ക്

കാക്കനാട്, കൊച്ചി എന്നിവിടങ്ങളിൽ സെപ്റ്റംബറിൽ സംരഭംത്തിന് തുടക്കമിടാനാണ് പദ്ധതി. 'വണ്ടർ കിച്ചൻ' എന്ന പേരിലാരംഭിച്ച പുതിയ സംരംഭം 2020 ജൂൺ 17ന് ബെംഗളൂരുവിലെ കെംഗേരി സാറ്റലൈറ്റ് ടൗണിൽ ആണ് പ്രവർത്തനമാരംഭിച്ചത്.

കൊച്ചി: വണ്ടർലാ ഹോളിഡേയ്സ് ലിമിറ്റഡ് ഫുഡ് ബിസിനസിലേക്ക് ചുവടുവച്ചിരിക്കുന്നു. കാക്കനാട്, കൊച്ചി എന്നിവിടങ്ങളിൽ സെപ്റ്റംബറിൽ സംരഭംത്തിന് തുടക്കമിടാനാണ് പദ്ധതി. 'വണ്ടർ കിച്ചൻ' എന്ന പേരിലാരംഭിച്ച പുതിയ സംരംഭം 2020 ജൂൺ 17ന് ബെംഗളൂരുവിലെ കെംഗേരി സാറ്റലൈറ്റ് ടൗണിൽ ആണ് പ്രവർത്തനമാരംഭിച്ചത്. ബെംഗളൂരുവിലെ തന്നെ രണ്ടാമത്തെ ഔട്ട്ലെറ്റ് ഓഗസ്റ്റ് 15ന് രാജരാജേശ്വരി നഗറിൽ പ്രവർത്തനമാരംഭിക്കും. ടേക്ക് എവേ ബിസിനസായാണ് നിലവിലുള്ള ഔട്ട്ലെറ്റുകൾ പ്രവർത്തിക്കുന്നത്.

കേരളത്തിൽ മാത്രമല്ല ഹൈദരാബാദിലും ഔട്ട്ലെറ്റുകൾ തുറക്കാൻ കമ്പനിക്ക് പദ്ധതിയുണ്ട്.

കൊവിഡ് മഹാമാരിയുടെ തിരിച്ചടിയെന്നോണം കമ്പനിക്ക് 2020 ജൂൺ 30 ന് അവസാനിച്ച ത്രൈമാസത്തിൽ അറ്റനഷ്ടം 14.51 കോടി രൂപയാണ് രേഖപ്പെടുത്തിയത്. കഴിഞ്ഞ സാമ്പത്തിക വർഷം ഇതേ കാലയളവിൽ 42.03 കോടി രൂപ ലാഭമായിരുന്നു രേഖപ്പെടുത്തിയത്. ലോക്ക് ഡൗണിനെ തുടർന്ന് കമ്പനിയുടെ പ്രവർത്തനങ്ങൾ മാർച്ച് മുതൽ നിർത്തലാക്കിയിരുന്നു.

കൊവിഡ് -19 ന്റെ വ്യാപനം തടയുന്നതിന്റെ ഭാഗമായി സംസ്ഥാന-കേന്ദ്ര സർക്കാരുകളുടെ സുരക്ഷയും മുൻകരുതൽ നിർദ്ദേശങ്ങളും അനുസരിച്ചായിരുന്നു അറിയിപ്പിനുശേഷം കമ്പനി പൂട്ടിയത്. മാർച്ച് 11 മുതൽ കൊച്ചിയിലെ അമ്യൂസ്മെന്റ് പാർക്കും ഇതിന് പിന്നാലെ മാർച്ച് 15ന് ബെംഗളൂരു, ഹൈദരാബാദ് പാർക്കുകൾ, റിസോർട്ട് എന്നിവയും അടച്ചു. കൊറോണ വൈറസിന്റെ വ്യാപനം തുടരുന്നതിനാൽ ആദ്യ പാദത്തിലെ ബിസിനസ് വരുമാനത്തെ പൂർണമായും ബാധിച്ചതായും കമ്പനി പറഞ്ഞു.

കഴിഞ്ഞ വർഷം ഇതേ കാലയളവിൽ കമ്പനിയുടെ ചെലവ് 11.90 കോടി രൂപയായിരുന്നു. ശമ്പളം, പരസ്യം, വിപണനം എന്നിവയിൽനിന്നുള്ള ചെലവ് കുറയ്ക്കാൻ സാധിച്ചു. കമ്പനിക്ക് ലാഭകരമായ മുൻകാലചരിത്രമുണ്ടെന്നത് ജോയിന്റ് മാനെജിങ് ഡയറക്റ്റർ ജോർജ് ജോസഫ് ചൂണ്ടിക്കാട്ടി. സമ്പദ്വ്യവസ്ഥയുടെ വിവിധ ഭാഗങ്ങൾ തുറക്കുന്നതോടൊപ്പം ആരോഗ്യം, സുരക്ഷ, പ്രതിരോധ പ്രോട്ടോക്കോൾ എന്നിവ കർശനമാക്കി പാർക്കുകൾ പ്രവർത്തിക്കുന്നതിന് അധികൃതർ ഉടൻ അനുവാദം നൽകുമെന്നാണ് പ്രതീക്ഷിക്കുന്നത്. പാർക്കുകളിൽ വരുന്നവർക്ക് എല്ലാ സുരക്ഷയും പ്രതിരോധ പ്രോട്ടോക്കോളും ഉപയോഗിച്ച് ഊർജ്ജസ്വലമായ വിനോദങ്ങൾ നൽകാനുള്ള വഴികളും മാർഗങ്ങളും നിരന്തരം പരിശോധിച്ചുകൊണ്ടിരിക്കുകയാണെന്നും അദ്ദേഹം വിശദമാക്കി.

ഫ്ളിപ്കാർട്ട് ലീപ് എൻട്രികൾ

കൊച്ചി: സ്റ്റാർട്ടപ്പ് ഇന്ത്യയെ പിന്തുണക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടി നൂതന സ്റ്റാർട്ടപ്പുകളെ തിരിച്ചറിയുന്നതിനായി ഫ്ളിപ്കാർട്ട് ലീപ് എൻട്രികൾ ക്ഷണിക്കുന്നു. പുതിയതും വരാനിരിക്കുന്നതുമായ സ്റ്റാർട്ടപ്പുകൾക്ക് അപേക്ഷിക്കാം. ഷോർട്ട് ലിസ്റ്റ് ചെയ്യുന്ന സംരംഭങ്ങൾക്ക് വ്യവസായ വിദഗ്ധർ നയിക്കുന്ന 16 ആഴ്ചത്തെ വെർചൽ മെന്റർഷിപ്പ് പ്രോഗ്രാമും 25,000 ഡോളർ ഇക്വിറ്റി ഫ്രീ ഗ്രാന്റും നൽകും. സ്റ്റാർട്ടപ്പുകളുടെ വളർച്ച, വികസനം, വെല്ലുവിളികൾ എന്നിവ കൈകാര്യം ചെയ്യുന്നതിനും സ്റ്റാർട്ടപ്പ് ഇന്ത്യയ്ക്ക് മികച്ച സംഭാവനകൾ നൽകുന്നതിനും സഹായിക്കുന്ന ഫ്ലിപ്കാർട്ടിന്റെ ആദ്യത്തെ സ്റ്റാർട്ടപ്പ് ആക്സിലറേറ്റർ പ്രോഗ്രാമാണിത്.

ഇതിനായി അപേക്ഷിക്കുന്ന സ്റ്റാർട്ടപ്പുകൾ ഇന്ത്യയിലുള്ളതായിരിക്കണം. പ്രോഗ്രാം പൂർത്തിയായതിനു ശേഷം നിക്ഷേപകർ, കോർപ്പറേറ്റുകൾ എന്നിവർക്കു മുന്നിൽ മികച്ച സ്റ്റാർട്ടപ്പ് മാതൃക അവതരിപ്പിക്കും. കൂടാതെ ഫ്ലിപ്കാർട്ടിന്റെ ധനസഹായത്തിനായി പരിഗണിക്കുകയുംചെയ്യും. അഞ്ച് വർഷത്തിനുള്ളിൽ ഇ-കൊമേഴ്സ് മേഖലയെ പരിവർത്തനം ചെയ്യാൻ സാധ്യതയുള്ള പരിഹാരങ്ങൾക്കായി പ്രവർത്തിക്കുന്ന ഏതൊരു സ്റ്റാർട്ടപ്പിനും പങ്കെടുക്കാം. കൂടുതൽ വിവരങ്ങൾക്കായി ഫ്ളിപ്കാർട്ട്ലീപ് ഡോട്ട്കോം സന്ദർശിക്കുക.

ചാത്തമംഗലം എൻഐടിയിൽ റിക്രൂട്ട്മെന്റിൽ നേട്ടം

ഉയർന്ന വാർഷിക ശമ്പള വാഗ്ദാനം 50 ലക്ഷം രൂപയാണ്. ഇത്തവണ 647 വിദ്യാർഥികൾക്കാണ് ജോലി കിട്ടിയത്.

തിരുവനന്തപുരം: കൊവിഡ്വിഡ് പ്രതിസന്ധികൾക്കിടയിലും ചാത്തമംഗലം എൻഐടിയിൽ ക്യാംപസ് റിക്രൂട്ട്മെന്റ് വഴിയുള്ള ജോലി ലഭ്യതയിൽ റെക്കോഡ് നേട്ടം. ശരാശരി 12 ലക്ഷംരൂപ വാർഷിക ശമ്പളത്തോടെ 80 ശതമാനം വിദ്യാർഥികൾക്കും തൊഴിൽ ലഭിച്ചു. ഉയർന്ന വാർഷിക ശമ്പള വാഗ്ദാനം 50 ലക്ഷം രൂപയാണ്. ഇത്തവണ 647 വിദ്യാർഥികൾക്കാണ് ജോലി കിട്ടിയത്.

എൻഐആർഎഫ് റാങ്കിങ്ങിൽ 28-ാം സ്ഥാനത്തുനിന്ന് 23ലേക്ക് എത്തിയതിന് പിന്നാലെയാണ് പ്ലേസ്മെന്റിലും നേട്ടം. ഒറാക്കിൾ, എൽ ആൻഡ് ടി, ക്വാൽകൊവിഡ്, റിലയൻസ് ഇൻഡസ്ട്രീസ്, നോക്കിയ, ആംഡോക്സ്, സിസ്കൊവിഡ് തുടങ്ങിയ 148 കമ്പനികളാണ് റിക്രൂട്ട്മെന്റിൽ പങ്കെടുത്തത്. ആദ്യമായി എത്തിയ അറ്റലേഷ്യൻ എന്ന കമ്പനിയാണ് ഉയർന്ന ശമ്പളമായ 50 ലക്ഷം നൽകി പ്ലേസ്മെന്റ് നടത്തിയത്. ഇത്തവണ ആദ്യമായി ഐഎസ്ആർഒ പ്രതിനിധികൾ എൻഐടി സന്ദർശിച്ച് ആറ് വിദ്യാർഥികൾക്ക് ജോലി വാഗ്ദാനം നൽകി.

ബിടെക് കംപ്യൂട്ടർ സയൻസ് ആൻഡ് എൻജിനിയറിങ് വിഭാഗമാണ് പ്ലേസ്മെന്റിൽ മുന്നിൽ. 125 വിദ്യാർഥികളും ശരാശരി 18 ലക്ഷം വാർഷിക ശമ്പളത്തിൽ ജോലിനേടി നൂറ് ശതമാനം മികവുകാട്ടി. ഇലക്ട്രോണിക്സ് ആൻഡ് കമ്യൂണിക്കേഷനിൽ 90 ശതമാനമാണ് പ്ലേസ്മെന്റ്. ശരാശരി വാർഷിക ശമ്പളം 12 ലക്ഷം. ഇലക്ട്രിക്കൽ ആൻഡ് ഇലക്ട്രോണിക്സിൽ 79 ഉം മെക്കാനിക്കൽ എൻജിനിയറിങ്ങിൽ 75 ഉം ശതമാനമാണ് പ്ലേസ്മെന്റ്.

ഡിവൈഎഫ്ഐ ധർണ

പെരുമ്പാവൂർ: അശമന്നൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് രാജി വയ്ക്കണമെന്ന് ആവശ്യപ്പെട്ട് ഡിവൈഎഫ്ഐ അശമന്നൂർ മേഖല കമ്മിറ്റി പ്രതിഷേധ ധർണ സംഘടിപ്പിച്ചു. പ്രസിഡന്റിനെതിരെ പഞ്ചായത്തിലെ അസിസ്റ്റന്റ് സെക്രട്ടറി നൽകിയ പരാതിയിലും പഞ്ചായത്തിൽ നടന്ന അഴിമതിയിലും പ്രസിഡന്റ് എൻ.എം. സലിം രാജിവെയ്ക്കണമെന്നാണ് ആവശ്യം. ജില്ലാ പ്രസിഡന്റ് ഡോ. പ്രിൻസി കുര്യാക്കോസ് ഉദ്ഘാടനം ചെയ്തു. മേഖല പ്രസിഡന്റ് സി.എസ്. ഷമീർ അധ്യക്ഷനായി.

മാർക്കറ്റ് തുറക്കണം

മരട്: നെട്ടൂരിലെ രാജ്യാന്തര പച്ചക്കറി മാർക്കറ്റ് തുറന്നു കൊടുക്കണമെന്ന് ഐഎൻടിയുസി തൃപ്പൂണിത്തുറ റീജിയണൽ ഭാരവാഹികളായ പി.സി.സുനിൽകുമാർ, സാംസൺ അറക്കൽ, എ.എം.ഷുക്കൂർ എന്നിവർ ആവശ്യപ്പെട്ടു. കൊവിഡ് മാനദണ്ഡ പ്രകാരം മാത്രമേ മാർക്കറ്റ് തുറന്നു പ്രവർത്തിക്കുകയുള്ളൂ.

പ്രതിരോധ മരുന്ന്

മരട്: കൊപ്പാണ്ടിശേരി റോഡ് റെസിഡൻസ് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ എല്ലാ കുടുംബാംഗങ്ങൾക്കും ഹോമിയോ പ്രതിരോധ മരുന്ന് വിതരണം ചെയ്തു. കൗൺസിലർ ബിന്ദു പ്രശാന്ത് ഉദ്ഘാടനം ചെയ്തു. അസോസിയേഷൻ പ്രസിഡന്റ് പി.ജി. തോമസ്, സെക്രട്ടറി ആർ. അനിൽ, ട്രഷറർ പി.ജെ.അഗസ്റ്റിൻ ,കെ ഡി.ജോസഫ് ,അനീഷ് നായർ നേതൃത്യം നൽകി

കൊവിഡ് ധനസഹായ വിതരണം

ഏലൂർ: ഐആർഇ കമ്പനിയിലെ വിരമിച്ച തൊഴിലാളികളുടെ സംഘടന അംഗങ്ങൾക്ക് കൊവിഡ് ആശ്വാസ ധനസഹായം വിതരണം ചെയ്തു. ഐആർഇ കമ്പനി ഹാളിൽ നടന്ന ധനസഹായ വിതരണം സഹകരണ ബാങ്ക് പ്രസിഡന്റ് ഇ.കെ.സേതു ഉദ്ഘാടനം ചെയ്തു. സംഘടന പ്രസിഡന്റ് മണികണ്ഠൻ അധ്യക്ഷത വഹിച്ചു. ഭാരവാഹികളായ ശാന്തകുമാരി, കെ.പി. അബ്ദുൽ ഖാദർ, പി.എൽ. ജോസഫ് എന്നിവർ സംസാരിച്ചു.

നാരായണ മാരാർ സ്മൃതി ദിനാചരണം

കൊച്ചി: പഞ്ചവാദ്യ തിമിലാചാര്യൻ ചോറ്റാനിക്കര നാരായണമാരാരുടെ ഇരുപതാം സ്മൃതി ദിനാചരണവും മികച്ച വാദ്യകലാകാരന് നൽകിവരുന്ന 'വാദ്യകലാരത്ന-സുവർണ്ണമുദ്ര' പുരസ്കാര സമർപ്പണവും നടത്തി. ചോറ്റാനിക്കര നാരായണമാരാർ സ്മാരക ട്രസ്റ്റിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ചടങ്ങിൽ നാരായണമാരാരുടെ ഭാര്യ അംബിക നാരായണമാരാർ അദ്ദേഹത്തിന്റെ ഛായാ ചിത്രത്തിന് മുന്നിൽ ഭദ്രദീപം തെളിച്ചു. പുരസ്കാര ജേതാവ് തിരുമറയൂർ ഗിരിജൻ നാരായണമാരാരെ കെ.കൊച്ചനിയൻ പൊന്നാടയണിച്ചു. പഞ്ചവാദ്യ തിമിലവാദന കമലദളം ചോറ്റാനിക്കര നന്ദപ്പമാരാർ പുരസ്കാര സമർപ്പണം നിർവഹിച്ചു. കാലടി രാംകുമാർ സംസാരിച്ചു.

ഗ്രന്ഥശാല അനുശോചിച്ചു

കളമശേരി: ഇടപ്പള്ളി ടോൾ എകെജി ഗ്രന്ഥശാല ദീർഘകാലം സെക്രട്ടറിയായിരുന്ന കെ.ജെ.ജോർജ് ഫ്രാൻസിസിന്റെ നിര്യാണത്തിൽ അനുശോചിച്ചു.

26 വർഷം ഗ്രന്ഥശാല സെക്രട്ടറിയായിരുന്ന ജോർജ് ഫ്രാൻസിസ് കേരള പൊലീസ് അസോസിയേഷൻ സ്ഥാപക ജനറൽ സെക്രട്ടറിയും കേരള പൊലീസ് പെൻഷനേഴ്സ് അസോസിയേഷൻ സെക്രട്ടറിയുമായിരുന്നു. ഓൺലൈനായി നടന്ന അനുശോചന സമ്മേളനം പി.രാജീവ് ഉദ്ഘാടനം ചെയ്തു. ഗ്രന്ഥശാല പ്രസിഡന്റ് പ്രൊഫ.എം. തോമസ് മാത്യു അധ്യക്ഷനായി.

ഏറുപുറം കോളനി നവീകരണം

കോതമംഗലം: കോതമംഗലം മണ്ഡലത്തിൽ ഒരു കോടി രൂപ മുടക്കി നവീകരിച്ച കീരംപാറ പഞ്ചായത്തിലെ ഏറുപുറം എസ്സി കോളനിയുടെ ഉദ്ഘാടനം മന്ത്രി എ.കെ.ബാലൻ വീഡിയോ കോൺഫറൻസ് വഴി നിർവഹിച്ചു.ആന്റണി ജോൺ എംഎൽഎ അധ്യക്ഷത വഹിച്ചു.

51 പട്ടിക ജാതി കുടുംബങ്ങളാണ് ഏറുപുറം കോളനിയിൽ താമസിക്കുന്നത്. ഗതാഗത സൗകര്യം, കുടിവെള്ള വിതരണം, ശുചിത്വ സൗകര്യങ്ങൾ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങളുടെ വികസനം കോളനിയിൽ നടപ്പിലാക്കി.

ഭവന പദ്ധതി: നിലം പൊത്താറായ പുരയിലെ വൃദ്ധദമ്പതിമാരുടെ കാത്തിരിപ്പ് നീളുന്നു

തകർച്ചയിലായ വീടിന് സമീപം ഭാസിയും ഭാര്യ ബേബിയും

വൈപ്പിൻ: കാറ്റിനൊപ്പം കാലവർഷം തിമിർക്കുമ്പോൾ, പളളിപ്പുറത്ത് ഏതു നിമിഷവും എന്തും സംഭവിച്ചേക്കാവുന്ന കൂരക്കുള്ളിലിരുന്ന് വൃദ്ധദമ്പതികളായ പ്ലാശേരി ഭാസിയും ഭാര്യയും ദീർഘ നിശ്വാസം കൊള്ളുന്നു. അരനൂറ്റാണ്ടോളം പഴക്കമുള്ള, നിലംപൊത്താറായ വീടിന്റെ കാണാമറയത്തെ ദുരന്തമുഖത്തിരുന്ന് 70 കാരനും 65 കാരി ഭാര്യ ഉള്ളുരുകി പ്രാർഥിക്കുകയാണ്. ഇക്കുറിയെങ്കിലും തങ്ങളെ പരിഗണിക്കണമേയെന്ന്.പള്ളിപ്പുറം ആറാം വാർഡിൽ, പുഴവാരത്ത്, മാരായത്തോട് കലുങ്കിന് സമീപമാണ് 45 വർഷം പിന്നിട്ട ഇവരുടെ വീടിന്റെ അവസ്ഥ ശോചനീയമാണ്. മുൻഭാഗം കട്ടിളയുടെ മുകളിലെ പൊളിഞ്ഞ ഭിത്തിയെ ആണി അടിച്ച പട്ടികയാണ് താങ്ങി നിർത്തിയിട്ടുള്ളത്. ചോർച്ച ചെറുക്കാനായി വലിച്ചുകെട്ടിയ ഷീറ്റുകൾ കാറ്റിൽ പലയിടത്തും കീറിയതിനാൽ മഴവെള്ളം പുരക്കുള്ളിൽ നിറയുകയാണ്. ഭിത്തി മഴവെള്ളം ഒലിച്ചിറങ്ങി കുതിർന്ന അവസ്ഥയിലും. പാചകം പുറത്തേക്കും മാറ്റി.

അതിനിടെ നിലം പൊത്താറായ വീടിന്റെ പുനഃനിർമാണത്തിനായി ദീർഘകാലമായി നെട്ടോട്ടമോടുകയാണ്. ഭവന നിർമാണ പദ്ധതികൾ തേടി വില്ലെജ്, പഞ്ചായത്ത്, താലൂക്ക്, കലക്റ്ററേറ്റ് തുടങ്ങി ഗ്രാമസഭകളിലും അപേക്ഷിച്ചിരുന്നു. കയറി ഇറങ്ങാത്ത കാര്യാലയങ്ങളില്ല. കലക്റ്ററെ തന്നെ നാല് തവണ സമീപിച്ചതായും രേഖകൾ സാക്ഷ്യപ്പെടുത്തി ഈ വയോധികൻ പറയുന്നു. പ്രളയത്തിനും, ഇടിമിന്നൽ എന്നീ രണ്ട് ദുരന്തങ്ങൾക്കും ജീർണിച്ച ഭവനം വേദിയായിട്ടുണ്ട്. നാല് വർഷം മുമ്പ് സന്ധ്യക്കായിരുന്നു ഇടിമിന്നൽ ഏറ്റത്. വയറിങ്ങും ഉൾപ്പെടെ വീട്ടുപകരണങ്ങൾ അന്ന് പൂർണമായും കത്തിനശിച്ചു.

ആസമയം തനിച്ചായിരുന്ന ബേബി അത്ഭുതകരമായാണ് അപകടം കൂടാതെ രക്ഷപ്പെട്ടത്. പിന്നീട് കയറിയിറങ്ങിയ പ്രളയവും ഈ വീടിന് ഏറെ ദുരിതമേയിരുന്നു. ജലയാന നിർമാണ മേഖലയിലെ മരപ്പണിക്കാരനായിരുന്ന ഭാസി പ്രളയ ശേഷം പണി നഷ്ടമായതോടെ കുറച്ചുകാലം ലോട്ടറി വിൽപ്പന നടത്തിയെങ്കിലും കാലിലെ വേദന കച്ചവടം നഷ്ടത്തിലാക്കി.

മൂന്ന് പെൺമക്കളിൽ ഒരാളുടെ പുനർവിവാഹവും അടക്കം നാല് ചടങ്ങുകൾ നിറവേറ്റിയതോടെ സാമ്പത്തിക പരാധീനതയിലുമായി. രോഗ പീഢകൾ അവഗണിച്ച്, സമീപത്തെ പീലിങ് ഷെഡിൽ നിന്നുള്ള ബേബിയുടെ വരുമാനമാണ് ഇവരുടെ ഇപ്പോഴത്തെ ഉപജീവനം.

ഇതിനിടെ ഒരുമകളും മക്കളും ഇവർക്കൊപ്പവുമാണ്. അതിനിടെ അർഹത കുറഞ്ഞ പലരും ഗുണഭോക്തൃ പട്ടികയിൽ ഇടംപിടിച്ച് ആനുകൂല്യം പറ്റുമ്പോഴും പരിഭവമില്ലാതെ പദ്ധതിക്ക് പിന്നാലെ തന്നെ അലയുകയാണ് ഭാസി. മനസ് ശുഭപ്രതീക്ഷ പട്ടികയിൽ തന്നെ ഉറപ്പിക്കുകയാണ് ഈ എഴുപതുകാരൻ. എന്നിരുന്നാലും മാനം ഇരുളുമ്പോൾ അറിയാതെ പിടയുകയാണ് ഈ വൃദ്ധമാനസവും.

മട്ടാഞ്ചേരി, ഫോർട്ട്കൊച്ചി അടച്ചിടൽ ഇരുപത്തിനാലാം ദിവസത്തിലേക്ക്

മട്ടാഞ്ചേരി: അതാത് ദിവസം തൊഴിലെടുത്ത് നിത്യവൃത്തി കഴിക്കുന്ന പശ്ചിമ കൊച്ചിക്കാർ അടച്ചു പൂട്ടലിൽ വലഞ്ഞ് നട്ടം തിരിയുന്നു. മറ്റ് മേഖലകളിലുള്ളവർക്ക് അടച്ചിടലിൽ നിരവധി പേരുടെ സഹായം ലഭിക്കുമ്പോൾ മട്ടാഞ്ചേരി,ഫോർട്ട്കൊച്ചി മേഖലയിൽ ചുരുക്കം ചിലർ സഹായ ഹസ്തവുമായി എത്തിയതൊഴിച്ചാൽ ജനപ്രതിനിധികൾ പോലും പട്ടിണിക്കാരെ തിരിഞ്ഞ് നോക്കുന്നില്ലന്നതാണ് വാസ്തവം. കൊച്ചിയിലെ ഏറ്റവും ജനസാന്ദ്രതയേറിയ പ്രദേശങ്ങളായ മട്ടാഞ്ചേരി, ഫോർട്ട്കൊച്ചി മേഖലകൾ കൊവിഡിന്റെ പേരിൽ അടച്ച് പൂട്ടിയിട്ട് ഇരുപത്തിനാല് ദിവസം തികയുകയാണ്. സാധാരണ അടച്ചു പൂട്ടലല്ല, പകരം മെഡിക്കൽ ആവശ്യങ്ങൾക്ക് പോലും പോകാൻ കഴിയാത്ത രീതിയിൽ മുക്കും മൂലയുമെല്ലാം അടച്ചിട്ടിരിക്കുകയാണ് ജനങ്ങളുടെ സുരക്ഷയെന്ന പേരിൽ അധികൃതർ. ചുരുക്കം ചില ജനപ്രതിനിധികൾ അവരുടെ ഡിവിഷനിൽ കുറച്ചെങ്കിലും ശ്രദ്ധ പതിപ്പിക്കുന്നുണ്ടെങ്കിലും മറ്റുള്ളവർ അതിന് പോലും മിനക്കെടാത്ത അവസ്ഥയാണ്. മട്ടാഞ്ചേരി, ഫോർട്ട്കൊച്ചി മേഖലകൾ അടച്ച് കുറച്ച് ദിവസം പിന്നിട്ടപ്പോൾ കൊച്ചി മുഴുവൻ അടക്കുന്ന സ്ഥിതിയായി. ഈ മേഖലയിലെ എൺപത് ശതമാനം പേരും ദിവസ വേതനക്കാരാണെന്നുള്ളത് അധികൃതർ മറന്നു. നേരത്തേ ലോക് ഡൗൺ വേളയിൽ സന്നദ്ധ സംഘടനകളുടെ സഹായം ഇവിടത്തുകാർക്ക് ലഭിച്ചിരുന്നുവെങ്കിലും ഇപ്പോൾ അവരും തളർന്ന അവസ്ഥയാണ്. കൊവിഡ് പ്രതിരോധം പൂർണമായും പൊലീസിനെ ഏൽപ്പിച്ചതോടെ പട്ടിണി ദുരിതത്തിന് പുറമേ പൊലീസിന് പിഴ നൽകാൻ പ്രത്യേകം പണം കണ്ടെത്തേണ്ട അവസ്ഥയാണ് കൊച്ചിക്കാർക്ക്.അവശ്യ സാധനങ്ങൾ വാങ്ങാൻ ഇറങ്ങുന്നവർക്കും ഇലക്ട്രിക്കൽ,പ്ലമ്പിങ് ജോലികൾ ചെയ്യുന്നവർക്കും പൊലീസ് വലിയ പിഴയാണ് ഈടാക്കുന്നത്.

സൗത്ത് കളമശേരി മാർക്കറ്റ് പൊലീസ് അടപ്പിക്കാനെത്തിയപ്പോൾ.

സൗത്ത് കളമശേരി മാർക്കറ്റ് വീണ്ടും അടപ്പിച്ചു

കളമശേരി: കളമശേരി നഗരസഭയിലെ വാർഡ് 37ലെ മൈക്രോ കണ്ടെയ്മെന്റ് സോൺ ആയ സൗത്ത് കളമശേരി മാർക്കറ്റ് പൊലീസ് ഇന്നലെ രാവിലെ എത്തി വീണ്ടും അടപ്പിച്ചു. കഴിഞ്ഞ ദിവസം വ്യാപാരി വ്യവസായികളും പൊലീസും തമ്മിലുണ്ടായ ചർച്ചയെ തുടർന്ന് ഉപാധികളോടെ കടകൾ തുറക്കാൻ പൊലീസ് അനുമതി നൽകിയിരുന്നു. രാവിലെ ഏഴു മുതൽ ഉച്ചക്ക് രണ്ട് വരെ തുറക്കാനാണ് അനുമതി നൽകിയത്. എന്നാൽ ചില വ്യാപാരികൾ കടകൾ അടയ്ക്കാതെ വൈകിട്ടു വരെ തുറന്നു വെച്ചതായി ഡിസിപിയ്ക്ക് പരാതി ലഭിച്ചിരിക്കുന്നു. ഇതേ തുടർന്നു രാവിലെ പൊലീസ് എത്തിയാണ് കടകൾ അടപ്പിച്ചത്. എന്നാൽ പരാതിയുടെ നിജസ്ഥിതി അന്വേഷിക്കാനെത്തിയ തൃക്കാക്കര അസിസ്റ്റന്റ് കമ്മീഷണറുടെ മുമ്പിൽ വ്യാപാരികൾ കടകൾ തുറക്കാനുള്ള അനുമതി നൽകണമെന്ന അഭ്യർഥനയുമായി ചെന്നുവെങ്കിലും ഡിസിപിയുമായുള്ള ചർച്ചയിൽ മാത്രമേ തീരുമാനം എടുക്കാൻ സാധിക്കൂ എന്നാണ് എസിപി അറിയിച്ചത്. കഴിഞ്ഞ കുറേ ദിവസങ്ങളായി സൗത്ത് കളമശേരി കണ്ടെയ്മെന്റ് സോണിൽ ആയിരുന്നു.

127 വൈറസ് ബാധിതർ 116 സമ്പർക്കം

കൊച്ചി: ജില്ലയിൽ ഇന്നലെ 121 പേർക്ക് കൊവിഡ് സ്ഥിരീകരിച്ചു. ഇതിൽ 116 പേർക്കും സമ്പർക്കത്തിലൂടെയാണു രോഗം പടർന്നത്. ജില്ലയിലെ ആശുപത്രികളിൽ കൊവിഡ് രോഗം സ്ഥിരീകരിച്ച് ചികിത്സയിൽ കഴിയുന്നവരുടെ എണ്ണം 1355 ആണ്. 51 പേർ രോഗ മുക്തി നേടി. എറണാകുളം ജില്ലക്കാരായ 38 പേരും മറ്റ് സംസ്ഥാനങ്ങളിൽ നിന്നുള്ള 9 പേരും മറ്റ് ജില്ലകളിൽ നിന്നുള്ള 3 പേരും ഇതിൽ ഉൾപ്പെടുന്നു. 867 പേരെ കൂടി ജില്ലയിൽ പുതുതായി വീടുകളിൽ നിരീക്ഷണത്തിലാക്കി. നിരീക്ഷണ കാലയളവ് അവസാനിച്ച 350 പേരെ നിരീക്ഷണ പട്ടികയിൽ നിന്നും ഒഴിവാക്കുകയും ചെയ്തു നിരീക്ഷണത്തിൽ ഉള്ളവരുടെ ആകെ എണ്ണം 12182 ആണ്. ഇതിൽ 10287 പേർ വീടുകളിലും, 166 പേർ കൊവിഡ് കെയർ സെന്ററുകളിലും 1729 പേർ പണം കൊടുത്തുപയോഗിക്കാവുന്ന സ്ഥാപനങ്ങളിലുമാണ്. 69 പേരെ പുതുതായി ആശുപത്രിയിൽ/ എഫ് എൽ റ്റി സി പ്രവേശിപ്പിച്ചു. വിവിധ ആശുപ്രതികളിൽ/ എഫ് എൽ റ്റി സികളിൽ നിന്ന് 82 പേരെ ഡിസ്ചാർജ് ചെയ്തു.ജില്ലയിൽ നിന്നും കൊവിഡ് 19 പരിശോധനയുടെ ഭാഗമായി 1516 സാംപിളുകൾ കൂടി പരിശോധയ്ക്ക് അയച്ചിട്ടുണ്ട്. ഇന്ന് 1381 പരിശോധന ഫലങ്ങളാണ് ലഭിച്ചത്. ഇനി 1677 ഫലങ്ങളാണ് ലഭിക്കാനുള്ളത്.

വിദേശം / ഇതര സംസ്ഥാനത്ത് നിന്നെത്തിയവർ-5

1.തമിഴ് നാട് സ്വദേശി (54) 2.തമിഴ് നാട് സ്വദേശി (53) 3.ബാംഗ്ളൂരുവിൽ നിന്നെത്തിയ നെല്ലിക്കുഴി സ്വദേശി (41) 4.സൗത്ത് ആഫ്രിക്കയിൽ നിന്നെത്തിയ എളമക്കര സ്വദേശി (31) 5. ദുബായിൽ നിന്നെത്തിയ തേവര സ്വദേശി(23)

സമ്പർക്കം വഴി രോഗം സ്ഥിരീകരിച്ചവർ

6. മുടിക്കൽ പെരുമ്പാവൂർ (44) 7.ആമ്പല്ലൂർ സ്വദേശിനി(48) 8.ആയവന സ്വദേശിനി(17) 9.ആയവന സ്വദേശിനി(36) 10.ആയവന സ്വദേശിനി(57) 11.ആലപ്പുഴ സ്വദേശി (26) 12.ഇടക്കൊച്ചി സ്വദേശിനി (10) 13.ഇടക്കൊച്ചി സ്വദേശി (15) 14.ഇടക്കൊച്ചി സ്വദേശി (43) 15.എടത്തല സ്വദേശിനി(46) 16.എടത്തല സ്വദേശിനി(54) 17. എടത്തല സ്വദേശി (42) 18.കടവന്ത്ര സ്വദേശിനി(48) 19.കടുങ്ങല്ലൂർ സ്വദേശി 20.കടുങ്ങല്ലൂർ സ്വദേശി(17) 21.കടുങ്ങല്ലൂർ സ്വദേശിനി(19) 22.കടുങ്ങല്ലൂർ സ്വദേശിനി(43) 23.കല്ലൂർകാട് സ്വദേശി (45) 24. കിഴക്കമ്പലം സ്വദേശി(39) 25.കുട്ടമ്പുഴ സ്വദേശി (49) 26.കുന്നത്തുനാട് സ്വദേശി (73) 27.കുന്നത്തുനാട് സ്വദേശിനി (70) 28. കുമ്പളം സ്വദേശിനി(1) 29.കുമ്പളം സ്വദേശിനി(24)30.കുമ്പളങ്ങി സ്വദേശി (2) 31. കുമ്പളങ്ങി സ്വദേശിനി(41) 32.കുമ്പളങ്ങി സ്വദേശിനി(8) 33.കുഴിപ്പിള്ളി സ്വദേശി (27) 34.കുഴിപ്പിള്ളി സ്വദേശി (30) 35.കോട്ടപ്പടി സ്വദേശിനി(64) 36.കോതമംഗലം സ്വദേശി(49) 37.കോതമംഗലം സ്വദേശി(64) 38.വെണ്ണല സ്വദേശി (10) 39.വെണ്ണല സ്വദേശി (2) 40. വെണ്ണല സ്വദേശി (40) 41. വെണ്ണല സ്വദേശി (5) 42. വെണ്ണല സ്വദേശി (59) 43.വെണ്ണല സ്വദേശിനി(28) 44. വെണ്ണല സ്വദേശിനി(37) 45.വെണ്ണല സ്വദേശിനി(5) 46.വെണ്ണല സ്വദേശിനി(80) 47. വെണ്ണല സ്വദേശിനി(70) 48.ചൂർണിക്കര സ്വദേശിനി (39) 49.ചെല്ലാനം സ്വദേശി (40) 50.ചെല്ലാനം സ്വദേശി (70) 51.ചെല്ലാനം സ്വദേശി(47) 52.ചെല്ലാനം സ്വദേശിനി(68) 53.ചെല്ലാനം സ്വദേശിനി(68) 54.ചെല്ലാനം സ്വദേശിനി (15) 55. തിരുവാണിയൂർ സ്വദേശിനി (27)

56.തിരുവാണിയൂർ സ്വദേശി(2) 57.തൃക്കാക്കര സ്വദേശി (27) 58.തൃക്കാക്കര സ്വദേശി (50) 59.തൃക്കാക്കര സ്വദേശി (9) 60.തൃക്കാക്കര സ്വദേശി(20) 61.തൃക്കാക്കര സ്വദേശിനി(18) 62. തൃക്കാക്കര സ്വദേശിനി(32) 63. തൃക്കാക്കര സ്വദേശിനി(45) 64. തൃക്കാക്കര സ്വദേശിനി(5)65.തൃപ്പൂണിത്തുറ സ്വദേശിനി(48) 66.തോപ്പുംപടി സ്വദേശി(48) 67. തോപ്പുംപടി സ്വദേശി (31)68.തോപ്പുംപടി സ്വദേശിനി (19) 69.നായരമ്പലം സ്വദേശിനി(58) 70.നാവികസേന ഉദ്യോഗസ്ഥൻ (19) 71.നാവികസേന ഉദ്യോഗസ്ഥൻ (20) 72.നാവികസേന ഉദ്യോഗസ്ഥൻ (20) 73.നാവികസേന ഉദ്യോഗസ്ഥൻ (20)74. നാവികസേന ഉദ്യോഗസ്ഥൻ (26) 75.നാവികസേന ഉദ്യോഗസ്ഥൻ (29)76.നെല്ലിക്കുഴി സ്വദേശി (12) 77.നെല്ലിക്കുഴി സ്വദേശിനി (38)78.നെല്ലിക്കുഴി സ്വദേശിനി (68)79. പട്ടിമറ്റം സ്വദേശി (12) 80. പള്ളുരുത്തി സ്വദേശി (48) 81.പള്ളുരുത്തി സ്വദേശി(14)82.പള്ളുരുത്തി സ്വദേശി(30)83.പള്ളുരുത്തി സ്വദേശി(35) 84.പെരുമ്പാവൂർ സ്വദേശിനി(40) 85.ഫോർട്ട് കൊച്ചി സ്വദേശി (14) 86. ഫോർട്ട് കൊച്ചി സ്വദേശി (25) 87.ഫോർട്ട് കൊച്ചി സ്വദേശി (25) 88. ഫോർട്ട് കൊച്ചി സ്വദേശി (27) 89.ഫോർട്ട് കൊച്ചി സ്വദേശി (34)90. ഫോർട്ട് കൊച്ചി സ്വദേശി (4) 91.ഫോർട്ട് കൊച്ചി സ്വദേശി (40) 92.ഫോർട്ട് കൊച്ചി സ്വദേശി (6)93.ഫോർട്ട് കൊച്ചി സ്വദേശിനി(17) 94.ഫോർട്ട് കൊച്ചി സ്വദേശിനി(26)95. ഫോർട്ട് കൊച്ചി സ്വദേശിനി(3)96.ഫോർട്ട് കൊച്ചി സ്വദേശിനി(60)97. മട്ടാഞ്ചേരി സ്വദേശി (13)98.മട്ടാഞ്ചേരി സ്വദേശി(17) 99.മട്ടാഞ്ചേരി സ്വദേശിനി (15) 100. മരട് സ്വദേശി (59) 101.മരട് സ്വദേശിനി (23) 102. മഴുവന്നൂർ സ്വദേശി(30) 103.മഴുവന്നൂർ സ്വദേശിനി (55) 104.മഴുവന്നൂർ സ്വദേശിനി(94) 105. മാറാടി സ്വദേശി (14) 106. മാറാടി സ്വദേശിനി(36) 107. മുളവുകാട് സ്വദേശി (48)108. വടക്കേക്കര സ്വദേശിനി (54)109. വടുതല സ്വദേശിനി (48) 110.വാളകം സ്വദേശി(41) 111. വാളകം സ്വദേശി(66) 112. വാളകം സ്വദേശിനി(60) 113.വാഴക്കുളം സ്വദേശി (8)114.വെങ്ങോല സ്വദേശി(47)115.വൈറ്റില സ്വദേശി (53)116. വടക്കേക്കര സ്വദേശി (19)117.ചെങ്ങമനാട് സ്വദേശി(51) 118. മരട് സ്വദേശിനി (26)119. കടമക്കുടി സ്വദേശി(60) 120. കളമശ്ശേരി സ്വദേശിനി(76) 121. കോട്ടപ്പടി സ്വദേശി (26)

ഓണക്കോടിയും ഓണസദ്യക്കിറ്റും

കൊച്ചി: സ്റ്റേജ് കലാകാരന്മാരുടെയും സാങ്കേതിക വിദഗ്ധ കലാകാരന്മാരുടെയും സാമൂഹ്യ, സാംസ്കാരിക, വിദ്യാഭ്യാസ, ആരോഗ്യ പുരോഗതികൾക്കായി രൂപം നൽകിയിട്ടുള്ള നക്ഷത്രക്കൂട്ടം കലാസാംസ്കാരിക സംഘത്തിന്റെ നേതൃത്വത്തിൽ ജില്ലയിലെ സാമ്പത്തിക ദുരിതമനുഭവിക്കുന്ന അർഹരായ 150 ഓളം കലാകാരന്മാർക്ക് ഓണക്കോടിയും ഓണസദ്യക്കിറ്റും നൽകുമെന്ന് ഭാരവാഹികൾ വാർത്താസമ്മേളനത്തിൽ അറിയിച്ചു. ജില്ലാ തല ഉദ്ഘാടനം 14 ന് രാവിലെ 10.30 ന് എറണാകുളം ഫൈൻ ആർട്സ് ഹാളിൽ നടക്കുന്ന ചടങ്ങിൽ ഹൈബി ഈഡൻ എംപി നിർവഹിക്കും. നക്ഷത്രകൂട്ടം ഡയറക്റ്റർ റോസ് മോഹൻ അധ്യക്ഷത വഹിക്കും. എംഎൽഎമാരായ ടി.ജെ.വിനോദ്, ജോൺ ഫെർണാണ്ടസ് എന്നിവർ മുഖ്യാഥിതികളാവും. നടി പൗളി വത്സൻ, ഞാറക്കൽ ശ്രീനി, ഫാ ജോസഫ് തട്ടാരശേരി, അഡ്വ.ടി.പി.രമേശൻ, പട്ടണം ഷാ എന്നിവർ പങ്കെടുക്കും. തുടർന്നുള്ള ദിവസങ്ങളിൽ ജില്ലയിലെ ഓരോ മണ്ഡലങ്ങളിലും വിതരണം നടത്തും.

ആനിക്കാട് ചിറയിൽ 2.28 കോടിയുടെ നവീകരണം

നവീകരണം പൂർത്തിയാക്കിയ ആനിക്കാട് ചിറയുടെ ഉദ്ഘാടനം വീഡിയോ കോൺഫ്രൻസിലൂടെ മന്ത്രി വി.എസ്.സുനിൽകുമാർ നിർവഹിക്കുന്നു.

മൂവാറ്റുപുഴ: ആവോലി പഞ്ചായത്തിൽ നവീകരണം പൂർത്തിയാക്കിയ ആനിക്കാടു ചിറയുടെ ഉദ്ഘാടനം മന്ത്രി വി. എസ്.സസുനിൽകുമാർ വീഡിയോ കോൺഫറൻസിലൂടെ നിർവഹിച്ചു. എൽദോ എബ്രഹാം എംഎൽഎ അധ്യക്ഷത വഹിച്ചു. പഞ്ചായത്ത് പ്രസിഡന്റ് ജോർഡി.എൻ.വർഗീസ് സ്വാഗതം പറഞ്ഞു. കേരള ലാൻഡ് ഡവലപ്മെന്റ് കോർപ്പറേഷൻ ചെയർമാൻ പി.വി.സത്യനേശൻ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഡോളി കുര്യാക്കോസ് തുടങ്ങിയവർ പങ്കെടുത്തു. ആനിക്കാട് ചിറയുടെ നവീകരണത്തിനായി 2.28 കോടി രൂപയാണ് ചെലവഴിച്ചത്. നബാർഡ് നൽകിയ ഫണ്ടാണിത്. ഏക്കറോളം വരുന്ന ആനിക്കാട് ചിറയുടെ ആദ്യഘട്ടം നവീകരണ ജോലികളാണ് ഇപ്പോൾ പൂർത്തീയായിയിരിക്കുന്നത്. കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷനാണ് നവീകരണ ജോലികൾ നടപ്പാക്കിയത്. ചിറയിലേയ്ക്ക് ഇറങ്ങുന്നതിനായി കിഴക്കുഭാഗത്ത് വീതിയേറിയ റാമ്പ് നിർമിച്ചിട്ടുണ്ട്. നാലു വശങ്ങളിലും ചിറയിലിറങ്ങുന്നതിനായി നടക്കല്ലുകളും സജ്ജീകരിച്ചിട്ടുണ്ട്. നിറഞ്ഞു കിടന്ന ആഫ്രിക്കൻ പായലും ചെളിയും കോരി നീക്കിയ ശേഷം ചിറയുടെ മൂന്ന് വശങ്ങളും കരിങ്കല്ലുകൊണ്ട് പാർശ്വഭിത്തി കെട്ടി ബലപ്പെടുത്തി. സംസ്ഥാന പാതയോടു ചേർന്നുള്ള ഭാഗത്ത് കോൺക്രീറ്റ് ചെയ്തു. ചിറയുടെ ചുറ്റും മൂന്നു മീറ്ററോളം വീതിയിൽ നടപ്പാത നിർമിച്ചു. നടപ്പാതയിൽ ടൈലുകൾ വിരിച്ച് മനോഹരമാക്കിയിട്ടുണ്ട്. ചിറയോട് ചേർന്ന് ഹാൻഡ് റെയിലുകളും പിടിപ്പിക്കും. ചിറയിൽ നിന്നും വെള്ളം ഒഴുക്കിക്കളയുന്നതിനായി ഓവ് നിർമിച്ചിട്ടുണ്ട്. പായൽ ശല്യം കുറയ്ക്കുന്നതിനായി പായൽ ആഹാരമാക്കുന്ന ആയിരത്തോളം മത്സ്യക്കുഞ്ഞുങ്ങളെ ചിറയിൽ നിക്ഷേപിച്ചു. രണ്ടാം ഘട്ടത്തിൽ ജില്ലാ പഞ്ചായത്ത് ഫണ്ടും എംഎൽഎ ഫണ്ടും ഉപയോഗിച്ച് ഔഷധ സസ്യോദ്യാനവും, വിനോദ സഞ്ചാര വകുപ്പുമായി സഹകരിച്ച് ബോട്ടിങ്ങുമാണ് വിഭാവനം ചെയ്തിരിക്കുന്നത്. ചിറയുടെ സൗന്ദര്യവത്ക്കരണത്തിനായി ആവോലി പഞ്ചായത്ത് അഞ്ചു ലക്ഷം രൂപ അനുവദിച്ചിട്ടുണ്ടന്നും വാർഡ് മെമ്പർ എം.കെ. അജി പറഞ്ഞു.

മാരുതി സുസുക്കിയുടെ എസ് ക്രോസ് 1.5 ലിറ്റർ പെട്രോൾ മോഡൽ പോപ്പുലർ നെക്സ പാലാരിവട്ടം ഷോറൂമിൽ ടി.ജെ. വിനോദ് എംഎൽഎ പുറത്തിറക്കുന്നു. പോപ്പുലർ നെക്സ കേരള ഹെഡ് സാബു രാമൻ, ബ്രാഞ്ച് ഹെഡ് സന്തോഷ് ജോർജ് എന്നിവർ സമീപം.

എസ് ക്രോസ് പെട്രോൾ പുറത്തിറക്കി

കൊച്ചി: മാരുതി സുസുക്കിയുടെ ജനപ്രിയ മോഡലായ എസ് ക്രോസിന്റെ പെട്രോൾ മോഡൽ പാലാരിവട്ടം പോപ്പുലർ നെക്സ ഷോറൂമിൽ ടി.ജെ.വിനോദ് എംഎൽഎ പുറത്തിറക്കി. പോപ്പുലർ നെക്സ കേരള ഹെഡ് സാബു രാമൻ, ബ്രാഞ്ച് ഹെഡ് സന്തോഷ് ജോർജ് എന്നിവരും പങ്കെടുത്തു.

നെല്ലിക്കുഴിയിൽ തകർന്ന വീട്.

വീട് തകർന്നു

കോതമംഗലം: നെല്ലിക്കുഴി ഗ്രാമപഞ്ചായത്ത് പതിനഞ്ചാം വാർഡിൽ വീട് തകർന്നു വീണു. പട്ടികജാതിക്കാർ താമസിക്കുന്ന കോളനിയിൽ ഇന്നലെ രാത്രിയാണ് വീട് തകർന്ന് വീണത്. വൻ ശബ്ദത്തോടെ അടുക്കള ഭാഗത്തെ ഭിത്തി പൂർണമായും അടർന്ന് വീണപ്പോൾ പുറത്തേക്ക് ഇറങ്ങി ഓടിയത് കൊണ്ടാണ് അപകടത്തിൽ നിന്നും വീട്ടിലുണ്ടായിരുന്നവർ രക്ഷപെട്ടത് . കൂലി പണിക്കാരനായ ഹരിദാസും കുടുംബവുമാണ് വീട്ടിൽ താമസിച്ചിരുന്നത്. മൂന്ന് കുട്ടികളിൽ ഇളയ കുട്ടിക്ക് ഓട്ടിസം ബാധിച്ച് ചികിൽസയിലാണ്. അധികാരികളെ വിവരം അറിയിച്ചിട്ട് ആരും തിരിഞ്ഞ് നോക്കിയില്ലെന്ന് ഹരിദാസ് പറഞ്ഞു.

പെരുമ്പാവൂർ ബൈപ്പാസ്: സ്ഥലമേറ്റെടുക്കലിന് വിജ്ഞാപനം

കൊച്ചി: നിർദ്ദിഷ്ട പെരുമ്പാവൂർ ടൗൺ ബൈപ്പാസിന്റെ സ്ഥലം ഏറ്റെടുക്കലിന് മുന്നോടിയായുള്ള പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചു. ഇനി ഭൂമി ഏറ്റെടുക്കൽ വിഭാഗം തഹൽസിദാർക്ക് സ്ഥല ഉടമകൾക്ക് നോട്ടീസ് നൽകാൻ സാധിക്കും. ഇതോടെ സർവെ നടത്തി ഭൂമിയുടെ വില നിശ്ചയിക്കാനും ബൈപ്പാസിനുള്ള നിർദ്ദിഷ്ട സ്ഥലം ഏറ്റെടുക്കാനും സാധിക്കും. സ്ഥലമേറ്റുടുക്കൽ നടപടികൾ വേഗത്തിലാക്കുമെന്ന് എൽദോസ് കുന്നപ്പിള്ളി എംഎൽഎ അറിയിച്ചു. പെരുമ്പാവൂർ വില്ലേജിലെ 62 ഉടമകളിൽ നിന്നു 106, 112, 113, 117 ബ്ലോക്കുകളിൽപ്പെട്ട 2.69 ഹെക്റ്റർ സ്ഥലമാണ് ആദ്യ ഘട്ടത്തിൽ ഏറ്റെടുക്കുന്നത്. രണ്ട് ഘട്ടങ്ങളായാണ് ബൈപ്പാസ് പദ്ധതി പൂർത്തീകരിക്കുക. പദ്ധതിയുടെ സമൂഹ്യാഘാത പഠനം നടത്തി റിപ്പോർട്ട് തയാറാക്കിയതിനെ തുടർന്നു പദ്ധതി പ്രദേശത്തുള്ള ജനങ്ങളുടെ യോഗം എംഎൽഎയുടെ അധ്യക്ഷതയിൽ താലൂക്കിൽ വിളിച്ചു ചേർത്തു റിപ്പോർട്ടിന് അന്തിമ രൂപം നൽകി ജില്ല കലക്റ്റർക്ക് സമർപ്പിച്ചു. അതിനെ തുടർന്ന് വിദഗ്ധ സമിതി രൂപീകരിച്ചു. സമിതി സാമൂഹ്യഘാത പഠന റിപ്പോർട്ട് അംഗീകരിച്ചതിനെ തുടർന്നു കലക്റ്റർ സംസ്ഥാന സർക്കാരിന് റിപ്പോർട്ട് നൽകുകയുമായിരുന്നു.

പെരുമ്പാവൂർ ബൈപ്പാസിനായി 133. 24 കോടി രൂപയുടെ അനുമതിയാണ് കിഫ്ബി നൽകിയിട്ടുള്ളത്. സ്ഥലം ഏറ്റെടുക്കുന്നതിനും നിർമാണത്തിനുമുള്ള തുകയാണ് അനുവദിച്ചിരിക്കുന്നത്. പെരുമ്പാവൂർ, വെങ്ങോല, മാറംപ്പിള്ളി വില്ലെജുകളിൽ ഉൾപ്പെട്ട സ്ഥലമാണ് പദ്ധതിക്കായി ഏറ്റെടുക്കേണ്ടത്. ഏകദേശം നാല് കിലോ മീറ്റർ ദൈർഘ്യത്തിൽ 25 മീറ്റർ വീതിയിലാണ് സ്ഥലം ഏറ്റെടുക്കുന്നത്. രണ്ട് വരി പാതയായി നിർമാണം പൂർത്തികരിക്കുന്നതിനാണ് പദ്ധതി ലക്ഷ്യമിടുന്നത്. ആലുവ-മൂന്നാർ റോഡിൽ മരുത് കവലയിൽ നിന്ന് തുടങ്ങി എംസി റോഡ്, പിപി റോഡ് എന്നിവ കടന്ന് പാലക്കാട്ട് താഴത്ത് അവസാനിക്കുന്ന വിധത്തിൽ രണ്ട് ഘട്ടങ്ങളായാണ് പദ്ധതി രൂപകൽപ്പന ചെയ്തിരിക്കുന്നത്. പെരുമ്പാവൂർ ടൗണിലെ ഗതാഗത കുരുക്കിന് പരിഹാരമായി വിഭാവനം ചെയ്ത ഈ പദ്ധതിയുടെ വിശദമായ പദ്ധതി റിപ്പോർട്ട് തയാറാക്കിയത് കിറ്റ്കോയാണ്. റോഡ്സ് ആൻഡ് ബ്രിഡ്ജസ് കോർപ്പറേഷൻ കേരളയാണ് നിർമാണ പ്രവർത്തനങ്ങൾ നടത്തുന്നത്.

AKSHAYA
CATERING & RESTAURANT
PUTHUSSERY NAGAR
PALLIPARAMBUKAVU ROAD, TRIPUNITHURA
PH:9846048184,9074520320
TAKE AWAY AND HOME DELIVERY ONLY
SPECIAL RECIPES
Aloo Matar Masala, Mexican Fried Rice, Vegan Pad Thani Noodles, Kung Pao Paneer, Schezwan Pao Tofu Fried Rice, Mushroom Babycorn Manchurian Samurai Noodles, Chilli Gopi, Chapati, Parotta,Chilli Parotta.
20 Varities of Dosa, Masala Dosa, Thattu dosa, Podi Dosa, Butter Masala, Paneer, Ghee Roast etc..

EXCHANGE OFFER
your old mattress with
Kurl-on
GEO AGENCIES
Chittoor Road, Ernakulam
Ph: 98470 02727

സ്മരണാഞ്ജലി
ഏഴാം ചരമവാർഷികം
12-08-2020

പാർവ്വതി ഗോപാലൻ
കുറുപ്പനേഴത്ത് വീട്
തെക്കൻ പറവൂർ
ദുഃഖ സ്മരണകളോടെ കുടുംബാംഗങ്ങൾ
PUTHANPURAYIL FAMILY TRUST
SOUTH PARAVOOR, ERNAKULAM

Edited, Printed and Published by K.S. Sasikumar, Director, on behalf of M/s.Vaartha News Network Pvt.Ltd. Editorial Team: R. Gopikrishnan (Chief Editor), E. Rudran Warrier (Executive Editor), Vol 13, Issue No.220 RNI No. KERMAL/ 2009/ 29279 Printed at S.T. Reddiar & Sons, Veekshanam Road, Kochi- 682035 and published from Vaartha News Network Pvt. Ltd, Building No. 40/8177/C1, 2nd Floor, Safiya Complex, Convent Road, Near Metro Piller No. 684, Shenoy's Junction., Ernakulam - 682035. Ph: 0484 2383388 Email: info@metrovaartha.com

ചാകര കൊയ്യാൻ മത്സ്യബന്ധന യാനങ്ങൾ കടലിലേയ്ക്ക്

വർഗീസ് മാർക്കോസ്

കരുനാഗപ്പള്ളി : ട്രോളിംഗ് നിരോധനം പിൻവലിച്ച് ദിവസങ്ങൾക്ക് ശേഷം മത്സ്യബന്ധന യാനങ്ങൾ കടലിൽ ചാകര തേടി പോയി തുടങ്ങി. ബോട്ടുകൾക്കും വള്ളങ്ങൾക്കും കടലിൽ പോകാനുള്ള അനുമതി പാസുകൾ ഇന്നലെ രാവിലെ മുതൽ അധികൃതർ വിതരണം ചെയ്തു കഴിഞ്ഞു. ഇതിനെ തുടർന്ന് ചില ബോട്ടുകൾ ബുധനാഴ്ച അർദ്ധരാത്രി മുതൽ കടലിൽ പോയി. ട്രോളിംഗ് നിരോധനവും കോവിഡും കാരണം തീരദേശ മേഖല തീർത്തും വറുതിയിലുമാണ്. ട്രോളിംഗ് നിരോധനത്തിന് ശേഷം യാനങ്ങൾ കടലിൽ പോകാൻ ഇരിക്കെയാണ് കൊവിഡു വർദ്ധിക്കുകയും കാലാവസ്ഥ മോശമാകുകയും ചെയ്തത്.

തുടർന്നു യാനങ്ങൾക്ക് മത്സ്യ ബന്ധനത്തിന് പോകാൻ സാധ്യമായില്ല. കൊവിഡ് കാരണം തൽക്കാലം ശക്തികുളങ്ങര ഹാർബറിൽ നിന്നും ബോട്ടുകൾക്കും നീണ്ടകര ഹാർബറിൽ നിന്നും വള്ളങ്ങൾക്കും മത്സ്യ ബന്ധനത്തിന് പോയി തിരികെ ഇതേ രീതിയിൽ ഹാർബറുകളിൽ തിരികെ എത്തി മത്സ്യവിപണനവും നടത്താമെന്നാണ് അധികൃതർ തീരുമാനിച്ചിരിക്കുന്നത്.

രജിസ്ട്രേഷൻ നമ്പർ പ്രകാരം ഒറ്റ ,ഇരട്ട നമ്പറുകൾ പ്രകാരമായിരിക്കും ഇടവിട്ട ദിവസങ്ങളിൽ ബോട്ടുകളും വള്ളങ്ങളും മത്സ്യവിപണനത്തിനായി ഹാർബറുകളിൽ എത്തി ചേരുന്നത്. തിരക്ക് വർദ്ധിക്കാതിരിക്കാനാണ് ഈ തൽക്കാല തീരുമാനമെന്നാണ് അധികൃതർ പറയുന്നത്. കണ്ടെയ്മെന്റ് സോൺ പിൻവലിച്ചതിനെ തുടർന്ന് അഴീക്കൽഹാർബറിൽ നിന്നും മത്സ്യ ബന്ധനത്തിനായി യാനങ്ങൾ പോകും. കൊവിഡ് മാനദണ്ഡങ്ങൾ പാലിച്ചായിരിക്കും ഹാർബറുകളും മത്സ്യമേഖലയും പ്രവർത്തിക്കുന്നതെന്ന് മറൈൻ ,ഫിഷറീസ് അധികൃതർ അറിയിച്ചിട്ടുണ്ട്. തങ്ങളുടെ ദുരിതങ്ങൾക്ക് അറുതി വരുമെന്ന പ്രതീക്ഷയോടെയാണ് ഇക്കുറിയും മത്സ്യമേഖലയിലുള്ളവർ വരും ദിനങ്ങൾക്കായി കാത്തിരിക്കുന്നത്.

ലേല ഹാളുകളിൽ ടോക്കൺ അനുസരിച്ച് മത്സ്യവിപണനം

കൊല്ലം: കൊവിഡ് 19 മാനദണ്ഡങ്ങൾ പാലിച്ചുള്ള പ്രവർത്തനങ്ങളുടെ ഫലപ്രദമായ നടത്തിപ്പിനായി കൊല്ലം ആർ ഡി ഒ സി.ജി ഹരികുമാറിനെ നോഡൽ ഓഫീസറായി നിയമിച്ചിട്ടുണ്ട്. നോഡൽ ഓഫീസറുടെ നേതൃത്വത്തിൽ കൊവിഡ് മാനദണ്ഡങ്ങളോടെ തങ്കശ്ശേരി മേഖലയിൽപ്പെട്ട മത്സ്യ ബന്ധന തുറമുഖങ്ങളെ ഒരു ഗ്രൂപ്പായും നീണ്ടകര/ശക്തികുളങ്ങര/അഴീക്കൽ തുറമുഖങ്ങളെ മറ്റൊരു ഗ്രൂപ്പായും തിരിച്ചിട്ടുണ്ട്. പൊലീസ്, റവന്യൂ, ഫിഷറീസ്, ഹാർബർ എഞ്ചിനീയറിംഗ് എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥർ അടങ്ങുന്ന രണ്ട് സംയുക്ത ടീമുകളെ രണ്ട് മേഖലകളിലും വിന്യസിച്ചു. ഓരോ മത്സ്യബന്ധന മേഖലയിലും ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഹാർബർ എൻജിനീയറിംഗ് ഡിവിഷൻ എന്നിവർ നടപ്പിൽവരുത്തേണ്ട ക്രമീകരണങ്ങളെ സംബന്ധിച്ച് മാർഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ജില്ലാ പൊലീസ് മേധാവിക്കാണ് ഹാർബറുകളിലെ സുരക്ഷാ ചുമതല. ഫിഷറീസ് വകുപ്പിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്തിട്ടുള്ള വള്ളം/വല ഉടമകൾക്ക് അതത് പ്രദേശത്തെ ലേല ഹാളുകളിൽ ടോക്കൺ അനുസരിച്ച് മത്സ്യവിപണനം നടത്താം.

ഹാർബറിൽ എത്തുന്ന വാഹനങ്ങൾക്ക് കൊല്ലം ബീച്ചിന് സമീപം ഹാർബർ എൻജിനീയറിംഗ് വകുപ്പ് നൽകുന്ന സമയക്രമം പാലിച്ചുള്ള പാസ് അനുസരിച്ച് ലേലഹാളിൽ നിന്ന് മത്സ്യം എടുക്കാം. ഹാർബറുകളിലേക്കും ലേല ഹാളുകളിലേക്കും പ്രവേശിക്കുവാനും പുറത്ത് കടക്കുവാനും തങ്കശ്ശേരി മണ്ണെണ്ണ ബങ്ക്, വാടി, പോർട്ട് കൊല്ലം ലേലഹാളിന് മുൻവശം, മൂതാക്കര എന്നിവിടങ്ങളിലെ നാലു ഗേറ്റുകൾ മാത്രം ഉപയോഗിക്കാം. പ്രവേശനം ഒരു സമയം 20 പേർക്ക് മാത്രം. മത്സ്യം കൊണ്ടുവരുന്ന മത്സ്യത്തൊഴിലാളികൾ, അനുബന്ധ തൊഴിലാളികൾ കച്ചവടക്കാർ എന്നിവർക്കാണ് ക്യാബിനുള്ളിൽ പ്രവേശനം. പരമാവധി അഞ്ച് തൊഴിലാളികളുള്ള പരമ്പരാഗത മത്സ്യബന്ധന യാനങ്ങൾക്കും അഞ്ച് തൊഴിലാളികളുള്ള ഒരു കാരിയർ വള്ളത്തിനും 30 തൊഴിലാളികളുള്ള റിംഗ് സീൻ വള്ളത്തിനുമാണ് മത്സ്യബന്ധനത്തിന് അനുമതി. മുൻകൂട്ടി നിശ്ചയിച്ചിട്ടുള്ള കൗണ്ടറുകളിൽ ഹാർബർ മാനേജ്മെന്റ് സമിതി നിശ്ചയിക്കുന്ന വിലയ്ക്ക് മാത്രമാണ് മത്സ്യവിപണനം.

മത്സ്യബന്ധനത്തിന് പോകുന്ന എല്ലാ തൊഴിലാളികളും കൊവിഡ് ജാഗ്രത പോർട്ടലിൽ രജിസ്റ്റർ ചെയ്യണമെന്ന് ജില്ലാ കലക്ടർ അറിയിച്ചു. ഇതര സംസ്ഥാന തൊഴിലാളികൾ കൊവിഡ് നെഗറ്റീവ് സർട്ടിഫിക്കറ്റ് ഹാജരാക്കിയ ശേഷമാണ് രജിസ്റ്റർ ചെയ്യേണ്ടത്. കണ്ടയിൻമെന്റ് സോണിലുള്ള തൊഴിലാളികൾ മത്സ്യബന്ധനത്തിനോ വിപണനത്തിനോ പുറത്ത് പോകാനോ ഇത്തരം ആവശ്യങ്ങൾക്ക് കണ്ടയ്ൻമെന്റ് സോണിലേക്ക് വരാനോ പാടില്ല.

ടിവികൾ വിതരണം ചെയ്തു

പൊഴിയൂർ സ്റ്റേഷൻ എസ്ഐ പ്രസാദ് ടെലിവിഷനുകൾ വിതരണം ചെയ്യുന്നു.

പാറശാല: . ഉദിയൻകുളങ്ങര റോട്ടറി ക്ലബ്ബിന്റെ നേതൃത്വത്തിൽ വിവിധ സ്കൂളുകളിലെ വിദ്യാർത്ഥി വിദ്യാർത്ഥിനികൾക്ക് ഓൺലൈൻ പഠനത്തിനായുള്ള ടിവികൾ വിതരണം ചെയ്തു. പൊഴിയൂർ സ്റ്റേഷൻ എസ് ഐ പ്രസാദ് വിതരണ ഉദ്ഘാടനം നിർവ്വഹിച്ചു .റോട്ടറി ക്ലബ് പ്രസിഡന്റ് സജു, അയിര സുനിൽകുമാർ, അഡ്വ. സജിത് തുടങ്ങിയ നിരവധി പേർ പങ്കെടുത്തു.

പിപിഇ കിറ്റുകൾ വിതരണം ചെയ്തു

അഡ്വ: ഡി.കെ മുരളി എംഎൽഎ പിപിഇ കിറ്റുകൾ ഉൾപ്പെടെയുള്ളവ അസിസ്റ്റന്റ് സ്റ്റേഷൻ ഓഫീസർ നസീറിനു കൈമാറുന്നു.

വെഞ്ഞാറമൂട്: കൊവിഡ് 19 പ്രതിരോധവുമായി ബന്ധപ്പെട്ട് വെഞ്ഞാറമൂട് ഫയർ ആൻഡ് റസ്ക്യൂ സ്റ്റേഷനു വേണ്ടി എംഎൽഎയുടെ പ്രത്യേക വികസന നിധിയിൽ നിന്നും വാങ്ങിയ രണ്ടു സ്പെയറുകൾ 25 പി.പി.ഇ കിറ്റുകൾ ,30 ഫെയ്സ് ഷീൽഡ് എന്നിവ അഡ്വ: ഡി.കെ മുരളി എംഎൽഎ യിൽ നിന്നും അസിസ്റ്റന്റ് സ്റ്റേഷൻ ഓഫീസർ നസീർ ഏറ്റുവാങ്ങി. ജില്ലാപഞ്ചായത്ത് അംഗം അംഗം എസ്.എം റാസി, വാമനപുരം കുടുംബാആരോഗ്യ കേന്ദ്രം മെഡിക്കൽ ഓഫീസർ സജികുമാർ,സീനിയർ ഫയർ ഓഫീസർ അജിത്ത് കുമാർ ഗ്രേഡ് അസിസ്റ്റന്റ് സ്റ്റേഷൻ ഓഫീസർ നിസാർ എന്നിവരും സേനാംഗങ്ങളും പങ്കെടുത്തു.72793 രൂപ വിലയുള്ള ഉപകരണങ്ങളാണ് കൈമാറിയത്.

രംഗപ്രഭാത് നാഷണൽ വെബിനാർ 15ന്

വെഞ്ഞാറമൂട്: രംഗപ്രഭാതിന്റെ സുവർണ്ണ ജൂബിലി ആഘോഷ പരിപാടികളുടെ ഭാഗമായി രംഗപ്രഭാത് കുട്ടികളുടെ നാടകവേദിയും രംഗപ്രഭാത് ബാലഭവനും കിളിമാനൂർ ശ്രീ ശങ്കരാ കോളേജ് തിയേറ്റർ ക്ലബ്ബും സംയുക്തമായി നാഷണൽ വെബിനാർ ഓഗസ്റ്റ് 15ന് രാവിലെ 10.30 മുതൽ ഗൂഗിൾ മീറ്റ് വഴി സംഘടിക്കുന്നു. സ്വാതന്ത്ര്യാനന്തര ഭാരതത്തിൽ കുട്ടികളുടെ നാടകവേദിയുടെ വളർച്ച എന്ന വിഷയത്തെ ആസ്പദമാക്കി തിയേറ്റർ പ്രാക്ടീഷണറും റിസർച്ച് കോഴ്സ് ഡയറക്ടറുമായ ദേവേന്ദ്രനാഥ് ശങ്കരനാരായണനും കുട്ടികളുടെ നാടകവേദി പരിശീലകൻ ഡോ. അൽത്താഫ് ഹസനും നയിക്കുന്നു.

ശ്രീ ശങ്കരാ കോളേജ് പ്രിൻസിപ്പൽ ഡോ.ജി.തുളസീദരൻ അധ്യക്ഷത വഹിക്കും. 15വയസ്സിന് മുകളിലുള്ളവർക്ക് ഈ വെബിനാറിൽ പങ്കെടുക്കാം. ബന്ധപ്പെടേണ്ട ഫോൺ നമ്പർ9544793539,

അപേക്ഷ തിയതി നീട്ടി

തിരുവനന്തപുരം : ജില്ലയിലെ കാവുകൾ സംരക്ഷിച്ച് പരിപാലിക്കുന്നതിന് സംസ്ഥാന വനം വന്യജീവി വകുപ്പ് നൽകിവരുന്ന 2020-2021 വർഷത്തേക്കുള്ള സാമ്പത്തിക സഹായത്തിനുള്ള അപേക്ഷ തിയതി 31 വരെ നീട്ടി. താൽപര്യമുള്ള കാവുടമസ്ഥർ കാവിന്റെ വിസ്തൃതി, ഉടമസ്ഥത തെളിയിക്കുന്ന രേഖകൾ എന്നിവ സഹിതം അപേക്ഷിക്കണം. ജൈവവൈവിധ്യ സംരക്ഷണ രംഗത്തെ അനുകരണീയ പ്രവർത്തനങ്ങൾക്കുള്ള വനമിത്ര അവാർഡിനുള്ള അപേക്ഷ തിയതിയും 31 വരെ നീട്ടി. തിരുവനന്തപുരം ജില്ലയിൽ താൽപര്യമുള്ള വ്യക്തികൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ,സന്നദ്ധ സംഘടനകൾ കർഷകർ എന്നിവർക്ക് വനമിത്ര അവാർഡിന് അപേക്ഷിക്കാം. ഇരു വിഭാഗങ്ങളിലേക്കുമുള്ള അപേക്ഷകൾ തിരുവനന്തപുരം രാജീവ് ഗാന്ധി നഗറിലെ (പി.റ്റി.പി.) സോഷ്യൽ ഫോറസ്ട്രി വിഭാഗം ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർക്ക് സമർപ്പിക്കണം.

പ്രതിമകളിൽ പുഷ്പാർച്ചന നടത്തും

തിരുവനന്തപുരം: സ്വാതന്ത്ര്യ ദിനാഘോഷങ്ങളുടെ ഭാഗമായി 15 ന് രാവിലെ ഒൻപതിന് നിയമസഭ സമുച്ചയത്തിൽ സ്ഥാപിച്ചിട്ടുള്ള ദേശീയ നേതാക്കളുടെ പ്രതിമകളിൽ സ്പീക്കർ പി. ശ്രീരാമകൃഷ്ണൻ പുഷ്പാർച്ചന നടത്തും.

കാറ്റിലും മഴയിലും വ്യാപകനാശം

പാശാല: കാറ്റിലും മഴയിലും പാറശാലയിൽ വ്യാപക നാശ നഷ്ടം . പാറശാല പഞ്ചായത്തിലെ കരുമാനൂർ കാവുവിള വിട്ടിയോട് എന്നീ സ്ഥലങ്ങളിലാണ് വ്യാപകനാശനഷ്ടം ഉണ്ടായത്.കാറ്റിൽ കോട്ടൺ മരം കടപുഴകിവീണ് കരുമാനൂർ കാവുവിള ഗോപാലന്റെ വീടിന്റെ മേൽക്കൂര തകർന്നു. വയോധികർ ഉൾപ്പെടെ നാലംഗ കുടുംബാംഗങ്ങൾ അത്ഭുതകരമായി രക്ഷപ്പെട്ടു.തൊട്ടടുത്ത് വൈദ്യുത ലൈനിൽ കൂറ്റൻ മരം മുറിഞ്ഞ് വീണ് പോസ്റ്റും ലൈനുകളും തകർന്നു. ഏലാകളിൽ കാറ്റ് മൂലം വാഴ കൃഷികൾ പലയിടത്തും നശിച്ചു.

വീടിന്റെ മേൽക്കൂര തകർന്ന നിലയിൽ

പോത്തിനെയും കാളയെയും മോഷ്ടിച്ചയാൾ റിമാന്റിൽ

കഠിനംകുളം: പുതുക്കുറിച്ചിയിൽ പോത്തിനെയും കാളയെയും മോഷ്ടിച്ചയാളെ റിമാന്റ് ചെയ്തു. മാടൻവിള ചുരുട്ടയിൽ അഷ്കറിനെയാണ് ആറ്റിങ്ങൽ കോടതി 14 ദിവസത്തേക്ക് റിമാൻഡ് ചെയ്തത്. പുതുക്കുറിച്ചി, ചേരമാൻ തുരുത്ത് അബ്ദുൽ അസീസിന്റെ തൊഴുത്തിൽ നിന്നും പോത്തിനെയും അയൽവാസിയായ ഷാഹുൽ ഹമീദിന്റെ പറമ്പിൽ നിന്നും കാളക്കുട്ടിയെയുമാണ് പ്രതി മോഷ്ടിച്ചത്. ഇക്കഴിഞ്ഞ തിങ്കളാഴ്ച രാത്രിയാണ് മാടുകൾ മോഷണം പോയത്. കൂടാതെ കഴിഞ്ഞ മാസം 30 ന് രാത്രിയിലും നസീമുദ്ധീന്റെ തൊഴുത്തിൽ കെട്ടിയിട്ടിരുന്ന മറ്റൊരു പോത്ത് മോഷണം പോയിരുന്നു. മാടുകൾ മോഷണം പോയതോടെ പൊലീസ് സമീപത്തെ സിസിടിവി ദൃശ്യങ്ങൾ പരിശോധിച്ചപ്പോഴാണ് മോഷ്ടാവിനെകുറിച്ചുള്ള വിവരങ്ങൾ ലഭിച്ചത്. മോഷ്ടിച്ച മാടുകളെ ജന്മി മുക്കിൽ ഷഹയുടെ പറമ്പിൽ നിന്നും കണ്ടെത്തി. കഠിനംകുളം ഐ.എസ്.എച്ച്.ഒ വിനേഷ് കുമാർ, സബ് ഇൻസ്പെക്ടർ രതീഷ്കുമാർ.ആർ, ജി.എസ്.ഐ കൃഷ്ണ പ്രസാദ്, എ.എസ്.ഐ രാജു, സി.പി.ഒ സജിൻ എന്നിവർ അന്വേഷണത്തിന് നേതൃത്വം നൽകി.

കൊവിഡ് നിയന്ത്രണം കഴിഞ്ഞ്; പരിസ്ഥിതി പഠന ക്ലാസ്

കൊല്ലം: സോഷ്യൽ ഫോറസ്ട്രി എക്സ്റ്റൻഷൻ യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ കൊവിഡ് 19 സംബന്ധമായ നിയന്ത്രണങ്ങൾ നീങ്ങിയ ശേഷം സ്കൂൾ/കോളജ് തുറക്കുന്നതനുസരിച്ച് അതത് സ്ഥാപനങ്ങളിൽ പരിസ്ഥിതി പഠന ക്ലാസുകൾ നടത്തുന്നു. കൊല്ലം, തിരുവനന്തപുരം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം ജില്ലകളിലെ സ്കൂളുകളിൽ നിന്നും കോളജുകളിൽ നിന്നുമുള്ള വിദ്യാർഥികൾ, സന്നദ്ധ സംഘടനകൾ, കുടുംബശ്രീ അംഗങ്ങൾക്കാണിത്. ഉച്ചവരെ പരിസ്ഥിതി സംബന്ധമായ ക്ലാസും ഉച്ചയ്ക്ക് ശേഷം പരിസ്ഥിതി/വന്യജീവി സംബന്ധമായ ഫിലിം പ്രദർശനവും ഉൾപ്പെടെയാണ് ക്യാമ്പ്. കൂടാതെ ഏകദിന വനദർശന പരിപാടിയും സംഘടിപ്പിക്കും. താത്പര്യമുള്ളവർ ചിന്നക്കട വനശ്രീ കോംപ്ലക്സിലെ സോഷ്യൽ ഫോറസ്ട്രി എക്സ്റ്റൻഷൻ ഓഫീസിൽ അപേക്ഷ നൽകാം. വിശദ വിവരങ്ങൾ 8547603695, 8547603696, 8547603697, 8547603698, 8547603699 എന്നീ നമ്പറുകളിൽ ലഭിക്കും.

കുട്ടികൾക്ക് കുടുംബാന്തരീക്ഷം നൽകുന്ന പദ്ധതി

കൊല്ലം: ചിൽഡ്രൻസ് ഹോമുകളിൽ നിൽക്കുന്ന കുട്ടികൾക്ക് താത്കാലികമായി കുടുംബ അന്തരീക്ഷം ലഭ്യമാക്കുന്നതിനായി താത്പര്യമുള്ള സ്ഥാപനങ്ങൾ, സംഘടനകൾ, ഏജൻസികൾ, വ്യക്തികൾ എന്നിവരിൽ നിന്നും അപേക്ഷ ക്ഷണിച്ചു. അവസാന തീയതി സെപ്റ്റംബർ അഞ്ചിന് വൈകുന്നേരം അഞ്ചുവരെ. വിലാസം ജില്ലാ ശിശുസംരക്ഷണ ഓഫീസർ, ജില്ലാ ശിശു സംരക്ഷണ ഓഫീസ്, മൂന്നാം നില, സിവിൽ സ്റ്റേഷൻ, കൊല്ലം 691013. ഫോൺ: 04742791597.

മഴ: കൊല്ലത്ത് 5.58 ലക്ഷത്തിന്റെ നഷ്ടം

കൊല്ലം: ജില്ലയിൽ ഇന്നലെ കനത്ത മഴയിൽ 24 വീടുകൾ ഭാഗികമായി തകർന്നു. മൂന്നു കിണറുകൾക്കും നാശമുണ്ടായതിൽ ആകെ 5.58 ലക്ഷത്തിന്റെ നഷ്ടം കണക്കാക്കി. കരുനാഗപ്പള്ളി, കുന്നത്തൂർ, താലൂക്കുകളിൽ നാശനഷ്ടങ്ങളൊന്നും റിപ്പോർട്ട് ചെയ്തിട്ടില്ല. കൊട്ടാരക്കരയിൽ 16 വീടുകൾക്ക് ഭാഗികകമായി നാശം. നഷ്ടം 4.1 ലക്ഷം രൂപ.

പുനലൂരിൽ നാല് വീടുകൾ ഭാഗികമായി തകർന്നതിൽ 72,000 രൂപയുടെ നഷ്ടമുണ്ടായി. കൊല്ലത്ത് മൂന്ന് വീടുകളാണ് ഭാഗികമായി തകർന്നത്. ഇവിടെ മൂന്ന് കിണറുകൾക്കും നാശമുണ്ട്. 70,000 രൂപയുടെ നാശം കണക്കാക്കി. പത്തനാപുരത്ത് ഒരു വീട് ഭാഗികമായി തകരുകയും 6,000 രൂപയുടെ നഷ്ടം കണക്കാക്കുകയും ചെയ്തു.ജില്ലയിലെ വിവിധ പ്രദേശങ്ങളിൽ പ്രവർത്തിക്കുന്ന മൂന്നു ദുരിതാശ്വാസ ക്യാമ്പുകളിൽ ഇനിയുള്ളത് 86 പേർ . 39 കുടുംബങ്ങളിലെ 36 പുരുഷന്മാരും 42 സ്ത്രീകളും എട്ടു കുട്ടികളുമാണ് ക്യാമ്പുകളിലുള്ളത്. കൊല്ലം താലൂക്കിലാണ് മൂന്നു ക്യാമ്പുകളും പ്രവർത്തിക്കുന്നത്.

നോക്കുകുത്തികളായി നെയ്യാറ്റിൻകരയിലെ കൊവിഡ് കെയർ സെന്ററുകൾ

നെയ്യാറ്റിൻകര: നെയ്യാറ്റിൻകരയിലും പരിസര പ്രദേശങ്ങളിലും കൊവിഡ് കേസുകൾ അനുദിനം വർദ്ധിക്കുമ്പോൾ പണി തീർന്ന കോവിഡ് കെയർ സെന്ററുകൾ തുറക്കാൻ വൈകുന്നത് എം.എൽ.എയുടെ വൈഗ്യബുദ്ധി മൂലമാണെന്ന് മുൻ എംഎൽഎ ആർ. സെൽവരാജ്. നെയ്യാറ്റിൻകര എംഎൽഎയും പ്രാദേശിക ഭരണ നേതൃത്വങ്ങളുമായുള്ള അസ്വാരസ്യങ്ങളാണ് പണിതീർന്നിട്ടും കോവിഡ് കെയർ സെന്ററുകൾ തുറക്കാൻ വൈകുന്നതിന്റെ കാരണം. പണിപൂർത്തിയാകാത്തതിനാലാണ് ചികിൽസാ കേന്ദ്രം തുറക്കാൻ വൈകുന്നതെന്ന എംഎൽഎയുടെ വിശദീകരണം വസ്തുതയല്ല. കുളത്തൂർ പഞ്ചായത്തിലെ ചികിൽസാ കേന്ദ്രങ്ങൾ പൂർണ സജ്ജമാണെന്നും അവ തുറന്നുകൊടുക്കാൻ അനുവദിക്കാതെ എംഎൽഎ കോവിഡ് കാലത്തും രാഷ്ട്രീയം കളിക്കുകയാണെന്നും പഞ്ചായത്ത് അധികൃതർ കഴിഞ്ഞ ദിവസം മാദ്ധ്യമങ്ങളോട് പറഞ്ഞിരുന്നു. അവിടത്തെ ശുചിമുറികളടക്കം നിർമ്മാണം പൂർണമായും തീർന്നിട്ട് ദിവസങ്ങളേറെയായി. സന്നദ്ധ പ്രവർത്തകരും സജ്ജമാണ്. എംഎൽഎയുടെ വീട് സ്ഥിതി ചെയ്യുന്നതും സിപിഎം ഭരിക്കുന്നതുമായ നെയ്യാറ്റിൻകര നഗരസഭയുടെ കീഴിലെ കൊവിഡ് കെയർ സെന്റർ പൂർണസജ്ജമാക്കി അവയോട് ചേർന്ന് ഡോക്ടർമാരുടെയും നേഴ്സുമാരുമാരുടെയും ക്വാർട്ടേഴ്സും സജ്ജമാക്കി പൂട്ടിയിട്ടിരിക്കുകയാണ്.എന്നാൽ നാളിത് വരെ തുറന്നു കൊടുക്കാൻ തയ്യാറായിട്ടില്ല. നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ കോവിഡ് പോസിറ്റീവ് ആകുന്ന രോഗികളെ മറ്റ് മണ്ഡലങ്ങളിലെ ചികിൽസാകേന്ദ്രങ്ങളിലേക്കാണ് കൊണ്ടുപോകുന്നത്. നെയ്യാറ്റിൻകര മണ്ഡലത്തിലെ ചികിൽസാകേന്ദ്രങ്ങൾ അപ്പോഴും വെറും നോക്കുകുത്തികളാകുകയാണ്. എംഎൽഎയ്ക്ക് ജനങ്ങളോടുള്ള പ്രതിബദ്ധത ഇല്ലായ്മയുടെ സ്മാരകങ്ങളായി അവ മാറുകയാണെന്നും ആർ. സെൽവരാജ് പറഞ്ഞു. നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിനുള്ളിലെ പണി പൂർത്തിയായ കോവിഡ് കെയർ സെന്ററുകൾ അടിയന്തരമായി തുറന്ന് കൊടുക്കണമെന്ന് ആവശ്യപ്പെട്ട് കളക്ടർക്ക് കത്ത് നൽകിയതായും അദ്ദേഹം അറിയിച്ചു.

ജനറൽ നഴ്സിംഗ്; അപേക്ഷിക്കാം

കൊല്ലം: സർക്കാർ നഴ്സിംഗ് സ്കൂളിൽ ജനറൽ നഴ്സിംഗ് കോഴ്സിലേക്ക് അപേക്ഷിക്കാം. യോഗ്യത ഫിസിക്സ്, കെമസ്ട്രി, ബയോളജി ഐച്ഛിക വിഷയമായെടുത്ത് 40 ശതമാനം മാർക്കോടെ പ്ലസ് ടു അഥവാ തത്തുല്യ പരീക്ഷ ജയിക്കണം. അപേക്ഷ ഓഗസ്റ്റ് 27 നകം സർക്കാർ നഴ്സിംഗ് സ്കൂൾ പ്രിൻസിപ്പലിന് സമർപ്പിക്കണം.

സ്മരണാഞ്ജലി
ഏഴാം ചരമവാർഷികം
12-08-2020

പാർവ്വതി ഗോപാലൻ
കുറുപ്പനേഴത്ത് വീട്
തെക്കൻ പറവൂർ
ദുഃഖ സ്മരണകളോടെ കുടുംബാംഗങ്ങൾ
PUTHANPURAYIL FAMILY TRUST
SOUTH PARAVOOR, ERNAKULAM

ഉഴമലക്കൽ വില്ലേജിന് മുന്നിൽ എൻജിഒ അസോസിയേഷൻ നടത്തിയ പ്രതിഷേധം.

വില്ലേജ് ഓഫീസരുടെ ആത്മഹത്യാ ശ്രമം; ധർണ നടത്തി

വെള്ളറട: തൃശൂർ ജില്ലയിലെ വനിതാ വില്ലേജ് ഓഫീസരുടെ ആത്മഹത്യാ ശ്രമത്തിനു കാരണക്കാരയവർക്കെതിരെ നടപടി വേണമെന്ന് ആവശ്യപ്പെട്ട് കേരള എൻ ജി ഒ അസോസിയേഷൻ ധർണ നടത്തി. ആര്യനാട് ബ്രാഞ്ചിന്റെ നേതൃത്വത്തിൽ ആര്യനാട്, ഉഴമലയ്ക്കൽ, വെള്ളനാട്, അരുവിക്കര ,പെരുംകുളം വില്ലേജുകളിൽ നടന്ന സമരത്തിൽ ബ്രാഞ്ച് പ്രസിഡന്റ് അനിൽ ,സെക്രട്ടറി മണിക്കുട്ടൻ, ജില്ലാ സെക്രട്ടറിയേറ്റ് അംഗം രജി ആർ.നായർ, പ്രശാന്ത്, ജില്ലാ കമ്മിറ്റി അംഗം വിപിൻ, ബ്രാഞ്ച് വൈസ് പ്രസിഡന്റ് സുനിൽ, ജോ: സെക്രട്ടറി പ്രമോദ്, സജി, ജലീൽ, തുടങ്ങിയവർ നേതൃത്വം നൽകി

കരിച്ചാറ ബ്രദേഴ്സിന്റെ കൊവിഡ് വിരുദ്ധ പോരാട്ടം ശ്രദ്ധേയമാകുന്നു

തിരുവനന്തപുരം: കൊവിഡ് വൈറസിനെതിരെയായി അണ്ടൂർക്കോണം പഞ്ചായത്തിലെ കരിച്ചാറ പ്രദേശത്തു 'കരിച്ചാറ ബ്രദേഴ്സ്' എന്ന സാമൂഹ്യ മാധ്യമ കൂട്ടായ്മ നടത്തുന്ന പ്രവർത്തനങ്ങൾ ശ്രദ്ധേയമാകുന്നു . മംഗലപുരം പൊലീസ്, അണ്ടൂർക്കോണം ഗ്രാമ പഞ്ചായത്തു , കരിച്ചാറ ഹോമിയോ ആശുപത്രി എന്നിവയുമായി സഹകരിച്ചാണ് കരിച്ചാറ ബ്രദേഴ്സ് വോളണ്ടിയർമാർ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത് . അതിന്റെ ഭാഗമായി സാനിറ്റൈസർ കിയോസ്ക് , സൗജന്യ മാസ്ക് വിതരണം , ഹോമിയോ പ്രതിരോധ ഗുളിക വിതരണം എന്നിവ സംഘടനാ നടത്തി. കഴിഞ്ഞ ദിവസം നടന്ന ചടങ്ങിൽ സാനിറ്റൈസർ കിയോസ്കിന്റെ ഉത്ഘാടനം മംഗലാപുരം ഗ്രേഡ് എസ്.ഐ.ജി.സുഗുണൻ ഉത്ഘാടനം ചെയ്തു . സൗജന്യ മാസ്ക് വിതരണത്തിന്റെ ഉത്ഘാടനം അഡ്വ. സിറാജുദ്ധീൻ നിർവഹിച്ചു .ഹോമിയോ ഗുളിക വിതരണത്തിന്റെ ഉത്ഘാടനം പഞ്ചായത്തംഗം എൻ.പ്രഭ നടത്തി . കരിച്ചാറ ഹംസ , ജെ.എം. റഹിം , അഷ്റഫ് , റാസി ദാവൂദ് , എ.പി.മുഹമ്മദ് , തുടങ്ങിയവർ നേതൃത്വം നൽകി . ഇന്ന് ഹോമിയോ ആശുപത്രിയിൽ നടക്കുന്ന ചടങ്ങിൽ സാനിറ്റൈസർ കിയോസ്ക് മെഡിക്കൽ ഓഫീസർ ഡോ .ലിമ ദീപക്കിന് കരിച്ചാറ ബ്രദേഴ്സ് ഭാരവാഹികൾ കൈമാറും .

കരിച്ചാറ ബ്രദേഴ്സ് സ്ഥാപിച്ച സാനിറ്റൈസർ കിയോസ്ക് മംഗലപുരം ഗ്രേഡ് എസ്.ഐ.ജി.സുഗുണൻ ഉത്ഘാടനം ചെയ്യുന്നു .

BRANCH SHIFTING
ഞങ്ങളുടെ വെള്ളയമ്പലം, ശാസ്തമംഗലം ശാഖകൾ 12.11.2020 തീയതി മുതൽ വെള്ളയമ്പലം - ശാസ്തമംഗലം റോഡിലുള്ള താഴെപ്പറയുന്ന കെട്ടിടത്തിലേക്ക് മാറ്റുവാൻ തീരുമാനിച്ചിരിക്കുന്നു. ഈ രണ്ടു ശാഖകളും താഴെപ്പറയുന്ന കെട്ടിടത്തിൽ പ്രവർത്തിക്കുകയും ചെയ്യുന്നതാണ്. പുതിയ മേൽവിലാസം താഴെ നൽകിയിരിക്കുന്നു.

Muthoot Finance Ltd
Vellayambalam
TC 9/1020 -1&2
(New TC No : 22/899 & 900)
Opp. NSS Karayogam,
Vellayambalam - Sasthamangalam
Road, Trivandrum - 695 010.
Ph : - 0471-231 3022
Email id:-mgvel3100@muthootgroup.com

Muthoot Finance Ltd
Sasthamangalam
TC 9/1020 -1&2
(New TC No : 22/899 & 900)
Opp. NSS Karayogam,
Vellayambalam - Sasthamangalam
Road, Trivandrum - 695 010.
Ph : - 0471-231 3656, 94460 02168
Email id:-mgsas2069@muthootgroup.com

എല്ലാ മാന്യ ഇടപാടുകാരുടേയും അഭ്യുദയകാംഷികളുടേയും തുടർന്നുള്ള സഹകരണവും പിന്തുണയും ഞങ്ങൾ അഭ്യർത്ഥിക്കുന്നു.
Muthoot Finance
A Muthoot M George Enterprise

Edited, Printed and Published by K.S. Sasikumar, Director, on behalf of M/s.Vaartha News Network Pvt.Ltd. Editorial Team: R. Gopikrishnan (Chief Editor), E. Rudran Warrier (Executive Editor),Vol 13, Issue No. 229 RNI No. KERMAL/ 2009/ 31363 Printed at M/S St. Joseph's press, PB NO. 416, Cotten Hill, Vazuthacaud, Thiruvananthapuram- 695014, Phone No: 0471- 2573388 and published from **Vaartha News Network Pvt.Ltd,** TC 25/3443, Valli Villa, UR-10, Uppalam Road, Thiruvananthapuram - 695001, Ph: 0471-2573388, 2573399.

Metro Vaartha

കഥ

സ്വന്തം ശങ്കുവേട്ടൻ

ജാബി അമ്പലത്ത്
കുമ്പിടി, പാലക്കാട്

ഈ കഥ വർഷങ്ങൾക്ക് മുമ്പാണ്. വാട്ട്സപ്പും, ഫേസ്ബുക്കും മൊബൈൽ ഫോണുമില്ലാതിരുന്ന കാലം.

ആ കാലത്താണ് കുറട്ടം ഗ്രാമത്തിലെ പോസ്റ്റുമാനായിരുന്ന ശങ്കുവേട്ടൻ ഒരു പണി പറ്റിച്ചത്. അക്കാലത്ത് ശങ്കുവേട്ടൻ തന്നെയാണ് കത്തുകൾ ഓരോ വീട്ടിലും പ്രായമായവർക്ക് വായിച്ചു കൊടുക്കുന്നത്.

ഒരു നല്ല വായനക്കാരൻ കൂടിയാണെന്ന് ആ നാട്ടുകാരറിഞ്ഞത് പിന്നീടായിരുന്നു.

തെക്കേലെ റസിയായ്ക്കു കെട്ടിയോൻ ഹുസൈൻ ഗൾഫിൽ നിന്ന് അയയ്ക്കുന്ന കത്തു മാത്രം വായിക്കണ്ട. കാരണം റസിയയ്ക്ക് എഴുത്തും വായനയും അറിയാം.

ഇൻലന്റിലേയും, കവറിലെയും ഉള്ളടക്കം പശയറിയാതെ വായിക്കാൻ വിദഗ്ദ്ധനായിരുന്നു ശങ്കുവേട്ടൻ.

ഇങ്ങനെയൊക്കെ പോസ്റ്റുമാൻ ശങ്കുവേട്ടൻ വിലസി നിൽക്കുന്ന സമയത്താണ് ദുബായിലുള്ള തന്റെ പുതിയാപ്ള മമ്മദിന് താഹിറ ഒരു കത്തെഴുതുന്നത്.

നിക്കാഹ് കഴിഞ്ഞ് പുതുമോടി മാറുന്നതിന് മുമ്പെ അക്കരെ കടന്ന മാരനോടുള്ള പരിഭവവും, സ്നേഹ സമ്പുഷ്ടവുമായ വരികൾ കൊണ്ട് നിറഞ്ഞ ഒരൊന്നാന്തരം കത്ത്.

കത്തിന്റെ അവസാനം താഹിറ ഇങ്ങനെയെഴുതി.

'' നമ്മുടെ പോസ്റ്റുമാനെ കുറിച്ചറിയാലോ? ആ മൂപ്പര് ചെലപ്പോൾ ഇതു പൊട്ടിച്ചു വായിക്കും. അതു കാരണം കൂടുതൽ എഴുതുന്നില്ല. മറ്റു വിശേഷങ്ങൾ ഫോൺ വിളിക്കുമ്പോൾ പറയാം.''

ആ കത്ത് ദിവസങ്ങൾക്ക് ശേഷം ദുബായിലെ മമ്മദിന് കിട്ടി. കൂടെ ഒരു കുറിപ്പും. കുറിപ്പിന്റെ ഉള്ളടക്കം ഇപ്രകാരമായിരുന്നു.

''ഞാൻ കത്തുകൾ പൊട്ടിച്ചു വായിക്കുന്നു എന്ന് പറയുന്നത് ശുദ്ധ നുണയാണ്. ഞാനങ്ങനെ ചെയ്യാറില്ല. ചിലരെ കത്തെഴുതാനും മറ്റും ഞാൻ സഹായിക്കുന്നു എന്നുള്ളത് നേരാണ്. പലരും പലതും പറയുന്നത് എന്നോടുള്ള അസൂയ മൂലമാണ്.പിന്നെ മമ്മദേ... താഹിറാന്റെ കത്തിൽ ചില അക്ഷരതെറ്റുകൾ ഉണ്ടായിരുന്നത് ഞാൻ തിരുത്തിയിട്ടുണ്ട് കേട്ടൊ?നിന്റെ സുഗമമായ വായനക്ക് വേണ്ടിയാണത്.

ഒരു കാര്യം കൂടി ശ്രദ്ധയിൽ പെടുത്തുന്നു. ഫോണിനേക്കൾ എന്ത് കൊണ്ടും നല്ലത് കത്തെഴുത്താണ്. വളരെ തുച്ഛമായ ചെലവിൽ എഴുതാനും വായിച്ചറിയുവാനും സാധിക്കും. അതിന്റെ സുഖംണ്ടല്ലൊ...! അതൊന്നു വേറെതന്നെയാണ്.

അതു കൊണ്ട് എത്രയും പെട്ടെന്ന് വിശദമായ മറുപടി താഹിറാക്ക് അയക്കും എന്ന പ്രതീക്ഷയോടെ നിങ്ങളുടെ സ്വന്തം.

പോസ്റ്റ്മാൻ
ശങ്കുവേട്ടൻ,
ഒപ്പ്.

Metro Vaartha

കവിത

ആരിഫ മെഹ്ഫിൽ
പൊൻമുണ്ടം
മലപ്പുറം

ആകാശം

ഉള്ളിൽ കൗതുകമേറെ നിറക്കും
വർണ്ണക്കുട നീ ആകാശം
കുങ്കുമ പ്രഭയേറുമുടുപ്പുമായി
പുലരിപ്പെണ്ണിനെ വരവേല്ക്കും
നീലയും വെള്ളയും പുള്ളിയുമായി
പകലൊരു ദൃശ്യവിരുന്നല്ലോ
ഏഴഴകുള്ളൊരു മഴവിൽ ചന്തം
ഏറെക്കൊതിക്കും നിന്നഴക്
രാത്രിയിലണിയും മിന്നുമുടുപ്പിൽ
താരകൾ തുന്നിയതാരാണ്?

Metro Vaartha

കവിത

വി.എം. അരവിന്ദാക്ഷൻ
പെരുമണ്ണ, കോഴിക്കോട്

കളി

ഇന്ന് രാത്രി
മാനത്ത്
അമ്പിളിമാമനുണ്ടാവില്ല.
വാശി പിടിച്ച് കരയുന്ന
എന്റെ മകൾക്ക്
ഞാനത് പിടിച്ചു
കൊടുക്കാമെന്നേറ്റതാണ്.
നിങ്ങൾ എല്ലാ രാത്രികളിലും
ആകാശത്തേക്ക് നോക്കിയിട്ടുണ്ടോ?
ചില രാത്രികളിൽ
ശാഠ്യം പിടിച്ചു കരയുന്ന
കുട്ടികളുടെ വീട്ടിൽ
അവരോടൊപ്പം
കളിക്കുകയാവും അമ്പിളിമാമൻ

Metro Vaartha

കുട്ടി വര



Azaan Faris P.T
4th STD, Kendriya vidyalaya
No.ll Katari Bagh Naval Base

Nashira. T
GTTI (Men) Kannur

Metro Vaartha

വരവായി മാവേലി

പഴയ കൂട്ടായ്മകളുടെ ഓർമ്മകൾ പങ്കുവയ്ക്കാം. കൂട്ടുകാരോടൊപ്പം കുടുംബത്തോടൊപ്പം മുൻപ് എടുത്തിട്ടുള്ള സെൽഫികൾ അയച്ചുതരൂ. ചുവടെ കൊടുത്തിരിക്കുന്ന രീതിയിൽ അടിക്കുറിപ്പും.

Metro Vaartha

ഹാപ്പി സെൽഫി

ഒരു മലേഷ്യൻ ഓർമ്മ... ആലുവ യുസി കോളജ് എംബിഎ ഡയറക്റ്റർ ഡോ. പത്മജയും വിദ്യാർഥികളും.

My family page-ൽ ഫോട്ടോകൾ അയയ്ക്കുന്നതിനും, കഥ, കവിത എന്നിവ അയയ്ക്കുന്നതിനുമുള്ള വാട്ട്സ്ആപ് നമ്പർ **7034041234.**

അയയ്ക്കുന്നവർ പൂർണവിലാസവും ഫോട്ടോയും അയയ്ക്കാൻ മറക്കരുത്. നിങ്ങളുടെ വാട്ട്സ്ആപ് നമ്പർ കൂടി പേരിനൊപ്പം വയ്ക്കുക. കുട്ടി വര അയയ് ക്കുമ്പോൾ ശ്രദ്ധിക്കുക - ഇവിടെ കൊടുത്തിരിക്കുന്ന പോലെ ഫോട്ടോ അയയ്ക്കണം.

ഗജദിനത്തിൽ വടക്കുംനാഥ ക്ഷേത്രത്തിൽ കൊടുങ്ങല്ലൂർ അച്യുതൻ കുട്ടി എന്ന ആനയെ ക്ഷേത്രം ശ്രീമൂലസ്ഥാനത്തു നടത്തിയ ലളിതമായ ചടങ്ങിൽ തൃശൂർ പൊലീസ് അസിസ്റ്റന്റ് കമ്മീഷണർ വി.കെ.രാജുവും സിഐ ലാൽകുമാരും ചേർന്ന് പൊന്നാട ചാർത്തുന്നു

- കെ.കെ. നജീബ്

തിരുരങ്ങാടി നഗരസഭയുടെ കരാർ നിയമനത്തിൽ അഴിമതിയെന്ന് പ്രതിപക്ഷം

തിരൂരങ്ങാടി: നഗരസഭയിൽ ഒഴിവുവരുന്ന പതിമൂന്ന് ശുചീകരണ തൊഴിലാളികളെ കരാറടിസ്ഥാനത്തിൽ നിയമിക്കുന്നതിൽ നഗരസഭ പിൻവാതിൽ നിയമന നീക്കം നടത്തുകയാണെന്ന് ആരോപിച്ച് പ്രതിപക്ഷാംഗങ്ങളുടെ ശക്തമായ വിയോജിപ്പ്. എംപ്ലോയ്മെന്റ് എക്സ്ചേൻജിൽ നിന്നും നൽകിയ ഉദ്യോഗാത്ഥികളുടെ പട്ടികയിൽ ഉൾപ്പെടാത്ത നഗരസഭയിലെ ഭരണകക്ഷിയുടെ സ്വന്തക്കാരെയാണ് കഴിഞ്ഞ മാസം ആറിന് നടത്തിയ ഇന്റർവ്യൂ ലിസ്റ്റിലും പിന്നീട് നിയമനത്തിനുള്ള റാങ്ക് ലിസ്റ്റിലും ഉൾപ്പെടുത്തിയിരിക്കുന്നത്.ഈ നിയമനങ്ങളെ അംഗീകരിക്കാനാണ് നഗരസഭ സമിതി ചേർന്നത്. ഇതിനെതിരായി നഗരസഭ യോഗത്തിൽ പ്രതിപക്ഷ അംഗങ്ങൾ രേഖാമൂലം വിയോജിപ്പ് അറിയിച്ചെങ്കിലും നഗരസഭ ഭരണ സമിതി അവഗണിക്കുകയായിരുന്നു എന്ന് നഗരസഭ പ്രതിപക്ഷ നേതാവ് നൗഫൽ തടത്തിൽ പറഞ്ഞു. പ്രതിപക്ഷാംഗങ്ങളായ ചൂട്ടൻ മജീദ്, ജാഫർ ആങ്ങാടൻ, എം. അവറാൻകുട്ടി, കെ.വി മുംതാസ്, പി.കെ ജൂലി, നസീന വലിയാട്ട് എന്നീ പ്രതിപക്ഷ അംഗങ്ങളാണ് ഭരണ സമിതി തീരുമാനത്തിനെതിരെ വിയോജിപ്പ് രേഖപ്പെടുത്തിയത്.

സ്വാതന്ത്ര്യ ദിനത്തിൽ മുസ്‌ലിം യൂത്ത് ലീഗ് യൂണിറ്റി ഡേ സംഘടിപ്പിക്കും

കോഴിക്കോട് : സ്വാതന്ത്ര്യ ദിനമായ ആഗസ്ത് 15ന് വീടുകളിൽ യൂണിറ്റി ഡേ സംഘടിപ്പിക്കുമെന്ന് മുസ്‌ലിം യൂത്ത് ലീഗ് സംസ്ഥാന പ്രസിഡന്റ് സയ്യിദ് മുനവ്വറലി ശിഹാബ് തങ്ങളും ജനറൽ സെക്രട്ടറി പി.കെ ഫിറോസും പറഞ്ഞു. നേരത്തെ ശാഖതലത്തിൽ വിപുലമായ രീതിയിൽ നടത്തിയിരുന്ന പരിപാടി ആണ് കൊവിഡ് പശ്ചാത്തലത്തിൽ വീടുകളിലേക്ക് മാറ്റുന്നത്. പരിപാടിയുടെ ഭാഗമായി ദേശീയ പതാക ഉയർത്തുകയും, പ്രതിജ്ഞ എടുക്കുകയും, മധുര പലഹാര വിതരണവും നടത്തും. അന്നേ ദിവസം രാവിലെ 8.30ന് വീടുകളിൽ ദേശീയ പതാക ഉയർത്തും. കുടുംബത്തിലെ ഏറ്റവും മുതിർന്ന ആളാണ് ദേശീയ പതാക ഉയർത്തുക.

ഹൈക്കോടതി സ്റ്റേ ചെയ്തു

തേഞ്ഞിപ്പലം: കാലിക്കറ്റ് സർവകലാശാലയിൽ ചാൻസലറുടെ ഉത്തരവിന് എതിരായി ക്ലറിക്കൽ അസിസ്റ്റന്റുമാരെ പ്രോബേഷനും , ഫിക്സേഷനുമാണ് ഹൈക്കോടതി സ്റ്റേ ചെയ്തത്. പിടികെ രഞ്ജിത്ത് ഉൾപ്പെടെ നാല് പേർ കേരള ഹൈക്കോടതിയിൽ നൽകിയ റിട്ടിൻ മേലാണ് കോടതി സ്റ്റേ അനുവദിച്ചത്. ക്ലറിക്കൽ അസിസ്റ്റന്റ് തസ്തികയിലേക്ക് പ്രൊമോഷന് അർഹത താനടക്കമുള്ളവർക്കാ ണെന്നാണ് രഞ്ജിത്തിന്റെ വാദം.

ക്ലറിക്കൽ അസിസ്റ്റന്റ് തസ്തിക ഉൾപ്പെടെയുള്ള തസ്തികളുടെ ഓർഡിനൻസ് ഭേദഗതിക്ക് ചാൻസലർ 2018 ഫിബ്രവരി 22 ന് നൽകിയ അസിസ്റ്റന്റിന് 2016 മുതൽ പ്രാബല്യം നൽകി കൊണ്ടാണ് യൂണിവേഴ്സിറ്റി ഉത്തരവിറക്കിയത്. ചാൻസ്‌ലറുടെ ഉത്തരവിന് എതിരായി മുൻകാല പ്രാബല്യം നൽകി കൊണ്ടിറക്കിയ ഈ ഉത്തരവാണ്. ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുന്നത്.

പ്രതിഷേധ ധർണ

വടക്കാഞ്ചേരി: ലൈഫ് മിഷൻ പദ്ധതിയുമായി ബന്ധപ്പെട്ട അഴിമതി സിബിഐ അന്വേഷിക്കണം എന്ന് ആവശ്യപ്പെട്ടുകൊണ്ട് യൂത്ത് കോൺഗ്രസ് വടക്കാഞ്ചേരി നിയോജകമണ്ഡലം കമ്മിറ്റിയുടെ നേതൃത്വത്തിൽ പ്രതിഷേധ ധർണ നടത്തി. ധർണ അനിൽ അക്കര എംഎൽഎ ഉദ്ഘാടനം ചെയ്തു. യൂത്ത് കോൺഗ്രസ് നിയോജകമണ്ഡലം പ്രസിഡന്റ് അഭിലാഷ് ശ്രീനിവാസൻ അധ്യക്ഷനായി. പി എൻ വൈശാഖ്, അഭിലാഷ് പ്രഭാകർ, ലിൻസൺ തിരൂർ, ജിജോ തലക്കോടൻ, മിഥുൻ ആന്റണി, ശശി മംഗലം നേതൃത്വം നൽകി.

140 കിലോ കഞ്ചാവുമായി ഒരാൾ അറസ്റ്റിൽ

ചാലക്കുടി : വിശാഖപട്ടണത്തു നിന്നും മീൻ വണ്ടിയിൽ കൊണ്ടുവന്ന 140 കിലോയോളം കഞ്ചാവ് തൃശൂർ റൂറൽ എസ്.പി. ആർ. വിശ്വനാഥിന്റെ നേതൃത്വത്തിൽ ഡിസ്ട്രിക് ആന്റി നാർക്കോട്ടിക് സ്പെഷ്യൽ ആക്ഷൻ ഫോഴ്സ് പിടികൂടി. കൊല്ലം ശക്തികുളങ്ങര സ്വദേശി കുന്നയിൽ തെക്കേത് വീട്ടിൽ അരുൺ കുമാറാണ് അറസ്റ്റിലായത്. ഇരുപത്തഞ്ചോളം പൊലീസുകാർ അഞ്ചു സംഘമായി തിരിഞ്ഞായിരുന്നു ഓപ്പറേഷൻ. ഫ്രീസർ സംവിധാനമുള്ള മീൻ വണ്ടിയിൽ രഹസ്യമായി കൊണ്ടുവന്ന കഞ്ചാവാണ് പിടികൂടിയത്. ഈ ലോറിയും കസ്റ്റഡിയിൽ എടുത്തിട്ടുണ്ട്. പച്ച മീൻ കൊണ്ടുവരുന്ന ബോക്സുകൾക്കിടയിൽ വലിയ പ്ലാസ്റ്റിക് ചാക്കുകളിയി ഒളിപ്പിച്ച നിലയിലായിരുന്നു. കഞ്ചാവ്. വിപണിയിൽ ഒരു കോടിയോളം രൂപ വിലമതിക്കും കൊറോണ കാലഘട്ടത്തിന്റെ സാഹചര്യം മുതലെടുത്ത് കേരളത്തിലേക്ക് വൻ കഞ്ചാവു ശേഖരം കടത്തുന്നുണ്ടെന്നുള്ള വിവരത്ത തുടർന്ന് ദിവസങ്ങളോളം നീണ്ടു നിന്ന അന്വോഷണത്തിലൊടുവിലാണ് കേരളത്തിലെ ഏറ്റവും വലിയ കഞ്ചാവ് ശൃഗലകളിലൊന്നിനെ പിടികൂടാൻ സാധിച്ചത്. എറണാകുളം കേന്ദ്രീകരിച്ചുള്ള വൻ കഞ്ചാവ് മാഫിയക്കായി കൊണ്ടുവന്നതെന്നാണ് സൂചന.

അറസ്റ്റിലായ പ്രതി

ജില്ലാ ക്രൈംബ്രാഞ്ച് ഡിവൈഎസ്പി ഷാജ് ജോസ്, സ്പെഷ്യൽ ബ്രാഞ്ച് ഡിവൈഎസ്പി എം കെ . ഗോപാലകൃഷ്ണൻ, ഇരിങ്ങാലക്കുട ഡിവൈഎസ്പി ഫേമസ് വർഗീസ്, ചാലക്കുടി ഡിവൈഎസ്പി സി.ആർ. സന്തോഷ്.. ഇൻസ്പെക്റ്റർ കെ. എസ്. സന്ദീപ്, എസ്.ഐ. എം. എസ്.ഷാജൻ,ക്രൈം ബ്രാഞ്ച് എസ്.ഐ. എം.പി.മുഹമ്മദ് റാഫി, എ.എസ്.ഐ മാരായ ജയകൃഷ്ണൻ,സി.എ.ജോബ്, സതീശൻ മടപ്പാട്ടിൽ, മുഹമ്മദ് അഷറഫ്, എം. കെ.ഗോപി, ടി.ആർ.ഷൈൻ, ലോകനാഥൻ , സീനിയർ പൊലീസുദ്യോഗസ്ഥരായ സൂരജ് വി. ദേവ്, ലിജു ഇയ്യാനി, കെ.എസ്. ഉമേഷ്, മിഥുൻ കൃഷ്ണ, ഇ.എസ്. ജീവൻ, സി.പി.ഒ മാരായ ഷറഫുദ്ദീൻ, എം വി. മാനുവൽ ചാലക്കുടി സ്റ്റേഷനിലെ എസ്. ഐ. സജി വർഗീസ്, ബിജു, എ എസ്.ഐ. ജെയ്സൺ സിപിഒമാരായ അഭിലാഷ്, ആൻസൻ എന്നിവരാണ് അന്വേഷണ സംഘാംഗങ്ങൾ.

മധ്യ കേരളത്തിൽ വിൽപ്പനക്കായി കൊണ്ടുവന്നതായി സൂചന

മധ്യ കേരളത്തിൽ വിൽപ്പനക്കായി കൊണ്ടുവന്ന കഞ്ചാവാണെന്നാണ് സൂചന. സംഭവത്തെ കുറിച്ച് കൂടുതൽ അന്വേഷണം നടത്തുമെന്ന് റൂറൽ എസ്പി ആർ. വിശ്വാനാഥ് വാർത്ത സമ്മേളനത്തിൽ പറഞ്ഞു. രണ്ട് മാസത്തിലധികമായി നാർക്കോട്ടിക് സ്പെഷ്യൽ ടീം നടത്തിയ പരിശ്രമത്തെ തുടർന്നാണ് ഇത്ര വലിയ തോതിലുള്ള കഞ്ചാവ് പിടികൂടുവാൻ കഴിഞ്ഞത്. കൊറോണയെ തുടർന്ന് സ്റ്റാമ്പ് ഗുളിക തുടങ്ങിയ മറ്റു ലഹരി വസ്തുക്കളുടെ വരവ് കുറഞ്ഞതോടെ അന്യ സംസ്ഥാനങ്ങളിൽ നിന്ന് വലിയ തോതിലാണ് കഞ്ചാവ് കേരളത്തിലേക്ക് എത്തി കൊണ്ടിരിക്കുന്നത്. വളരെ ആസൂത്രിതമായി ഒറ്റ നോട്ടത്തിൽ തിരിച്ചറിയുവാൻ കഴിയാത്ത തരത്തിലാണ് കഞ്ചാവ് കേരള അതിർത്തി കടത്തി കൊണ്ടു വരുന്നത്. മീൻ കൊണ്ടു വരുന്ന ലോറിയിൽ കഞ്ചാവ് ചാക്കുകളിലാക്കി അടക്കിയ ശേഷം പുറകിൽ മീന് കയറ്റി പെട്ടികൾ അടക്കിയാണ് കൊണ്ടു വരുന്നത്. പത്ത് ഗ്രാം കഞ്ചാവിന്റെ പൊതിക്ക് അഞ്ഞൂറ് രൂപയാണ് ശരാശരി വില. ആ രീതിയിൽ കണക്കാകിയാൽ കോടികൾ വില മതിക്കുന്ന കഞ്ചാവ് നാലിലൊന്ന് കാശ് പോലും കൊടുക്കാതെയാണ് ആന്ധ്ര പ്രദേശിൽ നിന്ന് കൊണ്ടു വരുന്നത്. ഒരു ലോഡ് എത്തിച്ച് വിൽപ്പന നടത്തിയാൽ കോടികളാണ് ലാഭം.ഇതാണ് വലിയ തോതിൽ കഞ്ചാവ് കടത്തിലേക്ക് കൂടുതൽ പേർ തിരിയുവാൻ കാരണമന്ന് പൊലീസ് പറയുന്നു.പ്രത്യേക അന്വേഷണ ടീമിന്റെ മികവാണ് ഇത്ര വലിയ അളവിൽ കഞ്ചാവ് പിടികൂടുവാൻ കഴിഞ്ഞത്.

പഞ്ചായത്ത് പ്രസിഡന്റിനെ അക്രമിച്ച പ്രതികൾ കീഴടങ്ങി

തേഞ്ഞിപ്പലം: പള്ളിക്കൽ പഞ്ചായത്ത് പ്രസിഡന്റിനെ അക്രമിച്ചവർ കോടതിയിൽ കീഴടങ്ങിയതായ് സൂചനയുള്ളത്. പള്ളിക്കൽ പഞ്ചായത്ത് പ്രസിഡന്റ് പി മിഥുനയെയാണ് കഴിഞ്ഞ 2019 നവംബർ 3ന് ചേർന്ന ഒന്നാം വാർഡ് ഗ്രാമസഭാ യോഗത്തിനിടയിൽ ആക്രമിച്ചതെന്ന് ആരോപണമുള്ളത്. എടക്കന്റി അബ്ദുൽ ഹമീദ്, എടക്കന്റി അബ്ദുൽ ലത്തീഫ്, ഫവാസ് കോഴിപ്പുറം, യൂനസ് അലി എന്നീ പ്രതികൾ ഇന്ന് മഞ്ചേരി എസ് സി / എസ് ടി കോടതിയിൽ കീഴങ്ങിയതായ് സൂചനയുള്ളത്.

പള്ളിക്കൽ പഞ്ചായത്ത് ഒന്നാം വാർഡിൽ ചേർന്ന ഗ്രാമസഭ യോഗം ചേരാനുള്ള അംഗബലം (ക്വാറം) ഇല്ലാത്തതിന്റെ പേരിൽ ഗ്രാമസഭ നടപടി നിർത്തിവെച്ചിരുന്നു. ഇതിനെ തുടർന്നുള്ള തർക്കമാണ് അക്രമണത്തിനിടയാക്കി യത്ഗ്രാമസഭയ്ക്ക് കോറം തികയാത്തതിനെ തുടർന്ന് യോഗ നടപടിപഞ്ചായത്ത്പ്രസിഡന്റ് നിർത്തിവെക്കുകയായിരുന്നു.

മുസ്‌ലിം ലീഗിന്റെ നേതാക്കളെ അറിയിക്കാത്തതുകൊന്റാണ് ക്വാറം തികയാതെ പോയതെന്ന് എന്നുകൂടി മിനുട്സിൽ രേഖപ്പെടുത്തണമെന്ന് ഒരു കൂട്ടം ലീഗുകാർ പ്രസിഡന്റിനോട് ആവശ്യപ്പെട്ടപ്പോൾ, അങ്ങിനെ എഴുതാൻ നിയമപരമായി പാടില്ലെന്ന് പ്രസിഡന്റ് അറിയിച്ചെങ്കിലും എഴുതിക്കുമെന്ന് ആക്രേഷിച്ചുകൊന്റ് പ്രസിഡന്റിനെ ശാരീരികമായി അക്രമിക്കുകയും അധിക്ഷേപിക്കുകയും ചെയ്തെന്നായിരുന്നു പരാതി. കേസ് രാഷ്ട്രീയ പ്രേരിതമാണെന്നും കെട്ടിച്ചമച്ചതും വസ്തുക്കൾക്ക് നിരക്കാത്തതു മാണ്. സി പി എം വിഭാഗീയ സൃഷ്ടിക്കാൻ ശ്രമിക്കുകയാണെന്നും പള്ളിക്കൽ പഞ്ചായത്ത് ലീഗ് നേതാവ് മുസ്തഫ തങ്ങൾ പറഞ്ഞു.

ഡ്രൈവർക്ക് കൊവിഡ്: കോഴിക്കോട് വിജിലൻസ് യൂണിറ്റ് താൽക്കാലികമായി അടച്ചു

കോഴിക്കോട്: കോഴിക്കോട് വിജിലൻസ് യൂണിറ്റിലെ ഡ്രൈവർക്ക് കൊവിഡ് സ്ഥിരീകരിച്ചു. ഇതോടെ അണുനശീകരണത്തിനായി ഓഫീസ് താൽക്കാലികമായി അടച്ചു. ഡ്രൈവറുമായി സമ്പർക്കം പുലർത്തിയ വിജിലൻസ് ഡിവൈഎസ്പി അടക്കം ഏഴ് ഉദ്യോഗസ്ഥരോട് നിരീക്ഷണത്തിൽ പോവാൻ ആരോഗ്യ വകുപ്പ് അധികൃതർ നിർദ്ദേശം നൽകി. പനി കാരണം ഓഫീസിൽ വരാതിരുന്ന ഡ്രൈവറെ ഉദ്യോഗസ്ഥർ വിളിച്ചുവരുത്തുകയായിരുന്നുവെന്ന് ആരോപണമുണ്ട്. ഡ്രൈവർക്കും മകൾക്കും കൊവിഡ് സ്ഥിരീകരിച്ചിട്ടുണ്ട്. തിരുവമ്പാടി പൊലീസ് സ്റ്റേഷനിലെ ഗ്രേഡ് എസ്ഐക്കും ഇന്നലെ കൊവിഡ് സ്ഥിരീകരിച്ചു. കഴിഞ്ഞ ദിവസം നടത്തിയ ആന്റിജൻ പരിശോധനയിലാണ് എസ്ഐക്കും നാലു നാട്ടുകാർക്കും കൊവിഡ് സ്ഥിരീകരിച്ചത്. എസ്ഐക്ക് കൊവിഡ് സ്ഥിരീകരിച്ചതോടെ സമ്പർക്കം പുലർത്തിയ 38 പൊലീസുകാർ നിരീക്ഷണത്തിൽ പോയി. എസ്ഐയുടെ രോഗ ഉറവിടം വ്യക്തമല്ല. നാൽപതോളം പേർക്കാണ് ആന്റിജൻ പരിശോധന നടത്തിയത്.

കരിപ്പൂർ വിമാനാപകടം: ചികിത്സയിലുള്ളവരിൽ 61 പേർ സുഖം പ്രാപിക്കുന്നു

കോഴിക്കോട്: കരിപ്പൂർ വിമാനാപകടത്തിൽ പരുക്കേറ്റ് ചികിത്സയിലുള്ളവരുടെ നിലയിൽ നേരിയ പുരോഗതി. 83 പേരാണ് ഇപ്പോൾ ചികിത്സയിലുള്ളത്. ഇതിൽ 56 പേർ കോഴിക്കോട്ടും 27 പേർ മലപ്പുറം ജില്ലയിലെ ആശുപത്രികളിലാണുള്ളത്. 19 പേരുടെ സ്ഥിതി ഗുരുതരമാണ്. മൂന്നുപേർ ഇപ്പോഴും വെന്റിലേറ്ററിലാണ്. 61 പേർ സുഖം പ്രാപിച്ചു വരുന്നു. കോഴിക്കോട്ട് 12ഉം മലപ്പുറത്ത് നാലുമായി 16 കുട്ടികളാണ് ചികിത്സയിലുള്ളത്. കോഴിക്കോട് മെഡിക്കൽ കോളജിൽ ചികിത്സയിലുള്ള ആറ് പേരിൽ രണ്ടു പേരുടെ നില ഗുരുതരമാണ്. എട്ട് കുട്ടികളടക്കം 22 പേരാണ് ആസ്റ്റർ മിംസ് ആശുപത്രിയിൽ ചികിത്സയിലുള്ളത്. ഇതിൽ ഗുരുതരാവസ്ഥയിലുള്ള നാലുപേരിൽ രണ്ടുപേർ വെന്റിലേറ്ററിലാണ്. ബേബി മെമ്മോറിയൽ ആശുപത്രിയിൽ മൂന്ന് കുട്ടികളടക്കം 14 പേരാണ് ചികിത്സയിലുള്ളത്. ഇതിൽ മൂന്ന് പേരുടെ നില ഗുരുതരമാണ്. മെയ്ത്ര ആശുപത്രിയിൽ ചികിത്സയിലുള്ള ഒൻപത് പേരിൽ ആറ് പേരുടെ നില ഗുരുതരമാണ്. ഇഖ്റഅ് ആശുപത്രിയിൽ ചികിത്സയിലുള്ള ഒരു കുട്ടിയടക്കം അഞ്ചു പേരും സുഖം പ്രാപിച്ചു വരുന്നു.

മലപ്പുറം ജില്ലയിലെ കോട്ടക്കൽ അൽമാസ് ആശുപത്രിയിൽ ചികിത്സയിലുള്ള ഒരാൾ സുഖം പ്രാപിച്ചു വരുന്നു. മൂന്ന് കുട്ടികളടക്കം 15 പേരാണ് പെരിന്തൽമണ്ണ അൽശിഫ ആശുപത്രിയിലുള്ളത്. ഇവരിൽ രണ്ടുപേരുടെ നില ഗുരുതരമാണ്. മഞ്ചേരി കൊരമ്പയിൽ ആശുപത്രിയിൽ ചികിത്സയിലുള്ള ഒരാൾ സുഖം പ്രാപിച്ചു വരുന്നു. പെരിന്തൽമണ്ണ എം.ഇ.എസ് ആശുപത്രിയിൽ ചികിത്സയിലുള്ള മൂന്ന് പേരിൽ ഒരാളുടെ നില ഗുരുതരമാണ്. രണ്ടു പേർ സുഖം പ്രാപിച്ചു വരുന്നു. കോട്ടക്കൽ മിംസ് ആശുപത്രിയിൽ ചികിത്സയിലുള്ള അഞ്ചു പേരും അപകടനില തരണം ചെയ്തു. പെരിന്തൽമണ്ണ മൗലാനാ ആശുപത്രിയിൽ ചികിത്സയിലുള്ള രണ്ടുപേരിൽ ഒരാളുടെ നില ഗുരുതരമാണ്.

ADMISSION STARTED
(UGC approved University Certification)
Bvoc Degree in
I Automobile Servicing Technology - 3 years
I Refrigeration & Air Conditioning - 3 years
Eligibility: Plus Two/ITI /VHSE/ Diploma
Skill Development Courses
I Voc. Diploma in Auto Diagnosis & Repair -1 Year
I Auto Electrician cum AC Mechanic -6 months
I Auto Body Repair Technician -6 months
I Two Wheeler Technician -6 months
Eligibility: SSLC
❖ Practical oriented class ❖ Internship Training at various authorized service centres ❖ Working employees can also apply for BVoc. program ❖ Fee in easy installments ❖ Placement assistance ❖ Hostel Facility
KUTTUKARAN INSTITUTE
Fr.Vadakkan Road, Opp. Skyline Villas, Mundupalam, Thrissur.
Ph: 0487 2421879.Mob: 9387580025, 9745926999.